2020 ഏപ്രിൽ
25
ശനി
1195 മേടം 12

മെട്രോ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ www.metrovaartha.com 16 പേജ് ₹ 7.00 KOZHIKODE

സ്പ്രിംക്ലറിന് അനുമതി
കർശന ഉപാധികൾ

വ്യക്തികളുടെ സ്വകാര്യത സുരക്ഷിതമാക്കണം: ഹൈക്കോടതി

നിയമകാര്യ ലേഖകൻ

കൊച്ചി: വ്യക്തികളുടെ സ്വകാര്യത സുരക്ഷിതമാക്കിയതിനു ശേഷമേ കേരളത്തിലെ കൊവിഡുമായി ബന്ധപ്പെട്ട ഡാറ്റകൾ വിശകലനത്തിനായി യുഎസ് കമ്പനിയായ സ്പ്രിംക്ലറിനു കൈമാറാവൂ എന്ന് ഹൈക്കോടതി. പേരും മറ്റു വ്യക്തി വിവരങ്ങളും മറയ്ക്കുന്നതിനുള്ള അനോണിമൈസേഷൻ നടത്തിയ ഡാറ്റ മാത്രമേ സ്പ്രിംക്ലർ സ്വീകരിക്കാവൂ എന്നും ഡിവിഷൻ ബെഞ്ച് നിർദേശിച്ചു.

കരാർ റദ്ദാക്കണമെന്നാവശ്യപ്പെട്ടു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ തുടങ്ങിയവർ സമർപ്പിച്ച പൊതുതാത്പര്യ ഹർജികൾ വിഡിയോ കോൺഫറൻസിങ്ങിലൂടെ പരിഗണിക്കവേയാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ അധ്യക്ഷനായ ബെഞ്ച് ഉത്തരവിട്ടത്.

വാണിജ്യാവശ്യത്തിനായി ഡാറ്റ ഉപയോഗിക്കുന്നതിൽ നിന്ന് ഇൻജംക്ഷൻ ഉത്തരവിലൂടെയാണ് സ്പ്രിംക്ലറിനെ കോടതി തടഞ്ഞത്. സ്പ്രിംക്ലർ കമ്പമി ഇല്ലാതെ കൊവിഡ് പ്രതിരോധം മുന്നോട്ടുപോവില്ലെന്ന നിലപാടാണു സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ഈ സാഹചര്യത്തിൽ, കൊവിഡ് പോരാട്ടത്തിൽ കോടതി ഇടപെടുന്നുവെന്ന വ്യാഖ്യാനത്തിന് ഇടകൊടുക്കുന്നില്ലെന്നു ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. കേസ് മൂന്നാഴ്ചയ്ക്കു ശേഷം വീണ്ടും പരിഗണിക്കും.

സ്പ്രിംക്ലർ നൽകുന്ന ഏതു സേവനവും നൽകാൻ നാഷണൽ ഇൻഫോമാറ്റിക് സെന്റർ (എൻഐസി) സജ്ജമാണെന്നു കേന്ദ്ര സർക്കാർ വ്യക്തമാക്കി. ഇപ്പോൾ ആവശ്യപ്പെട്ടാലും സേവനം നൽകാൻ എൻഐസിക്കാവും. ഇക്കാര്യം പരിഗണിക്കാനാകുമോ എന്ന് സംസ്ഥാന സർക്കാരിനോട് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വാദത്തിനിടെ ചോദിച്ചു.

നിയമ നടപടികൾ ന്യൂയോർക്ക് കോടതിയുടെ പരിധിയിലാക്കിയത് വിവരം നൽകുന്ന ജനങ്ങൾക്കിടയിൽ സംശയത്തിനു കാരണമാകുമെന്ന് കേന്ദ്ര സർക്കാർ ചൂണ്ടിക്കാട്ടി. എന്നാൽ, ജനങ്ങൾക്ക് നമ്മുടെ രാജ്യത്തു നിയമനടപടിയുമായി മുന്നോട്ടുപോകാൻ ഇതു തടസമല്ല.

കോടതി പറഞ്ഞത്

- ലഭിക്കുന്ന വിവരങ്ങൾ പുറത്തുപോകില്ലെന്നു സ്പ്രിംക്ലർ ഉറപ്പാക്കണം.
- വാണിജ്യാവശ്യത്തിന് ലോകത്തെവിടെയും ഈ ഡാറ്റ ഉപയോഗിക്കരുത്.
- സ്പ്രിംക്ലർ പരസ്യങ്ങളിൽ കേരള സർക്കാരിന്റെ പേരോ ലോഗോയോ പാടില്ല.
- ഡാറ്റ സ്പ്രിംക്ലറിനു കൈമാറുമെന്നു സർക്കാർ ജനങ്ങളെ അറിയിക്കണം.
- ഡാറ്റ ശേഖരിക്കും മുൻപു ജനങ്ങളുടെ സമ്മതം വാങ്ങണം.
- പൗരന്മാരുടെ ആശങ്കയകറ്റാൻ സർക്കാർ നടപടി സ്വീകരിക്കണം.
- സർക്കാർ സ്പ്രിംക്ലറിനെ കണ്ടെത്തിയതിൽ വ്യക്തതക്കുറവുണ്ട്.
- സർക്കാരിന്റെ പല നിലപാടുകളിലും കരാറിലും തൃപ്തിയില്ല.
- സ്പ്രിംക്ലറിന്റെ വിശ്വാസ്യത സർക്കാർ വിശദീകരിക്കുന്നില്ല.

കൊവിഡ് വൈറസ് ബാധിച്ച് ചികിത്സയിലിരിക്കെ മരണമടഞ്ഞ നാലുമാസം പ്രായമുള്ള നൈഫ ഫാത്തിമയുടെ മൃതദേഹം പ്രോട്ടോകോൾ പ്രകാരം കോഴിക്കോട് കണ്ണംപറമ്പ് ജുമാഅത്ത് പള്ളി ഖബർസ്ഥാനിൽ സംസ്കാരത്തിനായി എത്തിച്ചപ്പോൾ. വിമിത്ത് ഷാൽ

കൊവിഡ് കേസുകളിൽ റെക്കോഡ് കുതിപ്പ്

രോഗബാധിതർ 23,452 മരണം 723

ന്യൂഡൽഹി: രാജ്യത്തെ കൊവിഡ് രോഗബാധിതരിൽ ഇന്നലെ റെക്കോഡ് കുതിപ്പെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കുകൾ. വൈകുന്നേരം വരെ 1,752 പേർക്കാണു പുതുതായി രോഗം സ്ഥിരീകരിച്ചത്. ഒരു ദിവസം രേഖപ്പെടുത്തുന്ന ഏറ്റവും ഉയർന്ന സംഖ്യയാണിത്. ഏപ്രിൽ 20ന് 1,540 പേർക്കു രോഗം സ്ഥിരീകരിച്ചതായിരുന്നു ഇതുവരെയുള്ള റെക്കോഡ്. ഇതുവരെ രാജ്യത്തു കൊവിഡ് സ്ഥിരീകരിച്ചവരുടെ എണ്ണം 23,452 ആയിട്ടുണ്ട്.

റംസാൻ നോമ്പിന്റെ ആദ്യദിനവും വെള്ളിയാഴ്ചയുമായ ഇന്നലെ തിരുവനന്തപുരം പാളയം പള്ളിയിൽ ഇമാം വി.പി. സുഹൈബ് മൗലവി ഒറ്റയ്ക്ക് ജുമാ നമസ്കാരം നടത്തുന്നു. പള്ളികളിൽ കൂട്ടമായി നമസ്കാരം നടത്താൻ കഴിയാത്ത സാഹചര്യമായതിനാൽ വിശ്വാസികൾ വീടുകളിൽ തന്നെ പ്രാർഥനകൾ നടത്തണമെന്നാണ് നിർദേശം. കെ.ബി. ജയചന്ദ്രൻ

മലയാളി ഐപിഎസ് ഉദ്യോഗസ്ഥയ്ക്ക് കൊവിഡ്

അഹമ്മദാബാദ്: ഗുജറാത്തിൽ മലയാളി ഐപിഎസ് ഉദ്യോഗസ്ഥയ്ക്കു കൊവിഡ് സ്ഥിരീകരിച്ചു. അഹമ്മദാബാദിൽ പൊലീസ് ഇ ഡിവിഷന്റെ ചുമതല വഹിക്കുന്ന തൃശൂർ സ്വദേശിനി മിനി ജോസഫിനാണ് കോവിഡ് സ്ഥിരീകരിച്ചത്. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഗുജറാത്ത് കൊവിഡ് ബാധിക്കുന്ന ആദ്യത്തെ ഐപിഎസ് ഉദ്യോഗസ്ഥയാണു മിനി.ഖാദിയ പൊലീസ് സ്റ്റേഷനിലെ ഏതാനും കോൺസ്റ്റബിൾമാർക്കു നേരത്തേ രോഗം സ്ഥിരീകരിച്ചിരുന്നു.

കൊവിഡ്: നാല് മാസം പ്രായമായ പെൺകുഞ്ഞ് മരിച്ചു

സ്വന്തം ലേഖകൻ

കോഴിക്കോട്: കൊവിഡ് ബാധിച്ച് ചികിത്സയിലിരുന്ന നാലു മാസം പ്രായമുള്ള കുഞ്ഞ് മരിച്ചു. ഹൃദയ സംബന്ധമായ അസുഖമടക്കം ഗുരുതര രോഗങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിലായിരുന്നു മഞ്ചേരി പയ്യനാട് വടക്കാങ്ങര പറമ്പിൽ അഷറഫിന്റെയും ആസിഫയുടെയും മകൾ നൈഫ ഫാത്തിമ. ഇതോടെ സംസ്ഥാനത്ത് കൊവിഡ് ബാധിച്ചുള്ള മരണം മൂന്നായി. കൊവിഡ്19 പ്രോട്ടോക്കോൾ പാലിച്ച് മൃതദേഹം വൈകിട്ട് നാലുമണിയോടെ കണ്ണംപറമ്പ് ഖബർസ്ഥാനിൽ സംസ്കരിച്ചു.

ജന്മനാ ആരോഗ്യ പ്രശ്നങ്ങളുള്ള കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ തന്നെ അവശനിലയിലായിരുന്നു. വളർച്ചാ വൈകല്യങ്ങളും ഭാരക്കുറവും ഉണ്ടായിരുന്നു. ആശുപത്രിയിൽ എത്തുമ്പോൾ തന്നെ ഹൃദയാഘാതം സംഭവിച്ചിരുന്നു. 17ന് ശ്വാസതടസം അനുഭവപ്പെട്ടതിനെ തുടർന്ന് മഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ പരിശോധനയ്ക്ക് വിധേയമാക്കി. ന്യുമോണിയ കണ്ടെത്തിയതിനെ തുടർന്ന് കോഴിക്കോട് മെഡി. കോളെജിലേക്കു മാറ്റാൻ നിർദേശിച്ചെങ്കിലും മഞ്ചേരിയിലെ മറ്റൊരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. അവിടെനിന്നാണ് 21ന് മെഡിക്കൽ കോളെജ് ആശുപത്രിയിലേക്കു മാറ്റുന്നത്.

സാംപിൾ പരിശോധനയിൽ 22നാണ് കുഞ്ഞിന് കൊവിഡ് ബാധ സ്ഥിരീകരിച്ചത്. ഇന്നലെ രാവിലെ ആറിന് മരിച്ചു. മാതാപിതാക്കൾ മെഡിക്കൽ കോളെജിൽ നിരീക്ഷണത്തിലാണ്. ഇവർക്ക് രോഗബാധ സ്ഥിരീകരിച്ചിട്ടില്ല. കുഞ്ഞിൻ എവിടെ നിന്നാൺ രോഗം ബാധിച്ചതെന്നും സ്ഥിരീകരിച്ചിട്ടില്ല. കുഞ്ഞിന്റെ ബന്ധു വൈറസ് മുക്തനായി ഒരാഴ്ച മുമ്പാണ് മഞ്ചേരി ആശുപത്രി വിട്ടത്.

ആശുപത്രി വിട്ട കുട്ടനാട് സ്വദേശി ദുബായിൽ മരിച്ചു

ആലപ്പുഴ: കൊവിഡ് രോഗം ഭേദമായ ശേഷം ദുബായിൽ നിരീക്ഷണത്തിലിരുന്നയാൾ മരിച്ചു. കുട്ടനാട് രാമങ്കരി പഞ്ചായത്ത് വേഴപ്ര നെല്ലുവേലി ഇട്ടച്ചൻപ്പറമ്പ് എൻ. സി. തോമസ്- മറിയമ്മ തോമസ് ദമ്പതികളുടെ മകൻ ജേക്കബ് തോമസ് (ചാച്ചപ്പൻ- 49) ആണ് മരിച്ചത്.

രോഗബാധയെത്തുടർന്ന് രണ്ടാഴ്ചയോളം ഇദ്ദേഹം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. തുടർന്ന് അസുഖം ഭേദമായെന്നും ഇപ്പോൾ നിരീക്ഷണത്തിലാണെന്നും ഒരാഴ്ച മുമ്പ് വീട്ടിൽ വിളിച്ചറിയിച്ചിരുന്നു. എന്നാൽ ഇന്നലെ ഇദ്ദേഹം മരിച്ചതായി ബന്ധുക്കൾക്ക് അറിയിപ്പ് എത്തുകയായിരുന്നു. 20 വർഷമായി വിദേശത്തു ജോലി ചെയ്യുന്ന ജേക്കബ് നിലവിൽ ദുബായിലെ ഒരു സ്വകാര്യ കമ്പനിയിൽ സൂപ്പർവൈസറായിരുന്നു. ഭാര്യ: ബെറ്റ്സി. സംസ്കാരം കൊവിഡ് പ്രോട്ടോകോൾ പ്രകാരം ദുബായിൽ തന്നെ നടത്തുമെന്ന് ബന്ധുക്കൾ അറിയിച്ചു.

3 പേർക്ക് കൂടി കൊവിഡ്, ഭേദമായവർ 15

» പേജ് 3

സ്വർണം

ഗ്രാം	- 4,250
പവൻ	- 34,000

മെട്രോ മാഡം

ഗോഡൗണിൽനിന്ന് മദ്യം വിൽക്കാൻ നിയമം: ചാനൽ വാർത്ത

ആനകൊടുത്താലും ആശ കൊടുക്കരുത്

www.facebook.com/metrovaarthaofficial

കരുതൽ ഭക്ഷ്യധാന്യം ജനങ്ങളിലേക്ക് എത്തിക്കണം: കെ.വി. തോമസ്

കാർഷിക മേഖലയ്ക്കാകണം ഊന്നൽ

പ്രത്യേക ലേഖകൻ

കൊച്ചി: കൊവിഡ് ഭീതി നിലനൽക്കുന്ന കാലത്ത് ഭക്ഷ്യസുരക്ഷയ്ക്ക് പ്രധാന്യം നൽകണമെന്ന് മുൻ മന്ത്രി പ്രൊഫ. കെ.വി. തോമസ്. അതിനുവേണ്ടിയുള്ള പദ്ധതികളാണ് കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കേണ്ടതെന്ന് അദ്ദേഹം മെട്രോ വാർത്തയോടു പറഞ്ഞു. കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി കൈകളും ശരീരവും ശുദ്ധീകരിക്കാൻ ഉപയോഗിക്കുന്ന ആൽക്കഹോൾ അടിസ്ഥാനമാക്കിയുള്ള സാനിറ്റൈസർ നിർമാണത്തിന് വേണ്ടി ഭക്ഷ്യധാന്യങ്ങൾ ഉപയോഗപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കണമെന്നും അദ്ദേഹം.

? ഇപ്പോഴത്തെ ആവശ്യം മുന്നിൽ കണ്ടല്ലേ അത്.

● നിലവിലെ കണക്കുസരിച്ച് അത്യുത്പാദനം നടന്ന കരിമ്പിന്റെ മോളാസസിൽ നിന്ന് കൂടുതൽ ആൽക്കഹോൾ നിർമിച്ച് സാനിറ്റൈസറിനുള്ള അസംസ്കൃത വസ്തു കണ്ടെത്താവുന്നതാണ്. മാത്രവുമല്ല, ആൽക്കഹോളിന്റെ വലിയൊരു ശേഖരവും ഇപ്പോൾ നമുക്കുണ്ട്.

? ഈ രീതിയിൽ നൽകാനുള്ള കരിമ്പുണ്ടോ.

● ഉണ്ട്. മാർച്ച് 20 ലെ കണക്കനുസരിച്ച് 400.37 മെട്രിക് ടൺ കരിമ്പ് നാം ഉത്പാദിപ്പിച്ചിട്ടുണ്ട്. ഇത് മികച്ച ഉത്പാദനമാണ്. പഞ്ചസാര ഉത്പാദനം കഴിഞ്ഞ് ആവശ്യമുള്ളത് മാറ്റാം. കയറ്റുമതി ഒഴിവാക്കിയാൽ ഇത് നടക്കും. റെക്കോർഡ് പഞ്ചസാര ഉത്പാദനം നടക്കുന്നതിനാൽ സബ്സിഡി വിലയിൽ കയറ്റുമതി ചെയ്യുകയാണിപ്പോൾ.

? ഇന്ത്യയിലെ നിലവിലെ ഭക്ഷ്യസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ ?

● രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ഒരു വർഷക്കാലം നൽകാനുള്ള ഭക്ഷ്യധാന്യങ്ങളുടെ കരുതൽ ശേഖരമാണ് നമുക്കുള്ളത്. കണക്കനുസരിച്ച് 30.97 മില്യൺ മെട്രിക് ടൺ അരിയും 27.52 മില്യൺ മെട്രിക് ടൺ ഗോതമ്പും 28.70 മില്യൺ മെട്രിക് ടൺ നെല്ലും നാം ശേഖരിച്ചിട്ടുണ്ട്. മാത്രമല്ല, മുൻ വർഷത്തേക്കാൾ 17.62 മെട്രിക് ടൺ കൂടുതൽ ഭക്ഷ്യധാന്യ ഉത്പാദനവുമുണ്ട്. അത് ഇത്തരം സമയങ്ങളിൽ ജനങ്ങൾക്ക് കൂടുതലായി നൽകണം. അതിനാണ് സർക്കാർ ശ്രമിക്കേണ്ടത്.

? ഏതു രീതിയിൽ.

● റേഷൻ സംവിധാനത്തിലൂടെ. പാവപ്പെട്ടരിൽ പാവപ്പെട്ടവർ, പാവപ്പെട്ടവർ, ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ളവർ എന്ന വേർതിരിവു കൂടാതെ ഇപ്പോൾ വിതരണം ചെയ്യുന്നതിന്റെ അളവ് വർധിപ്പിച്ച് എല്ലാവർക്കും സൗജന്യമായി വിതരണം ചെയ്യണം. എഫ്സിഐ ഗോഡൗണുകളിൽ നിന്ന് മൂന്ന് മുതൽ അഞ്ച് ശതമാനം വരെ ധാന്യങ്ങൾ ഉപയോഗശൂന്യമായിപ്പോകുന്നു എന്നും ഓർക്കണം.

? അപ്പോൾ വരും കാലത്തേക്കോ.

● നിലവിലെ കാലാവസ്ഥ പ്രവചനം അനുസരിച്ച് 2020-21 ൽ 117.5 മെട്രിക് ടൺ അരിയും 100.5 മെട്രിക് ടൺ ഗോതമ്പും 25.6 മെട്രിക് ടൺ പയർ വർഗങ്ങളും നാം ഉത്പാദിപ്പിക്കും. ലോക് ഡൗൺ മേയ് മൂന്നിന് അവസാനിച്ചാലും ജനങ്ങളുടെ ദുരിതം അതും കഴിഞ്ഞും നീളാൻ ഇടയുണ്ട്. ആ സാഹചര്യത്തിൽ എഫ്സിഐ ഗോഡൗണുകളിൽ ശേഖരിച്ചു വച്ചിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുകയാണ് വേണ്ടത്. കാരണം ജനത്തിന്റെ സാമ്പത്തിക നിലപാടേ തകർന്നിരിക്കുകയാണ്.

? കൊവിഡ് കാലത്തിനുശേഷം ഏതു രീതിയിലാവണം.

● കൊറോണക്കാലത്തും ശേഷവും രാജ്യത്തിന്റെ സാമ്പത്തിക മേഖലയെ രക്ഷപ്പെടുത്താൻ ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരോദ്പാദനം എന്നിവയെക്കൂടി ഉൾപ്പെടുത്തി കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണം. മത്സ്യതൊഴിലാളികൾ, നെല്ല്, ഗോതമ്പ്, പയർ വർഗങ്ങൾ ഉത്പാദിപ്പിക്കുന്നവർ, നാണ്യവിള- സുഗന്ധവിള ഉത്പാദകർ തുടങ്ങിയവർക്ക് പലിശരഹിത സാമ്പത്തിക സഹായങ്ങൾ നൽകണം.

? ശ്രദ്ധവയ്ക്കേണ്ട പ്രധാന മേഖല ഏതാണെന്നു കരുതുന്നു.

● സമുദ്രതീര സംസ്ഥാനമായ കേരളം ഫിഷറീസ് മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നത് നന്നായിരിക്കും. കുളം,കായൽ, കടൽ മത്സ്യകൃഷിക്ക് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണം.

ഞാൻ കേന്ദ്ര കൃഷി,ഫിഷറീസ് മന്ത്രിയായിരിക്കെ വനാമി ചെമ്മീൻ കൃഷിക്ക് നൽകിയ പ്രത്യേക പ്രോത്സാഹനം ഇന്ന് ആന്ധ്രയുൾപ്പടെയുള്ള സ്ഥലങ്ങളിൽ വനാമി ചെമ്മീന്റെ ഉത്പാദനം വ്യാപകമാകുവാൻ ഉപകരിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലിനു പ്രാധാന്യം നൽകി മത്സ്യ ഉത്പാദനത്തിന്റെ മൂല്യവർദ്ധനയോടെ കയറ്റുമതിയെ പ്രോത്സാഹിപ്പിച്ചാൽ കേരളം രക്ഷപ്പെടും.

ബ്രസീലിയൻ ബെറിയും ഡ്രാഗൺ ഫ്രൂട്ടും ഇവിടെ കായ്ച്ച് തുടങ്ങി

സി.പി. രഘുനാഥ്

കുറ്റ്യാടി: നേരത്തെ തന്നെ കൃഷിയിൽ താൽപ്പര്യം പ്രകടിപ്പിച്ച കക്കട്ടിൽ നരിപ്പറ്റ റോഡിലെ സലിം കോമത്ത് കോവിഡ് 19 നേ തുടർന്ന് പ്രവാസ ലോകത്തേക്ക് തിരികെ പോവാൻ കഴിയാതെ വന്നപ്പോൾ ലോക് ഡൗൺ കാലം വിദേശ ഫലവൃക്ഷങ്ങൾ പരിചരിക്കാനായി മാറ്റി വെച്ചു.
സ്വന്തം വീടിനോട് ചേർന്ന സ്ഥലത്താണ് സലീം നമ്മുടെ നാട്ടിൽ കാണാത്ത ഇനം ഫലവൃക്ഷങ്ങൾ നട്ടുവളർത്തി പരിചരിക്കുന്നത്. തന്റെ തോട്ടത്തിൽലോകത്തിലെ എറ്റവും നീളം കൂടിയ ബ്രസീലിയൻ ബെറി, ചമ്പടാക്ക്, മിൽക്ക് ഫ്രൂട്ട്സ്, ലോഗൺ ഫ്രൂട്ട്സ്, ഡ്രഗൺ ഫ്രൂട്ട്സ്, പീനട്ട് ബട്ടർ, പനനീർ ചാമ്പ, മലയൻ ചാമ്പ, മാങ്കോസ്റ്റീൻ, മധുര അമ്പയം, ശീത പഴം, റോളിനോ, മുള്ളാത്ത, വിവിധ ഇനം പേര, തായ് മാവ്, വിയറ്റ്നാം ഏർളി പ്ലാവ്, സപ്പോർട്ട, മിലിട്ടറി സപ്പോർട്ട, മുന്തിരി, പനാമ റെഡ് പേഷൻ' ഫ്രൂട്ട്സ്, റെഡ് ലേഡി പപ്പയ, റംബുട്ടാൻ, മധുര സ്റ്റാർഫ്രൂട്ട്സ് (കാരബോള) നെല്ലി, രാംഗംങ്ങ, കുള്ളൻ തെങ്ങ്, ഇന്റർ മംഗള കുള്ളൻ കമുങ്ങ്, ടി ഇൻ ടു ഡി തെങ്ങ്, ഗംഗ ബോണ്ട കുള്ളൻ തെങ്ങ് എന്നിവ പരിചരിക്കുന്നത്.
ഖത്തറിലെ ഒരു നിർമ്മാണ കമ്പനിയിൽ ജോലി ചെയ്യുന്ന സലിം നാട്ടിൽ വരുന്ന ഇടവേളകളിൽ വിദൂരദേശങ്ങളിൽ നിന്നു പോലും ശേഖരിച്ചു കൊണ്ടുവരുന്ന ഫലവൃക്ഷങ്ങൾ പലതും കായ്ച്ചു തുടങ്ങിയത് ഈ ലോക്ഡൗൺ കാലത്താണ് എന്നത് കൂടുതൽ പരിചരണം നൽകിയതുകൊണ്ടാണെന്നു പറയുന്നു.
നിലവിൽ റംബുട്ടാൻ, ബ്രസീലിയൻ മൾബെറി, ചെമ്പടാക്ക്, പീനട്ട് ബട്ടർ, മിലിട്ടറി സപ്പോട്ട, മുന്തിരി, കാരൻ പോള എന്നിവ പൂത്തവയും, ഫലമായവയുമാണ്.
വരും ദിവസങ്ങളിൽ ലോഗൻ, ഡ്രാഗൺ മാങ്കോസ്റ്റിൻ എന്നിവ പൂവിടുമെന്ന പ്രതീക്ഷയിലാണ് സലീം. ഇവ കൂടാതെ സീറ മുളക്, ചീര, വഴുതിനങ്ങ, തക്കാളി, വെണ്ട, കയപ്പ, പയർ, കക്കിരി, കോവപ്പ എന്നിവയും കൃഷി ചെയ്യുന്നുണ്ട്. പനാമ പർപ്പിൾ പാഷൻ ഫ്രൂട്ട്, മുള്ളാത്ത, ആപ്പിൾ ചാമ്പ, പനനീർ ചാമ്പ എന്നിവയും പുരയിടത്തുണ്ട്. സ്വയം ആർജിച്ചെടുത്ത കൃഷി അറിവുകൾ മറ്റുള്ളവരിലേക്കെത്തിക്കാൻ കുറ്റ്യാടി കൃഷി കൂട്ടം വാട്ട്സാസാപ്പ് കൂട്ടായ്മയിലെ സജീവ അംഗവുമാണ് സലീം കോമത്ത്.

പൂവിട്ട ബ്രസിലിയൻ മൾബെറി ചെടിക്ക് അരികെ സലിം കോമത്ത്.

അയൽക്കൂട്ടങ്ങൾക്കുള്ള വായ്പ അപര്യാപ്തമെന്ന് ആക്ഷേപം

വേലായുധൻ പി മൂന്നിയൂർ

തേഞ്ഞിപ്പലം: കൊവിഡ് - 19 ചെറുത്ത് നിൽപ്പിനായ് കേരള സർക്കാർ പ്രഖ്യാപിച്ച മുഖ്യമന്ത്രിയുടെ സഹായ ഹസ്തം (സിഎംഎച്ച്എൽഎസ് വായ്പ) അപര്യാപ്തമെന്ന് ആക്ഷേപം. ഇതു പ്രകാരം മലപ്പുറം ജില്ലയിലെ ഒരു അയൽ കൂട്ട അംഗത്തിന് 6000 രൂപയാണ് പരമാവധി പലിശരഹിത വായ്പ ലഭ്യമാകുന്നത്. ഒരു കുടുംബശ്രീ അയൽക്കുട്ടത്തിന് അനുവദിക്കുന്ന മൊത്തം തുകയിൽ നിന്ന് ഒരാൾക്ക് 5,000 രൂപ മുതൽ - 20,000 രൂപ വരെ വായ്പ അനുവദിക്കുന്നതിന് നിശ്ചയിക്കുന്നത് അതാത് അയൽക്കൂട്ടമാണെന്നും ജില്ല കുടുംബശ്രീ മിഷനിറക്കിയ ഉത്തരവിൽ വ്യക്തമാക്കുന്നു. ഇതിനെ തുടർന്ന് അംഗങ്ങൾക്ക് ലഭിക്കുന്ന വായ്പ തുകയിൽ ഏറ്റകുറച്ചിലുണ്ടാകുമെന്ന് വ്യക്തം. അതെ സമയം കേന്ദ്ര- സംസ്ഥാന സർക്കാറുകൾ നേരത്തെ പ്രഖ്യാപിച്ചിരുന്നത് ഒരു കുടുംബശ്രീ അംഗത്തിന് ഇരുപതിനായിരം രൂപ വരെ പലിശരഹിത വായ്പ നൽകുമെന്നാണ് സർക്കാർ വ്യക്തമാക്കിയതെന്ന് കുടുംബശ്രീ അംഗങ്ങൾ പറയുന്നത്. മലപ്പുറം ജില്ലയ്ക്ക് 197 കോടിയാണ് സിഎംഎച്ച്എൽ എസ് പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ അനുവദിച്ചത്. ജില്ലയിൽ 335021 അയൽകൂട്ട അംഗങ്ങളാണ് വായ്പക്ക് അർഹരായിട്ടുള്ളവർ.ഇതു പ്രകാരം ഒരു കുടുംബശ്രീ അംഗത്തിന് ആളോഹരി വിഹിതം 5880 രൂപയാണ് വായ്പ ലഭ്യമാകുക. അധികവിനിയോഗത്തിൻറെ ആവശ്യകത കണക്കിലെടുത്ത് 4, 01, 26000 രൂപകൂടി എക്സിസിക്യൂട്ടീവ് ഡയരക്ടേറ്റിൽ നിന്ന് അനുമതി ലഭിച്ചു. ഇത് കൂടി ഉൾപ്പെടുത്തിയ പ്രകാരമാണ് ഒരംഗത്തിന് പരമാവധി 6000 രൂപ വായ്പ തുക ലഭ്യമാക്കാൻകഴി യുന്നത്. ഇതു പ്രകാരമാണ് ഒരോ സി ഡി എസ് - നുമുള്ള തുകയുടെ കണക്കും ഓരോ അയൽക്കൂട്ടത്തിനും വിനിയോഗിക്കാൻ കഴിയുന്ന തുകയുടെ കണക്കും നിശ്ചയിക്കുന്നത്. മാത്രമല്ല ഓരോ അംഗത്തിനും എത്ര തുക ലഭ്യമാക്കണമെന്ന് നിശ്ചയിക്കേണ്ടത് അതാത് അയൽ കൂട്ടമാണെന്നും ജില്ലാ കുടുംബശ്രീ മിഷനിറക്കിയ ഉത്തരവിൽ വ്യക്തമാക്കുന്നു. ഇതിനെ തുടർന്ന് ഇരുപതിനായിരം രൂപ വരെ വായ്പക്ക് കാത്തിരുന്നവർ നിരാശരായിരിക്കുകയാണ്. ലോക് - ഡൗൺ കാലത്ത് തൊഴിലില്ലാതെ വീട്ടിൽ കഴിയുന്ന പാവപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് തുച്ഛമായ വായ്യ തുക കൊണ്ട് അത്യവശ്യ കാര്യങ്ങൾക്ക് തികയില്ലെന്നാണ് കുടുംബശ്രീ അംഗങ്ങളുടെആ ക്ഷേപം. ഒരോ അംഗത്തിനും മറ്റ്മാന ദണ്ഡങ്ങൾ ഒന്നും നോക്കാതെ ആവശ്യക്കാർക്ക് ഇരുപതിനായിരം രൂപ ലഭ്യമാക്കണമെന്ന ആവശ്യം ശക്തമാണ്.

പ്രവാസികളുടെ മൃതദേഹം എത്തിക്കാനുള്ള വിലക്ക് നീക്കണം: എം.കെ രാഘവൻ

കോഴിക്കോട്: ഗൾഫ് ഉൾപ്പെടെ വിദേശ രാജ്യങ്ങളിൽ നിന്ന് പ്രവാസികളുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിന് തടസമായ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുതിയ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് എം കെ രാഘവൻ എം പി പ്രധാനമന്ത്രിക്ക് അടിയന്തര സന്ദേശമയച്ചു. ഇതുസംബന്ധിച്ച് അനുകൂല നടപടി സ്വീകരിക്കാൻ വ്യോമയാന - ആഭ്യന്തര മന്ത്രാലയങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് എം കെ രാഘവൻ നരേന്ദ്രമോദിയോട് കത്തിൽ ആവശ്യപ്പെട്ടു. വിവിധ തലങ്ങളിലെ ഇടപെടലുകളെ തുടർന്നാണ് ചരക്കു വിമാനങ്ങൾ മുഖേന മൃതദേഹങ്ങൾ നാട്ടിലേക്ക് അയക്കാൻ അനുമതി ലഭിച്ചത്. എന്നാൽ കാർഗോ സർവീസ് സംബന്ധിച്ച വ്യവസ്ഥയിൽ മൃതദേഹങ്ങൾ എത്തിക്കുന്നത് പ്രത്യേകം പരാമർശിക്കാത്തതിനാൽ തടസം നേരിടുകയാണ്. അപരിഷ്കൃത നടപടികളാണ് കഴിഞ്ഞ ദിവസം ചെന്നൈ എയർപോർട്ടിലുൾപ്പെടെ കണ്ടത്. വിമാനത്താവളത്തിലെത്തിച്ച മൃതദേഹം വിട്ടുനൽകിയില്ല. കുവൈത്തിൽ മരണമടഞ്ഞ കോഴിക്കോട് മണിയൂർ സ്വദേശി എം വി വിനോദിന്റെയും മാവേലിക്കര സ്വദേശി വർഗീസ് ഫിലിപ്പിന്റെയും മൃതദേഹങ്ങൾ ഖത്തർ എയർവേഴ്സിന്റെ കാർഗോ വിമാനത്തിൽ എത്തിക്കാനുള്ള തീരുമാനം ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതിയില്ലെന്ന കാരണം ചൂണ്ടിക്കാട്ടി അവസാന നിമിഷം തടഞ്ഞു. നമ്മുടെ മന്ത്രാലയം തന്നെ ഇത്തരമൊരു നിലപാട് സ്വീകരിച്ചതിൽ പ്രവാസികൾക്കിടയിൽ വ്യാപകമായ ദു:ഖവും അമർഷവുമുണ്ടെന്ന് എം കെ രാഘവൻ ചൂണ്ടിക്കാട്ടി.

നിയന്ത്രണം പിൻവലിച്ചാൽ ഹോട്ടൽ തുറന്നു പ്രവർത്തിക്കുന്നതിൽ ആശങ്ക

തലശേരി : ലോക് ഡൗൺ നിയന്ത്രണങ്ങൾ പിൻവലിച്ചാലും നഗരങ്ങളിലെയും നാട്ടിൻ പുറങ്ങളിലെയും ഹോട്ടൽ - റസ്റ്റോറന്റുകളിൽ പെട്ടെന്ന് ഭക്ഷണം പാകം ചെയ്ത് വിളമ്പാനാവുമോ എന്ന ആശങ്ക ഉടമകളിൽ വേവലാതി പടർത്തുന്നു. മിക്ക സ്ഥാപനങ്ങളിലുമുള്ള അടുക്കള, ഗോഡൗണുകളിൽ മുൻകൂട്ടി സൂക്ഷിച്ച ചോറിനും ബിരിയാണിക്കുമുള്ള അരി, പലഹാരങ്ങൾക്കായുള്ള മൈദ, കറിപ്പൊടി കൾ, തരി, ചായപ്പൊടി, ഹോർലിക്സ്, തുടങ്ങിയവയെല്ലാം പൂപ്പൽ ബാധിച്ച് നശിച്ചു കഴിഞ്ഞു.
പാത്രങ്ങളും അരവ് യന്ത്രം ഉൾപെടെയുള്ളതെല്ലാം ക്ലാവ് പിടിച്ചു ഉപയോഗശൂന്യമായി. ഇക്കണക്കിൽ മാത്രം ലക്ഷങ്ങളുടെ നഷ്ടമാണ് ഹോട്ടൽ - റസ്റ്റോറന്റ് നടത്തിപ്പുകാർ നേരിടുന്നതെന്ന് കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികൾ ചൂണ്ടിക്കാട്ടി.അസോസിയേഷനിൽ തലശേരി യൂനിറ്റിൽ മാത്രം 75 ഓളം അംഗങ്ങളുണ്ട്. ഇവരിൽ മിക്കവരും ഏറെ പ്രയാസത്തിലാണുള്ളതെന്ന് യൂണിറ്റ് സെക്രട്ടറി വെസ്റ്റ്ന്റ് ഹോട്ടൽ ഉടമ ദാമു വെളിപ്പെടുത്തി.
നാടാകെ അടച്ചിടുന്നതിന് മൂന്ന് ദിവസം മുൻപെ തന്നെ നഗരത്തിലെ ഹോട്ടലുകൾ അടക്കേണ്ടി വന്നിരുന്നു.കൊവിഡ് ഭീതിയിൽ ഹോട്ടൽ ജോലിക്കാരായ മറുനാടൻ യുവാക്കൾ സ്ഥലം വിട്ടതോടെയാണ് പല ഹോട്ടലുകളും അടച്ചിടേണ്ടി വന്നത്. അന്ന് നാട്ടിൽ പോയവർ പലരും ഇനി തിരിച്ചു വരില്ലെന്നാണ് സൂചനകൾ.മാത്രമല്ല സർക്കാരും ആരോഗ്യ വകുപ്പും നിഷ്കർഷിക്കുന്ന കർശന നിബന്ധനകൾ പ്രകാരം ഹോട്ടലുകൾക്ക് പ്രവർത്തിക്കാനുമാവില്ല.
സർക്കാരിന്റെ ഭാഗത്ത് നിന്ന് വെള്ളം, വൈദ്യൂതി എന്നിവയിൽ പ്രത്യേക ഇളവ് കിട്ടിയില്ലെങ്കിൽ ഹോട്ടലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്ന വിഷയം പുന:പരിശോധിക്കേണ്ടി വരുമെന്നാണ് സംഘടനാ നേതാക്കളുടെ പക്ഷം.

കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് പലവ്യഞ്ജന കിറ്റുകൾ നൽകി

പേരാമ്പ്ര : കോറോണ പ്രതിരോധത്തിന് കൈത്താങ്ങുമായി രാജ്യസുരക്ഷക്ക് മഞ്ഞിലും മഴയിലും കൊടുംവനങ്ങളിലുമൊക്കെയായി കണ്ണിമചിമ്മാതെ കാവൽ നിൽക്കുന്ന ഭടന്മാർ. സിആർപിഎഫ് പേരാമ്പ്ര വാട്ട്സ് ആപ്പ് കൂട്ടായ്മയുടെ നേതൃത്വത്തിൽ പേരാമ്പ്ര, കുറ്റ്യാടി, ബാലുശ്ശേരി എന്നീ മൂന്നോളം നിയോജക മണ്ഡലങ്ങളിലെ പതിനേഴോളം വരുന്ന കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് ഭക്ഷണം ഉണ്ടാക്കാനുള്ള പലവ്യഞ്ജന കിറ്റുകൾ വിതരണം ചെയ്തു. രാജ്യത്തിന്റെ പലഭാഗത്തായ് സേവനത്തിലേർപ്പെട്ടിരിക്കുന്നവർ നാടിനായ് വാട്ട്സ് ആപ്പ് കൂട്ടായ്മയിലൂടെ സമാഹരണം നടത്തിയാണ് സഹായം നൽകിയത്. കോട്ടൂർ, കായണ്ണ, നൊച്ചാട്, ചങ്ങരോത്ത്, കൂത്താളി, ചക്കിട്ടപാറ, ചെറുവണ്ണൂർ, പേരാമ്പ്ര, വേളം, കായക്കൊടി, കൂരാച്ചുണ്ട്, മേപ്പയ്യൂർ, അരിക്കുളം, കുറ്റ്യാടി, ഉള്ള്യേരി, കാവിലുംപാറ, കീഴരിയൂർ എന്നീ പഞ്ചായത്തുളിലാണ് കിറ്റ് നൽകിയത്. രണ്ടായിരം രൂപയുടെ കിറ്റുകളാണ് ഓരോ പഞ്ചായത്തിലും വിതരണം ചെയ്തത്. രാജ്യത്തിന്റെ പല കോണുകളിലും പല കാലാവസ്ഥകളിലും രാജ്യത്തിന്റെ സുരക്ഷ ഊട്ടി ഉറപ്പിക്കുന്ന സിആർപിഎഫ് ജവാന്മാരുടെ ഈ കൂട്ടായ്മ്മയുടെ ഈ സഹായം വളരെയേറെ അഭിനന്ദനം അർഹിക്കുന്നതാണെന്ന് പഞ്ചായത്ത് പ്രസിഡന്റുമാരും മെമ്പർമാരും പറഞ്ഞു. ഇനിയും ഭാവിയിൽ ഇതു പോലുള്ള പല പ്രവൃത്തികളിലും ഒരു ഭാഗമാകാൻ ഈ കൂട്ടായ്മയ്ക്ക് കഴിയട്ടെ എന്നും അവർ ആശംസിച്ചു.

മാസ്കുകൾ വിതരണം ചെയ്തു

തേഞ്ഞിപ്പലം: കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയിസ് യൂണിയൻ സർവകലാശാലയിലെ രണ്ടായിരത്തോളം ജീവനക്കാർക്ക് സൗജന്യമായി മാസ്കുകൾ വിതരണം ചെയ്തു . റജിസ്ട്രാർ സി എൽ ജോഷി - യൂണിയൻ പ്രസിഡന്റ് എസ്പത്മജക്ക് നൽകി ഉദ്ഘാടനം ചെയ്തു . കെ സുബ്രഹ്മണ്യൻ , വിനോദ് എൻ നീക്കാംപുറത്ത് , ടി സബീഷ് , എന്നിവർ സന്നിഹിതരായിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയിസ് യൂണിന്റെ നേതൃത്വത്തിലുള്ള ഭരണ സമിതികളുടെ തീരുമാന പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയിസ് ഹൗസിങ്ങ് സൊസൈറ്റി 25 ലക്ഷം രൂപയും, കാലിക്കറ്റ് യൂണിവേഴ്സിറ്റി വനിത സഹകരണ സംഘം 3 ലക്ഷം രൂപയും നൽകിയതായും ഭാരവാഹികൾ വ്യക്തമാക്കി.

കൊവിഡിനെ മറയാക്കിയുള്ള സിപിഎം കൊള്ള അനുവദിക്കാനാവില്ല: എം.ടി. രമേശ്

സ്പ്രിംക്ലർ കരാറിനെതിരേ ബിജെപി കോഴിക്കോട് ജില്ലാകമ്മിറ്റി നടത്തിയ പ്രതീകാത്മകസമരം

കോഴിക്കോട്: കൊവിഡിനെ മറയാക്കിയുള്ള സിപിഎം കൊള്ള അനുവദിക്കാനാവില്ലെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി. രമേശ്. സ്പ്രിംക്ലർ കരാർ റദ്ദാക്കുക, അഴിമതിക്കാരെ തുറുങ്കിലടയ്ക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാന വ്യാപകമായി നടത്തിയ പ്രതീകാത്മകസമരം ബിജെപി കോഴിക്കോട് ജില്ലാകമ്മറ്റി ഓഫീസിന് മുന്നിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.കൊവിഡ് കാലത്ത് ജനങ്ങളുടെ വിവരങ്ങൾ വിറ്റ് പണമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഇതിനോട് ഒരിക്കലും യോജിക്കാനാവില്ല. അഴിമതിക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം. നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഇടപാടിൽ ഒപ്പുവച്ചത്. നിയമവിരുദ്ധമാണിത്. സംസ്ഥാന സർക്കാരിന്റെ നാലുവകുപ്പുകൾ സംയുക്തമായാണ് കൊവിഡുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. എന്നാൽ ഇതിൽ ഒരു വകുപ്പുമായും ഇടപാടിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നിട്ടില്ല. ഐടി സെക്രട്ടറി സ്വന്തം നിലയിൽ തീരുമാനം എടുത്തു എന്നാണ് മുഖ്യമന്ത്രി പറയുന്നത്. ഐടി സെക്രട്ടറിക്ക് ഇത്തരമൊരു തീരുമാനം എടുക്കാൻ അധികാരം ഉണ്ടോ എന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. ഐടി സെക്രട്ടറി സിപിഐ ഓഫീസിലെ ട്യൂഷൻ ടീച്ചറായിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.കരാർ റദ്ദാക്കണമെന്നാവശ്യപ്പെട്ടാണ് ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്. നിയമവശങ്ങളെ കുറിച്ചുള്ള കാര്യങ്ങൾ വിജിലൻസ് അന്വേഷിക്കണം. ഈ വിഷയത്തിൽ കേന്ദ്ര ഏജൻസിക്ക് മാത്രമേ സമഗ്ര അന്വേഷണം നടത്താനാകൂ. എന്നാലേ അഴിമതിക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ബിജെപി ജില്ലാ പ്രസിഡന്റ്അഡ്വ. വി.കെ. സജീവൻ അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി പി. രഘുനാഥ്, മേഖലാ ജനറൽ സെക്രട്ടറി പി. ജിജേന്ദ്രൻ, ജില്ലാ ജനറൽ സെക്രട്ടറി എം. മോഹനൻ എന്നിവരും പങ്കെടുത്തു.

റംസാൻ കിറ്റ് വിതരണം

കുറ്റ്യാടി: യൂത്ത് കോൺഗ്രസ് കുറ്റ്യാടി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ റംസാൻ കിറ്റ് വിതരണം നടത്തി. പ്രസിഡണ്ട് എ.കെ.വിജീഷ് ആദ്യ കിറ്റ് കൈമാറി. യൂത്ത് കോൺഗ്രസ് ഭാരവാഹികളായ അഫ്രീദി, ജുനൈദ്, ബാസിം, ലിജീഷ്, ജാഫർ ഷാമിൽ, ആഫീദ് എന്നിവർ നേതൃത്വം വഹിച്ചു.

കൈ താങ്ങ് പദ്ധതിക്ക് തുടക്കമായി

പേരാമ്പ്ര: ചങ്ങരോത്ത് മണ്ഡലം കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച കൈ താങ്ങ് പദ്ധതിയുടെ ഭാഗമായി പൂർണ്ണമായി ലോക് ഡൗൺ പ്രഖ്യാപിച്ച പഞ്ചായത്തിലെ മൂന്നാം വാർഡിൽപ്പെട്ട 450 കുടുംബാഗങ്ങൾക്ക് അരികിറ്റ് വിതരണം മണ്ഡലം പ്രസിഡന്റ് ഇ.ടി. സരീഷ് നിർവഹിച്ചു. ബൂത്ത് പ്രസിഡന്റ് സുരേന്ദ്രൻ മുഞ്ഞോറ അധ്യക്ഷ്യം വഹിച്ചു. പ്രകാശൻ കന്നാട്ടി കെ.കെ.രജീഷ്, വിനോദൻ കുന്നുമ്മൽ, കെ.കെ. പ്രഹ്ളാദൻ തുടങ്ങയവർ സംസാരിച്ചു.

പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ വാർഡുകളിലും ആവിശ്യക്കാർക്ക് പച്ചക്കറി കിറ്റുകളും നിരാല ബരായ രോഗികൾക്ക് അവിശ്വ മരുന്നുകളും എത്തിച്ചു നൽകി. പൂർണ്ണമായും ലോക് ഡൗൺ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പഞ്ചായത്തിലെ കൂടുതൽ മേഖലകിളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുമെന്ന് നേതാക്കൾ അറിയിച്ചു.

റമദാൻ കിറ്റ് വിതരണം

തിരുരങ്ങാടി: പന്തേരങ്ങാടി പാറപ്പുറം ഭാഗങ്ങളിലെ നിർധരരായ 350 ഓളം കുടുംബങ്ങൾക്ക് പിഡിപിയും പിസിഎഫും സംയുക്തമായി റമദാൻ കിറ്റ് അർഹരുടെ വീടുകളിൽ എത്തിച്ചു വിതരണം ചെയ്തു. പിഡിപി നഗരസഭ സെക്രട്ടറി നജീബ് വീ വീ യുടെ അധ്യക്ഷതയിൽ മണ്ഡലം പ്രസിഡന്റ്സലാം തങ്ങൾ കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. സമദ് പാറപ്പുറം, മൂസ പാറപ്പുറം, നാസർ പതിനാറുങ്ങൽ എന്നിവർ നേതൃത്വം നൽകി.

സഹായം നൽകി

തിരുരങ്ങാടി: വർഷങ്ങളായി അംഗീകാരവും ശമ്പളവും ലഭിക്കാതെ പ്രയാസപ്പെടുന്ന അധ്യാപകർക്ക്കൊവിഡ്19, ദുരിത കാലത്ത് ആശ്വാസമേകുകയാണ് പരപ്പനങ്ങാടി ഉപജില്ലാ കെ.എസ്.ടി.യു കമ്മിറ്റി. വർഷങ്ങളായി ശമ്പളമില്ലാതെ ഉപജീവനത്തിന് അധ്യാപനത്തോടൊപ്പം ഇതര മാർഗങ്ങൾ തേടിയിരുന്നവർക്ക് ലോക്ക്ഡൗൺ കാലം തീരാ വറുതിയാണ് സമ്മാനിച്ചത്.

കെ.എസ്.ടി.യു സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം സമാഹരിച്ച തുക അർഹരായ അധ്യാപകർക്ക് മുസ്ലിംലീഗ് മലപ്പുറം ജില്ലാ ഉപാധ്യക്ഷൻ എം.എ ഖാദർ ഓൺലൈൻ ട്രാൻസ്ഫർ വഴി നിർവഹിച്ചു. പി.വി. ഹുസൈൻ, എം.കെ.ഫൈസൽ, സി.മുഹമ്മദ് മുനീർ സംബന്ധിച്ചു.

ഭക്ഷ്യവസ്തുക്കൾ കൈമാറി

കുറ്റ്യാടി: വേളം ഗ്രാമ പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി കിച്ചണിലേക്ക് എഐവൈഎഫ് വേളം മേഖല കമ്മിറ്റി പലവ്യഞ്ജനങ്ങളും പച്ചക്കറികളും നൽകി. മേഖല സിക്രട്ടറി സി രജീഷിൽ നിന്നും സിഡിഎസ് ചെയർപേഴ്സൺ ടി സുജ ഏറ്റുവാങ്ങി. കെ സത്യൻ, എൻ പി സുജിത്, ജലീഷ് കരുവോത്ത്, എൻ കെ മഞ്ജു പ്രസാദ്, എൻ പി സുനിൽ എന്നിവർ പങ്കെടുത്തു.

സാമൂഹിക അകലം പാലിച്ച് കുട്ടികൾ പട്ടം പറത്തി

മലപ്പുറം: ലോക്ഡൗൺദിനത്തിൽ കുട്ടികൾ സാമൂഹിക അകലം പാലിച്ച് സ്വന്തം വീടുകളിലും സർക്കാർ ചിൽഡ്രൻസ് ഹോമുകളിലും ഇതര ഹോമുകളിലുമായി സ്വന്തമായി നിർമിച്ച പട്ടം പറത്തി. കുട്ടികൾക്ക് മാനസിക ഉല്ലാസം നൽകാൻ ജില്ലാ ശിശുസംരക്ഷണ യൂനിറ്റും ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റിയും സംയുക്തമായി സംഘടിപ്പിച്ച 'പട്ടം അകലങ്ങളിലേക്ക് പറത്തൂ.. സാമൂഹിക അകലം പാലിക്കൂ.' എന്ന പരിപാടിയുടെ ഭാഗമായാണ് പട്ടം പറത്തിയത്.

പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം തവനൂർ ചിൽഡ്രൻസ് ഹോമിൽ ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ അഡ്വ പി. ഷാജേഷ് ഭാസ്കർ പട്ടം ഹോം സ്റ്റുഡന്റ് സെക്രട്ടറിക്ക് കൈമാറി നിർവഹിച്ചു. ചിൽഡ്രൻസ് ഹോമിലെ ഓരോ കുട്ടികളും പരിപാടിയുടെ ഭാഗമായി. ചടങ്ങിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങളായ അഡ്വ. സി. സിധാനദാസ്, കെ.പി തനൂജ ബീഗം, തവനൂർ ചിൽഡ്രൻസ് ഹോം സൂപ്രണ്ട് ബിനു ജോൺ എന്നിവർ പങ്കെടുത്തു.

ചങ്ങരോത്ത് പഞ്ചായത്ത് അതിർത്തികൾ അടച്ചു

പേരാമ്പ്ര : കൊവിഡ് 19 രോഗം റിപ്പോർട്ട് ചെയ്ത് ഹോട്ട്സ്പോട്ടായ് പ്രഖ്യാപിച്ച തോട്ടത്താകണ്ടി പ്രദേശം ഉൾപ്പെടുന്ന ചങ്ങരോത്ത് പഞ്ചായത്ത് അതിർത്തികൾ അടച്ച് പരിശോധന കർശനമാക്കുന്നു. ജില്ല പൊലീസ് മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഡിവൈഎസ്പി അശ്വകുമാർ, പേരാമ്പ്ര പൊലീസ് ഇൻസ്പക്റ്റർ കെ. സുമിത്ത് കുമാർ, സബ്ബ് ഇൻസ്പക്റ്റർ പി.കെ. റഊഫ്, പെരുവണ്ണാമൂഴി പൊലീസ് ഇൻസ്പക്റ്റർ പി. രാജേഷ് എന്നിവരുടെ നേതൃത്വത്തിൽ പഞ്ചായത്ത് അതിരുകൾ പങ്കിടുന്ന റോഡുകൾ അടച്ചു. ഇവിടങ്ങളിൽ കർശന പരിശോധന ഏർപ്പെടുത്തി. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ സമീപ പഞ്ചായത്തുകളായ കൂത്താളി, പേരാമ്പ്ര, കുറ്റ്യാടി, മരുതോങ്കര, ചക്കിട്ടപാറ, വേളം തുടങ്ങിയ പഞ്ചായത്തുകളിൽ നിന്ന് പഞ്ചായത്തിലേക്ക് വാഹനങ്ങൾ പ്രവേശിക്കുന്നതും ഈ പഞ്ചായത്തുകളിലേക്കു കൊവിഡ് നിർദ്ദേശങ്ങൾ ലംഘിച്ച് പോവുന്നതും കർശനമായി വിലക്കിയിരിക്കുന്നു. പഞ്ചായത്ത് അതിരുകൾ പങ്കിടുന്ന കുറ്റ്യാടി പേരാമ്പ്ര പാതയിലെ ചെറിയകുമ്പളം, കടിയങ്ങാട് പുന്നയുടെ ചുവട് എന്നിവിടങ്ങിലും മറ്റ് പഞ്ചായത്തു അതിരുകളായ മഹിമപാലം, ആവടുക്ക, കോക്കാട്, പട്ടാണിപ്പാറ, ചവറംമൂഴി, കല്ലൂർ, തെക്കേടത്ത്കടവ് എന്നിവടങ്ങളിലാണ് റോഡുകൾ അടച്ചത്. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും മൈക്ക് പ്രചരണം നടത്തിയെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻ ഇ.ടി. സരീഷ് അറിയിച്ചു.

വിളകൾ നശിപ്പിച്ച കൃഷിഭൂമി ഇ.കെ.വിജയൻ എംഎൽഎ സന്ദർശിക്കുന്നു.

കാർഷികവിള നശിപ്പിച്ചർക്കെതിരേ നടപടി സ്വീകരിക്കുക: ഇ.കെ.വിജയൻ

കുറ്റ്യാടി: നരിപ്പറ്റ ഗ്രാമ പഞ്ചായത്തിൽ കുമ്പളച്ചോലയിലെ പയ്യേക്കണ്ടി ഗോപാലന്റെ വാഴ കഴിഞ്ഞ ദിവസം സാ മൂഹ്യദ്രോഹികൾ വെട്ടിനശിപ്പിച്ച സ്ഥലം ഇ.കെ.വിജയൻ എംഎൽഎസന്ദർശിച്ചു. രാജ്യം പ്രതിസന്ധിയിലുടെ കടന്നു പോകുമ്പോൾ കാർഷിക വിളകൾ നശിപ്പിക്കുന്നത് അങ്ങേയറ്റം ഖേദകരമാണെന്നും കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടുപടം.

കുടിവെള്ളത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചില്ലെന്നാക്ഷേപം

തേഞ്ഞിപ്പലം: പട്ടികജാതി കോളനിയിൽ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചില്ലെന്ന് ആക്ഷേപം.കെ എസ് ഇ ബിയുടെ അനാസ്ഥയെന്ന്. പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് 19 വാർഡിലെഅയ്യൻ കാളിപട്ടികജാതി കോളനിയിലെ കുടിവെള്ള പദ്ധതിക്കാണ് വൈദ്യുതി കണക്ഷൻ ലഭിച്ചില്ലെന്നാക്ഷേപമു ള്ളത്. മലപ്പുറം ജില്ലാ പഞ്ചായത്ത് 2017-18 വാർഷിക പദ്ധതി പ്രകാരംഇരുപത്തഞ്ച് ലക്ഷം രൂപ ചിലവഴിച്ചാണ്കുടിവെള്ളപദ്ധതി പ്രവൃത്തി പൂർത്തീകരിച്ചത്. ഒന്നര മാസം മുമ്പ് തന്നെ പ്രവൃത്തി പൂർത്തീകരിച്ച് കുടിവെള്ള വിതരണത്തിന് സജ്ജമായിട്ടും കെ എസ് ഇ ബി അധികൃതർ വൈദ്യുതി കണക്ഷൻ നൽകിയില്ലെന്ന് കോളി നിവാസികൾ പറഞ്ഞു. പ്രവൃത്തി പൂർത്തീകരിച്ചയുടൻ തന്നെ വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിനാവശ്യമായ എല്ലാ രേഖകളും കെ എസ് ഇ ബിക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ലോക് - ഡൗൺ കഴിയാതെ വൈദ്യുതി കണക്ഷൻ നൽകാനാവില്ലെന്നാണ് കെ എസ് ഇ ബി അധികൃതരുടെ നിലപാട്. നൂറിൽ പരം പട്ടിക്കാതി വിഭാഗത്തിൽ പെട്ട കുടുംബങ്ങൾ അടക്കം കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കിഴക്കു ചെനക്കൽ ഭാഗത്തെ നിരവധി ആളുകളാണ് കുടിവെള്ള ക്ഷാമം കൊണ്ട് പ്രയാസപ്പെടുന്നത്. കൊവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ ലോക് ഡൗണിനെ തുടർന്ന് കോളനി നിവാസികൾ വീടുകളിൽ ഒതുങ്ങി കഴിയേണ്ട അവസ്ഥയിൽ കുടിവെള്ള ക്ഷാമവും ഇവർക്ക് ഇരുട്ടടിയായ്. ഇതു സംബന്ധിച്ച് മലപ്പുറം ജില്ലാ കലക്റ്റർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽഎസ്ജിഡി മലപ്പുറം, എന്നിവർക്ക് പദ്ധതി ഭാരവാഹികളായ പണിക്കാരത്ത് സുബ്രമണ്യൻ,രാജൻ എന്നിവർ പരാതി നൽകിയിരിക്കുകയാണ്.

കർഷകമോർച്ച സംസ്ഥാന സെക്രട്ടറി കെ.കെ. രജീഷ് ജലസത്യാഗ്രഹം നടത്തുന്നു.

നെൽകർഷകർ ദുരിതത്തിൽ: ജലസത്യാഗ്രഹം നടത്തി

പേരാമ്പ്ര: കോഴിക്കോട് ജില്ലയുടെ നെല്ലറയായ ആവളപാണ്ടിയിലെ നെൽകർഷകർ അനുഭവിക്കുന്ന ദുരിതത്തിനെതിരെ കർഷകമോർച്ച സംസ്ഥാന സെക്രട്ടറി കെ.കെ. രജീഷ് ജലസത്യാഗ്രഹം നടത്തി. കർഷക തൊഴിലാളികൾക്കൊപ്പം പാടത്ത് പ്ലക്കാർഡ് പിടിച്ച് ലോക്ഡൗൺ നിർദ്ദേശങ്ങൾ പാലിച്ചായിരുന്നു സത്യാഗ്രഹം. കുറ്റ്യാടി ഇറിഗേഷൻ കനാൽ ജലം പാടശേഖത്തേക്ക് അമിതമായി ഒഴുകുന്നതും, കുറ്റ്യാടി പുഴയിൽ നിന്ന് വെള്ളം വേലിയേറ്റ സമയത്ത് പാടശേഖരത്തിൽ എത്തുന്ന അമിത ജലവും കൊണ്ട് വിളവെത്തിയ നെല്ല് കൊയ്തെടുക്കാനാവാതെ കർഷകർ ദുരിതത്തിലാണ്.നെല്ല് വിളയുന്ന ഒരു മാസക്കാലം കനാൽ ജലം പാടത്ത് എത്തുന്നത് തടയുകയും, കുറ്റ്യാടി പുഴയിൽ നിന്ന് വെള്ളം കയറ്റുന്നതിന് വിസിബി നിർമിച്ച് ഷട്ടർ വെയ്ക്കുകയും ചെയ്താൽ യന്ത്രമുപയോഗിച്ച് കൊയ്ത് നടത്താവുന്ന സ്ഥലത്താണ് വെള്ളം കയറി നെൽകൃഷി നശിക്കുന്നത്. പൊതുവെ തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടുന്ന കാർഷിക മേഖലയിൽ വെള്ളത്തിൽ നിന്ന് കൊയ്ത്ത് നടത്താൻ തൊഴിലാളികളെയും കിട്ടാനില്ല. തരിശ് രഹിത ഗ്രാമമായി പ്രഖ്യാപിക്കുമെന്ന് പറഞ്ഞ ഭരണാധികാരികളുടെ അവഗണന കാരണം കർഷകർ നെൽകൃഷി പൂർണ്ണമായി ഉപേക്ഷിക്കാൻ തയ്യാറെടുക്കുകയാണെന്ന് കെ.കെ. രജീഷ് ആരോപിച്ചു. അമിത ജലപ്രവാഹം കൊണ്ട് ദുരിതത്തിലായ കർഷകർക്ക് അടിയന്തിര നഷ്ടപരിഹാരം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

വിദേശത്ത് മരണപെടുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കണം: കെ. മുരളീധരൻ

തലശേരി : കൊവിഡ് - 19 രോഗബാധ മൂലമല്ലാതെ വിദേശത്ത് മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ എത്രയും പെട്ടെന്ന് നാട്ടിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കെ. മുരളീധരൻ എംപി കേന്ദ്ര വിദേശകാര്യ മന്ത്രി ഡോക്റ്റർ ജയശങ്കറിനോട് കത്തിലൂടെ ആവശ്യപ്പെട്ടു. കൊവിഡ് - 19 രോഗവ്യാപന നിയന്ത്രണവുമായി ബന്ധപെട്ട നിർദ്ദേശങ്ങളിലെ അവ്യക്തത ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിലും വിമാന കമ്പനികളുടെ ഇടയിലും ആശയകുഴപ്പം ഉണ്ടാക്കുന്നതായും അതുകൊണ്ട് കൊവിഡ് - 19 രോഗമൂലമല്ലാതെ മരിക്കുന്നവരുടെ മൃതദേഹം പോലും നാട്ടിലെത്തിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതിനാൽ ഇക്കാര്യം വ്യക്തിപരമായി പരിശോധിച്ച് നിർദ്ദേശങ്ങളിൽ വ്യക്തത വരുത്തി മൃതദേഹങ്ങൾ കാലതാമസം കൂടാതെ നാട്ടിലെത്തിക്കാനുള്ള ഉത്തരവ് ബന്ധപെട്ടവർക്ക് നൽകണമെന്നും മന്ത്രിയോട് കെ. മുരളീധരൻ എംപി ആവശ്യപ്പെട്ടു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 113 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com



സ്പ്രിംക്ലർ: സർക്കാർ നിലപാടിനെ ശക്തിപ്പെടുത്തുന്ന വിധി- മുഖ്യമന്ത്രി

തിരുവനന്തപുരം: സ്പ്രിംക്ലർ കരാറുമായി മുന്നോട്ടുപോകാനാണ് ഹൈക്കോടതി സർക്കാരിനോട് പറഞ്ഞതെന്നും ഇതു സർക്കാർ നിലപാടിനെ ശക്തിപ്പെടുത്തുന്നതാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അവകാശപ്പെട്ടു.

പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങളും ആക്ഷേപങ്ങളും നിരാകരിക്കുന്നതാണ് ഇടക്കാല ഉത്തരവ്. കരാർ റദ്ദാക്കണം, അല്ലെങ്കിൽ സ്റ്റേ ചെയ്യണം എന്നായിരുന്നല്ലോ പ്രതിപക്ഷ ആവശ്യം. ഇതുരണ്ടും കോടതി സ്വീകരിച്ചില്ല. സർക്കാർ ഇപ്പോഴുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകതന്നെ ചെയ്യും. ഡാറ്റാ സുരക്ഷയുടെ കാര്യത്തിൽ സർക്കാർ നേരത്തെ തന്നെ വ്യക്തമായ നിലപാട് സ്വീകരിച്ചു. അതിൽ ഒരാശയക്കുഴപ്പവുമില്ല. സത്യവാങ്മൂലം മുഖേന ഹൈക്കോടതിയെയും അതറിയിച്ചു.

"കോടതി ഒരു വാദത്തിന്റെ ഘട്ടത്തിൽ കാര്യങ്ങൾ മനസിലാക്കാൻ പല ചോദ്യങ്ങളും ചോദിക്കും. ഉത്തരവ് സുവ്യക്തമാണ്. കരാറിൽ സർക്കാർ പറഞ്ഞതിന് വിരുദ്ധമാണ് കോടതി വിധി എന്ന് കരുതുന്നില്ല. കരാർ തുടരാനല്ലേ കോടതി വിധി?"- ഇതു സംബന്ധിച്ച ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകി.

പൗരന്റെ അനുവാദം മുൻകൂർ വാങ്ങാതെ ഡാറ്റ ഉപയോഗിക്കാമെന്ന നിലപാട് സർക്കാർ കോടതിയിൽ സ്വീകരിച്ചതിനെപ്പറ്റി മുഖ്യമന്ത്രിയുടെ മറുപടി ഇങ്ങനെ: "ഇതിന് കഴിഞ്ഞ ദിവസം ഞാൻ മറുപടി നൽകിയതാണ്. ഇപ്പോൾ നമുക്കുള്ള പല സ്വാതന്ത്ര്യങ്ങളും നാം ഉപേക്ഷിച്ച് നിൽക്കുന്നു. പല മൗലികാവകാശങ്ങളും ഇപ്പോഴില്ലാത്തതെന്താണ്? സംഘം ചേരാനും സഞ്ചരിക്കാനും സ്വാതന്ത്ര്യം ഇല്ലാതായി. ഒരു സംസ്ഥാനത്തു നിന്ന് മറ്റൊരിടത്തേക്കു യാത്ര ചെയ്യാൻ കഴിയില്ലെന്ന് പറയാൻ കഴിയുമോ? ഇതൊരു പ്രത്യേക കാലമാണ്. ആ കാലത്തിന്റെ പ്രത്യേകത നാം ഉൾക്കൊണ്ടുപോകണം".

"ഒരു കേസിൽ വാദിക്കാൻ വൈദഗ്ദ്യമുള്ള ആൾ വന്നു വാദിക്കും.അത് സ്വാഭാവികമാണ്. ഇവിടെ ആ വാദം കോടതി തന്നെ അഭിനന്ദിച്ചിട്ടുണ്ട്. അത്തരം വാദങ്ങൾ അവതരിപ്പിക്കപ്പെടരുത് എന്ന് ആഗ്രഹിക്കുന്നവർക്കാണ് അതിൽ പ്രയാസം. സ്പ്രിംക്ലറിനെ കൊണ്ടേ ഡാറ്റ വിശകലനം ചെയ്യാൻ കഴിയൂ എന്ന് പറയുമ്പോൾ അതെങ്ങനെ ആരോഗ്യപ്രവർത്തകരെ അപമാനിക്കുന്നതാവും?ആരോഗ്യപ്രവർത്തകരാണോ ഡാറ്റ അവലോകനം ചെയ്യുന്നത്? നാട്ടുകാർക്കിതിലൊന്നും ഒരു പരാതിയുമില്ല. നമ്മളിപ്പോഴും കടുത്ത ഭീഷണിയിലാണ്. ഒരു ഘട്ടത്തിൽ രോഗം വല്ലാതെ വ്യാപിച്ചുകൊണ്ടിരുന്നപ്പോൾ ദശലക്ഷങ്ങൾക്ക് ചികിത്സ വേണ്ടിവരും എന്ന ഘട്ടത്തിൽ അതിന് കൃത്യമായ ഡാറ്റ വേണ്ടേ? അക്കാര്യത്തിൽ സ്പ്രിംക്ലറിനെപ്പോലെ ലോകത്തെ തന്നെ അറിയപ്പെടുന്ന കമ്പനി ഇവിടെയെത്തി.

നമ്മുടെ വിവരങ്ങൾ ചോർന്നുപോകില്ലേ എന്നായി ചിലരുടെ ഉത്കണ്ഠ. അത് ശരിയുമാണ്. അത് ചോരാതിരിക്കാനുള്ള ഉറപ്പ് സർക്കാർ കൈക്കൊണ്ടു. ഇക്കാര്യത്തിൽ സിപിഎം നിലപാട് എന്താണെന്ന് എല്ലാർക്കും അറിയാമല്ലോ. അതുതന്നെയാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്"-മുംബയിൽ നിന്ന് വക്കീലിനെ കൊണ്ടുവന്നതിനെക്കുറിച്ചും സിപിഎം നയത്തിന് വിരുദ്ധമാണോ സർക്കാരിന്റെ നടപടി എന്ന ചോദ്യത്തിനും ഉത്തരമായി മുഖ്യമന്ത്രി വിശദീകരിച്ചു.

ആരോഗ്യവിവരം എന്റെ സ്വകാര്യത, അതു തൂക്കി വിറ്റ സർക്കാർ നടപടി അന്വേഷിക്കുക എന്ന പ്ലക്കാർഡുമായി കെ.എസ്. ശബരീനാഥൻ എംഎൽഎയുടെ നേതൃത്വത്തിൽ ഇന്നലെ സെക്രട്ടേറിയേറ്റ് മെയിൽ ഗേറ്റിനു മുന്നിൽ നടത്തിയ പ്രതിഷേധം.

ചരക്ക് വാഹനങ്ങൾ സത്യവാങ്മൂലം കരുതണം

തിരുവനന്തപുരം: അയൽ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് വരുന്ന ചരക്ക് വാഹനങ്ങളിലെ ഡ്രൈവർമാരും സഹായികളും അവരുടെ പേരുൾപ്പെടുന്ന സത്യവാങ്മൂലവും തിരിച്ചറിയൽ രേഖകളും കയ്യിൽ കരുതാൻ വാഹന ഉടമകളോട് നിർദ്ദേശിക്കണമെന്ന് സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ. തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ ചീഫ് സെക്രട്ടറിമാർക്കും സംസ്ഥാന പൊലീസ് മേധാവിമാർക്കും അയച്ച കത്തിലാണ് ഡിജിപി ഇക്കാര്യം ആവശ്യപ്പെട്ടത്. ഉന്നതതല ചർച്ചയിൽ ഉണ്ടായ തീരുമാനത്തെ തുടർന്നാണ് ഈ നടപടി.അയൽസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ലോറികളിൽ പലപ്പോഴും ഒരു ഡ്രൈവർ മാത്രമാണ് ഉണ്ടാവുക. ഈ പഴുത് മുതലെടുത്ത് രണ്ടാമത്തെ ഡ്രൈവറും സഹായിയുമെന്നപേരിൽ കേരളത്തിലേയ്ക്കും കേരളത്തിൽ നിന്നും ആൾക്കാരെ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാന പൊലീസ് മേധാവി അയൽസംസ്ഥാനങ്ങൾക്ക് കത്തയച്ചത്.

സുരക്ഷാ പ്രശ്നമില്ലെന്ന് സർക്കാർ

കൊച്ചി: ആവശ്യമായ സുരക്ഷാ മുൻകരുതൽ എടുത്താണു ഡാറ്റ അനാലിസിനായി സ്പ്രിംക്ലറിന് വിവരങ്ങൾ കൈമാറുന്നതെന്നു സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ. ഡി ഐഡന്റിഫിക്കേഷൻ, മാസ്കിങ് തുടങ്ങിയ സുരക്ഷാ രീതികൾ പിൻതുടർന്നു കൊണ്ടാണു വിവരങ്ങൾ കൈമാറുന്നതെന്നു സർക്കാരിനു വേണ്ടി ഹാജരായ ഐടി വിദഗ്ധ കൂടിയായ അഭിഭാഷക എൻ.എസ്. നപ്പിനൈ കോടതിയെ അറിയിച്ചു.

അനോണിമൈസേഷൻ, മാസ്കിങ് തുടങ്ങിയ ഡീ ഐഡന്റിഫിക്കേഷൻ രീതികൾ അവലംബിച്ചു മാത്രമേ മൂന്നാം കക്ഷിക്കു ഡാറ്റ കൈമാറാനാവൂ എന്ന് കേന്ദ്ര സർക്കാരിന്റെ അഭിഭാഷകൻ ചൂണ്ടിക്കാട്ടിയപ്പോഴാണു സംസ്ഥാനം ഇക്കാര്യം വിശദീകരിച്ചത്.

നേരത്തെ കേസ് പരിഗണനയ്ക്കെടുത്തപ്പോൾ സംസ്ഥാന സർക്കാരിനു മുന്നിൽ കോടതി ഏതാനും ചോദ്യങ്ങൾ ഉയർത്തിയിരുന്നു. നിയമവകുപ്പു കാണാതെ ഐടി സെക്രട്ടറി എന്തിനു സ്വന്തം നിലയിൽ തീരുമാനമെടുത്തു, ന്യൂയോർക്ക് കോടതിയെ എന്തിന് വ്യവഹാരത്തിന് വച്ചു, സ്വകാര്യതയും വിവര സുരക്ഷയും പ്രധാനമല്ലേ, സ്പ്രിംക്ലറിന്റെ വിശ്വാസ്യതയെക്കുറിച്ച് സർക്കാർ എന്തുകൊണ്ട് പറയുന്നില്ല തുടങ്ങിയ ചോദ്യങ്ങളാണ് കോടതി ഉയർത്തിയത്.

ഡാറ്റ അനാലിസിന് സർക്കാർ എങ്ങനെയാണ് സ്പ്രിംക്ലറിലേക്ക് എത്തിയതെന്ന് കോടതി ആരാഞ്ഞു. സ്പ്രിംക്ലർ മാത്രം എന്ന നിലയിലേക്കു സർക്കാർ എന്തു നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് എത്തിയതെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ചോദിച്ചു.

വിവര സംരക്ഷണം മൗലികാവകാശമാണെന്നും അത് ലംഘിക്കുന്ന കരാർ റദ്ദാക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടു. ഡേറ്റ സുരക്ഷയുടെ കാര്യത്തിൽ സർക്കാർ വ്യക്തത വരുത്തിയിട്ടില്ല അതിനാൽ അരക്ഷിതാവസ്ഥ തുടരുകയാണെന്നും ഹർജിക്കാർ ആരോപിച്ചു.

സർക്കാരിനോട് ചോദ്യങ്ങളുമായി ഹൈക്കോടതി

കൊച്ചി: സ്പ്രിംക്ലർ വിഷയത്തിൽ സർക്കാരിനോട് ചോദ്യങ്ങൾ ചോദിച്ച് കേരള ഹൈക്കോടതി. ഡാറ്റ ചോരുമോ എന്ന ആശങ്കയാണ് ഹർജിയിലെന്നു കോടതി വ്യക്തമാക്കി. ഡാറ്റ സ്വകാര്യത സംരക്ഷിക്കാൻ ന്യൂയോർക്കിലേക്ക് ഓടാനാവില്ല. ഡാറ്റ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്തമാണ്. നിയമവകുപ്പ് അറിയാതെ ഐടി സെക്രട്ടറി തീരുമാനമെടുത്തത് ശരിയല്ലെന്നും കോടതി നിരീക്ഷിച്ചു.

എന്തുകൊണ്ടാണു സ്പ്രിംക്ലർ കമ്പനിയെ തെരഞ്ഞെടുത്തതെന്ന ചോദ്യത്തിന്, അടിയന്തര സാഹചര്യമായതിനാലെന്നു സർക്കാർ മറുപടി നൽകി. എന്ത് അടിയന്തിര സാഹചര്യമാണെന്നു കോടതി ചോദിച്ചു. ഡാറ്റയെക്കാൾ വലുതാണ് ജീവനെന്ന സർക്കാർ നിലപാട് ബാലിശമാണെന്നും കോടതി പറഞ്ഞു.

ഡാറ്റ ശേഖരിക്കും മുൻപ് വ്യക്തികളുടെ അനുമതി തേടിയോ എന്നും കോടതി ചോദിച്ചു. ഡാറ്റ സ്റ്റോർ ചെയ്യുന്നതു മുംബൈയിലെ ആമസോൺ സെർവറിലാണെന്നും ണത് അനുവദനീയമാണെന്നും സർക്കാർ പറഞ്ഞു. സ്പ്രിംക്ലറിനെ എങ്ങനെ പ്രോസിക്യൂട്ട് ചെയ്യുമെന്ന് ചോദിച്ച കോടതി, ഡാറ്റയിൽ അവർക്ക് അക്സസ് ഉണ്ടോയെന്നും ചോദിച്ചു. ചെറിയ കാലയളവിലേക്ക് അക്സസ് ഉണ്ടെന്ന് സർക്കാർ മറുപടി നൽകി.

അബ്കാരി നിയമത്തിൽ ഭേദഗതി; പക്ഷേ അപ്രസക്തം

തിരുവനന്തപുരം: ഡോക്ടറുടെ കുറിപ്പടിയുമായി വരുന്നവർക്ക് സംസ്ഥാന ബെവ്റിജസ് കോർപ്പറേഷൻ വെയർഹൗസിൽനിന്ന് മദ്യം നിയമപരമായി അനുവദിക്കാവുന്ന വിധത്തിൽ അബ്കാരി ചട്ടത്തിൽ എക്സൈസ് വകുപ്പ് ഭേദഗതി വരുത്തി. ലോക് ഡൗണിന് മുമ്പായിരുന്നു ഇത്. എന്നാൽ, ഡോക്ടറുടെ കുറിപ്പടി പ്രകാരമുള്ള മദ്യവിതരണം ഹൈക്കോടതി തടഞ്ഞ സാഹചര്യത്തിൽ ഈ ഭേദഗതി അപ്രസക്തമായെന്ന് അധികൃതർ അറിയിച്ചു. ഈ രീതിയിൽ മദ്യ വിൽപന ഉണ്ടാവില്ല.

ഇത് സംബന്ധിച്ച് ഇന്നലെ രാത്രി ചാനൽ വാർത്ത വന്നതോടെ മദ്യപർ ആകാംക്ഷയോടെ ഇതിനുള്ള മാർഗം ആരാഞ്ഞ് ചുറ്റിയോടുകയായിരുന്നു. എന്നാൽ, പഴയ ഉത്തരവാണിതെന്നും ഇതുകൊണ്ട് പ്രയോജനമില്ലെന്നും അറിഞ്ഞതോടെ അവർ വീണ്ടും നിരാശരായി.

കേന്ദ്ര സർക്കാർ ലോക് ഡൗൺ കാലത്ത് മദ്യവിൽപന നിരോധിച്ചതു കൊണ്ടാണ് സംസ്ഥാനത്ത് മദ്യവിൽപന സാധ്യമാകാതെ വന്നത്. കേന്ദ്ര സർക്കാർ ഇളവ് അനുവദിച്ചാലുടൻ സംസ്ഥാനത്ത് വിൽപന പുനരാരംഭിക്കും.

3 പേർക്ക് കൂടി കൊവിഡ്, 15 പേർക്ക് ഭേദമായി

തിരുവനന്തപുരം: സംസ്ഥാനത്ത് മൂന്നുപേർക്കു കൂടി കൊവിഡ്-19 സ്ഥിരീകരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. കാസർഗോഡ് ജില്ലയിലുള്ള ഇവർക്ക് സമ്പർക്കത്തിലൂടെയാണ് രോഗമുണ്ടായത്.

സംസ്ഥാനത്ത് 15 പേരാണ് ഇന്നലെ രോഗമുക്തി നേടിയത്. കാസർഗോഡ് ജില്ലയിലെ അഞ്ചു പേരുടേയും പത്തനംതിട്ട, മലപ്പുറം, കണ്ണൂർ ജില്ലകളിൽ നിന്നുള്ള മൂന്ന് പേരുടെ വീതവും കൊല്ലം ജില്ലയിലെ ഒരാളുടെയും പരിശോധനാ ഫലമാണ് നെഗറ്റീവായത്. ഇതോടെ 331 പേരാണ് ഇതുവരെ കൊവിഡിൽ നിന്നു മുക്തി നേടിയത്. 116 പേരാണ് നിലവിൽ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്.

21,725 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇവരിൽ 21,243 പേർ വീടുകളിലും 482 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 144 പേരെയാണ് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. രോഗലക്ഷണങ്ങളുള്ള 21,941 പേരുടെ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ ലഭ്യമായ 20,830 എണ്ണത്തിന്റെ ഫലം നെഗറ്റീവാണ്.

പ്രവാസികളെ തിരികെ കൊണ്ടുവരാൻ നിർദേശിക്കാനാവില്ല: ഹൈക്കോടതി

കൊച്ചി: കൊവിഡിന്റെ പശ്ചാത്തലത്തിൽ പ്രവാസികളെ മടക്കിക്കൊണ്ടു വരാൻ കേന്ദ്ര സർക്കാരിനോട് നിർദേശിക്കാനാവില്ലെന്ന്ഹൈക്കോടതി. ഇടക്കാല ഉത്തരവ് പ്രായോഗികമല്ല. ഒരുലക്ഷം പേർ വിദേശത്തുനിന്നും നാട്ടിലെത്തിയാൽ വേർതിരിച്ച് ക്വാറന്റൈൻ ചെയ്യാൻ സൗകര്യമുണ്ടോ എന്ന് കോടതി ചോദിച്ചു. 5,000 ഡോക്റ്റർമാരും 20,000 നഴ്സുമാരും വേണ്ടിവരില്ലേയെന്നും കോടതി ആരാഞ്ഞു.

ഇക്കാര്യത്തിൽ കേരള സർക്കാർ സ്വീകരിച്ച നടപടികൾ, മെഡിക്കൽ സംവിധാനങ്ങളടക്കം അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് നൽകാൻ കോടതി ആവശ്യപ്പെട്ടു. പ്രവാസികളെ തിരികെ കൊണ്ടുവരുന്നത് ലോക് ഡൗൺ മാനദണ്ഡങ്ങളിൽ വെള്ളം ചേർക്കുന്നതിന് സമമാകില്ലേ എന്നും കോടതി സർക്കാരിനോട് ചോദിച്ചു.

പ്രവാസികളെ മടക്കിക്കൊണ്ടുവരുന്ന കാര്യത്തിൽ ഹർജി ലോക് ഡൗണിന് ശേഷം പരിഗണിക്കുന്നതാണ് ഉചിതം. സഹതാപമുണ്ടെങ്കിലും സർക്കാരിന്റെ പരിമിതികൾ കോടതി മനസിലാക്കുന്നു. പ്രവാസികൾക്ക് എംബസികൾചികിത്സ ഉറപ്പാക്കണം. ഗർഭിണികളുടെയും കുട്ടികളുടെയും കാര്യത്തിൽ പ്രത്യേക ജാഗ്രത വേണമെന്നും കോടതി നിർദേശിച്ചു.

മറ്റു രാജ്യങ്ങൾ തങ്ങളുടെ പൗരന്മാരെ നാട്ടിലേക്കു മടക്കിക്കൊണ്ടുപോകുന്നുണ്ടെന്ന് ഹർജിക്കാരൻ കോടതിയിൽ വാദിച്ചു. എന്നാൽ അവരുടെ നയവും നിയമവുമല്ല നമ്മുടേതെന്ന് കോടതി അഭിപ്രായപ്പെട്ടു. തുടർന്ന് ഹർജി മെയ് രണ്ടിലേക്ക് മാറ്റി. ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച ഹർജിയും കോടതി പിന്നീട് പരിഗണിക്കും.

സൂം ആപ്പ് പണിമുടക്കി

കൊച്ചി: സ്പ്രിംക്ലർ ഇടപാടുമായി ബന്ധപ്പെട്ട ഹർജിയിൽ വാദം കേൾക്കുന്നതിനിടെ സൂം ആപ്പ് പണിമുടക്കി. വിഡിയോ കോൺഫറൻസിങ്ങിന് ഉപയോഗിക്കുന്ന ഈ ആപ്ലിക്കേഷൻ വഴിയാണ് ഹൈക്കോടതി വാദം കേട്ടിരുന്നത്. എന്നാൽ, വാദത്തിനിടെ ആപ്പിന് സാങ്കേതിക പിഴവുകളുണ്ടായി. ഇതോടെ വാദം കേൾക്കൽ താത്കാലികമായി നിർത്തിവച്ചു. പിന്നീട്, 2.15ഓടെ നടപടികൾ പുനഃരാരംഭിച്ചു.

21നാണ് ഈ കേസിൽ ആദ്യം വാദം കേട്ടത്. അന്നും സൂം വഴിയായിരുന്നു കോടതി നടപടികൾ. എന്നാൽ ഈ ആപ്പ് സുരക്ഷിതമല്ലെന്നു കേന്ദ്ര സർക്കാർ ഏജൻസിയായ ഇന്ത്യൻ കംപ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം (സിഇആർടി- ഇന്ത്യ) നേരത്തേ തന്നെ അറിയിച്ചിരുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കിയിരുന്നു.

സൂം ആപ്പ് വഴി സ്വകാര്യ വിവരങ്ങൾ ചോരാൻ സാധ്യതയുണ്ടെന്നായിരുന്നു കേന്ദ്ര നിലപാട്.

സഹായം നീട്ടി നൂറു പിന്നിട്ട അമ്മമാർ; ഐക്യദാർഢ്യവുമായി വിജയ്

തിരുവനന്തപുരം: നൂറ് പിന്നിട്ട രണ്ട് വനിതകൾ തങ്ങളുടെ വാർധക്യകാല പെൻഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകിയപ്പോൾ തമിഴ് സിനിമാതാരം വിജയ് 10 ലക്ഷം രൂപ നൽകി ഐക്യദാർഢ്യം പ്രകടിപ്പിച്ചു.

നാരീശക്തി പുരസ്കാര ജേതാവ് 105 വയസുള്ള കൊല്ലം പ്രാക്കുളം സ്വദേശിനി ഭാഗീരഥി അമ്മയും 103 വയസ്സുള്ള കണ്ണൂർ ആലച്ചേരിയിലെ തമ്പായി അമ്മയുമാണ് ഒരു മാസത്തെ പെൻഷൻ തുക നൽകിയത്.

കോഴിക്കോട് ഡിസ്ട്രിക്റ്റ് റോട്ടറി ക്ലബ് കോഴിക്കോട് മെഡിക്കൽ കോളെജിന് നാല് വെന്റിലേറ്ററുകൾ അടക്കം ഒരു കോടി രൂപ വിലവരുന്ന മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കി. പയ്യന്നൂർ റോട്ടറി ക്ലബ് മഞ്ചേശ്വരത്ത് ഡിസ് ഇൻഫെക്ഷൻ കേന്ദ്രം ആരംഭിച്ചു.

ബിഎസ്എൻഎൽ ഓഫീസർമാരുടെ സംഘടന സഞ്ചാർ നിഗം എക്സിക്യൂട്ടീവ് അസോസിയേഷൻ വിവിധ മെഡിക്കൽ കോളെജുകളിലെക്ക് പിപിഇ കിറ്റുകൾ എത്തിക്കാൻ 8,28,000 രൂപ സംഭാവന ചെയ്തു.

ആർ. പരമേശ്വരൻപിള്ള ട്രസ്റ്റ് കമ്യൂണിറ്റി കിച്ചണിലേക്ക് സാധനങ്ങളും ആരോഗ്യപ്രവർത്തകർക്കായി 500 മാസ്കുകളും നൽകി.

ബിപിസിഎൽ കൊച്ചി റിഫൈനറി തൊഴിലാളികൾ 61,83,881 രൂപ.

ആറ്റിങ്ങൽ മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങളും നാട്ടുകാരും 1,14,38,758 രൂപ.

പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഹെഡ് നേഴ്സ് ബീന കുമാരി 1 ലക്ഷം രൂപ.

മാഹി കോളെജിൽനിന്ന് റിട്ടയർ ചെയ്ത പ്രൊഫ. കെ.വി. ജനാർദനൻ 1 ലക്ഷം രൂപ.

റിട്ട. പ്രൊഫ. സുശീലാ മാർഷൻ 50,000 രൂപ.

അയർലഡിൽ നിന്നുള്ള ഡോ. വിക്റ്റർ എഡ്ഗർ മോറിസ് 4,85,000 രൂപ.

കുണ്ടറയിലെ ഹോട്ട് കേക്സ് ബേക്കറി തൊഴിലാളികൾ 1 ലക്ഷം രൂപ.

യുണൈറ്റഡ് സെപ്റ്റിക് ടാങ്ക്, സിഇഒയും സഹപ്രവർത്തകരും 10,43,121 രൂപ.

ആർ.പരമേശ്വരൻപിള്ള ട്രസ്റ്റ് ഒരു ലക്ഷം രൂപ.

മുഹമ്മദ് റബീഅ്, പാളയം 10,000 രൂപ.

കോട്ടയം സ്വദേശി പി.ആർ. രാജു ഒരു ലക്ഷം രൂപ.

കോട്ടയം മെഡിക്കൽ കോളെജിലെ ഓർത്തോപീഡിക്സ് സർജൻ ഡോ. എം.സി. ടോമിച്ചൻ മൂന്നു ലക്ഷം രൂപ.

പാസ്റ്റർ പി.വി. ചാക്കോ പെന്തക്കോസ്തൽ മിഷൻ കോട്ടയം ഒരു ലക്ഷം രൂപ.

കോട്ടയം ജില്ലാ സഹകരണ ആശുപത്രി സൊസൈറ്റി 20 ലക്ഷം രൂപ.

കാഞ്ഞങ്ങാട് മേലാങ്കോട്ട് എ.സി. കണ്ണൻ നായർ സ്മാരക ഗവ. യുപി സ്കൂൾ പ്രധാന അധ്യാപകൻ ഡോ. കൊടക്കാട് നാരായണൻ ഒരുമാസത്തെ ശമ്പളമായ 85,190 രൂപയും ഭിന്നശേഷിക്കാരനായ മകന് ലഭിക്കുന്ന പെൻഷൻ തുകയും ചേർത്ത് 1 ലക്ഷം രൂപ.

കാർത്തികപ്പള്ളി താലൂക്ക് ലൈബ്രറി കൗൺസിൽ 2,30,680 രൂപ.

കൊല്ലംകോട്, കൊട്ടാരം റൈസ്മിൽ മാനെജിങ് ഡയറക്റ്റർ വി.ആർ. പുഷ്പൻ 1 ലക്ഷം.

കോട്ടയം കളക്ട്രേറ്റിലെ പാർട്ട്ടൈം ജീവനക്കാർ സമാഹരിച്ച 50,000 രൂപ.

വി.ആർ. പ്രസാദ് ചേർത്തല 10 ലക്ഷം രൂപ.

മലപ്പുറം എടവണ്ണയിലെ അറഞ്ഞിക്കൽ ഗ്രാനൈറ്റ് എം.ഡി. ജമാൽ മുഹമ്മദ് സക്കാത്ത് വിഹിതത്തിൽനിന്ന് അഞ്ചുലക്ഷം രൂപ.

കഴക്കൂട്ടം സൈനിക സ്കൂളിലെ 1974 ബാച്ച് കുട്ടികൾ ചേർന്ന് രണ്ടുലക്ഷം രൂപ.

കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാരുടെ സ്ഥാപനമായ മർക്കസിൽ പഠിക്കുന്ന കാശ്മീർ, ലഡാക്ക് എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള 15 വിദ്യാർഥികളുടെ സക്കാത്ത് ധനസഹായത്തിൽനിന്ന് 15,000 രൂപ.

കരുനാഗപ്പള്ളി സ്വദേശി ഹുസൈൻ സക്കാത്ത് ധനസഹയത്തിൽ നിന്ന് ഒരു ലക്ഷം രൂപ.

വിഷു കൈനീട്ടം: അക്ഷയ് എം. സതീഷ്, കൊട്ടാരക്കര 5000 രൂപ. തേവന്നൂർ ഗവ.എച്ച്എസ്.എസ് വിദ്യാർത്ഥി അനഘ. എ.എൻ 10,000 രൂപ. പള്ളിക്കൽ, ചാങ്ങയിൽ പുതിയ വീട്ടിൽ കുടുംബാംഗങ്ങൾ ചേർന്ന് 1 ലക്ഷം രൂപ. അഞ്ചു, പേരൂർക്കട 10,600. മലയാളം പള്ളിക്കൂടം കുട്ടികൾ 15,000. കെ.കെ. കറുപ്പൻ കുട്ടി 50,000 രൂപ

കൊച്ചി നഗരപരിധിയിലെ 65ാം ഡിവിഷനായ കത്യക്കടവ് മേഖല കോവിഡ് ഹോട്ട് സ്പോട്ടായി പ്രഖ്യാപിച്ചതിനെ തുടർന്ന് കലൂരിൽ നിന്നു കത്യക്കടവിലേക്കുള്ള റോഡ് തുടങ്ങുന്നിടത്ത് പൊലീസ് ഗതാഗതം പൂർണമായും ബ്ലോക്ക് ചെയ്തപ്പോൾ.

- മനു ഷെല്ലി

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മേടം 12 റമദാൻ 02

2020 ഏപ്രിൽ 25 ശനി

സംരംഭകത്വ സംരക്ഷണം നിലനിൽപ്പിന്റെ അടിസ്ഥാനം

കൊവിഡിന്റെ ദുരിതക്കാഴ്ചകൾ ഓരോ ദിവസവും കൂടി വരികയാണ്, ഇന്ത്യയിലും ലോകത്താകെത്തന്നെയും. ചൈനയിൽ മാത്രമാണു രോഗവ്യാപനത്തിൽ നേരിയ ആശ്വാസം പ്രകടമായതും ജനജീവിതം സാധാരണ നിലയിലേക്കു മാറിത്തുടങ്ങിയതും. അതും നീണ്ട 76 ദിവസത്തെ സുദീർഘമായ ലോക് ഡൗണിനു ശേഷം. കടുത്ത നിയന്ത്രണങ്ങളിൽ നിന്ന് ജനങ്ങൾക്ക് ആശ്വാസം നൽകിയ ശേഷം, വ്യവസായ- വാണിജ്യ മേഖലയെ കൂടുതൽ സജീവമാക്കുകയാണു ചൈന ചെയ്യുന്നത്. കൊവിഡ് 19 മറികടക്കാനുള്ള ആരോഗ്യ പരിരക്ഷാ സംവിധാനങ്ങളുടെ തയാറാക്കലും വിതരണവും വിൽപ്പനയുമൊക്കെ അവർക്ക് വളരെ അനുകൂലമായ സാമ്പത്തിക സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സംരംഭകത്വ സഹായ സമീപനമാണ് ചൈനയിലുള്ളതെന്നു വ്യക്തം. സംരംഭകരെ സഹായിച്ച് കൂടുതൽ പേർക്കു തൊഴിൽ ലഭ്യമാക്കുന്നതാണ് അവരുടെ സ്ട്രാറ്റജി.

യുഎസ് അടക്കമുള്ള ചില രാജ്യങ്ങളിൽ തകർന്നടിഞ്ഞുപോയ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ എന്തുവഴി എന്ന് അവിടുത്തെ ഭരണാധികാരികൾ ഗൗരവത്തോടെ ആലോചിക്കുന്നു. യുഎസിൽ മാത്രം 26 ദശലക്ഷം തദ്ദേശീയർക്കു കൊവിഡ് കാലത്ത് തൊഴിൽ നഷ്ടമായി. വിദേശ പൗരന്മാർക്ക് അതിൽക്കൂടുതൽ തൊഴിൽനഷ്ടം സംഭവിച്ചതായി സംശയിക്കണം. യൂറോപ്യൻ യൂണിയൻ, മധ്യപൂർവേഷ്യൻ രാജ്യങ്ങൾ, പേർഷ്യൻ ഗൾഫ്, ആഫ്രിക്കൻ രാജ്യങ്ങൾ തുടങ്ങിയ ഇടങ്ങളിലെല്ലാം സമാനമാണു കാര്യങ്ങൾ. ഇവിടങ്ങളിലെല്ലാം ലക്ഷക്കണക്കിന് ഇന്ത്യക്കാരുണ്ട്. തൊഴിൽനഷ്ടത്തിൽ ഒരു പക്ഷേ, അവരായിരിക്കും മുന്നിൽ. ഇങ്ങനെ വലിയൊരു തൊഴിലില്ലാപ്പട സ്വദേശത്തേക്കു മടങ്ങിവരാൻ വെമ്പുമ്പോൾ, ഇവിടെ തൊഴിൽ ചെയ്തിരുന്ന അൻപതു കോടിയിൽപ്പരം ചെറുകിട, ഇടത്തരം തൊഴിലാളികൾക്ക് ഒരു സഹായവും കിട്ടാത്ത സാഹചര്യമാണുള്ളത്. സാമൂഹ്യ സുരക്ഷയിലും കർഷക സംരക്ഷണത്തിലും വ്യവസായവത്കരണത്തിലും കോർപ്പറേറ്റ് വിപുലീകരണത്തിലുമൊക്കെ ഒട്ടനവധി പദ്ധതികളുണ്ടെങ്കിലും സാധാരണ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്ന നടപടികളൊന്നും ഈ കൊവിഡ് കാലത്തു പോലും പ്രകടമല്ല. സ്വയംസംരംഭകർ, കച്ചവട സ്ഥാപനങ്ങളിലെ തൊഴിലുടമകളും തൊഴിലാളികളും, സംരംഭകത്വ മേഖലയിലെ തൊഴിലാളികൾ, ഫാക്റ്ററി തൊഴിലാളികൾ തുടങ്ങിയ വലിയൊരു വിഭാഗത്തിന് അവശ്യസേവന സംരക്ഷണ ആനുകൂല്യങ്ങളൊന്നും കിട്ടുന്നില്ല. എന്നു തന്നെയുമല്ല, കഴിഞ്ഞ കുറേ നാളുകളായി രാജ്യത്തെ തൊഴിലാളി വർഗങ്ങൾക്കു വേണ്ടി കേന്ദ്ര സർക്കാർ ഒരു ക്ഷേമ പദ്ധതിയും കൊണ്ടുവരുന്നതുമില്ല.

രാജ്യത്തെ അടിസ്ഥാന വർഗ തൊഴിലാളികൾക്കു കൊവിഡ് കാലത്ത് പ്രതിമാസം 7,500 രൂപ താത്കാലികാശ്വാസമായി അനുവദിക്കണമെന്നു കഴിഞ്ഞ ദിവസം യുപിഎ അധ്യക്ഷ സോണിയ ഗാന്ധി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ചുരുങ്ങിയത് 5,000 രൂപയെങ്കിലും ഇടക്കാലാശ്വാസമായി അനുവദിക്കണമെന്ന് വലിയ തൊഴിലാളി സംഘടനയായ ഐഎൻടിയുസിയും ആവശ്യപ്പെട്ടു. ഈ ആവശ്യത്തോട് അന്താരാഷ്ട്ര നാണ്യനിധിയുടെ മുൻ എക്സിക്യൂട്ടിവ് ഡയറക്റ്ററും മുഖ്യ ഉപദേഷ്ടാവുമായിരുന്ന ആർബിഐ മുൻ ഗവർണർ രഘുറാം രാജൻ അനുഭാവം പ്രകടിപ്പിച്ചതും മറക്കരുത്. മറ്റു മേഖലകൾക്കെന്ന പോലെ, ചെറുകിട ഇടത്തരം ഉത്പാദന മേഖലയ്ക്ക് ഉചിതമായ സാമ്പത്തിക പാക്കെജ് എത്രയും പെട്ടെന്നു പ്രഖ്യാപിക്കണം. ഇത്തരം സ്ഥാപനങ്ങളുടെ വായ്പകൾക്കു മൊറട്ടോറിയമല്ല, പലിശ സബ്സിഡി അനുവദിച്ചു തിരിച്ചടവ് കാലാവധി ഉയർത്തുകയാണു വേണ്ടത്. മൊറട്ടോറിയം പ്രഖ്യാപിക്കുക വഴി കടബാധ്യത ഉയർത്തുകയും തിരിച്ചടവ് ശേഷി കുറയ്ക്കുകയുമാകും ഫലം.

ആഗോളമാന്ദ്യത്തിൽ തകരുന്ന ഇന്ത്യൻ സാമ്പത്തിക സാഹചര്യം കണക്കിലെടുത്ത് പണലഭ്യത ഉറപ്പു വരുത്തി സംരംഭകത്വ ഉത്തേജന പാക്കെജുകൾക്കാണ് കേന്ദ്ര സർക്കാർ മുൻഗണന നൽകേണ്ടത്. വായ്പകൾ എഴുതിത്തള്ളുകയോ, തിരിച്ചടവ് സമ്മർദത്തിലാക്കി ആത്മഹത്യകൾ വർധിപ്പിക്കുകയോ അല്ല പോംവഴി. പകരം, കൂടുതൽ പേർക്കു തൊഴിലവസരം ലഭിക്കത്തക്ക വിധത്തിൽ സംരംഭകരെ സഹായിക്കാനുള്ള പദ്ധതികൾക്കു മുൻഗണന നൽകണം. ജിഎസ്ടി വ്യവസ്ഥകളിൽ ചുരുങ്ങിയത് ഒരു വർഷത്തേക്കെങ്കിലും ഇളവുകൾ അനുവദിക്കണം. മൂലധന വായ്പയ്ക്കു പലിശ സബ്സിഡി, വൈദ്യുതി നിരക്കുകളിൽ വ്യവസ്ഥകളോടെയുള്ള ഇളവുകൾ, ഐടി പാർക്കുകളിലും സർക്കാർ മേഖലയിലുള്ള കെട്ടിട സമുച്ചയങ്ങളിലും പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്കു വാടക ഇളവുകൾ തുടങ്ങിയവ പരിഗണിക്കപ്പെടേണ്ട മുൻഗണനാ വിഷയങ്ങളാണ്. തൊഴിലാളികളുടെ പിഎഫ്, ഇഎസ്ഐ വിഹിതം ആറുമാസത്തേക്കെങ്കിലും കേന്ദ്ര സർക്കാർ തന്നെ ഏറ്റെടുക്കണം.

ഇന്നല്ലെങ്കിൽ നാളെ, കൊവിഡ് 19 വൈറസുകളെ നമ്മൾ കീഴടക്കിയിരിക്കും. എന്നാൽ അതുവരെ ജനജീവിതം പിടിച്ചുനിർത്തുന്നതും തുടർന്നങ്ങോട്ട് അതിനുള്ള അവസരം ഒരുക്കുന്നതുമാണ് ലോകത്തെ മറ്റെല്ലാ രാജ്യങ്ങളെയും പോലെ നമ്മുടെ നാടും ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും.

കൊവിഡും ചേലക്കോടൻ ആയിഷയും

പ്രൊഫ. എസ്. ശിവദാസ്

കൊവിഡും ആയിഷയും തമ്മിലെന്തു ബന്ധം എന്ന് വായനക്കാർ അത്ഭുതപ്പെട്ടേക്കും. ശിവദാസ് സാർ തമാശ പറയുകയാണോ എന്നും ചോദിച്ചേക്കും. പണ്ട് കുട്ടികളെപ്പറ്റിക്കുന്ന ചോദ്യങ്ങൾ ചോദിക്കാൻ കൂട്ടുനിന്നിരുന്ന ആൾ ആണല്ലോ. ജെർമൻസിൽവറിൽ എത്ര ശതമാനം സിൽവർ ഉണ്ട് എന്ന് ചോദിച്ചത് ഞാനും മറന്നിട്ടില്ല. അക്കാലത്ത് ക്വിസ് ചോദ്യമുണ്ടാക്കൽ ഒരു മെഗാപരിപാടിയായിരുന്നു. ഞാനും ഡോ. പി.ഇ. തോമസ് സാറും ഡോ. എ.പി. തോമസ് സാറും പ്രൊഫ. പി.സി. ജോൺ സാറും കൂടി പി.ഇ. തോമസ് സാറിന്റെ വീട്ടിൽ മണിക്കൂറുകൾ ഇരുന്ന് ഗൗരവമുള്ള ചോദ്യങ്ങൾ ഉണ്ടാക്കുമായിരുന്നു. അതിനിടെ ഞങ്ങൾ ചില കുസൃതി ചോദ്യങ്ങളും തിരുകിക്കയറ്റുമായിരുന്നു. അതിലൊന്നായിരുന്നു ജർമൻ സിൽവർ ചോദ്യം. ജർമൻസിൽവറിൽ സിൽവർ പൂജ്യമാണ് എന്നതാണ് ചോദ്യത്തിലെ തമാശ. ആ കൂട്ടുലോഹത്തിൽ അഥവാ ലോഹസങ്കരത്തിൽ നിക്കലും സിങ്കും കോപ്പറുമേ ഉള്ളൂ !

എന്നാൽ , 2020 ഏപ്രിൽ18 ന് രാവിലെ എന്റെ തലയിൽവന്ന ചോദ്യമായിരുന്നു കോവിഡും ചേലക്കോടൻ ആയിഷയുമായി എന്തു ബന്ധം എന്നത്. അത് പക്ഷേ തമാശ ചോദ്യമല്ല. ഗൗരവമുള്ള ചോദ്യം. കാതലുള്ള ചോദ്യം. കേരളം കോവിഡ് രോഗബാധയെ നിയന്ത്രിക്കുന്നതിൽ വലിയ വിജയം നേടി ലോകത്തിനൊരു മാതൃകയായി. വിദഗ്ദർക്കു പഠിക്കാൻ മറ്റൊരു കേരള മോഡൽ ഉണ്ടായിരിക്കുന്നു. അഭിമാനകരമായ ആ നേട്ടത്തിൻ പിന്നിൽ ചേലക്കോടൻ ആയിഷയുമുണ്ട് എന്ന് സ്മരിക്കണം. കാരണം കേരളം സമ്പൂർണ്ണ സാക്ഷരത നേടിയതായി പ്രഖ്യാപിച്ചതിന്റെ മുപ്പതാം വാർഷികമായതു തന്നെ കാരണം. കേരളത്തിന്റെ ആ സാക്ഷരത കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് അടിത്തറയായി നിന്നിട്ടുണ്ട് എന്ന് ഇന്നെങ്കിലും നാം ഓർക്കേണ്ടേ ?

കോവിഡിന്റെ ആക്രമണമുണ്ടായപ്പോൾ കേരളം ഉണർന്നു. ആരോഗ്യരംഗത്തെ വിദഗ്ധർ കാര്യകാരണസഹിതം കോവിഡ് വ്യാപനത്തിന്റെ ശാസ്ത്രം വിശദീകരിച്ചു. സോപ്പു കൊണ്ടു കൈ നന്നായി കഴുകണമെന്നതിന്റെ പ്രാധാന്യം വ്യക്തമാക്കി. ജനങ്ങൾകൂട്ടം കൂടരുതെന്നും അകന്നു നില്ക്കണമെന്നും കൂടി നിർദേശിച്ചു. എന്നാൽ എത്ര വിദഗ്ദന്മാർ എത്ര ഭംഗിയായി കാര്യങ്ങൾ വിശദീകരിച്ചാലും അനുസരിക്കേണ്ടത് ജനങ്ങളാണല്ലോ. സാമാന്യജനങ്ങൾ. അവർ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവുള്ളവരായിരിക്കണം. വേണ്ടത്ര സാമൂഹ്യ ബോധമുള്ളവരായിരിക്കണം. ആരോഗ്യ സാക്ഷരത ഉള്ളവരാകണം. ചുരുക്കത്തിൽ അവർക്ക് ശരിയായ ശാസ്ത്ര ബോധമുള്ളവരായിരിക്കണം. കേരളത്തിലെ ജനങ്ങൾക്ക് ഈ യോഗ്യതകൾ ഉണ്ടായിരുന്നു. മുഴുവൻ ജനങ്ങൾക്കും ഉണ്ടായിരുന്നു. അതുണ്ടായത് കേരളം നേരത്തെ തന്നെ നേടിയെടുത്ത സമ്പൂർണ സാക്ഷരതയിലൂടെയാണ്. അഥവാ അതിൽ കൂടിയാണ്. അത്തരമൊരു ജനത കേരളത്തിൽ ഉണ്ടായിരുന്നില്ലെങ്കിൽ കോവിഡ് രോഗവ്യാപനം തടയുന്നതിൽ കേരളം വിജയിക്കുമായിരുന്നില്ല.

വർഷങ്ങൾക്കുമുമ്പ് ഒരു രാത്രി ഞാൻ ജർമനിയിലെ മ്യൂണിച്ചിൽ ഹെല്ഗ - ഹ്യൂബർട്ട് ദമ്പതികളുടെ വീട്ടിലിരുന്ന് കേരളത്തെപ്പറ്റിയുള്ള ഒരു വീഡിയോ ഷോ കണ്ടതാണ് ഇപ്പോൾ ഓർക്കുന്നത്. ഹെല്ഗ - ഹ്യൂബർട്ട് കുടുംബം ഞങ്ങളുടെ കുടുംബവുമായി സൗഹൃദം പുലർത്തിയിരുന്നു. വീഡിയോ കാണാൻ പലരാജ്യങ്ങളിൽ നിന്നുള്ള അതിഥികൾ എത്തിയിരുന്നു. ഹെല്ഗ മദാമ്മ കലാമണ്ഡലത്തിലെ കാഴ്ചകൾ കാണിച്ച് കലാമണ്ഡലത്തിലെ കഥകളി എന്തെന്ന് വിശദീകരിച്ചതു കേട്ടു ഞാൻ അത്ഭുതപ്പെട്ടു. അങ്ങനെ കേരളത്തിലെ പലവിധ കാഴ്ചകൾ കാണിച്ചിട്ട് മദാമ്മ എല്ലാവരോടുമായി പറഞ്ഞു. 'സീ, കേരള ഈസ് നോട്ട് ഇന്ത്യ. ഇറ്റ് ഈസ് ജസ്റ്റ് ലൈക്ക് ഓവർ യൂറോപ്പ്.' കേരളം ഇന്ത്യയിലെ മറ്റുസ്ഥലങ്ങളെപ്പോലെയല്ല, യൂറോപ്യൻ നിലവാരമുള്ള സ്ഥലമാണ് എന്നായിരുന്നു അവർ പറഞ്ഞത്.

കേരളത്തിന്റെ ഈ സവിശേഷതകൾ ഇവിടെ വളർന്നു വന്നതിനു പിന്നിൽ നൂറ്റാണ്ടുകൾ നീണ്ട ചരിത്രമുണ്ട്. കേരളത്തിന്റെ സുഗന്ധവിളകൾ വിദേശത്തേക്ക് എത്തിച്ച അറബികൾ കേരളത്തിന്റെ പേരും പെരുമയും കൂടി അവിടെ എത്തിച്ചു. കേരളത്തിന്റെ ഈ വിദേശബന്ധം കേരളത്തെ വളർത്തി. കേരള മനസിനെ തുറന്നു. കേരളത്തിലേക്ക് എത്തിയ മിഷനറിമാർ ഇവിടുത്തെ വിദ്യാഭ്യാസത്തിന് ആധുനികമായ മുഖം നല്കി. തിരുവിതാംകൂറും കൊച്ചിയും ഒക്കെ ഭരിച്ചിരുന്ന രാജകുടുംബങ്ങളും വിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യസംരക്ഷണത്തിനും ഊന്നൽ നല്കി.

ശ്രീനാരായണഗുരുവിനേപ്പോലുള്ള നവോത്ഥാന നായകർ കേരളത്തിലെ ജനങ്ങളുടെ സാമൂഹ്യ വീക്ഷണത്തെ വികസ്വരമാക്കി. കേരളത്തിൽ നിന്ന് വിദേശത്തേക്ക് ജോലിക്കായി പോയവർ തിരിച്ച് കേരളത്തിലേക്ക് എത്തിച്ചത് പണം മാത്രമല്ല; ഗ്ലോബർ ആയൊരു അവബോധവുമാണ്. ഗ്ലോബൽ വിഷൻ. ഇങ്ങനെ തികച്ചും വ്യത്യസ്തമായൊരു ജനസമൂഹമായി വളർന്ന കേരളീയരെ ആവേശത്തിന്റെ കൊടുമുടിയിലെത്തിച്ച്, ശാക്തീകരിച്ച ഒരു മഹായജ്ഞമായിരുന്നു സമ്പൂർണ സാക്ഷരതായജ്ഞം.

1991 ഏപ്രിൽ18 ൽ മലപ്പുറംകാരിയായ ചേലക്കോടൻ ആയിഷ കോഴിക്കോട്ടെ മാനാഞ്ചിറ മൈതാനത്തുവെച്ച് കേരളം സമ്പൂർണ സാക്ഷരത കൈവരിച്ച വിവരം പ്രഖ്യാപിച്ചത് ചരിത്രസംഭവമായി. പട്ടിണിയായ മനുഷ്യാ നീ പുസ്തകം കൈയിലെടുത്തോളൂ എന്ന പാട്ട് കേരളത്തിലങ്ങോളമിങ്ങോളം സാക്ഷരതാ പ്രവർത്തകർപാടി നടന്നു. പുസ്തകം പുത്തൻ ആയുധമാണെന്നും അവർപാടി. അറിവാണ് ശക്തി. അറിവു നേടണം

എന്നവർ ആഹ്വാനം ചെയ്തു. ആ ആവേശത്തിൽ അക്ഷരമറിയാത്തവർ അക്ഷരം പഠിച്ചു. അവർക്കു പണ്ടേ ഉണ്ടായിരുന്ന അറിവിനങ്ങനെ കൂടുതൽ ആഴവും കരുത്തും ഉണ്ടാക്കി. അറിവു നേടുന്നത് ആനന്ദകരമായ ഒരു അനുഭവമാക്കി മാറ്റി അത്തരം ആയിഷമാർ. അതു മാത്രമല്ല സംഭവിച്ചത്. അക്ഷരം പണ്ടേ അറിയാവുന്നവരും ആ ആവേശത്തിരമാലയിൽപ്പെട്ടുണർന്നു. അവരും അറിയാതെ അറിവിന്റെ ആരാധകരായി. അവരും വായന പുനരാരംഭിച്ചു. അവരും പഠിച്ചു. അങ്ങനെ ഒരു പ്രദേശത്തെ മുഴുവൻ ജനതയേയും ഉണർത്തുന്ന, പഠിപ്പിക്കുന്ന, ചിന്തിപ്പിക്കുന്ന, വിശ്വമാനവവീക്ഷണത്തിലേക്കു നയിക്കുന്ന, ഒരു ആവേശകരമായ കൂട്ടായ്മ, സംഘടിതമായ യജ്ഞം, ഒരു പക്ഷേ സ്വാതന്ത്ര്യ സമരകാലങ്ങളിലെ ഇന്ത്യയിൽ നടന്നിട്ടുള്ളൂ.

ഏതായാലും സാക്ഷതരായജ്ഞം കേരളീയരിൽ പുതിയ ഉണർവുണ്ടാക്കി. കേരള ശാസ്ത്ര സാഹിത്യ പരിഷത്തും കേരള സർക്കാരും കാൻഫെഡും മറ്റനേകം സംഘടനകളും മത സാംസ്കാരിക പ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരും അധ്യാപകരും സാധാരണക്കാരും ഒന്നിച്ച് ഒറ്റ മനസേടെ പ്രവർത്തിച്ചതു കൊണ്ടായിരുന്നു സാക്ഷരതായജ്ഞം വിജയിച്ചത്. ആ പരിശീലനം കേരളീയരുടെ ഉള്ളിൽ ഇന്നും നിലനില്ക്കുന്നുണ്ട്. ഉണ്ട് എന്നാണ് കൊറോണ രോഗവ്യാപനത്തിനെതിരേ നടന്നു കൊണ്ടിരിക്കുന്ന യജ്ഞം തെളിയിക്കുന്നത്. എല്ലാ അഭിപ്രായവ്യത്യാസങ്ങളും മാറ്റിവെച്ച്, എല്ലാ നിയന്ത്രണങ്ങളിലും അലോസരപ്പെടാതെ, എല്ലാ കഷ്ടപ്പാടുകളേയും പ്രതിഷേധമൊന്നുമില്ലാതെ സ്വീകരിച്ച്, ഉറച്ച മനസോടെ കേരളീയർ ഇനിയും ഒന്നിച്ച് നിന്നു പ്രവർത്തിച്ചാൽ കൊറോണയും നമ്മുടെ മുന്നിൽപത്തി താഴ്ത്തും. നാം വിജയിക്കും. ആ തിരിച്ചറിവാണ് ഇന്ന് നമുക്കാവശ്യം.

സാക്ഷതരായജ്ഞത്തിൽ പങ്കെടുത്ത സന്നധഭടന്മാരുടെ ഉള്ളിൽകടന്നു കൂടിയ പുരോഗമനചിന്തയും ശാസ്ത്രബോധവും ത്യാഗസന്നദ്ധതയും എല്ലാം അവരെ പുതിയ മനുഷ്യരാക്കി. അവരിൽ എത്രയോ അധ്യാപകരുണ്ടായിരുന്നു. അവരാണ് പിൽക്കാലത്ത് കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കാരത്തിനു മുന്നിട്ടിറങ്ങിയതും കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ രക്ഷിച്ച് ശക്തിപ്പെടുത്തി വിജയിപ്പിച്ചതും. മനുഷ്യൻ മാറിയാൽ മലയും മറിയും. അസാധ്യമായത് സാധ്യമാകും.

ഒരു കഥ കൂടിപ്പറയാം. വർഷങ്ങൾക്കു മുമ്പ് ഞങ്ങളുടെ പുത്രൻ ദീപു റിലയൻസിൽ ജോലി ചെയ്തിരുന്ന കാലം. ഞങ്ങൾ മുംബൈയിൽ ഒരു സന്ദർശനത്തിലായിരുന്ന ഒരു നാൾ അവൻ ഒരു കഥ പറഞ്ഞു. കമ്പനിയിലെ തൊഴിലാളികൾ ഉച്ചഭക്ഷണത്തിന് പുറത്തിറങ്ങും. എല്ലാവരും അഞ്ചു മിനിട്ടു കൊണ്ട് ഭക്ഷണം കഴിക്കും. പിന്നീട് ബഹുഭൂരിപക്ഷം പേരും അവിടെയും ഇവിടെയുമായി കിടക്കും.

വെയിലത്താണ് കിടക്കേണ്ടി വന്നതെങ്കിൽ മുഖത്തൊരു തുണിയിടും. അത്ര തന്നെ. എന്നാൽ അവിടെയും ഇവിടെയുമായി ഏതാനും പേർ ഉറങ്ങാതെയിരുന്ന് എന്തോ വായിക്കുന്നതു കാണാം. ഒരു പഴയ വാരിക. ഒരു പത്രത്താൾ. അങ്ങനെ എന്തുമാകാം അവരുടെ കൈയിൽ. അതു കണ്ട ഒരു വടക്കേ ഇന്ത്യൻ എഞ്ചിനീയർ ഒരു ദിവസം ദീപുവിനോടു പറഞ്ഞു. 'ദീപു, കണ്ടോ ചിലർ ഉറങ്ങാതെ കുത്തിയിരുന്നു വായിക്കുന്നത്. അവരെല്ലാം മലയാളികളാണ്. അക്കാര്യം എനിക്കു തീർച്ചയാണ്!'

നമുക്കും അതു തീർച്ചയായിരിക്കണം എന്നും തീർച്ചയായിരിക്കണം. മലയാളികളിലെ പുതുതലമുറ വായനയിൽനിന്നു മാറുന്നോ എന്ന ഒരു സംശയമുണ്ട്. അവരെ മാറാൻ സമ്മതിക്കരുത്. അവരേയും വായിപ്പിക്കുക. അക്ഷരങ്ങൾ നമുക്കു കൂട്ടുകാരാകട്ടെ. അറിവ് ആവേശമാകട്ടെ അറിവിന്റെ കരുത്ത് നമുക്ക് വിവേകം പകരട്ടെ. ആ കരുത്തിന്റെ, വിവേകത്തിൽ, നാം ഒന്നിച്ച് നിന്നാൽ കൊറോണയല്ല അദ്ദേഹത്തിന്റെ അനന്തര തലമുറക്കാരൻ വന്നാലും നാം നേരിടും. ഏതു വെല്ലുവിളിയും നേരിടാൻകരുത്തുള്ള, ഇച്ഛാശക്തിയുള്ള, ഒരു ജനതയായി നമുക്കു നിൽക്കാനാകും!

ജീവിതത്തിൽ അടുക്കും ചിട്ടയും സാധ്യമാവണം

ഡോ ഹുസൈൻ മടവൂർ
(കോഴിക്കോട് പാളയം ജുമാ മസ്ജിദ് ചീഫ് ഇമാം)

റമദാനിനെക്കുറിച്ച് മുഹമ്മദ് നബി സഹനത്തിന്റെ മാസമെന്നാണ് വിശേഷിപ്പിച്ചത്. എല്ലാ മതത്തിലും വ്രതവും ഉപവാസവുമുണ്ട്. അനുഷ്ഠാനങ്ങളിലും സമയത്തിലും വ്യത്യാസമുണ്ടെങ്കിലും വ്രതം എല്ലാവർക്കുമുള്ള ആരാധനയാണ്. ഏകാദശിയും ഈസ്റ്ററുമെല്ലാം ഹിന്ദു--ക്രിസ്ത്യൻ സമുദായങ്ങളുടെ ഉപവാസദിനങ്ങളാണ്. എല്ലാ സമൂഹത്തിലും വ്രതാനുഷ്ഠാനം നിയമമാണെന്ന് ഖുർ ആൻ പ്രസ്താവിക്കുന്നുണ്ട് (ഖുർ ആൻ 2/283). വ്രതമനുഷ്ഠിക്കുന്നതിൻ ആത്മീയവും ശാരീരികവും സാമൂഹ്യവുമായ ഒട്ടേറെ ഗുണമുണ്ട്.

ജീവിതത്തിൽ അടുക്കും ചിട്ടയും നിയന്ത്രണവും സാധ്യമാക്കാൻ റമദാൻ വ്രതംകൊണ്ട് കഴിയണം. വ്രതത്തിന്റെ ഗുണഫലം മനുഷ്യരിൽ സൂക്ഷ്മതാബോധം വളർത്തുകയാണെന്ന് ഖുർ ആൻ പറയുന്നുണ്ട്. പകൽ മുഴുവൻ അന്നപാനീയങ്ങൾ ഉപേക്ഷിക്കുന്ന നോമ്പുകാരൻ വിശപ്പിന്റെ വിളിയറിയാൻ കിട്ടുന്ന അവസരമാണ് ഇത്. തന്റെ ചുറ്റുവട്ടത്തുള്ള പട്ടിണിപ്പാവങ്ങളുടെ വിശപ്പറിയാൻ ലഭിച്ച ഒരു സന്ദർഭമാണ് വ്രതകാലമെന്നു സാരം. റമദാനിൽ ദാനധർമങ്ങൾക്കും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും വലിയ പുണ്യം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറുനിറച്ചുണ്ണുന്നവൻ സത്യവിശ്വാസിയല്ല എന്ന നബിവചനവും ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്. പണക്കാരനും പാവപ്പെട്ടവനും ഒരുപോലെ ഭക്ഷണം വെടിയുക വഴി നോമ്പ് മനുഷ്യർക്കിടയിൽ ഒരുതരത്തിലുള്ള സ്ഥിതിസമത്വമാണ് വരുത്തിത്തീർക്കുന്നത്.

ഈ റമദാൻ മാസം ലോക് ഡൗണിലാണല്ലോ. പുറത്തിറങ്ങാൻ വയ്യാ. പള്ളിയിൽ പോകാൻ പാടില്ല. അതിനാൽ തന്നെ നോമ്പുകാർക്ക് വളരെ മാനസികപ്രയാസമുണ്ടാകുക സ്വാഭാവികം മാത്രം. പക്ഷേ, എന്തു വിഷമങ്ങളുണ്ടെങ്കിലും നാം നിയമങ്ങൾ അനുസരിച്ചേ പറ്റൂ. ആരോഗ്യസംരക്ഷണത്തിനായി സർക്കാരും ആരോഗ്യവകുപ്പും നിർദേശിക്കുന്ന കാര്യങ്ങൾ ജനനന്മ കണക്കിലെടുത്ത് നാം നടപ്പാക്കിയേ മതിയാകൂ. മനുഷ്യന്റെ ജീവനും നിലനിൽപ്പുമാണ് ഇപ്പോൾ ആരാധനയ്ക്കായി സംഘം ചേരുന്നതിനേക്കാളും നാം വിലകൽപ്പിക്കേണ്ടത്. സർക്കാർ ഉത്തരവുകൾ ലംഘിച്ച് ഒളിഞ്ഞും മറഞ്ഞും പള്ളി തുറന്ന് സംഘംചേർന്ന് നമസ്കരിക്കുന്നതിൽ ഈ സാഹചര്യത്തിൽ പുണ്യം പ്രതീക്ഷിക്കാവതല്ല. ഈ റമദാനിൽ എല്ലാവരും എല്ലാ നമസ്കാരവും വീടുകളിൽ മതിയെന്ന് മക്കയിലെ ഗ്രാൻഡ് മുഫ്തിയും ഉന്നത മതപണ്ഡിതസമിതി ചെയർമാനുമായ ശൈഖ് അബ്ദുൽ അസീസ് ആലുശൈഖ് ലോക മുസ്‌ലിങ്ങളോട് ആഹ്വാനം ചെയ്തിട്ടുമുണ്ട്.

റമദാൻ ഔദാര്യത്തിന്റെയും ദാനധർമങ്ങളുടെയും സമൃദ്ധകാലമാണ്. നോമ്പുതുറ സൽക്കാരങ്ങളും ഇഫ്താർ പാർടികളും ഈവർഷം സംഘടിപ്പിക്കാനാകില്ല. എന്നാൽ, നമ്മുടെ അയൽപക്കങ്ങളിലും പരിസരങ്ങളിലുമുള്ളവർക്ക് ഭക്ഷ്യവസ്തുക്കൾ എത്തിച്ചുകൊടുത്ത് പുണ്യംനേടാൻ ഈയവസരത്തിലും നമുക്ക് സാധിക്കും. ആളുകൾക്ക് ജോലിക്ക് പോകാനോ പുറത്തിറങ്ങാനോ സാധിക്കാത്ത അവസ്ഥയിൽ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നവർ നിരവധിയുണ്ട്. അവർക്കെല്ലാം ആശ്വാസമായിരിക്കും നാം എത്തിച്ചുകൊടുക്കുന്ന ഭക്ഷ്യവസ്തുക്കൾ. ഇതിൽ ജാതിയും മതവും പാർടിയുമൊന്നും നോക്കാതെ എല്ലാവരെയും സഹായിക്കണം.

ഖുർ ആനിൽ നമ്മുടെ സഹായം ലഭിക്കാനർഹരായ പാവങ്ങളെക്കുറിച്ച് പറഞ്ഞ ഫഖീർ, മിസ്കീൻ, യതീം (പാവം, അഗതി, അനാഥ) എന്നല്ലാതെ അവർ മുസ്‌ലിങ്ങളാകണമെന്ന് പറഞ്ഞിട്ടില്ല. മിണ്ടാപ്രാണികളായ പട്ടിക്കും പൂച്ചയ്ക്കുംപോലും വിശപ്പും ദാഹവും തീർക്കാനായി ഭക്ഷണവും വെള്ളവും നൽകുന്നത് പുണ്യമാണെന്നാണ് മുഹമ്മദ് നബി പറഞ്ഞിട്ടുള്ളത്. റമദാൻ മാസത്തിൽ അതിനു കൂടുതൽ പുണ്യവുമുണ്ടാകും

മെട്രോ ക്വിസ്

1. 2020 മാർച്ച് 11ന് ലോകാരോഗ്യ സംഘടന മഹാമാരിയായി പ്രഖ്യാപിച്ച രോഗമേതാണ്
2. 2019 നവംബറിൽ കോവിഡ് 19 ആദ്യമായി റിപ്പോർട്ട് ചെയ്ത ചൈനയിലെ പട്ടണത്തിന്റെ പേരെന്താണ്
3. വുഹാൻ ചൈനയിലെ ഏത് പ്രവിശ്യയുടെ തലസ്ഥാനമാണ്
4. കൊറോണ വൈറസ് പ്രധാനമായും ബാധിക്കുന്ന ശരീരഭാഗം ഏതാണ്
5. കൊറോണ വൈറസ് ശരീരത്തിൽ പ്രവേശിച്ച് എത്ര ദിവസത്തിനുള്ളിലാണ് രോഗ ലക്ഷണങ്ങൾ കാണിക്കുന്നത്
6. കോവിഡ് 19 രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം
7. കോവിഡ് 19 പടരുന്നത് ഏത് രീതിയിലാണ്
8. മതപരമായ ഒത്തുകൂടലിനെത്തുടർന്ന് കോവിഡ് 19 പടർന്നു പിടിച്ച രാജ്യമേതാണ്
9. ഇന്ത്യയിൽ ആദ്യമായി കോവിഡ് 19 സ്ഥിരീകരിച്ച സംസ്ഥാനമേതാണ്
10. ഇന്ത്യയിൽ ആദ്യത്തെ കോവിഡ് 19 മരണം സംഭവിച്ചത് ഏത് സംസ്ഥാനത്താണ്
11. കൊറോണ വൈറസ് ഉൾപ്പെടുന്ന കുടുംബമേതാണ്
12. കൊറോണ വൈറസിനെ ആദ്യമായി തിരിച്ചറിഞ്ഞത് എന്നാണ്

ഉത്തരങ്ങൾ

1. കോവിഡ് 19
2. വുഹാൻ
3. ഹുബെയ്
4. ശ്വാസകോശവ്യവസ്ഥ
5. 14 ദിവസം
6. പനി, ചുമ, ശ്വാസതടസ്സം
[illegible]
7. [illegible]
8. ദക്ഷിണ കൊറിയ
9. കേരളം
10. കർണാടക
11. കൊറോണവിരിഡേ കുടുംബം
12. 1937

ബെവ്കോയിലേക്ക് മടങ്ങാതിരുന്നാൽ

ഡോ. വർഗീസ് പി. പുന്നൂസ്
മാനസിക ആരോഗ്യ വിഭാഗം മേധാവി
ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ്

2020 മാർച്ച് 25-ന് 598 ബാറുകൾ, 357 ബിയർ പാർലറുകൾ, 301 ബിവറേജസ് ഔട്ട്ലെറ്റുകൾ, അനേകശതം കള്ളുഷാപ്പുകൾ എന്നിവ ഒറ്റയടിക്ക് പൂട്ടപ്പെട്ടു. മദ്യലഭ്യത പെട്ടെന്ന് ഇല്ലാതാകുമ്പോൾ വ്യാജമദ്യ ദുരന്തങ്ങൾ, ആത്മഹത്യകൾ, വിഭ്രാന്തികൾ, അക്രമങ്ങൾ തുടങ്ങിയ അനേകം ദുരന്തങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ടെന്ന് പ്രവചിക്കപ്പെട്ടു. കോവിഡ് പ്രതിരോധത്തിൽ സ്വർണ മെഡലിലേക്ക് ഉള്ള കുതിപ്പിനെ ഈ വക പ്രശ്നങ്ങൾ തടസപ്പെടുത്താൻ സാധ്യതയുണ്ട് എന്ന വിലയിരുത്തൽ വരെ ഉണ്ടായി.

എന്നാൽ വലിയ പരുക്ക് പറ്റാതെ പിന്മാറ്റ ലക്ഷണങ്ങളുടെ പരമാവധി കാലാവധിയായ രണ്ടാഴ്ചക്കാലം കടന്നുപോയി. ഏതാണ്ട് ആയിരത്തിൽ താഴെ രോഗികൾക്ക് ഡെലീരിയം ട്രെമൻസ് എന്ന തീവ്ര പിന്മാറ്റ ലക്ഷണങ്ങൾക്ക് ചികിത്സ തേടേണ്ടി വന്നു. പക്ഷേ ഡെലീരിയം മൂലം മരണങ്ങൾ ഒന്നുമുണ്ടായില്ല. DT എന്ന ചുരുക്കപ്പേരിൽ പേരിൽ അറിയപ്പെടുന്ന ഈ മസ്തിഷ്ക പ്രതികരണത്തിന്റെ ശരാശരി മരണ നിരക്ക് 10 മുതൽ 15 ശതമാനം വരെയാണ് എന്നുകൂടി അറിയുക. കോവിഡ് പ്രതിരോധത്തിന്റെ നിതാന്തജാഗ്രതക്കിടയിൽ ശ്രദ്ധിക്കപ്പെടാതെ പോയ ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച മാനസിക ആരോഗ്യ രംഗത്തെ പ്രവർത്തകർക്ക് ഒരു കയ്യടി കൊടുക്കേണ്ടതുണ്ട്.

കണക്കുകൾ കബളിപ്പിക്കുന്നോ ?

ബിവറേജസിനു മുന്നിലെ നീണ്ട ക്യൂ, ബാറുകളിലെ തിരക്ക്, മദ്യത്തിൽ നിന്നും സർക്കാരിന് കിട്ടുന്ന ശതകോടികളുടെ വരുമാനം - ഇവയുമായി ഒത്തുചേർന്നു പോകുന്നില്ലല്ലോ കേവലം ആയിരം പേർക്ക് മാത്രമേ ചികിത്സ വേണ്ടിവന്നുള്ളൂ എന്നുള്ള ഒരു സ്ഥിതിവിവരണം

സ്ലേറ്റ് മായിച്ച ശേഷം ആദ്യം മുതൽ കണക്കുകൂട്ടാം...

കേരളത്തിൽ നടന്ന പഠനങ്ങൾ കാണിക്കുന്നത് 18 നും 65 നും ഇടയ്ക്ക് പ്രായമുള്ള പുരുഷന്മാരിൽ മദ്യത്തോടുള്ള അഡിക്ഷൻ 2.4 % പേർക്കും മദ്യത്തിന്റെ ദുരുപയോഗം (Alcohol abuse) 1.2% പേർക്കും ആണ് ഉള്ളത് എന്നാണ്. അതായത് കൃത്യമായ എണ്ണത്തിലേക്ക് മാറ്റിയാൽ മൂന്ന് ലക്ഷത്തോളം പേർക്ക് അഡിക്ഷൻ, ഒന്നര ലക്ഷത്തോളം പേർക്ക് ദുരുപയോഗം എന്ന് അനുമാനിക്കാം. ബഹുഭൂരിപക്ഷം വരുന്ന ബാക്കിയുള്ളവർ സോഷ്യൽ ഡ്രിങ്കിങ് എന്ന സേഫ് സോണിൽ (സ്ഥിരമായി അങ്ങനെ ഒന്നുണ്ടോ എന്നുള്ളത് തർക്ക വിഷയം തന്നെയാണ്) നിൽക്കുന്നു എന്ന് കരുതാം. പക്ഷേ നാലരലക്ഷം കുടുംബങ്ങൾ അപകട മേഖലയിലാണ്. ഈ നാലര ലക്ഷത്തിൽ 1000 പേർക്ക് മാത്രം മതിയായിരുന്നോ ചികിത്സ മദ്യാസക്തി രോഗമാണ് എന്ന് പറഞ്ഞ് ഇത്രയും കാലം ഈ വിദഗ്ധർ നമ്മെ കബളിപ്പിക്കുകയായിരുന്നോ

അല്ല!

ഈ ആയിരത്തിന്റെ ഏതാനും മടങ്ങ് ആളുകൾ ഔട്ട് പേഷ്യന്റ് ആയി ചികിത്സതേടി പിൻമാറ്റക്കാലം വലിയ കുഴപ്പമില്ലാതെ കഴിച്ചു കൂട്ടിയിട്ടുണ്ടാവാം. ഇവരും ഏതാനും ആയിരങ്ങൾ മാത്രമേ വരൂ എന്ന് ഡോക്ടർ കൂട്ടായ്മകളിലെ വിവരങ്ങൾ വച്ച് ഊഹിക്കാം. പക്ഷേ, കൃത്യമായി കണക്കുകൾ ലഭ്യമല്ല.

അപ്പോൾ ബാക്കിയുള്ളവർ എവിടെപ്പോയി

'അവർ എവിടെനിന്നെങ്കിലും വ്യാജനടക്കുന്നുണ്ടാവും, അരിഷ്ടം സേവിക്കുന്നുണ്ടാവും' എന്ന് ചില ദോഷൈകദൃക്കുകൾ പറയുന്നുണ്ടാവാം. ചെറിയ രീതിയിൽ ഉണ്ടാകും എന്നല്ലാതെ വളരെ വ്യാപകമായി വ്യാജന്റെ വിളയാട്ടം കേരളത്തിൽ ഉണ്ടാകാൻ സാധ്യത ഇല്ല.

'ഇപ്പോൾ മനസിലായില്ലേ ഇതൊക്കെ ഇവന്റെ വെറും അഹങ്കാരമായിരുന്നു എന്ന്. ദാ കിട്ടാതെ വന്നപ്പോൾ കുടി നിന്നു. അത്രയേ ഉള്ളൂ ഇവന്റെയൊക്കെ അഡിക്ഷൻ.' എന്നിങ്ങനെയുള്ള അഭിപ്രായങ്ങളും ഉയർന്നു കേൾക്കുന്നുണ്ട്. വളരെ ക്രൂരമാണ് കേട്ടോ ഇത്തരം അഭിപ്രായങ്ങൾ !

മദ്യാസക്തി ഉള്ളവരെ ശരിയായി മനസിലാക്കുന്നത് ട്രോളർമാർ ആണെന്ന് പോലും തോന്നിപ്പോകും. അവരുടെ മനസ് ഇപ്പോഴും ആശിക്കുകയാണ്: 'ബാറൊന്ന് തുറന്നിരുന്നെങ്കിൽ... ഓൺലൈൻ ആയിട്ടെങ്കിലും കിട്ടിയിരുന്നെങ്കിൽ...' മദ്യലഭ്യത വീണ്ടും ഉണ്ടാകുന്ന മുറക്ക് എല്ലാം പഴയപടി ആകുമോ ആവാൻ നമ്മൾ അനുവദിക്കാമോ

അവിടെയാണ് പ്ലാറ്റിനം മെഡൽ !

കേരളത്തിലെ മൂന്ന് ലക്ഷത്തോളം ഭവനങ്ങളിൽ ഈ ലോക്ക്ഡൗൺ ആശ്വാസത്തിന്റെ, സമാധാനത്തിന്റെ, സന്തോഷത്തിന്റെ കാലമാണ്. 'ഈ നശിച്ച കുടി മാറിക്കിട്ടിയല്ലോ!' എന്നാശ്വസിക്കുന്ന കുടുംബിനികളും 'ഞാനെത്ര ശ്രമിച്ചിട്ടും സാധിക്കാതിരുന്ന കുടി നിന്ന് കിട്ടിയല്ലോ!' എന്ന് ചിന്തിക്കുന്ന മദ്യാസക്തരും കേരളത്തിലുണ്ട് - അനേകായിരങ്ങൾ. അവരിൽ ഭൂരിപക്ഷവും ബാറിലേക്കും ബെവ്കോയിലേക്കും മടങ്ങാതിരുന്നാൽ നമ്മൾ നേടി - പ്ലാറ്റിനം മെഡൽ.

തുടരും..

ഈ ഖബർസ്ഥാൻ പറയും, മഹാമാരിയുടെ ചരിത്രം

സച്ചിൻ വള്ളിക്കാട്

കോഴിക്കോട്: അതിജീവനത്തിന്റെ വലിയ പാഠങ്ങളുണ്ട് കണ്ണംപറമ്പ് ജുമാ മസ്ജിദിൽ. കോഴിക്കോട് സൗത്ത് ബീച്ച് റോഡിലൂടെ കടന്നു പോവുമ്പോൾ ബീച്ചിന്റെ എതിർവശത്ത് കണ്ണെത്താദൂരം പരന്നു കിടക്കുന്ന ഖബർസ്ഥാൻ കാണാം. മുസ്‌ലിംകളുടെ പൊതുശ്മശാനം എന്ന നിലയ്ക്ക് ഏതു സമയവും ആളൊഴിയാതെ ഖബർ സന്ദർശനം നടക്കാറുള്ള ഇവിടുത്തെ ഗേറ്റുകൾ ഒരുമാസത്തിന് ശേഷം തുറന്നത് കൊറൊണയിൽ ജീവൻ പൊലിഞ്ഞ കുരുന്നിനായി .

കണ്ണംപറമ്പ് ശ്മശാനത്തിലേക്ക് എത്തിയതോടെ അവൾ കൂടി കേരളം ഭയന്ന എല്ലാ മഹാമാരികളിലും വിടപറഞ്ഞവർ അന്തിഉറങ്ങുന്ന മണ്ണായി ഇവിടം , മഹാമാരികളിൽ വിടപറഞ്ഞവരുടെ കഥകളുണ്ട് ഈ മണ്ണിന് പറയാൻ. ഇന്നലെ യാത്രയായ കൊറോണ ബാധിച്ച് ചികിത്സയിലിരിക്കെ മരിച്ച നാലുമാസം പ്രായമുള്ള പെൺകുട്ടിയുടെ മൃതദേഹം എല്ലാ മുൻകരുതലുകളും പ്രോട്ടോക്കോളും പാലിച്ചാണ് ഖബറടക്കിയത്. ഇന്നലെ രാവിലെ കലക്റ്റർ ശ്രീസാംബശിവറാവു കണ്ണംപറമ്പ് ജുമാഅത്ത് പള്ളി കമ്മിറ്റി പ്രസിഡന്റ് എ.പി. അഹമ്മദ് കോയ ഹാജി, സെക്രട്ടറി എം.പി.സക്കീർ ഹുസൈൻ മുഖദാർ എന്നിവരുമായി ഫോണിൽ ബന്ധപ്പെട്ടു ഖബറടക്കാൻ സൗകര്യമൊരുക്കണമെന്ന് അഭ്യർഥിക്കുകയായിരുന്നു.

ഖബറടക്കത്തിന്റെ ചുമതല വഹിക്കുന്ന കോർപ്പറേഷൻ ഹെൽത്ത് ഓഫിസർ ഡോ. ആർ.എസ്. ഗോപകുമാർ ആരോഗ്യ നിർദേശങ്ങളനുസരിച്ച് കണ്ണംപറമ്പിലെത്തിഖബറിടത്തിന്റെ നീളം, വീതി എന്നിവ സംബന്ധിച്ച നിർദേശം നൽകി. 5 അടി നീളത്തിലും 10 അടി താഴ്ചയിലുമാണ് കുഴി എടുക്കുന്നത്. എം.പി.സിദ്ദിഖ്, എം.പി.അബ്ദു എന്നിവരാണ് ഖബർ തയ്യാറാക്കിയത്. നാലുമണിയോടെ സംസ്കാരം പൂർത്തിയാക്കി.

മിഴിതുറക്കുന്നത് 162 വർഷം മുമ്പത്തെ ചരിത്രത്തിലേക്ക്.

ആയിരക്കണക്കിന് മീസാൻ കല്ലുകൾ അണിതെറ്റാതെ പാകിവച്ച കോഴിക്കോട് നഗരഹൃദയത്തിലെ ആ ഭൂമിക്ക് പറയാനുണ്ട് രണ്ട് മഹാമാരികളായ കോളറയുടെയും നിപയുടെയും കഥ. കണ്ണംപറമ്പ് ഖബർസ്ഥാൻ എന്നറിയപ്പെടുന്ന 13 ഏക്കർ സ്ഥലം 1858 ലുണ്ടായ കോളറയെന്ന മഹാമാരിയുടെ സാക്ഷ്യത്തിൽ നിന്ന് രൂപമെടുത്തതാണ്.

ഏപ്രിൽ നാലിനായിരുന്നു മുസ്‌ലിംകൾക്കുള്ള പൊതു ശ്മശാന ഭൂമിയെക്കുറിച്ച് പഠിക്കുന്നതിന് ബ്രിട്ടീഷ് സർക്കാർ മലബാർ മജിസ്ട്രേറ്റിനോട് ആവശ്യപ്പെട്ടത്. ആളുകൾ മരിച്ചുവീഴുന്നതിന് കണക്കില്ലാത്ത അവസ്ഥ. പരിസരത്തെ അടുത്തടുത്തുള്ള 48 ഓളം ശ്മശാനങ്ങളിൽ മരിച്ചവരെ ദിവസേനയെന്നോണം ഖബറടക്കുന്നു. ഇത് വലിയ ആരോഗ്യപ്രതിസന്ധി സൃഷ്ടിക്കുമെന്ന് ബ്രിട്ടീഷ് സർക്കാർ കണ്ടെത്തി. ഇക്കാര്യത്തിന് പരിഹാരം കാണുന്നതിനായി മലബാർ മജിസ്ട്രേറ്റായിരുന്ന റോബിൻസണെ നിയോഗിച്ചു. മാപ്പിളമാരെ മുഷിപ്പിക്കാതെ കാര്യം പറഞ്ഞ് ബോധിപ്പിക്കണമെന്നാണ് റോബിൻസന് ബ്രിട്ടീഷ് സർക്കാർ നൽകിയ നിർദേശം.

സൗത്ത് ബീച്ചിനപ്പുറം കണ്ണംപറമ്പിൽ ഭൂമി വിലയ്ക്കെടുത്ത് സർക്കാർ ചുറ്റുമതിൽ കെട്ടി. തുടർന്ന് മറ്റ് ശ്മശാനങ്ങളിൽ ഖബറടക്കുന്നത് നിരോധിച്ച് നഗരത്തിലെ നിശ്ചിത ഏരിയകളിലുള്ള മയ്യിത്തുകൾ കണ്ണംപറമ്പിൽ അടക്കം ചെയ്യാനുള്ള മജിസ്ട്രേറ്റ് ഉത്തരവ് 1901 നവംബർ 11ന് അംഗീകരിച്ചു. നിപ ബാധിച്ച് മരിച്ചവരുടെ മൃതദേഹങ്ങൾ കത്തിയ്ക്കണമെന്ന് വിദഗ്ധർ ആദ്യം നിർദേശം നൽകിയെങ്കിലും അണുനാശിനി വിതറി ആഴത്തിൽ ഖബറടക്കിയാൽ മതിയെന്ന് ഒടുവിൽ തീരുമാനിക്കുകയായിരുന്നു. അന്താരാഷ്ട്ര മാനദണ്ഡ പ്രകാരമായിരുന്നു ഇത്. നിപയെ തുടർന്ന് മരിച്ച മുസ്‌ലിം വിഭാഗത്തിൽപ്പെടുന്നവരെ കണ്ണംപറമ്പ് ജുമാ മസ്ജിദ് ഖബർസ്ഥാനിലും ഇതരമതസ്ഥരുടെ മൃതദേഹങ്ങൾ മാവൂർ റോഡ്, വെസ്റ്റ്ഹിൽ ശ്മശാനത്തിലുമാണ് സംസ്കരിച്ചത്.

കണ്ണംപറമ്പ് ജുമാ മസ്ജിദ് ഖബർസ്ഥാൻ

സ്വാതന്ത്ര്യസമര സേനാനികളായ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്, ഇ. മൊയ്തു മൗലവി, മുൻ മന്ത്രിമാരായ പി.എം. അബൂബക്കർ, പി.പി. ഉമ്മർ കോയ, ബി.വി. അബ്ദുല്ലക്കോയ എംപി, ഒളിംപ്യൻ റഹ്മാൻ, മുൻ മേയർ കുന്നത്ത് ആലിക്കോയ എന്നിവരും ശൈഖ് മുഹമ്മദ് നഖ്ശബന്തി അടക്കമുള്ള നേതാക്കളും ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു.

പ്രതിരോധങ്ങൾ നിലംപൊത്തി: മുല്ലപ്പള്ളി

തിരുവനന്തപുരം: സ്പ്രിംക്ലർ കരാറിൽ മുഖ്യമന്ത്രി ഉയർത്തിയ എല്ലാ പ്രതിരോധങ്ങളും ഹൈക്കോടതി വിധിയിൽ ചീട്ടുകൊട്ടാരം പോലെ നിലംപൊത്തിയെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ. ഡാറ്റ കച്ചവടത്തിന് തുനിഞ്ഞ സർക്കാരിന് കിട്ടിയ വൻ തിരിച്ചടിയാണിത്. സർക്കാർ നടപടികളിൽ ഹൈക്കോടതി കടുത്ത അതൃപ്തിയാണ് രേഖപ്പെടുത്തിയത്. ഉപാധികളോടെ നൽകിയ അനുമതി സർക്കാരിന് ആശാവഹമല്ല. സ്പ്രിംക്ലറുമായി സർക്കാർ ഉണ്ടാക്കിയ കരാറിൽ ഹൈക്കോടതി വലിയ ആശങ്ക രേഖപ്പെടുത്തി. കേരളീയ പൊതുസമൂഹത്തിന്റെ ഇതേ ആശങ്കയും ഭയവുമാണ് കോൺഗ്രസും ചൂണ്ടിക്കാട്ടിയത്.

എന്തുകൊണ്ട് കേന്ദ്ര ഏജൻസിയുടെ സേവനം ഉപയോഗിച്ചില്ല? സ്പ്രിംക്ലറെ എന്തു കൊണ്ട് തെരഞ്ഞെടുത്തു? വ്യക്തികളുടെ ഡാറ്റ സുരക്ഷിതത്വത്തിന് എന്തു നടപടിയാണെടുത്തത്? തുടങ്ങിയ പ്രസക്തമായ ചോദ്യങ്ങളാണ് വാദത്തിനിടെ കോടതി ചോദിച്ചത്. ഇതിന് വ്യക്തമായ വിശദീകരണം നൽകാൻ സർക്കാരിനായില്ല. സമാനചോദ്യങ്ങളാണ് കോൺഗ്രസും മുഖ്യമന്ത്രിയോട് ചോദിച്ചത്. എന്നാൽ ഇതിൽ നിന്നെല്ലാം തുടക്കം മുതലേ മുഖ്യമന്ത്രി ഒഴിഞ്ഞുമാറുകയായിരുന്നു.

ജുഡീഷ്യറിയുടെ അന്തസ് ഉയർത്തുന്ന വിധിയാണിത്. പൗരന്മാരുടെ സ്വകാര്യവിവരങ്ങൾ കൊള്ളയടിച്ച് ലാഭം നേടാമെന്ന സ്പ്രിംക്ലറിന്റെ അതിമോഹമാണ് ഇതോടെ പൊലിഞ്ഞത്. ഇതു സംബന്ധിച്ച് സിബിഐ അന്വേഷണം ആവശ്യമാണെന്നും മുല്ലപ്പള്ളി പറഞ്ഞു.

കുടുംബശ്രീയ്ക്കും തപാൽ വകുപ്പിനും അഭിനന്ദനം

തിരുവനന്തപുരം: കൊവിഡ് കാലത്തെ മികച്ച പ്രവർത്തനത്തിന് കുടുംബശ്രീയ്ക്കും തപാൽ വകുപ്പിനും മുഖ്യമന്ത്രി പിണറായി വിജയന്റെ അഭിനന്ദനം. കുടുംബശ്രീയുടെ നേതൃത്വത്തിൽ സഹായഹസ്ത പദ്ധതി പ്രകാരം 2,000 കോടി രൂപ പലിശരഹിത വായ്പ നടപ്പാക്കി. സഞ്ചരിക്കുന്ന തപാൽ ഓഫീസിലൂടെ വീടുകളിൽ പണമെത്തിക്കുക മാത്രമല്ല, ജീവൻരക്ഷാ മരുന്നുകളും ഉപകരണങ്ങളും വരെ തപാൽ വകുപ്പ് എത്തിച്ചു-മുഖ്യമന്ത്രി പറഞ്ഞു.

രണ്ടരലക്ഷം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന 32 ലക്ഷം കുടുംബങ്ങൾക്കാണ് വായ്പ ലഭിക്കുക. കമ്മ്യൂണിറ്റി കിച്ചനുകളിൽ 75 ശതമാനവും കുടുംബശ്രീ മുഖേനയാണ് നടത്തിയത്. ഇതിനു പുറമെ 350 ജനകീയ ഹോട്ടലുകളും തുടങ്ങി. സന്നദ്ധ സേനയിൽ അരലക്ഷം കുടുംബശ്രീ അംഗങ്ങൾ രജിസ്റ്റർ ചെയ്തു. 22 ലക്ഷം മാസ്ക്കുകൾ നിർമിക്കുകയും സാനിറ്റൈസർ ഉത്പാദിപ്പിക്കുകയും ചെയ്തു. പ്രായമായവർ പ്രത്യേക കരുതൽ സ്വീകരിക്കണമെന്ന സന്ദേശം വീടുകളിലെത്തിക്കാൻ കുടുംബശ്രീയിലൂടെ സാധിച്ചു.

ജില്ലകളിലെ സ്നേഹിതയിലൂടെയും 360 കമ്മ്യൂണിറ്റി കൗൺസലർമാരുടെയും സഹായത്തോടെയും ജനങ്ങൾക്ക് മാനസിക പിന്തുണ നൽകി. ഭാവിയിൽ കാർഷിക സംസ്ഥാനമെന്ന ലക്ഷ്യം നേടാൻ കുടുംബശ്രീ വനിതാ കൃഷി സംഘങ്ങൾ ശ്രദ്ധിക്കണം. മികച്ച ഉപജീവന പദ്ധതി ആവിഷ്കരിച്ച് സമൂഹത്തിന് താങ്ങാവണം- മുഖ്യമന്ത്രി അഭ്യർഥിച്ചു.

ലോക് ഡൗൺ കാലയളവിൽ സഞ്ചരിക്കുന്ന തപാൽ ഓഫിസിലൂടെ 48.76 കോടി രൂപ 3,13,719 ക്ഷേമ പെൻഷൻകാർക്ക് വീടുകളിലെത്തിച്ചു. ഇടമലക്കുടി ആദിവാസി ഊരിൽ 74 പേർക്ക് ക്ഷേമപെൻഷൻ എത്തിക്കാനും തപാൽ വകുപ്പ് നടപടി സ്വീകരിച്ചു. 14.98 കോടി രൂപ 21,577 സർവീസ് പെൻഷൻകാരിലെത്തിച്ചു. ബാങ്ക്, എടിഎം എന്നിവിടങ്ങളിൽ പോകാതെ പണം വീട്ടിലെത്തിക്കുന്ന പദ്ധതിയുടെ സേവനം 48,598 പേർ വിനിയോഗിച്ചു. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരോടുള്ള ആദര സൂചകമായി പ്രത്യേക തപാൽ കവർ പുറത്തിറക്കി- മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

സർക്കാരിന് അന്തസുണ്ടെങ്കിൽ കരാർ റദ്ദാക്കണം: ചെന്നിത്തല

തിരുവനന്തപുരം: സ്പ്രിംക്ലർ കേസിൽ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് സ്വാഗതം ചെയ്യുന്നതായി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. പ്രതിപക്ഷം ഉന്നയിച്ച കാര്യങ്ങളെല്ലാം അതീവഗൗരമാണെന്ന് കോടതി അംഗീകരിച്ചു. പ്രതിപക്ഷം ഉന്നയിച്ച 99 ശതമാനം കാര്യങ്ങൾക്കും പരിഹാരമുണ്ടായിരിക്കുകയാണ്. ഇനി വിശദമായ വാദം കേട്ടിട്ടാവും നടപടിക്രമങ്ങളിലെ വീഴ്ചയുടെ കാര്യത്തിൽ തീർപ്പുണ്ടാവുക.

സർക്കാരിന് അൽപമെങ്കിലും മാന്യതയുണ്ടെങ്കിൽ അന്തസുണ്ടെങ്കിൽ കരാർ റദ്ദാക്കണം. കോടതിയുടെ പരാമർശങ്ങളും വാക്കാലുള്ള നിർദേശങ്ങളും കണക്കിലെടുത്താൽ കരാറുമായി മുന്നോട്ടുപോകാൻ സർക്കാരിന് ധാർമിക അവകാശമില്ല. പ്രതിപക്ഷം ഉന്നയിച്ച സുപ്രധാനമായ അഞ്ചു കാര്യങ്ങളിൽ കോടതി തീർപ്പുണ്ടാക്കി. ഡാറ്റയുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ഹൈക്കോടതി ഉത്തരവിട്ടു. വ്യക്തിയുടെ സമ്മത പ്രകാരം മാത്രമേ അവരുടെ ആരോഗ്യവിവരങ്ങൾ ശേഖരിക്കാവൂ എന്നതും കോടതി അംഗീകരിച്ചു.

കേരള സർക്കാരിന്റെ എംബ്ലവും ചിഹ്നവും കമ്പനി അവരുടെ പ്രചാരണത്തിന് ഉപയോഗിക്കരുതെന്ന വാദം അംഗീകരിക്കുകയും കമ്പനിയെ അതിൽനിന്ന് തടയുകയും ചെയ്തു. ഡാറ്റയുടെ വ്യക്തിഗത രഹസ്യാത്മകത നിലനിർത്തണം, അമെരിക്കൻ കമ്പനി ശേഖരിച്ച ഡാറ്റ മറ്റാർക്കും കൈമാറരുത് എന്നീ ഉത്തരവുകളും നൽകി.

സ്പ്രിംക്ലർ ഇല്ലെങ്കിൽ കോവിഡിനെ നേരിടാൻ സാധ്യമല്ലെന്നാണ് സർക്കാർ കോടതിയിൽ വാദിച്ചത്. ഡാറ്റ അനാലിസിസിന് എല്ലാ സൗകര്യവും ചെയ്തുകൊടുക്കാമെന്ന് കേന്ദ്രസർക്കാർ പറഞ്ഞിട്ടും അത് അംഗീകരിച്ചില്ല. അമെരിക്കൻ കമ്പനിയോട് സർക്കാരിന് ഇത്രമാത്രം പ്രതിബദ്ധത എന്താണുള്ളത്? മുംബൈയിൽ നിന്ന് പ്രത്യേക അഭിഭാഷകയെ തന്നെ സർക്കാർ കൊണ്ടുവന്നു. അവർക്ക് എത്ര ഫീസ് കൊടുക്കണമെന്ന് പിന്നീടറിയാം. ജനങ്ങളോടില്ലാത്ത ജാഗ്രത എന്തിനാണ് സർക്കാർ ഈ കമ്പനിയോട് കാട്ടുന്നത്?.

പല കാര്യങ്ങളിലും ഇനിയും അവ്യക്തതയുണ്ട്. ധാരാളം ഡാറ്റ ഇതിനകം സ്പ്രിംക്ലറിന്റെ പക്കലെത്തി. അത് എന്തുചെയ്യും എന്ന കാര്യത്തിൽ വ്യക്തതയില്ല. ഇടക്കാല വിധിയിൽത്തന്നെ ഇത്രയധികം ഉത്തരവുകളും ഉണ്ടാവുന്നത് അസാധാരണമെന്നാണ് അഭിഭാഷകർ അറിയിച്ചതെന്നും ചെന്നിത്തല.

കരാറിൽ നിന്ന് സർക്കാർ പിന്മാറണം: കെ. സുരേന്ദ്രൻ

തിരുവനന്തപുരം: സ്പ്രിംക്ലർ കരാറിൽ കോടതിയുടെ ഇടക്കാല ഉത്തരവ് പിണറായി സർക്കാരിനേറ്റ തിരിച്ചടിയാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ. കൊവിഡ് പ്രതിസന്ധിയുടെ കാലമായതുകൊണ്ടു മാത്രമാണ് ഇപ്പോൾ കൂടുതൽ നടപടികളിലേക്ക് കോടതി കടക്കാതിരുന്നത്. കരാർ അപ്പാടെ നിയമവിരുദ്ധമാണെന്ന് ബിജെപി ഉന്നയിച്ച വാദം കോടതി ശരിവച്ചിരിക്കുകയാണ്. ഈ നിലയിൽ സർക്കാർ സ്പ്രിംക്ലർ കരാറുമായി മുന്നോട്ടു പോകുന്നത് ആത്മഹത്യാപരമാണെന്നും സുരേന്ദ്രൻ പറഞ്ഞു.

ഹൈക്കോടതി ഉപാധികൾ വച്ചതു തന്നെ സർക്കാരിനേറ്റ വലിയ പരാജയമാണ്. ബിജെപിയുടെ ഹർജിയിൽ ഉന്നയിച്ച കാര്യങ്ങളെല്ലാം കോടതി ശരിവച്ചു. ഭരണഘടനാപരമായ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് കരാർ എന്നത് കോടതി അംഗീകരിച്ചു. രാജ്യത്ത് കോവിഡ് പടരുന്ന സാഹചര്യം കോടതി കണക്കിലെടുത്തതുകൊണ്ടു മാത്രമാണ് കരാർ റദ്ദാക്കാതിരുന്നതെന്ന് വേണം മനസിലാക്കാൻ- സുരേന്ദ്രൻ പറഞ്ഞു.

ഈ സാഹചര്യത്തിൽ കരാറുമായി മുന്നോട്ടു പോകാൻ സർക്കാരിന് ധാർമിക ബാധ്യതയില്ല. കേസ് വീണ്ടും കോടതിയുടെ പരിഗണനയ്ക്കു വരുന്നതിനു മുൻപേ സ്പ്രിംക്ലറുമായുള്ള കരാറിൽ നിന്ന് സർക്കാർ പിന്മാറണമെന്നു സുരേന്ദ്രൻ ആവശ്യപ്പെട്ടു.

ഗൾഫിൽ നിന്ന് മൃതദേഹങ്ങൾ എത്തിക്കാനുള്ള തടസം നീക്കണം

■ പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രിയുടെ കത്ത്

തിരുവനന്തപുരം: ഗൾഫ് രാജ്യങ്ങളിൽ കൊവിഡ്19 രോഗമല്ലാത്ത കാരണങ്ങളാൽ മരണപ്പെടുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള തടസങ്ങളും കാലതാമസവും ഒഴിവാക്കാൻ ബന്ധപ്പെട്ട ഇന്ത്യൻ എംബസികൾക്ക് നിർദേശം നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അയച്ച കത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു.

മൃതദേഹങ്ങൾ നാട്ടിലേക്കയയ്ക്കാൻ തടസങ്ങളും പ്രയാസങ്ങളും നേരിടുന്നതായി ജിസിസി രാജ്യങ്ങളിലെ മലയാളി സംഘടനകളിൽ നിന്ന് ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. ലോക്ഡൗണിനെ തുടർന്ന് അന്താരാഷ്ട്ര ഫ്ലൈറ്റുകൾ നിർത്തിവച്ചത് ഗൾഫ് മലയാളികളെ ഇപ്പോൾ തന്നെ വലിയ പ്രയാസത്തിലും കടുത്ത മാനസിക സമ്മർദത്തിലുമാക്കിയിട്ടുണ്ട്. അതിനിടെയാണ് പുതിയ പ്രശ്നം വന്നിട്ടുള്ളത്.

മൃതദേഹങ്ങൾ നാട്ടിലേക്ക് അയക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിന് ബന്ധപ്പെട്ട ഇന്ത്യൻ എംബസിയുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേണം. ഇന്ത്യൻ എംബസികളാകട്ടെ, ഡൽഹിയിലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്ന് നോ ഒബ്ജക്ഷൻ വേണമെന്ന് നിർബന്ധിക്കുന്നു. കൊവിഡ് കാരണമല്ലാതെ മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കാൻ കേന്ദ്രസർക്കാർ നേരത്തേ അനുവദിച്ചിട്ടുണ്ട്. അതിന് ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ ആവശ്യവുമില്ല. അന്താരാഷ്ട്ര ഫ്ലൈറ്റുകൾ നിർത്തിയതുകൊണ്ട് ചരക്കുവിമാനങ്ങളിലാണ് മൃതദേഹങ്ങൾ അയച്ചുകൊണ്ടിരിക്കുന്നത്.

ആഭ്യന്തര മന്ത്രലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ മൃതദേഹങ്ങൾ അയയ്ക്കുന്നതിന് ക്ലിയറൻസ് നൽകാൻ എംബസികൾക്ക് നിർദേശം നൽകണം. ഇക്കാര്യത്തിലുള്ള നൂലാമാലകൾ ഒഴിവാക്കി മൃതദേഹങ്ങൾ താമസമില്ലാതെ നാട്ടിലെത്തിക്കാൻ സൗകര്യമൊരുക്കണം- മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

കുട്ടികൾക്കായി തപാൽ വകുപ്പിന്റെ പദ്ധതി: 'എന്റെ കൊറോണ പോരാളികൾ'

തിരുവനന്തപുരം: കൊവിഡ് 19നെതിരായ പോരാട്ടത്തിലെ മുന്നണിപ്പോരാളികളായ ആരോഗ്യപ്രവർത്തകർ, ജനപ്രതിനിധികൾ, പൊലീസുകാർ, ഫയർ ആൻഡ് റെസ്ക്യൂ സേന ജീവനക്കാർ, ശുചീകരണത്തൊഴിലാളികൾ, തപാൽ ജീവനക്കാർ തുടങ്ങിയവരെ ആദരിക്കാൻ തപാൽ വകുപ്പ് കേരള സർക്കിൾ 'എന്റെ കൊറോണ പോരാളികൾ' ഇ- പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നു.

ലോക് ഡൗൺ കാലത്ത് വീട്ടിലിരിക്കുന്ന 12 വയസിൽ താഴെയുള്ള കുട്ടികൾക്കായാണ് ഈ പദ്ധതി. കുട്ടികളുടെ മനസിൽ കൊറോണയ്ക്കെതിരായ പോരാട്ടത്തിൽ മുൻനിരയിലുള്ളവരോട് സ്നേഹവും ആദരവും വളർത്താനും പദ്ധതി ലക്ഷ്യമിടുന്നു.

കുട്ടികൾ ചെയ്യേണ്ടത് ഇതാണ്:

- സ്വന്തം കൈപ്പടയിൽ അവർക്കായി കത്തുകളെഴുതാം. പെൻസിലോ പേനയോ കൊണ്ട് അവർക്കായി ചിത്രങ്ങൾ വരയ്ക്കാം. വർണപ്പെൻസിലോ, ക്രയോണോ, ജലച്ചായമോ മറ്റോ ഉപയോഗിച്ചുള്ള പെയിന്റിങ്ങുകളുമാകാം.
- ഇവ സ്കാൻ ചെയ്തോ അവയുടെ ചിത്രം മൊബൈലിൽ പകർത്തിയോ മെയ് നാലിനു മുൻപായി dakutty.keralapost@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്ക് അയയ്ക്കുക.
- ഈ സ്നേഹസമ്മാനത്തോടൊപ്പം സ്വന്തം പേര്, വയസ്, മേൽവിലാസം എന്നിവ കൂടി ഉൾപ്പെടുത്തണം.

തപാൽ വകുപ്പ് ഈ ചിത്രങ്ങൾ അവ എത്തേണ്ട സ്ഥലങ്ങളിലെ തപാൽ ഡിവിഷണൽ ഓഫീസുകളിലേക്ക് അയച്ചു കൊടുക്കും. അവിടെ ആ കത്തുകളും ചിത്രങ്ങളും ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് വർണ്ണക്കടലാസ്സിൽ പൊതിഞ്ഞ് കുട്ടികൾ ആർക്കാണോ അവ അയച്ചത് അവരിലേക്ക് തപാൽ വകുപ്പ് എത്തിക്കും. തികച്ചും സൗജന്യമായാണ് തപാൽ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സംശയങ്ങൾ ബലപ്പെട്ടു: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: കൊവിഡ് 19നെ പ്രതിരോധിക്കാൻ ടെൻഡർ വിളിക്കാതെയും നടപടിക്രമം പൂർണമായി ഒഴിവാക്കിയും ഡാറ്റ വിവരങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാതെയും അമെരിക്കൻ കമ്പനിയായ സ്പ്രിംക്ലറിന് സംസ്ഥാന സർക്കാർ കരാർ നൽകിയതിനെതിരേ പ്രതിപക്ഷം ഉയർത്തിയ എല്ലാ ആശങ്കകളും ശരിവയ്ക്കുന്നതാണ് ഹൈക്കോടതിയുടെ ഇടക്കാല വിധിയെന്ന് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.

സ്വന്തം പാർട്ടി നേതൃത്വത്തെയും മുന്നണിയെയും ജനങ്ങളെയും ബോധ്യപ്പെടുത്താൻ പാടുപെട്ട മുഖ്യമന്ത്രിക്ക് ഈ അസാധാരണ കരാറിനെ കോടതിയെയും ബോധ്യപ്പെടുത്താനായില്ല.

ഇന്നു നിങ്ങൾക്ക്



ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

- അശ്വതി: മംഗളകർമങ്ങൾക്ക് നേതൃത്വം നൽകും. പദ്ധതിസമർപ്പിക്കാൻ തയാറാകും. ആരാധനാലയ ദർശനത്താൽ ആശ്വാസമുണ്ടാകും.
- ഭരണി: മംഗളകർമങ്ങളിൽ പങ്കെടുക്കും. യാത്രാക്ലേശം വർധിക്കും. ഭക്ഷ്യവിഷബാധയേൽക്കാതെ സൂക്ഷിക്കണം.
- കാർത്തിക: അറിയാത്ത കാര്യങ്ങളിൽ ഹിതം പറയരുത്. സ്വന്തം ചുമതലകൾ അന്യരെ ഏല്പിക്കരുത്. ഉദാസീനമനോഭാവവും അലസതയും വർധിക്കും.
- രോഹിണി: വിദഗ്ധനിർദ്ദേശം സ്വീകരിക്കും. ഭിന്നാഭിപ്രായങ്ങൾക്ക് ഏകീകരണ രൂപം ഉണ്ടാക്കും. പുതിയ കർമമേഖലകൾക്ക് പണം മുടക്കും. പരിശ്രമങ്ങൾക്ക് ഫലമുണ്ടാകും.
- മകയിരം: ചർച്ചകളിൽ വിജയിക്കും. മംഗളകർമങ്ങൾക്ക് നേതൃത്വം നൽകും. ആരാധനാലയദർശനത്താൽ ആശ്വാസമുണ്ടാകും.
- തിരുവാതിര: അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. പ്രവർത്തനരംഗം വിപുലപ്പെടുത്തും. നിക്ഷേപസമാഹാരണത്തിൽ ലക്ഷ്യപ്രാപ്തി നേടും.
- പുണർതം: അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. മംഗളകർമങ്ങൾക്ക് നേതൃത്വം നൽകും. ആത്മവിശ്വാസത്തോടുകൂടി പ്രയത്നിക്കാൻ സന്നദ്ധനാകും.
- പൂയം: വാക്കും പ്രവൃത്തിയും ഫലപ്രദമാകും. സമന്വയസമീപനം സർവകാര്യവിജയങ്ങൾക്കും വഴിയൊരുക്കും. മംഗളകർമങ്ങളിൽ പങ്കെടുക്കും. ചർച്ചകൾ വിജയിക്കും.
- ആയില്യം: മംഗളകർമങ്ങൾക്ക് സജീവ സാന്നിദ്ധ്യമുണ്ടാകും. ആഗ്രഹങ്ങൾ സഫലമാകും. കാര്യനിർവഹണശക്തിയും കുടുംബത്തിൽ സ്വസ്ഥതയും ദാമ്പത്യസൗഖ്യവും ഉണ്ടാകും.
- മകം: ഏകദിന വിനോദയാത്രക്ക് അവസരമുണ്ടാകും. സർവകാര്യ വിജയത്താൽ ആഹ്ലാദമുണ്ടാകും. പാരമ്പര്യപ്രവൃത്തികളിൽ സജീവ ശ്രദ്ധയോടുകൂടി പ്രവർത്തിക്കും.
- പൂരം: മദ്ധ്യസ്ഥതക്കു പോകരുത്. അനാവശ്യമായി അന്യരുടെ കാര്യങ്ങളിൽ ഇടപെടരുത്. വാഹന ഉപയോഗം ഉപേക്ഷിക്കണം. ഊഹകച്ചവടത്തിൽ നഷ്ടമുണ്ടാകും.
- ഉത്രം: നിരാലംബരായവരെ സഹായിക്കും. മംഗളകർമങ്ങളിൽ വിജയിക്കും. ദാമ്പത്യസൗഖ്യമുണ്ടാകും. ബന്ധുക്കൾ വിരുന്നുവരും. അവ്യക്തമായ പണമിടപാടിൽ നിന്നും പിന്മാറണം.
- അത്തം: ബൃഹത് പദ്ധതികൾ ആസൂത്രണം ചെയും. ഉപരിപഠനത്തിന് ചേരുവാൻ യാത്ര പുറപ്പെടും. സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കും. സേവനസാമർഥ്യത്താൽ സർവകാര്യ വിജയമുണ്ടാകും.
- ചിത്ര: ആശ്വാസമേകുന്ന ഘടകങ്ങൾ വന്നുചേരും. അപ്രതീക്ഷിതമായി ഉദ്യോഗമാറ്റമുണ്ടാകും. പരിചിതമായ മേഖലകളിൽ പണം മുടക്കും.
- ചോതി: പുതിയ ചുമതലകൾ ഏറ്റെടുക്കും. തീരുമാനങ്ങളിൽ ഔചിത്യമുണ്ടാകും. പ്രവർത്തനശേഷി വർധിക്കും. പൂർവികസ്വത്തിൽ ഗൃഹനിർമാണ പ്രവർത്തനങ്ങൾ തുടങ്ങും.
- വിശാഖം: അദൃശ്യമായ മേഖലകളിൽ പണം മുടക്കരുത്. അബദ്ധ ധാരണകൾ ഒഴിവാക്കണം. മുൻകോപം നിയന്ത്രിക്കണം. ബന്ധുഗൃഹത്തിലേക്ക് വിരുന്നുപോകും.
- അനിഴം: നിഷ്ക്രിയരായ ഉദ്യോഗസ്ഥരെ പിരിച്ചുവിടും. പ്രവൃത്തിമേഖലകളോട് ബന്ധപ്പെട്ട് മാനസികസമർദ്ദം വർധിക്കും. അനുചിതപ്രവൃത്തികളിൽ നിന്നും പിന്മാറണം.
- തൃക്കേട്ട: ആരാധനാലയദർശനത്താൽ ആശ്വാസമുണ്ടാകും. മംഗളകർമങ്ങളിൽ സജീവ സാന്നിദ്ധ്യം വേണ്ടിവരും. ജീവിതയാഥാർഥ്യങ്ങളെ മനസിലാക്കി പ്രവർത്തിക്കാൻ തയാറാകും.
- മൂലം: വാഹനം ഉപയോഗിക്കരുത്. ക്രയവിക്രയങ്ങളിൽ പരാജയമുണ്ടാകും. മത്സരങ്ങളിൽ പരാജയമുണ്ടാകും. അറിയാത്ത വിഷയങ്ങളിൽ അഭിപ്രായം പറയരുത്.
- പൂരാടം: അഭിപ്രായ സമന്വയത്തിന് അശ്രാന്ത പരിശ്രമം വേണ്ടിവരും. യാത്രാക്ലേശത്താൽ അസ്വാസ്ഥ്യമനുഭവപ്പെടും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും. പകർച്ചവ്യാധി പിടിപെടും.
- ഉത്രാടം: പുത്രപൗത്രാദി സംരക്ഷണം ആശ്വാസത്തിനു വഴിയൊരുക്കും. ആദ്ധ്യാത്മിക ആത്മീയചിന്തകളാൽ ആശ്വാസമുണ്ടാകും. വിദേശയാത്രക്ക് അനുമതി ലഭിക്കും.
- തിരുവോണം: പുത്രപൗത്രാദി സംരക്ഷണത്താൽ ആശ്വാസമുണ്ടാകും. ബന്ധുക്കൾ വിരുന്നുവരും. ആത്മവിശ്വാസവും കാര്യനിർവഹണശക്തിയും വർധിക്കും.
- അവിട്ടം: പൊതുപ്രവർത്തനങ്ങൾക്ക് സാരഥ്യസ്ഥാനം വഹിക്കും. ചർച്ചകൾ വിജയിക്കും. പൂർവികസ്വത്ത് ഭാഗം വെക്കാൻ ധാരണയാകും. ആഗ്രഹങ്ങൾ സഫലമാകും.
- ചതയം: പുരാണം, ഇതിഹാസം, ഭാരതീയ ശാസ്ത്രങ്ങൾ തുടങ്ങിയവയിൽ താല്പര്യം തോന്നും. മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സാധിപ്പിക്കും. പ്രതിസന്ധികൾ തരണം ചെയ്യും.
- പൂരോരുട്ടാതി: ബന്ധുക്കൾ വിരുന്നുവരും. വിശേഷപ്പെട്ട ദേവാലയദർശനത്തിനു അവസരമുണ്ടാകും. വീഴ്ചകളുണ്ടാവാതെ സൂക്ഷിക്കണം. കഴിവുകൾക്ക് പ്രവർത്തനങ്ങൾക്കും അംഗീകാരം ലഭിക്കും.
- ഉത്രട്ടാതി: മാതാവിന്റെ ആവശ്യങ്ങൾ പരിഗണിക്കും. മംഗളകർമങ്ങളിൽ പങ്കെടുക്കും. കുടുംബത്തിൽ സമാധാനന്തരീക്ഷം ഉണ്ടാകും.
- രേവതി: പ്രയത്നങ്ങൾക്ക് ഫലമുണ്ടാവില്ല. അസുഖങ്ങൾക്ക് വിദഗ്ധപരിശോധന വേണ്ടിവരും. പണം കടം കൊടുക്കരുത്. ആലോചനക്കുറവു കൊണ്ട് അബദ്ധം വന്നു ചേരും.

ഇവർക്കിപ്പോൾ 'വീട്' ഈ റെയ്ൽവേ സ്റ്റേഷനാണ്

വാരാണസി റെയ്ൽവേ സ്റ്റേഷനിൽ 49 യാത്രക്കാർ കുടുങ്ങിയിട്ട് ഒരു മാസം

അടച്ചിടലിനെത്തുടർന്ന് ഒരു മാസത്തിലേറെയായി വാരാണസി റെയ്ൽവേ സ്റ്റേഷനിൽ കുടുങ്ങിയവർക്ക് സ്റ്റേഷൻ ഡയറക്റ്ററുടെ നേതൃത്വത്തിൽ നടക്കുന്ന യോഗാ പരിശീലനം.

വാരാണസി: അടച്ചിടലിന്റെ ഭാഗമായി ഗതാഗതം പൂർണമായി നിർത്തിവച്ചപ്പോൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 49 പേർക്ക് ഒരു മാസമായി 'വീട്' വാരാണസി റെയ്ൽവേ സ്റ്റേഷൻ. കർണാടക, തമിഴ്നാട്, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങി രാജ്യത്തിന്റെ വൈവിധ്യം തെളിയിക്കും വിധം വിവിധ സംസ്ഥാനങ്ങളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നുമെത്തിയവരാണ് ഒരു മാസത്തിലേറെയായി റെയ്ൽവേയുടെ ആതിഥ്യത്തിൽ ഒരു കുടുംബമായി കഴിയുന്നത്.

ഉറക്കം റെയ്ൽവേ സ്റ്റേഷനിലെ കാത്തിരിപ്പു കേന്ദ്രമായ യാത്രി ആശ്രയ് കോംപ്ലക്സിൽ. ഭക്ഷണമടക്കം എല്ലാ സൗകര്യങ്ങളുമൊരുക്കുന്നത് റെയ്ൽവേ തന്നെ. ഒഴിവു സമയം ചെലവഴിക്കാൻ ഇവർക്കു യോഗാ ക്ലാസ് വരെ ഒരുക്കിയിട്ടുണ്ട് സ്റ്റേഷൻ മാനെജർ ഡയറക്റ്റർ ആനന്ദ് മോഹൻ. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ലോക്സഭാ മണ്ഡലം കൂടിയായ തീർഥാടന കേന്ദ്രം സന്ദർശിക്കാനെത്തിയവരാണ് അപ്രതീക്ഷിതമായി പ്രഖ്യാപിച്ച അടച്ചിടലിൽ കുടുങ്ങിയത്. ദിവസം 220 ട്രെയ്നുകൾക്കും 10000ലേറെ യാത്രക്കാർക്കും ആതിഥ്യമരുളുന്ന റെൽവേ സ്റ്റേഷനിൽ അന്ന് ആയിരങ്ങളുണ്ടായിരുന്നു. അടുത്ത പ്രദേശങ്ങളിലുള്ളവർ ചിലർ സ്വയം വാഹനങ്ങൾ സംഘടിപ്പിച്ചു മടങ്ങി. കുറേയാളുകളെ റെയ്ൽവേ പ്രത്യേക ബസ് സർവീസ് നടത്തി വീടുകളിലെത്തിച്ചു. എന്നാൽ 49 പേർ ദക്ഷിണേന്ത്യ ഉൾപ്പെടെ ദൂരദേശങ്ങളിൽ നിന്നുള്ളവരായിരുന്നു. ഇവരാണ് സ്റ്റേഷനിൽ തങ്ങിയത്.

അടച്ചിടലിനെത്തുടർന്ന് ഒരു മാസത്തിലേറെയായി വാരാണസി റെയ്ൽവേ സ്റ്റേഷനിൽ കുടുങ്ങിയവർക്ക് സ്റ്റേഷൻ ഡയറക്റ്റർ ആനന്ദ് മോഹൻ വസ്ത്രങ്ങൾ നൽകുന്നു.

ഇവർക്കുവേണ്ട വസ്ത്രങ്ങൾ, സോപ്പ്, എണ്ണ തുടങ്ങിയവും ഭക്ഷണവും ഒരു മാസമായി നൽകുന്നതു റെയ്ൽവേയാണ്. വാർത്തയറിയാൻ സ്റ്റേഷനിൽ കൂറ്റൻ ടെലിവിഷനും സ്ഥാപിച്ചു. സ്റ്റേഷനിലെ അനുഭവങ്ങൾ കുറിച്ചു വയ്ക്കാൻ എല്ലാവർക്കും നോട്ട്ബുക്കും പേനയും നൽകി.

എല്ലാ ദിവസവും രാവിലെ ആറരയോടെ 49 പേരും എഴുന്നേൽക്കും. എട്ടരയോടെ യോഗക്ലാസ്. ഇതിന്റെ നേതൃത്വം സ്റ്റേഷൻ ഡയറക്റ്റർ ആനന്ദ് മോഹന്. പിന്നെ ഭക്ഷണം. ഒരു മണിക്ക് ഉച്ചഭക്ഷണം, വൈകിട്ട് ആറിനു ചായയും ലഘുഭക്ഷണവും. രാത്രി എട്ടിന് അത്താഴം. ഇങ്ങനെയാണ് യാത്രികരുടെ ദിവസങ്ങൾ കടന്നുപോകുന്നത്. സ്റ്റേഷനു പുറത്തുപോകാൻ അനുവാദമില്ല. എന്നാൽ, ഹാളിൽ നടക്കാം. പുറത്തേക്കു പോകുന്നവരെ തടയാൻ പൊലീസുണ്ട്. 12 ടൊയ്‌ലെറ്റുകളാണ് യാത്രക്കാർക്കായി തുറന്നു കൊടുത്തിരിക്കുന്നത്. ഇവ രണ്ടു മണിക്കൂറിനിടെ ശുചീകരിക്കും. യാത്രക്കാർ താമസിക്കുന്നയിടങ്ങളിലും ഇടയ്ക്കിടെ ശുചീകരണം. ഒരു എസ്ബിഐ എടിഎം തുറന്നിട്ടുണ്ട്. എല്ലാവർക്കും സാരികളും ടി ഷർട്ടുകളും നൽകിയെന്നും റെയ്ൽവേ ഉദ്യോഗസ്ഥൻ രാജ്കുമാർ സ്റ്റേഷനിലെ ജീവിതം ഒരിക്കലും പ്രതീക്ഷിച്ചതല്ലെന്ന് ഉജ്ജയിൻ സ്വദേശിയും അഭിഭാഷകനുമായ നരേന്ദ്ര സിങ് ധക്രെ. ആദ്യ ദിനം ട്രെയ്നിലും രണ്ടാം ദിനം പ്ലാറ്റ്ഫോമിലുമായിരുന്നു ഉറക്കം. ആ രണ്ടു ദിവസങ്ങളും കഠിനമായിരുന്നു. പിന്നീടു സ്റ്റേഷൻ ഡയറക്റ്റർ ഞങ്ങൾക്ക് എല്ലാ സൗകര്യവുമൊരുക്കി. വീട്ടിലെത്താനാകാത്തതിന്റെ വിഷമമുണ്ട്. പക്ഷേ, കുടുംബാംഗങ്ങളെ എന്നും ഫോണിൽ വിളിക്കുമെന്നും പത്രം വായിച്ചും ടിവി കണ്ടും സമയം കളയുകയാണെന്നും ധക്രെ.

വീട്ടുജോലിക്കാരിയുടെ അന്ത്യകർമങ്ങൾ ചെയ്ത് ഗംഭീർ

സരസ്വതി പാത്ര

ഗൗതം ഗംഭീർ

ന്യൂഡൽഹി: ലോക് ഡൗൺ മൂലം മൃതദേഹം നാട്ടിലേക്കു കൊണ്ടുപോകാൻ കഴിയാതിരുന്ന വീട്ടുജോലിക്കാരിയുടെ അന്ത്യകർമങ്ങൾ നിർവഹിച്ച് പ്രശസ്ത ഇന്ത്യൻ ക്രിക്കറ്ററും ലോക്സഭാ എംപിയുമായ ഗൗതം ഗംഭീർ. ആറു വർഷമായി തന്റെ വീട്ടിൽ സഹായിയായി നിൽക്കുന്ന നാൽപ്പത്തൊമ്പതുകാരി സരസ്വതി പാത്രയ്ക്ക് ട്വിറ്ററിലൂടെ അന്ത്യാഞ്ജലിയും അർപ്പിച്ചു താരം.

കടുത്ത പ്രമേഹവും ഉയർന്ന രക്തസമ്മർദവുമുള്ള സരസ്വതി പാത്രയെ ഏതാനും ദിവസം മുൻപാണ് ഗംഗാറാം ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഏപ്രിൽ 21നു മരിച്ചു. ലോക് ഡൗൺ മൂലം മൃതദേഹം ജന്മനാടായ ഒഡീശയിലേക്കു കൊണ്ടുപോകാനായില്ല. അതുകൊണ്ടാണു താൻ അന്ത്യകർമങ്ങൾ നിർവഹിച്ചതെന്ന് ഗംഭീർ പറയുന്നു. എന്റെ കുടുംബത്തിലെ അംഗമായിരുന്നു അവർ. എന്റെ കുട്ടിയുടെ എല്ലാ കാര്യങ്ങളും നോക്കിയിരുന്ന അവരെ കുടുംബത്തിൽ നിന്നു വേറിട്ട് കാണാനാവില്ല. അവരുടെ അന്ത്യകർമങ്ങൾ നിർവഹിക്കുന്നത് എന്റെ ചുമതലയാണ്- ഗംഭീർ ട്വീറ്റ് ചെയ്തു. ജാതിക്കും മതത്തിനും സാമൂഹിക സ്റ്റാറ്റസിനുമൊക്കെ അപ്പുറത്താണ് മനുഷ്യരോടുള്ള ആദരവ്. മികച്ച സമൂഹത്തിന് അതാണ് ആവശ്യം. അതാണ് എന്റെ ആശയത്തിലുള്ള ഇന്ത്യ. ഓം ശാന്തി- 58 ടെസ്റ്റുകളിൽ ഇന്ത്യയ്ക്കു വേണ്ടിയിറങ്ങിയ ഓപ്പണർ കുറിച്ചു.

ഗംഭീറിന്റെ നടപടിയെ അഭിനന്ദിച്ചു കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ ട്വീറ്റ് ചെയ്തിട്ടുണ്ട്. രോഗാവസ്ഥയിൽ സരസ്വതിയെ നന്നായി നോക്കിയ ഗംഭീർ മരണത്തിനു ശേഷവും അവർക്കു പരമാവധി ആദരവു നൽകി. നിത്യജീവിതത്തിനായി കുടുംബങ്ങളിൽ നിന്നകന്ന് ദൂരസ്ഥലങ്ങളിൽ ജോലിചെയ്യുന്ന ആയിരക്കണക്കിനു പാവപ്പെട്ടവരുടെ അന്തസ് ഉയർത്തിപ്പിടിക്കുന്നതാണ് ഗംഭീറിന്റെ നടപടി.

സൂര്യപ്രകാശം വൈറസിനെ നശിപ്പിക്കുമെന്ന് പഠനം

വാഷിങ്ടൺ: കടുത്ത വേനലും ഹ്യുമിഡിറ്റിയും കൊവിഡ് വ്യാപനത്തെ ഒരുപരിധി വരെ നിയന്ത്രിക്കുമെന്ന് അമെരിക്കൻ ശാസ്ത്രജ്ഞരുടെ പഠനങ്ങൾ. സൂര്യപ്രകാശം, ചൂട്, ഹ്യുമിഡിറ്റി എന്നിവ കൊറോണ വൈറസുകൾക്കു വളരാൻ അനുകൂലമായ സാഹചര്യമല്ല. അതുകൊണ്ടുതന്നെ രോഗവ്യാപനം നിയന്ത്രിക്കപ്പെടാം- യുഎസിലെ സയൻസ് ആൻഡ് ടെക്നോളജി ഡയറക്റ്ററേറ്റ് നടത്തിയ പഠനത്തിന്റെ ഫലം ഇങ്ങനെയാണ്.

വൈറ്റ്ഹൗസിലെ പതിവു വാർത്താസമ്മേളനത്തിൽ ട്രംപ് ഭരണകൂടത്തിന്റെ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥനാണ് ഈ പഠന റിപ്പോർട്ട് വെളിപ്പെടുത്തിയത്. സൂര്യപ്രകാശത്തിലും ഹ്യുമിഡിറ്റിയിലും കൊറോണ വൈറസ് വേഗത്തിൽ നശിക്കുന്നു. നേരിട്ടു സൂര്യപ്രകാശം ഏറ്റാൽ കൂടുതൽ വേഗത്തിൽ വൈറസ് ചാവും. ഐസൊപ്രൊപ്പിൽ ആൽക്കഹോൾ വൈറസിനെ 30 സെക്കൻഡിനുള്ളിൽ കൊല്ലും- ആഭ്യന്തര സുരക്ഷാ മന്ത്രാലയത്തിലെ ശാസ്ത്ര-സാങ്കേതിക വിഭാഗം അണ്ടർ സെക്രട്ടറി ബിൽ ബ്രയാൻ പറഞ്ഞു.

പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ സാന്നിധ്യത്തിലാണ് ഈ പഠന വിവരങ്ങൾ വെളിപ്പെടുത്തപ്പെട്ടത്. ബ്ലീച്ച് അഞ്ചു മിനിറ്റിനുള്ളിൽ വൈറസിനെ കൊല്ലും; വെറുതേ തേച്ചുവച്ചാൽ തന്നെ. ബ്ലീച്ച് ഉപയോഗിച്ച് ഉരസുകയാണെങ്കിൽ അതിലും വേഗത്തിൽ വൈറസ് നശിക്കും- അദ്ദേഹം പറഞ്ഞു.

വിവിധ പ്രതലങ്ങളിലും വായുവിലും സൂര്യപ്രകാശം ഒരുപോലെ വൈറസിനെ നശിപ്പിക്കും. ചൂടും ഹ്യുമിഡിറ്റിയും കൂടുന്നിടത്ത് വൈറസ് പടരാനുള്ള സാധ്യതയും മറ്റു സ്ഥലങ്ങളെക്കാൾ കുറവായിരിക്കും- ബ്രയാൻ പറഞ്ഞു. 95 ഡിഗ്രി ഫാരൻഹീറ്റിലും (35 ഡിഗ്രി സെൽഷ്യസ്) കൂടുതലുള്ള ചൂട് വിവിധ പ്രതലങ്ങളിലെ വൈറസിനെ മിനിറ്റുകൾക്കുള്ളിൽ നശിപ്പിക്കുമെന്നാണ് കണ്ടെത്തൽ.

75 ഡിഗ്രി ഫാരൻഹീറ്റിനു മുകളിൽ താപനിലയും 80 ഡിഗ്രിയോളം ഹ്യുമിഡിറ്റിയുമുണ്ടെങ്കിൽ വൈറസിനെ നശിപ്പിക്കാനാവും. എന്നാൽ, സൂര്യപ്രകാശം കൊണ്ട് വൈറസ് ഭീഷണി പൂർണമായി ഒഴിയുമെന്നോ സാമൂഹിക അകലം പാലിക്കേണ്ടതില്ലെന്നോ താൻ പറയില്ലെന്നും അദ്ദേഹം.

മഹാരാഷ്ട്ര മന്ത്രിക്ക് കൊവിഡ്

മുംബൈ: മഹാരാഷ്ട്ര ഭവനനിർമാണ മന്ത്രി ജിതേന്ദ്ര അവാദിനു കൊവിഡ് 19 സ്ഥിരീകരിച്ചു. സുരക്ഷാ ഉദ്യോഗസ്ഥരിൽ ചിലർക്ക് കൊവിഡ് കണ്ടെത്തിയതിനെത്തുടർന്ന് കഴിഞ്ഞ ഒരാഴ്ചയായി വീട്ടിൽ നിരീക്ഷണത്തിലായിരുന്നു അമ്പത്തിനാലുകാരനായ മന്ത്രി. രോഗം സ്ഥിരീകരിച്ചതിനെത്തുടർന്നു താനെയിലെ ആശുപത്രിയിലേക്കു മാറ്റി.

സുരക്ഷാ ഉദ്യോഗസ്ഥന് കൊവിഡ് സ്ഥിരീകരിച്ച സാഹചര്യത്തിൽ താനെ മുനിസിപ്പൽ കോർപ്പറേഷൻ അധികൃതർ നൂറോളം പേർക്കിടയിൽ കൊവിഡ് പരിശോധന നടത്തി. ഉദ്യോഗസ്ഥനുമായി നേരിട്ട് ഇടപഴകിയവരാണ് ഇവർ.

ആറ് കോടി കുട്ടികളുടെ പഠനം ഓൺലൈനിൽ

പഠനം വീട്ടിൽ = എഡ്യൂക്കേഷൻ 4.0

പ്രത്യേക ലേഖകൻ

ഡൽഹി യൂണിവേഴ്സിറ്റിയിൽ വിദ്യാർഥിയാണു ശുഭാംഗി മിത്തൽ. രാവിലെ ഒമ്പരതയ്ക്കു മൊബൈൽ ഫോണിൽ വാട്ട്സാപ്പ് തുറക്കും. പിഡിഎഫ് ഫയലുകൾ ഡൗൺലോഡ് ചെയ്യും. ഇയർഫോൺ ചെവിയിൽ വച്ച് അൽപ്പനേരം ഓഡിയൊ സന്ദേശമായി അധ്യാപകന്റെ ക്ലാസ്. സംശയമുണ്ടെങ്കിൽ പ്രൊഫസറുമായി വിഡിയൊ ചാറ്റ്. പിന്നെ പുസ്തകമെടുത്ത് സ്വയമൊരു വായന. ഒരു ദിവസത്തെ ക്ലാസ് കഴിഞ്ഞു.

രാവിലെ തിരക്കുപിടിച്ചുള്ള ഓട്ടം ഉൾപ്പെടെ ഒന്നുമില്ല. വീട് തന്നെ ക്ലാസ് മുറി. ചിലപ്പോൾ അത് കിടപ്പുമുറിയാകാം. അല്ലെങ്കിൽ ഡൈനിങ് ഹാളാകാം, ബാൽക്കണിയാകാം,. കൊവിഡ് കാലം ലോക്ഡൗണിലാക്കിയപ്പോൾ രാജ്യത്തെ ആറു കോടി വിദ്യാർഥികളുടെ ശീലങ്ങളെല്ലാം മാറിയിരിക്കുന്നു. കോളെജും ക്യാംപസും കൂട്ടുകാരുമെല്ലാം ചുരുങ്ങിയിരിക്കുന്നു, ഒരു മൊബൈൽ ഫോൺ സ്ക്രീനിലേക്ക്.

"യുട്യൂബ്, ഗൂഗ്ൾ ക്ലാസ് റൂം തുടങ്ങി നിരവധി ഓൺലൈൻ സംവിധാനങ്ങളാണ് ഞങ്ങൾ ഉപയോഗിക്കുന്നത്. വിദ്യാഭ്യാസം എന്നത് തുടർപ്രക്രിയയാണ്. അതു മുറിഞ്ഞു പോകാതിരിക്കേണ്ടതിന്റെ പ്രാധാന്യം മനസിലാക്കിയിരിക്കുന്നു, വിദ്യാർഥികൾ. ഞങ്ങൾക്കിപ്പോൾ 70 ശതമാനം ഓൺലൈൻ അറ്റൻഡൻസുണ്ട്. ഇതു കൂടുകയേ ഉള്ളൂ"- ഡൽഹി യൂണിവേഴ്സിറ്റിക്കു കീഴിലെ ദേശബന്ധു കോളെജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അഞ്ജും പാഡ്യാൽ പറയുന്നു.

എഡ്യൂക്കേഷൻ 4.0.

എഡ്യൂക്കേഷൻ 4.0. അതാണിപ്പോൾ ഈ സംവിധാനത്തിനു പേര്. പുതിയൊരു സാങ്കേതിക വിദ്യ വരുന്നതു വരെ ഇതു തുടരുമെന്നും പാഡ്യാൽ. ഓൺലൈൻ എഡ്യൂക്കേഷൻ പുതുമയല്ല ഇന്ത്യയ്ക്ക്. നിരവധി സ്വകാര്യ, സർക്കാർ സ്ഥാപനങ്ങൾ മുൻപും ഓൺലൈൻ ക്ലാസുകൾ നടത്തിയിരുന്നു. .

രാജ്യത്തെ വലിയ ബിസിനസ് സ്കൂളുകൾ ക്ലോസ്ഡ് യൂസർ ഗ്രൂപ്പുകൾ (സിഎസ്ജി) സൃഷ്ടിച്ച് വെരി സ്മോൾ അപ്പർച്ചർ ടെർമിനൽ (വിസാറ്റ്) വഴി ആഗോള തലത്തിൽ ക്ലാസ് നടത്തിയിരുന്നു. എന്നാൽ, കൊവിഡ് വന്നതോടെ വിദ്യാഭ്യാസ രംഗം ആകെ ഓൺലൈനിലേക്കു തിരക്കിക്കയറി. ഇന്നിപ്പോൾ അതു മൊബൈൽ ഫോണിലേക്കു മാറിയെന്നതാണു പുതുമ.

കണക്റ്റിവിറ്റിയുടെ പ്രാധാന്യം

നിരവധി ഘടകങ്ങളെ ആശ്രയിച്ചാണ് ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ വിജയവും നിലനിൽപ്പും. അതിൽ പ്രധാനമാണ് കണക്റ്റിവിറ്റി. കൊവിഡ് 19 വ്യാപനം തടയാനുള്ള അടച്ചിടൽ വന്നതോടെ കണക്റ്റിവിറ്റിയിലെ പ്രശ്നം പരിഹരിക്കാൻ ടെലികോം കമ്പനികളും നെറ്റ്ഫ്ലിക്സ്, യുട്യൂബ് തുടങ്ങിയ കമ്പനികളും കൈകോർത്തു. ഇതോടെ ഓൺലൈൻ സ്ട്രീമിങ് ഹൈഡെഫനിഷനിൽ (എച്ച്ഡി) നിന്ന് സ്റ്റാൻഡേഡ് ഡെഫനിഷനി (എസ്ഡി)ലേക്കു മാറ്റി. ഇതുവഴി നെറ്റ്‌വർക്കിന്റെ ശേഷി നിലനിർത്താനായി. ഉപയോക്താക്കളുടെ വർധനയ്ക്ക് അനുസരിച്ചു ബാൻഡ്‌വിഡ്ത് ഉറപ്പാക്കി. ലേണിങ് ആപ് നിർമാണക്കമ്പനികളും സാങ്കേതിക വിദ്യാദായകരും ടെലികോം കമ്പനികളുമായി കൂടിയാലോചിച്ചായി പ്രവർത്തനം. ഇത് ഓൺലൈൻ വിദ്യാഭ്യാസ സംവിധാനങ്ങളെ കൂടുതൽ മികവുറ്റതും ഉപയോഗക്ഷമവുമാക്കുന്നുണ്ട്. പഠനം മുടങ്ങുന്നില്ലെന്ന് ഉറപ്പാക്കാൻ അധ്യാപകർ ഓൺലൈനിലൂടെ പാഠങ്ങൾ തയാറാക്കുന്നത് കുട്ടികൾക്കു മാത്രമല്ല, രക്ഷകർത്താക്കൾക്കും പുതിയ സാങ്കേതിക വിദ്യ പരിചയപ്പെടുന്നതിനു വഴിയൊരുക്കുന്നുണ്ട്.

''നിലവിൽ ബൈജൂസ് ആപ്, അഡ്ഡ 24x7, ഡ്യുവോലിംഗോ, ഖാൻ അക്കാഡമി, വിറ്റ്കാലി തുടങ്ങി നിരവധി ആപ്പുകളുണ്ട് ഇ ലേണിങ് രംഗത്ത്. കൊവിഡ് കാലം കഴിയുന്നതോടെ കൂടുതൽ കോളെജുകളും സ്കൂളുകളും ഇ ലേണിങ് സാധ്യതകൾ ഉപയോഗിക്കാൻ തുടങ്ങുമെന്നാണു വിലയിരുത്തൽ. ഇതോടെ, വലിയ ശേഷിയുള്ള ബാൻഡ് വിഡ്ത് വേണ്ടിവരും. ടെലികോം രംഗം കൂടുതൽ മെച്ചപ്പെടേണ്ടിവരും; അഥവാ 99.9 ശതമാനം നെറ്റ്‌വർക്ക് ശേഷിയും ഉപയോഗിക്കാൻ സജ്ജമാകേണ്ടിവരും. ഇപ്പോൾത്തന്നെ ടെലികോം നെറ്റ്‌വർക്കിൽ വലിയ ട്രാഫിക്കാണ് അനുഭവപ്പെടുന്നത്"- സെല്ലുലാർ ഓപ്പറേഷൻസ് അസോസിയേഷൻ ഒഫ് ഇന്ത്യ ഡയറക്റ്റർ ജനറൽ രാജൻ എസ് മാത്യൂസ് പറഞ്ഞു.

കൊവിഡിനു മുൻപു തന്നെ നിരവധി കോളെജുകൾ ഓൺലൈൻ സംവിധാനം ഉപയോഗിക്കുന്നുണ്ട്. വേൾഡ് യൂണിവേഴ്സിറ്റി ഒഫ് ഡിസൈൻ തന്നെ ഉദാഹരണം. അവർ ഒരു വർഷത്തോളമായി ഓൺലൈൻ ക്ലാസുകൾ നടത്തുന്നുണ്ട്.

"ഇത് അസാധാരണ സാഹചര്യമാണ്. കുട്ടികൾക്ക് ക്ലാസ് നഷ്ടപ്പെടാതിരിക്കാൻ ആദ്യം തന്നെ ഇക്കാര്യത്തിൽ നടപടിയെടുത്തത് ഞങ്ങളാണ്. ക്ലാസുകൾ പൂർണമായും ഓൺലൈനിലേക്കു മാറ്റിയത് ഇന്ത്യയിലെ വിദ്യാർഥികൾക്കു മാത്രമല്ല, ലോകമൊട്ടാകെയുള്ള വിദ്യാർഥികൾക്കും ഗുണകരമായി"- വേൾഡ് യൂണിവേഴ്സിറ്റി ഒഫ് ഡിസൈൻ വിസി ഡോ. സഞ്ജയ് ഗുപ്ത പറഞ്ഞു.

ജെഎൻയു, ജാമിയ മിലിയ, അമിറ്റി, ശാരദ, ഐപി, ലവ്‌ലി പ്രൊഫഷനൽ , മുംബൈ യൂണിവേഴ്സിറ്റികൾ വിവിധ വിഷയങ്ങളിൽ ഓൺലൈൻ ക്ലാസുകൾ നടത്തുന്നുണ്ട്. സൂം, ബിഗ് ബ്ലൂ ബട്ടൺ, ഗൂഗ്ൾ ക്ലാസ്റൂം തുടങ്ങിയ ആപ്പുകളാണ് ഇതിന് ഉപയോഗിക്കുന്നത്.

എന്നാൽ ഓൺലൈൻ ക്ലാസുകളിലൂടെ പഠിക്കുക എന്നത് എല്ലാവർക്കും ഒരുപോലെ കഴിയുമെന്നു കരുതാനാവില്ലെന്നു ശാരദ യൂണിവേഴ്സിറ്റി വിസി വൈ.കെ. ഗുപ്ത. സാങ്കേതിക വിദ്യയോടുള്ള അടുപ്പവും ഇതിന് ആവശ്യമാണ്. നിയമം പോലുള്ള വിഷയങ്ങൾ ഓൺലൈനിൽ പഠിപ്പിക്കാമെങ്കിലും എല്ലാ രംഗത്തും ഇത് പ്രായോഗികമല്ലെന്നു നിയമ അധ്യാപകൻ നിഷാന്ത് പ്രകാശ്.

രാവിലെ ഉറങ്ങാം, തോന്നുമ്പോൾ പഠിക്കാം

ചെറിയ ക്ലാസുകളിലെ കുട്ടികൾക്ക് പുതിയ വിദ്യാഭ്യാസ രീതി ഒരു പരിധിവരെ സന്തോഷം നൽകുന്നുണ്ട്. ഓഫ്‌ലൈൻ ക്ലാസുകളോടാണ് കുട്ടികൾക്കു കൂടുതലിഷ്ടം. ക്ലാസ് ഓഫ്‌ലൈനിലാകുമ്പോൾ രാവിലെ ഇഷ്ടമുള്ളിടത്തോളം സമയം ഉറങ്ങാമെന്നതാണ് ഉത്തർപ്രദേശിൽ ഇന്ദിരാപുരം സെന്റ് ഫ്രാൻസിസ് സ്കൂളിലെ അഞ്ചാംക്ലാസ് വിദ്യാർഥി തിതീക്ഷ നായരുടെ സന്തോഷം. അധ്യാപകരും കൂടുതൽ വിട്ടുവീഴ്ചയ്ക്കു തയാറാകുന്നുണ്ട്. പലപ്പോഴും കൂടുതൽ സമയമെടുത്തു പഠിപ്പിക്കുന്നെന്നും തിതീക്ഷ.

ആഗോള തലത്തിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ 150 കോടി സ്കൂൾ വിദ്യാർഥികളാണ് ഓൺലൈൻ വിദ്യാഭ്യാസത്തിലേക്കു മാറിയതെന്നാണ് ഇന്റർനാഷണൽ ടെലികമ്യൂണിക്കേഷൻ യൂണിയന്റെ കണക്ക്.

165 രാജ്യങ്ങളിൽ സ്കൂളുകൾ അടച്ചിട്ടിരിക്കുകയാണെന്നു പറയുന്ന യുനെസ്കോ, പുതിയ വിദ്യാഭ്യാസ സമ്പ്രദായം കാലത്തിന്റെ ആവശ്യമാണെന്നു വിലയിരുത്തുന്നു. എന്നാൽ, ഓൺലൈനിൽ ലഭിക്കുന്ന വിവരങ്ങളുടെ ആധികാരികത, സൈബർ സുരക്ഷ, തുടങ്ങിയ കാര്യങ്ങളിൽ സർക്കാരുകൾ ഇടപെടേണ്ടതുണ്ടെന്നും യുനെസ്കോ.

ഗ്രാമങ്ങൾ കാത്തിരിക്കുന്നു

ഇന്റർനെറ്റ് സൗകര്യം എല്ലാവരിലേക്കുമെത്തിയിട്ടില്ലാത്ത ഇന്ത്യപോലുള്ള രാജ്യങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസം എത്രമാത്രം ഫലപ്രദമെന്ന ചോദ്യവും ഉയരുന്നുണ്ട്. 2014ലെ നാഷണൽ സാംപ്ൾ സർവെ പ്രകാരം രാജ്യത്തെ 27 ശതമാനം വീടുകളിൽ മാത്രമായിരുന്നു ഇന്റർനെറ്റ് സൗകര്യം. ഇന്നിതു കുറേക്കൂടി വളർന്നെങ്കിലും മുഴുവൻ വിദ്യാർഥികൾക്കും ഇന്റർനെറ്റ് ലഭ്യത എന്നതിലേക്കു നാം എത്തിയിട്ടില്ല. അതുകൊണ്ടുതന്നെ നഗരപ്രദേശങ്ങളിലോ അർധനഗര മേഖലകളിലോ ഓൺലൈൻ, ഓഫ്‌ലൈൻ വിദ്യാഭ്യാസം പ്രായോഗികമെങ്കിലും ഗ്രാമങ്ങളിൽ ഇതു സാധ്യമല്ലെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. നഗരപ്രദേശത്തു താമസിക്കുന്ന യൂണിവേഴ്സിറ്റി വിദ്യാർഥികളിൽ 41 ശതമാനത്തിനു മാത്രമാണ് ഇപ്പോഴും വിദ്യാഭ്യാസത്തിനുതകും വിധം വീട്ടിൽ ഇന്റർനെറ്റ് ലഭ്യത. ഗ്രാമങ്ങളിൽ ഇത് 28 ശതമാനമാണ്. കേരളത്തിൽ ഗ്രാമീണ മേഖലയിലെ 51 ശതമാനം വീടുകളിലും ഇന്റർനെറ്റ് സൗകര്യമുള്ളപ്പോൾ ആന്ധ്രപ്രദേശിൽ ഇതു 30 ശതമാനം മാത്രമാണ്. പശ്ചിമ ബംഗാളിലും ബിഹാറിലും ഇത് 7-8 ശതമാനം മാത്രമാണ്. ഇവയെല്ലാം ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ വിജയത്തെ ബാധിക്കുമെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ കൊവിഡ് കാലം ഗ്രാമങ്ങളെയും ഇന്റർനെറ്റ് വലയിലേക്കു കൊണ്ടുവരുന്നതിനു വഴിയൊരുക്കുമെന്ന പ്രതീക്ഷയിലാണ് ഇ ലേണിങ് കാലത്തെ അധ്യാപകർ.

കോയമ്പത്തൂരിൽ മൂന്നു പൊലീസുകാർക്ക് കൊവിഡ്

കോയമ്പത്തൂർ: നഗരത്തിൽ രണ്ടു വനിതാ കോൺസ്റ്റബിൾമാർ ഉൾപ്പെടെ മൂന്നു പൊലീസുകാർക്കു കൊവിഡ് 19 സ്ഥിരീകരിച്ചു. പോത്തന്നൂരിലെ കണ്ടെയ്ൻമെന്റ് മേഖലയിൽ നിയോഗിക്കപ്പെട്ടിരുന്നവരാണ് മൂന്നു പേരും. നഗരത്തിലെ സ്വകാര്യ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിലേക്കു മാറ്റി മൂന്നു പേരെയും. ഇവരുടെ കുടുംബാംഗങ്ങളെ സമ്പർക്കവിലക്കിലാക്കി. ഒപ്പം പ്രവർത്തിച്ചിരുന്ന അമ്പതോളം പൊലീസുകാരുടെ സ്രവം പരിശോധനയ്ക്കയച്ചു. ഇവരുടെ കുടുംബാംഗങ്ങളെ നിരീക്ഷണത്തിലാക്കി. കണ്ടെയ്ൻമെന്റ് മേഖലയിൽ ജോലി ചെയ്യുന്ന മുഴുവൻ പൊലീസുകാർക്കും പിസിആർ ടെസ്റ്റ് നടത്താനും തീരുമാനം.

ഇന്ത്യക്കാർ മാനസികമായി കരുത്തുറ്റവർ: ചൈനീസ് ഗവേഷകൻ

ന്യൂഡൽഹി: കൊവിഡ് വൈറസിനെ നേരിടാൻ ഇന്ത്യക്കാർ മാനസികമായി ഏറെ കരുത്തരാണെന്ന് ചൈനീസ് ഗവേഷകൻ ഷാങ് വെൻഹോങ്. ഇന്ത്യയിൽ കുടുങ്ങിയ ചൈനീസ് പൗരന്മാർക്കായി ചൈനീസ് എംബസി സംഘടിപ്പിച്ച ഓൺലൈൻ സെഷനിലാണ് വെൻഹോങ്ങിന്റെ പ്രസ്താവന. ജനങ്ങൾ മാസ്ക് ധരിക്കാതെ ഒരു മത ചടങ്ങിൽ പങ്കെടുക്കുന്നതിന്റെ ദൃശ്യം ഞാൻ കണ്ടിരുന്നു. ഇന്ത്യക്കാർ ശാരീരികമായി കരുത്തരെന്നല്ല, മാനസികമായി പ്രതിരോധശേഷി ആർജിച്ചവരെന്നാണ് ഞാൻ മനസിലാക്കുന്നത്. മറ്റുള്ളവരെ അപേക്ഷിച്ചു ശാന്തമാണ് ഇന്ത്യക്കാരുടെ മനസ്. ഇന്ത്യയിൽ രോഗബാധിതരുടെ എണ്ണം വർധിക്കുന്നുണ്ടാകാം. പക്ഷേ, അത് യുഎസ് ഉൾപ്പെടെ രാജ്യങ്ങളുമായി താരതമ്യം ചെയ്താൽ വളരെ കുറവാണ്. ഇന്ത്യയിലെ ജനസംഖ്യയുടെ അനുപാതം കണക്കാക്കിയാൽ രോഗവ്യാപനത്തോതിൽ ഇന്ത്യ എത്രമാത്രം മികവു പുലർത്തുന്നുവെന്നു കാണാമെന്നും അദ്ദേഹം.

ജോലിക്ക് ഹാജരായില്ല, കണ്ണൻ ഗോപിനാഥനെതിരേ കേസ്

ഡാമൻ: ഓഗസ്റ്റിൽ ഐഎഎസിൽ നിന്നു രാജിക്കത്തു നൽകിയ മലയാളി ഉദ്യോഗസ്ഥൻ കണ്ണൻ ഗോപിനാഥനെതിരേ പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ ജോലിക്കു ഹാജരാവാനുള്ള സർക്കാർ നിർദേശം ലംഘിച്ചതിനാണിത്. പകർച്ചവ്യാധി നിയന്ത്രണ നിയമപ്രകാരമാണ് ഡാമൻ-ഡിയുവിലെ മോട്ടി ഡാമൻ പൊലീസ് സ്റ്റേഷനിൽ കേസ്. സർക്കാർ ഉത്തരവു പാലിക്കാത്തതിന് ഐപിസി സെക്ഷൻ 188 പ്രകാരമുള്ള കുറ്റവും കണ്ണൻ നേരിടുന്നുണ്ടെന്ന് പൊലീസ് ഇൻസ്പെക്റ്റർ ലിയാധർ മകാന പറഞ്ഞു.

ജമ്മു കശ്മീരിലെ ജനങ്ങൾക്കു സ്വാതന്ത്ര്യം നിഷേധിക്കുന്നുവെന്ന് ആരോപിച്ചാണ് കണ്ണൻ ഗോപിനാഥൻ ഐഐഎസിൽ നിന്നു രാജിവച്ചത്. ഓഗസ്റ്റ് 21ന് രാജിക്കത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിച്ചു. രാജിക്കത്ത് ഇതുവരെ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ജോലിക്കു ഹാജരാകണമെന്നാണ് ഏപ്രിൽ ഒമ്പതിന് കേന്ദ്ര ഭരണ പ്രദേശത്തെ ഭരണകൂടം നിർദേശിച്ചത്. എന്നാൽ, ഈ നിർദേശം പീഡനമാണെന്ന് കണ്ണൻ ഗോപിനാഥൻ പറയുന്നു.

ഡാമൻ-ഡിയു, ദാദ്ര- നഗർ ഹവേലി എന്നിവിടങ്ങളിലെ ഊർജ സെക്രട്ടറിയായിരുന്നു മുപ്പത്തിമൂന്നുകാരനായ കണ്ണൻ ഗോപിനാഥൻ.

പുല്ലിന്റെ വില..! 'ചിലന്തി അടുപ്പിൽ വല കെട്ടി' എന്നൊരു പ്രയോഗമുണ്ട്. ഏതാണ്ട് അതുപോലെയായി ദിനംപ്രതി നൂറുകണക്കിന് സർവീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്ന എറണാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡിന്റെ ഇപ്പോഴത്തെ അവസ്ഥയാണിത്. ചക്രങ്ങൾ ഇടതടവില്ലാതെ ഉരുണ്ടുകൊണ്ടിരുന്ന ഇവിടെ ലോക് ഡൗൺ തുടങ്ങി ഒരു മാസം പിന്നിട്ടപ്പോൾ കാൽപ്പെരുമാറ്റം പോലുമില്ലാതെ പുല്ല് മുളച്ച അവസ്ഥയിൽ. *മനു ഷെല്ലി*

ചെന്നൈയിലും കോയമ്പത്തൂരിലും കടുത്ത നിയന്ത്രണം

ചെന്നൈ: ചെന്നൈയും കോയമ്പത്തൂരുമുൾപ്പെടെ തമിഴ്നാട്ടിലെ അഞ്ചു പ്രധാന ജില്ലകളിൽ കടുത്ത നിയന്ത്രണങ്ങൾ. കൊവിഡ് ബാധിതരുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിലാണു മുഖ്യമന്ത്രി എടപ്പാടി പളനിസ്വാമിയുടെ പ്രഖ്യാപനം.



ചെന്നൈയിലും കോയമ്പത്തൂരിലും മധുരയിലും 26 മുതൽ 29 വരെ രാവിലെ ആറു മുതൽ രാത്രി ഒമ്പതു വരെ പുറത്തിറങ്ങുന്നതിനു കർശന നിയന്ത്രണമുണ്ടാകും. സേലം, കോയമ്പത്തൂർ ജില്ലകളിൽ 28 വരെ സമാന നിയന്ത്രണം. ഓൺലൈനിൽ ഭക്ഷണ വിതരണം അനുവദിക്കും. തീവ്രമേഖലകളിൽ ദിവസം രണ്ടു തവണ ശുചീകരണ ജോലികൾ നടക്കും. കടുത്ത നിയന്ത്രണമുള്ള അഞ്ചു ജില്ലകളിലും സോഫ്റ്റ് വെയർ കമ്പനികൾക്ക് വീട്ടിലിരുന്ന് ജോലി നടപ്പാക്കാം. മറ്റുള്ളവർക്ക് അതിനും അനുമതിയില്ല. രജിസ്ട്രേഷൻ വകുപ്പ് ഓഫിസുകളും അടച്ചിടാൻ നിർദേശം.

ആശുപത്രികൾ, മരുന്നുകടകൾ, ആംബുലൻസ്, ലാബുകൾ എന്നിവ പ്രവർത്തിക്കാം. സംസ്ഥാന സെക്രട്ടേറിയറ്റിൽ ആരോഗ്യം, റവന്യൂ, ദുരന്ത പ്രതികരണം, വൈദ്യുതി, പാൽ, ജലവിതരണം തുടങ്ങി അവശ്യ സേവന വകുപ്പുകൾ മാത്രമേ പ്രവർത്തിക്കൂ.

കേന്ദ്ര- സംസ്ഥാന സർക്കാർ ഓഫിസുകളുടെ പ്രവർത്തനം 33 ശതമാനം അംഗബലത്തിൽ മതി. അമ്മ ക്യാന്റീനുകൾ, എടിഎമ്മുകൾ, വൃദ്ധ സദനങ്ങൾ, ജില്ലാ- തദ്ദേശ അധികൃതർ നടത്തുന്ന സമൂഹ അടുക്കളകൾ, സർക്കാർ അനുമതിയുള്ള സന്നദ്ധ സംഘടനകൾ, പച്ചക്കറി ചന്തകൾ, വാഹനങ്ങളിലുള്ള പച്ചക്കറി വിൽപ്പന എന്നിവയ്ക്ക് ഉപാധികളോടെ പ്രവർത്തിക്കാം. സംസ്ഥാനത്ത് രോഗികളുടെ എണ്ണം 1700 കടക്കുകയും 20 പേർ മരിക്കുകയും ചെയ്തതിനെത്തുടർന്നാണു നടപടി.

അഞ്ചു നഗരങ്ങളിൽ ഗുരുതരാവസ്ഥ: ആഭ്യന്തര മന്ത്രാലയം

ന്യൂഡൽഹി: അഹമ്മദാബാദ്, സൂറത്ത് ഹൈദരാബാദ്, ചെന്നൈ, താനെ നഗരങ്ങളിൽ കൊവിഡ് സ്ഥിതിഗതികൾ ഗുരുതരമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. പ്രധാന ഹോട്ട്സ്പോട്ട് ജില്ലകളോ എമർജിങ് ഹോട്ട്സ്പോട്ടുകളോ ആയി ഈ പ്രദേശങ്ങൾ മാറുകയാണ്.

ലോക് ഡൗൺ മാർഗനിർദേശങ്ങൾ ലംഘിക്കപ്പെടുന്നത് രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഗുരുതരമായ ആരോഗ്യ പ്രശ്നമായി മാറുന്നു. കൊവിഡ് വ്യാപനത്തിന് മാർഗനിർദേശ ലംഘനം ഇടയാക്കുന്നു- മന്ത്രാലയം വ്യക്തമാക്കി.

പിഴവുള്ള കിറ്റുകൾ: സർക്കാരിനെതിരേ തരൂർ

ന്യൂഡൽഹി: ചൈനയിൽ നിന്ന് പിഴവുള്ള റാപ്പിഡ് ആന്റിബോഡി ടെസ്റ്റ് കിറ്റുകളാണ് ഇന്ത്യയ്ക്കു കിട്ടിയതെന്ന റിപ്പോർട്ടുകളിൽ കേന്ദ്ര സർക്കാരിനെ വിമർശിച്ച് സീനിയർ കോൺഗ്രസ് നേതാവ് ശശി തരൂർ. മറ്റു രാജ്യങ്ങളിലെ സർക്കാരുകളും ചൈനീസ് കിറ്റുകളെക്കുറിച്ചു പരാതി പറഞ്ഞിരുന്നു. അവർക്കു പറ്റിയ തെറ്റിൽ നിന്ന് പഠിക്കാൻ മോദി സർക്കാരിനു കഴിഞ്ഞില്ല. പൊതുഖജനാവിലെ പണം കൊണ്ട് ഇങ്ങനെ ചെയ്യുന്നതു വിഡ്ഢിത്തമല്ലേ- തരൂർ ട്വീറ്റ് ചെയ്തു.

തദ്ദേശീയമായി ടെസ്റ്റ് കിറ്റുകൾ വികസിപ്പിക്കണമെന്നും തരൂർ. യുഎസും ദക്ഷിണ കൊറിയയും ജർമനിയും അതു ചെയ്യുന്നുണ്ട്. യൂറോപ്യൻ യൂണിയനും യുഎസും റാപ്പിഡ് ടെസ്റ്റ് കിറ്റുകൾക്ക് 80 ശതമാനം കൃത്യത നിഷ്കർഷിക്കുന്നു. എന്നാൽ, ഇന്ത്യയിൽ കൊണ്ടുവന്ന ചൈനീസ് കിറ്റുകൾക്ക് ശരാശരി അഞ്ചു ശതമാനം കൃത്യതയേയുള്ളൂ- തരൂർ പറഞ്ഞു. യുകെ സർക്കാർ ഓർഡർ ചെയ്ത ശേഷം ഗുണനിലവാരമില്ലെന്നു പറഞ്ഞ് നിരസിച്ച ഒരു കമ്പനിക്ക് ഇന്ത്യ ഓർഡർ നൽകിയെന്നും അദ്ദേഹം ആരോപിച്ചു.

കൊവിഡ് മരണം രണ്ടു ലക്ഷത്തിലേക്ക്, അരലക്ഷം കവിഞ്ഞു

വാഷിങ്ടൺ: ലോകത്ത് കോവിഡ് വ്യാപനത്തിൽ ഒരു കുറവും സംഭവിക്കുന്നില്ല. ചൈന ഒഴികെ ഒട്ടെല്ലാ രാജ്യങ്ങളിലും രോഗബാധിതരുടെ എണ്ണവും മരണ സംഖ്യയും ഉയരുകയാണ്. എന്നാൽ രോഗികളുടെ എണ്ണത്തിലും മരണത്തിലും യുഎസ് തന്നെ മുന്നിട്ടു നിൽക്കുന്നു. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ പുതുതായെത്തുന്ന രോഗികളുടെ എണ്ണത്തിൽ കുറവുണ്ട്. രോഗം ഭേദമാകുന്നവരുടെ എണ്ണത്തിൽ ഏറ്റവും കുറവ് യുഎസിൽ.

ഇന്നലെ വൈകുന്നേരം യുഎസിലെ ജോൺ ഹോപ്കിൻസ് യൂണിവേഴ്സിറ്റി പുറത്തുവിട്ട കണക്ക് പ്രകാരം ലോകത്താകെ 27,32,948 പേർക്കാണു രോഗം സ്ഥിരീകരിക്കപ്പെട്ടത്. 7,51,243 പേർ ഇതിനകം രോഗമുക്തി നേടി. ഇന്നലെ വരെ 1,91,167 പേർ മരിച്ചെന്നാണു കണക്ക്. ഇപ്പോഴത്തെ നിലയിൽ ഈ ആഴ്ച അവസാനത്തോടെ മരണസംഖ്യ രണ്ടു ലക്ഷം കവിയുമെന്ന് ജോൺ ഹോപ്കിൻസ് അറിയിച്ചു. യുഎസിലാണ് ഏറ്റവും കൂടുതൽ മരണം നടന്നത്. 50,243. 8,86,709 പേർ ഇവിടെ മാത്രം ചികിത്സയിലും നിരീക്ഷണത്തിലുമുണ്ട്.

മരണ സംഖ്യയിൽ രണ്ടാം സ്ഥാനത്ത് ഇറ്റലിയും രോഗികളിൽ രണ്ടാം സ്ഥാനത്തു സ്പെയ്നുമാണ്. രാജ്യം, രോഗം ബാധിച്ചവർ, മരണ സംഖ്യ എന്ന ക്രമത്തിൽ. ഇറ്റലി 1,89,973 - 25,543, സ്പെയ്ൻ 2,13,024- 22,157, ഫ്രാൻസ് 1,58,153 - 21,856, യുകെ 138078- 18,738. മറ്റു രാജ്യങ്ങളിൽ മരണസംഖ്യ അഞ്ചക്കം തൊട്ടില്ല.

മഹാമാരിയുടെ വലിയ പാഠം സ്വയംപര്യാപ്തത: മോദി

ന്യൂഡൽഹി: കൊവിഡ് സമൂഹത്തിനു നൽകുന്ന വലിയ പാഠം സ്വയംപര്യാപ്തത നേടണമെന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ സ്വാശ്രയത്വം കൈവരിക്കണം. അതിനു ഗ്രാമങ്ങൾ സ്വയംപര്യാപ്തമാവണമെന്നും പ്രധാനമന്ത്രി. പഞ്ചായത്ത് രാജ് ദിവസിനോടനുബന്ധിച്ച് ഗ്രാമപഞ്ചായത്ത് അംഗങ്ങളോട് വിഡിയോ കോൺഫറൻസിലൂടെ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രോഗവ്യാപനം തടയുന്നതിന് സാമൂഹിക അകലം പാലിക്കാൻ തയാറായ ഗ്രാമീണ ഇന്ത്യയെ താൻ അഭിനന്ദിക്കുന്നുവെന്നും മോദി പറഞ്ഞു. രണ്ടുവാര അകലം എന്ന ലളിതമായ മന്ത്രം ഗ്രാമീണ ഇന്ത്യ ഹൃദിസ്ഥമാക്കിയിട്ടുണ്ട്- ഈ പ്രതിസന്ധിഘട്ടത്തിൽ ജനങ്ങളുടെ നൈപുണ്യവും അറിവും പരീക്ഷണവിധേയമാവുകയാണ്. പക്ഷേ, ഗ്രാമീണർ അവരുടെ ഏറ്റവും മികച്ച പരിശ്രമങ്ങൾ തന്നെ കാഴ്ചവച്ചു. പരമ്പരാഗത മൂല്യങ്ങളുടെ കൂടി സഹായത്തോടെ അവർ കൊവിഡിനെതിരേ പൊരുതുന്നു.

രാജ്യം ഒരിക്കലും നേരിടാത്ത പുതിയ വെല്ലുവിളികൾ മഹാമാരി സൃഷ്ടിക്കുന്നുണ്ട്. എന്നാൽ, അത് പുതിയ കാര്യങ്ങൾ പഠിക്കാൻ ജനങ്ങൾക്ക് അവസരവും നൽകുന്നു. ഈ വൈറസ് നൽകുന്ന ഏറ്റവും വലിയ പാഠം സ്വാശ്രയത്വത്തെക്കുറിച്ചാണ്. അടിസ്ഥാന ആവശ്യങ്ങളിൽ ഗ്രാമങ്ങൾ സ്വയംപര്യാപ്തമാവണം. ഓരോ ഗ്രാമസഭയും ഓരോ ബ്ലോക്കും ഓരോ ജില്ലയും സ്വയംപര്യാപ്തമാവേണ്ടതുണ്ട്.

ലോക്ഡൗൺ മാനദണ്ഡങ്ങൾ പാലിക്കുന്ന ജനങ്ങളെ അഭിനന്ദിക്കുകയാണ്. കൊവിഡിനെതിരായ ഇന്ത്യയുടെ പോരാട്ടത്തെക്കുറിച്ച് ലോകം മുഴുവൻ ഇപ്പോൾ സംസാരിക്കുന്നു. ലോകത്തിനു വലിയ പ്രതിസന്ധിയാണു കൊവിഡ്. എന്നാൽ, ഇന്ത്യയിലെ ജനങ്ങൾ അതിനെ നേരിടാനുള്ള മനക്കരുത്ത് കാണിക്കുന്നു- പ്രധാനമന്ത്രി പറഞ്ഞു. ഇ-ഗ്രാമസ്വരാജ് പോർട്ടലിന്റെയും മൊബൈൽ ആപ്പിന്റെയും ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു. ഗ്രാമപഞ്ചായത്തുകളുടെ വികസന പദ്ധതികൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരാനുദ്ദേശിച്ചാണ് പഞ്ചായത്തി രാജ് മന്ത്രാലയത്തിന്റെ പോർട്ടൽ.

കുരങ്ങുകളിൽ വാക്സിൻ വിജയം; പ്രതീക്ഷ പകർന്ന് ചൈനീസ് കമ്പനി

ബീജിങ്: കൊവിഡ് 19 പ്രതിരോധ മരുന്നിനായുള്ള ആഗോള വൈദ്യശാസ്ത്ര സമൂഹത്തിന്റെ പരിശ്രമങ്ങൾക്കു പ്രതീക്ഷ പകർന്ന് കൊറോണ വൈറസിന്റെ പ്രഭവകേന്ദ്രമായ ചൈനയിലെ ഗവേഷകർ. ബീജിങ് ആസ്ഥാനമായുള്ള സിനോവാക് ബയോടെക് വികസിപ്പിച്ച വാക്സിൻ കുരങ്ങുകളിൽ വിജയകരമായെന്നു സയൻസ് മാഗസിൻ റിപ്പോർട്ട് ചെയ്തു. കമ്പനി വികസിപ്പിച്ച രണ്ടു വ്യത്യസ്ത ഡോസുകളിലുള്ള വാക്സിനാണ് റിസ്യൂസ് മകാകിസ് എന്നയിനം കുരങ്ങുകളിൽ ഗുണഫലമുണ്ടാക്കിയത്. ഇതോടെ, കഴിഞ്ഞ 16 മുതൽ വാക്സിൻ മനുഷ്യരിൽ പരീക്ഷിച്ചു തുടങ്ങിയെന്നും സയൻസ് മാഗസിൻ.

എട്ടു കുരങ്ങുകളിലാണ് നിർജീവ വൈറൽ ആർഎൻഎ ഉപയോഗിച്ചുള്ള പരീക്ഷണം നടത്തിയത്. മൂന്നാഴ്ചയ്ക്കുശേഷം കുരങ്ങുകളുടെ ശ്വാസകോശത്തിലേക്കു കൊവിഡ് 19 രോഗത്തിനു കാരണമായ സാർസ് കോവ് 2 വൈറസിനെ കുഴലുകളിലൂടെ കടത്തിവിട്ടു. നിശ്ചിത സമയപരിധിക്കു ശേഷം ഇവയിൽ നടത്തിയ പരിശോധനയിൽ ഒരു കുരങ്ങിനു പോലും തീവ്രമായ തോതിൽ രോഗബാധയില്ലെന്നു വ്യക്തമായെന്ന് കമ്പനി. പാർശ്വഫലങ്ങളുണ്ടായിട്ടില്ലെന്നും സിനോവാക് അധികൃതർ.

പരീക്ഷണം എട്ടു വ്യത്യസ്ത അളവുകളിൽ

എട്ടു കുരങ്ങുകളിലും എട്ട് വ്യത്യസ്ത അളവുകളിലാണ് വാക്സിൻ പ്രയോഗിച്ചത്. കൂടിയ അളവിൽ വാക്സിൻ നൽകിയ കുരങ്ങുകൾ മികച്ച ഫലമുണ്ടാക്കി. ഏഴു ദിവസത്തിനുശേഷം ഇവയുടെ ശ്വാസനാളവും തൊണ്ടയും ശ്വാസകോശവും പരിശോധിച്ചു. രോഗബാധയുള്ളതായി കണ്ടെത്തിയില്ല. കുറഞ്ഞ അളവിൽ വാക്സിൻ പ്രയോഗിച്ച കുരങ്ങുകളിൽ തീർത്തും ലഘുവായ ചില വ്യത്യാസങ്ങൾ കണ്ടു. എന്നാൽ, ഇത് നിയന്ത്രിതമായ തലത്തിൽ മാത്രം. ഏറ്റവും കുറഞ്ഞ അളവിൽ നൽകിയവയിൽ ശരീരത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലെ കോശങ്ങളിൽ വൈറൽ ആർഎൻഎ കണ്ടെത്തി. ഇവയ്ക്കു ഗുരുതരമായ തോതിൽ ന്യുമോണിയ ബാധിച്ചിരുന്നു. പരിശോധനാഫലം ഞങ്ങൾക്കു നൽകുന്നത്, ഇതു മനുഷ്യരിൽ വിജയിക്കുമെന്ന ആത്മവിശ്വാസമാണ്- സിനോവാക് സീനിയർ ഡയറക്റ്റർ മെങ് വെയ്നിങ് പറഞ്ഞു.

നിർജീവ വൈറൽ ആർഎൻഎ ഉപയോഗിച്ചുള്ള വാക്സിൻ ഒരു പഴയ രീതിയാണെങ്കിലും ഈ ഘട്ടത്തിൽ ഇതൊരു വലിയ നേട്ടമാണെന്ന് മൗണ്ട് സിനായ് ഐകാൻ സ്കൂൾ ഒഫ് മെഡിസിനിലെ വൈറോളജിസ്റ്റ് ഫ്ലോറിയൻ ക്രാമ്മർ വിലയിരുത്തുന്നു. പിന്നാക്ക- വികസ്വരരാജ്യങ്ങൾക്കും ഇത്തരമൊരു വാക്സിൻ താങ്ങാനാവും. അതുതന്നെയാണ് ഇതിന്റെ മെച്ചമെന്നും ക്രാമ്മർ.

എന്നാൽ, സന്തോഷിക്കാറായിട്ടില്ലെന്നാണ് പിറ്റ്സ്ബർഗ് യൂണിവേഴ്സിറ്റിയിലെ ഗവേഷകനും കുരങ്ങുകളിലെ പരീക്ഷണത്തെ ഓരോഘട്ടത്തിലും കൃത്യമായ പിന്തുടർന്നവരിൽ പ്രമുഖനുമായ ഡഗ്ലസ് റീഡ് പറയുന്നത്. പരീക്ഷണം നടത്തിയ കുരങ്ങുകളുടെ എണ്ണം വളരെ കുറവാണ്. വാക്സിൻ പരീക്ഷിച്ച കുരങ്ങുകളിൽ വൈറസുണ്ടാക്കിയ മാറ്റങ്ങൾ മാത്രമേ മനുഷ്യരിലും തുടരൂ എന്നു പൂർണമായി വിശ്വസിക്കാനാവില്ലെന്നും അദ്ദേഹം.

പ്രതീക്ഷയും ആശങ്കകളും

മനുഷ്യരിൽ സാർസ് കോവ് 2 വൈറസുണ്ടാക്കുന്ന തീവ്ര ലക്ഷണങ്ങളൊന്നും കുറഞ്ഞതോതിൽ വാക്സിൻ നൽകിയ കുരങ്ങുകളിലുണ്ടായില്ലെന്നതാണ് മറ്റൊരു ആശങ്ക. എന്നാൽ, വാക്സിൻ പ്രയോഗിക്കാത്ത കുരങ്ങുകളിൽ കൊവിഡ് 19 മനുഷ്യരിൽ സൃഷ്ടിക്കുന്നതിനു സമാനമായ ലക്ഷണങ്ങളുണ്ടായെന്നും ഇത് പ്രതീക്ഷ നൽകുന്നതാണെന്നും സിനോവാക്.

ഭാഗികമായി മാത്രം വൈറസിൽ നിന്നു സംരക്ഷണം നൽകുന്നതിലെ അപകടവും ചൂണ്ടിക്കാട്ടുന്നുണ്ട് സയൻസ് മാഗസിനിലെ റിപ്പോർട്ട്. സാർസ്, മെർസ് രോഗങ്ങൾക്കു കാരണമായ കൊറോണ വൈറസുകളുമായി സമാനതകളുള്ളതാണ് സാർസ് കോവ് 2 അഥവാ കൊവിഡ് 19 വൈറസ്. മുൻപ് സാർസിനും മെർസിനുമെതിരേ വാക്സിൻ വികസനത്തിന്റെ ഭാഗമായി മൃഗങ്ങളിൽ ഈ രോഗങ്ങൾക്കു കാരണമായ വൈറസുകളെ പ്രയോഗിച്ചപ്പോൾ ആന്റിബോഡികളുടെ തോത് കുറയുകയും പ്രതിരോധ സംവിധാനത്തിന്റെ താളം തെറ്റുകയും ചെയ്തിരുന്നു. കൊവിഡ് 19 വാക്സിൻ പരീക്ഷണത്തിന് ഇരയായ കുരങ്ങുകളിൽ ചിലതിന്റെ ശരീരകോശങ്ങളിലും ആന്റിബോഡികളുടെ തോത് കുറഞ്ഞിരുന്നു. എന്നാൽ, ഇവയുടെ ശ്വാസകോശത്തിന് ഒരു തകരാറുമുണ്ടായില്ല. ഇതു വാക്സിന്റെ മികവിൽ സംശയമുണ്ടാക്കുന്നതാണെന്നും കൂടുതൽ പരീക്ഷണം ആവശ്യമായി വരുമെന്നും റീഡ് പറഞ്ഞു.

അതേസമയം വൈറസിനുണ്ടാകുന്ന ജനിതക വ്യതിയാനയങ്ങൾ കൂടി പരിശോധിച്ചാണ് സിനോവാക് ടീമിന്റെ പരീക്ഷണമെന്നതു ശ്രദ്ധേയം. ചൈന, ഇറ്റലി, സ്വിറ്റ്സർലൻഡ്, സ്പെയ്ൻ, യുകെ രാജ്യങ്ങളിൽ നിന്നുള്ള കൊവിഡ് 19 രോഗികളിൽ നിന്നെടുത്ത വൈറസുകളെ കുരങ്ങ്, എലി തുടങ്ങിയവയിൽ നിന്നെടുത്ത ആന്റിബോഡികളുമായി ചേർത്ത് ടെസ്റ്റ് ട്യൂബ് പരീക്ഷണം നടത്തിയിരുന്നു സിനോവാക്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള സാംപ്ളുകളിലെ വൈറസുകളെയെല്ലാം ആന്റിബോഡികൾ നിർവീര്യമാക്കി. വൈറസിന് കാര്യമായ ജനിതകവ്യതിയാനമുണ്ടായിട്ടില്ലെന്നും ഒരേ വാക്സിൻ തന്നെ എല്ലാവരിലും ഫലപ്രദമാകുമെന്ന സൂചനയാണിതു നൽകുന്നതെന്നും ഗവേഷകർ.

വിശ്വാസ്യതയിൽ സിനോവാക്

വാക്സിൻ വികസനത്തിൽ അനുഭവസമ്പത്തും വിശ്വാസ്യതയുമുള്ള കമ്പനിയാണു സിനോവാക്. വായ, പാദം, കൈ തുടങ്ങി വിവിധ ശരീരഭാഗങ്ങളെ ബാധിക്കുന്ന വൈറൽ രോഗങ്ങൾക്കും ഹെപ്പറ്റൈറ്റിസ് എ, ബി, എച്ച്5എൻ1 തുടങ്ങിയവയ്ക്കും പ്രതിരോധ മരുന്ന് നിർമിച്ചിട്ടുണ്ട് ഈ കമ്പനി. കൊവിഡ് 19 വാക്സിൻ സുരക്ഷിതവും വിജയകരവുമെന്ന് ഉറപ്പായാൽ ആഗോള ജനതയ്ക്കു മുഴുവൻ നൽകാനുള്ള മരുന്ന നിർമിക്കാൻ മറ്റു കമ്പനികളുടെ പങ്കാളിത്തം വേണ്ടിവരുമെന്നു സിനോവാക്.

പരീക്ഷണത്തിൽ ആറു വാക്സിനുകൾ

ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം ആറു വാക്സിനുകളാണ് നിലവിൽ മനുഷ്യനിൽ പരീക്ഷിച്ചു തുടങ്ങിയത്. 77 വാക്സിനുകൾ വികസന ഘട്ടത്തിൽ. ഇവയിൽ നാലെണ്ണം മാത്രമാണ് നിർജീവ ആർഎൻഎ ഉപയോഗിച്ചുള്ള പഴയരീതി പിന്തുടരുന്നത്. മറ്റുള്ളവയെല്ലാം ജനിതക സാങ്കേതിക വിദ്യയുടെ പുതിയ സംവിധാനങ്ങളെയാണു പിന്തുടരുന്നത്.

മനുഷ്യരിലും പരീക്ഷണം

ഷാങ്ഹായിയിലെ ജിയാങ്സുവിൽ ഒന്നാം ഘട്ടം ക്ലിനിക്കൽ പരീക്ഷണം തുടങ്ങിയിട്ടുണ്ട് കമ്പനി. 144 പേരിലാണു പരീക്ഷണം. വാക്സിന്റെ പാർശ്വഫലങ്ങൾ പരിശോധിക്കാൻ അത്രയും തന്നെ ആളുകളിൽ വൈറസ് ഇല്ലാതെ മറ്റു ഘടകങ്ങൾ ഉപയോഗിച്ചുള്ള പരീക്ഷണവും നടത്തുന്നുണ്ട്. മേയ് പകുതിയോടെ രണ്ടാം ഘട്ടം പരീക്ഷണമുണ്ടാകും. ഇത് ആയിരത്തോളം പേരിലായിരിക്കുമെന്നും ജൂൺ അവസാനത്തോടെ ഫലം അറിവാകുമെന്നും സിനോവാക് ഡയറക്റ്റർ മെങ് വെയ്നിങ്. ഇതും വിജയകരമെങ്കിൽ ലോകാരോഗ്യ സംഘടനയുമായി സഹകരിച്ച് മൂന്നാംഘട്ടം പരീക്ഷണം. ചൈനയിൽ രോഗവ്യാപനത്തോത് കുറഞ്ഞതിനാൽ തീവ്രമായി രോഗം പടരുന്ന രാജ്യങ്ങളിൽ പരീക്ഷിക്കുകയും ലക്ഷ്യമാണ്. വ്യത്യസ്ത രാജ്യങ്ങളിൽ പരീക്ഷിച്ചാലേ ഫലം ഉറപ്പാകൂ. മാസ്ക് ഉപയോഗിക്കാതെ ജോലി ചെയ്യുന്ന, രോഗപ്പകർച്ചാ സാധ്യത തീവ്രമായ കസ്റ്റംസ്, പൊലീസ് വിഭാഗങ്ങളിൽ വാക്സിൻ പരീക്ഷിക്കുന്നതാണ് ഏറ്റവും ഉചിതം. കോംഗോ 2018ൽ എബോള വൈറസിനെതിരായ വാക്സിൻ ഇത്തരത്തിൽ പ്രയോഗിച്ചത് മികച്ച ഫലമുണ്ടാക്കിയിരുന്നു. 2019 നവംബറിലാണ് എബോള വാക്സിന് ഔദ്യോഗികമായി അനുമതി ലഭിച്ചതെന്നതും മറക്കരുതെന്നും സിനോവാക്.

യുകെയിൽ കൊവിഡ് വാക്സിൻ മനുഷ്യരിൽ പരീക്ഷിക്കുന്നു

ലണ്ടൻ: യുകെയിൽ കൊവിഡ് വാക്സിന്റെ മനുഷ്യരിലുള്ള പരീക്ഷണം തുടങ്ങി. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയാണ് ഇതിനു നേതൃത്വം നൽകുന്നത്. വിജയസാധ്യത 80 ശതമാനമെന്ന് വിദഗ്ധർ. വിജയിച്ചാൽ സെപ്റ്റംബറോടെ വാക്സിൻ പുറത്തിറക്കാനാവുമെന്നു ബന്ധപ്പെട്ടവർ പ്രത്യാശ പ്രകടിപ്പിക്കുന്നു. വാക്സിനുണ്ടാകാവുന്ന ഡിമാൻഡ് മുൻനിർത്തി വലിയ തോതിൽ നിർമിച്ചു ശേഖരിച്ചുവയ്ക്കാനുള്ള നീക്കങ്ങളും നടക്കുന്നുണ്ടെന്നു റിപ്പോർട്ട്. ഒരു വാക്സിൻ പരീക്ഷണ ഘട്ടം കഴിയും മുൻപ് ഇങ്ങനെ നിർമിക്കുന്നത് അടിയന്തരാവശ്യം മുൻനിർത്തിയാണെന്നാണു വിശദീകരണം. സെപ്റ്റംബറോടെ പത്തുലക്ഷം ഡോസുകൾ നിർമിക്കാനാണു നീക്കം. അതേസമയം, ഈ വർഷം വാക്സിൻ ഇറങ്ങാനുള്ള സാധ്യത വിരളമെന്ന് യുകെ സർക്കാരിന്റെ ചീഫ് മെഡിക്കൽ ഓഫിസർ ക്രിസ് വിറ്റി പറഞ്ഞു.

18നും 55നും ഇടയിൽ പ്രായവും നല്ല ആരോഗ്യവുമുള്ളവരെയാണ് ആദ്യഘട്ടം ഹ്യൂമൻ ട്രയലിന് തെരഞ്ഞെടുത്തിരിക്കുന്നത്. ഇവരിൽ സുരക്ഷിതമാണെന്നു കണ്ടാൽ പ്രായമായവരിലും പരീക്ഷിക്കും. പ്രത്യാശയുടെ കിരണങ്ങൾ കാണുന്നുണ്ടെന്ന് ബ്രിട്ടീഷ് മെഡിക്കൽ അസോസിയേഷൻ ഓണററി വൈസ് പ്രസിഡന്റ് ഡോ. കൈലാഷ് ചന്ദ് പറഞ്ഞു.

ഓക്സ്ഫോർഡ് വാക്സിൻ ഗ്രൂപ്പിന്റെ ജെന്നർ ഇൻസ്റ്റിറ്റ്യൂട്ടാണ് ക്ലിനിക്കൽ ട്രയൽ നടത്തുന്നത്; വിവിധ സെന്ററുകളിലായി. ഈ വർഷം ജനുവരി 20നു തുടങ്ങിയ ഗവേഷണങ്ങളും പരീക്ഷണങ്ങളുമാണ് അതിവേഗത്തിൽ ക്ലിനിക്കൽ ട്രയലിലെത്തി നിൽക്കുന്നത്. മൃഗങ്ങളിലുള്ള പരീക്ഷണം വിജയമായിരുന്നു.

അമെരിക്കയിലും ചൈനയിലും ഇപ്പോൾ തന്നെ കൊവിഡ് വാക്സിന്റെ മനുഷ്യരിലുള്ള പരീക്ഷണം നടക്കുന്നുണ്ട്. ഈ മാസം തന്നെ ജർമനിയിലും ക്ലിനിക്കൽ ട്രയൽ ആരംഭിക്കും. ഏഴു പരീക്ഷണങ്ങൾ ഇതുവരെ ക്ലിനിക്കൽ ട്രയൽ ഘട്ടത്തിലെത്തിയിട്ടുണ്ട്. ആദ്യം ആരു വിജയിക്കും എന്നതാണു ശാസ്ത്ര ലോകം ഉറ്റുനോക്കുന്നത്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ മനുഷ്യരിലുള്ള പരീക്ഷണത്തിന് സർവവിധ പിന്തുണയും നൽകി ഒപ്പം നിൽക്കുകയാണ് ബ്രിട്ടീഷ് സർക്കാർ.

ചൈന നേരത്തേ അറിഞ്ഞു, ഒളിച്ചുവച്ചു: യുഎസ്

വാഷിങ്ടൺ: കൊവിഡ് വൈറസ് വ്യാപനത്തിൽ ചൈനയെ കുറ്റപ്പെടുത്തി വീണ്ടും അമെരിക്ക. നവംബറിന്റെ തുടക്കത്തിൽ തന്നെ വൈറസിനെക്കുറിച്ച് ചൈന അറിഞ്ഞിട്ടുണ്ടെന്നാണു കരുതുന്നതെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപിയോ. എന്നാൽ, വിവരങ്ങൾ ചൈന ഒളിച്ചുവച്ചു. അവർ സുതാര്യമായല്ല നീങ്ങിയത്. ഡിസംബർ മധ്യത്തോടെ ഉറപ്പായും കാര്യങ്ങൾ അവർക്കു വ്യക്തമായിട്ടുണ്ട്. പക്ഷേ, ലോകാരോഗ്യ സംഘടനയ്ക്കു പോലും സമയത്തു വിവരം നൽകിയില്ല- പോംപിയോ ഒരഭിമുഖത്തിൽ പറഞ്ഞു.

ഇനിയും ഒരുപാടു കാര്യങ്ങൾ ചൈനയിൽ നിന്ന് യുഎസിനു ലഭ്യമാവേണ്ടതുണ്ട്. വുഹാനിൽ വൈറസ് കണ്ടെത്തിയ യഥാർഥ സാംപിളിനെക്കുറിച്ചുള്ള വിവരങ്ങൾ അറിയണം. നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ എന്തൊക്കെ നടന്നുവെന്നും കൃത്യമായി അറിയണം. രോഗവ്യാപനം തടയുന്നതിൽ സുതാര്യത വളരെ പ്രധാനമാണ്. യുഎസിൽ മാത്രമല്ല, ലോകത്താകെ ജനങ്ങളുടെ ജീവനെടുത്തുകൊണ്ടിരിക്കുകയാണ് ഈ വൈറസ്. തുടക്കത്തിൽ ചൈന എല്ലാം രഹസ്യമാക്കി വച്ചതു വിനയായി. രോഗത്തെക്കുറിച്ചു മുന്നറിയിപ്പു നൽകിയവരെ തടവിലാക്കി. അപകടകരമായ വൈറസിനെക്കുറിച്ചുള്ള ആദ്യ ഔദ്യോഗിക വിവരം വരുന്നത് ഡിസംബർ 31നാണെന്ന് പോംപിയോ പറഞ്ഞു.

വുഹാനിലെ അപകടകരമായ വൈറസിനെക്കുറിച്ച് ലോകാരോഗ്യ സംഘടന ആദ്യം സംസാരിക്കുന്നത് ജനുവരി നാലിനാണ്; ട്വിറ്ററിലൂടെ. അടുത്ത ദിവസം വിശദമായ വിവരങ്ങൾ അംഗരാജ്യങ്ങൾക്കു നൽകി- അദ്ദേഹം ചൂണ്ടിക്കാട്ടി. ചൈനയുടെ നിരുത്തരവാദപരമായ പെരുമാറ്റമാണ് കൊവിഡ് വ്യാപനം ഇത്ര രൂക്ഷമാക്കിയതെന്ന നിലപാട് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആവർത്തിച്ചുവരുന്നതിനിടെയാണ് പോംപിയോ ആരോപണം ശക്തിപ്പെടുത്തുന്നത്. വുഹാനിലെ വൈറോളജി ലാബിൽ നിന്നാണു കൊവിഡ് വൈറസ് പുറത്തുചാടിയതെന്നു സംശയിക്കുന്നതായി അമെരിക്ക നേരത്തേ ആരോപിച്ചിരുന്നു. ചില അന്താരാഷ്ട്ര വിദഗ്ധർ ഇതിനുള്ള സാധ്യത തള്ളാനാവില്ലെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ, ആരോപണങ്ങൾ ചൈന തുടർച്ചയായി നിഷേധിക്കുന്നുണ്ട്. വുഹാനിലെ ഇറച്ചി മാർക്കറ്റിൽ നിന്നാണു വൈറസ് മനുഷ്യരിലേക്കു പകർന്നതെന്നാണു ചൈനയുടെ നിലപാട്.

ബോറിസ് ജോൺസൺ ആരോഗ്യവാൻ, പക്ഷേ, ഓഫിസിൽ വരുന്നില്ല

ലണ്ടൻ: കൊവിഡ് ബാധിച്ചു ചികിത്സയിലായിരുന്ന ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ ആരോഗ്യം പൂർണമായി വീണ്ടെടുത്തെന്ന് ആരോഗ്യ സെക്രട്ടറി മട് ഹാങ്കോക്. അദ്ദേഹം സന്തോഷവാനാണ്. എലിസബത്ത് രാജ്ഞി, യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് തുടങ്ങിയവരുമായി അദ്ദേഹം സംസാരിച്ചു. പക്ഷേ, എന്നുമുതൽ അദ്ദേഹത്തിന് ഓഫിസിൽ വരാൻ കഴിയുമെന്നു പറയാനാവില്ല. കുറച്ചു ദിവസങ്ങൾ കൂടി ജോൺസൺ വീട്ടിൽ വിശ്രമിക്കുമെന്നും ഹെങ്കോക് അറിയിച്ചു.

പെണ്ണമ്മ

കൊട്ടാരക്കര :കാക്കത്താനം റോഡ്മേലേതിൽ കൊച്ചു കുട്ടിയുടെ (ജോർജ്)ഭാര്യ നല്ലിലകിഴൂട്ട് കുടുംബാംഗമായ പെണ്ണമ്മ (66) അന്തരിച്ചു. മക്കൾ ഷൈനി, ജോൺസൻ ജോർജ് (അജി) മരുമക്കൾ: ബാബു, ലീജാ ജോൺസൻ. സംസ്ക്കാരം ഇന്ന് പകൽ 12 മണിക്ക് സെന്റ്. മേരീസ് മലങ്കര കത്തോലിക്കാപ്പള്ളിയിൽ.

വി.ടി. രേവതി

ചാലപ്പുറം: പരേതനായ വളപ്പിൽ താന്നിക്കുന്നത്ത് വാസുവിന്റെ ഭാര്യ വി.ടി. രേവതി (91) അന്തരിച്ചു. സഞ്ചയനം ഞായർ. മക്കൾ: വി.ടി. വിജയൻ (റിട്ട.സീനിയർ സൂപ്രണ്ട്, ആരോഗ്യവകുപ്പ്), സത്യനാഥൻ (ഫൈനാൻസിയർ), പ്രസന്നകുമാർ(എംജിഎം സ്റ്റുഡിയോ), മുരളീധരൻ (വാച്ച് വർക്ക്സ്), പുഷ്പരാജൻ (ഇസ്ഫ ഗാർമെന്റ്സ്), റീന(താലൂക്ക് ഓഫീസ്, കോഴിക്കോട്), അഡ്വ. ഷീല (തലശ്ശേരി). മരുമക്കൾ; ജിഷ, സുജ, ജമീ, സുചിത്ര, ശ്രീല(കാനറാ ബാങ്ക്), കൃഷ്ണരാജൻ(റിട്ട. പിഡബ്ല്യുഡി), അഡ്വ. കെ.പി. ഹരീന്ദ്രൻ(തലശ്ശേരി).

കെ.പി. തോമസ്

കൂത്താട്ടുകുളം : ഇലഞ്ഞി കാഞ്ഞിരത്തുങ്കൽ കെ.പി. തോമസ് (തോമ്മാക്കുട്ടി-84) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9ന് കൂര്‍സേവ്യർപുരം സെന്റ് സേവ്യേഴ്സ് പള്ളിയിൽ. ഭാര്യ: ത്രേസ്യാക്കുട്ടി. മക്കൾ: ബാബു, ജോയി. ഫാ. വിനോയി, ഐസക്, മിനി, സുനിൽ, റെനിൽ, റ്റെസി. മരുമക്കൾ: സൂസി, മരിയ, ലിജി, ജോൺ, സുമ, നിമ്മി, റ്റാജി.

എൻ.സദാനന്ദൻ

കല്ലമ്പലം: നാവായിക്കുളം പൈവേലികോണം തെക്കതിൽ വീട്ടിൽ എൻ.സദാനന്ദൻ (85) അന്തരിച്ചു. ഭാര്യ: സുശീല. മക്കൾ: അമ്പിളി, സുലജ, പ്രദീപ്, ദിലീപ്, ഗിരീഷ്. മരുമക്കൾ: ബാബു, രമ്യ, ദീപ്തി.

രാധാമണി

കല്ലമ്പലം: കരവാരം വിളയിൽ പുത്തൻ വീട്ടിൽ (പ്രണവം) ശിവപ്രസാദിന്റെ ഭാര്യ രാധാമണി (57) അന്തരിച്ചു. മക്കൾ: പ്രിയ, പ്രവീൺ. മരുമക്കൾ: സുജിത്, മഞ്ജുഷ.

കൊച്ചുകുട്ടി

വടക്കാഞ്ചേരി: വെടിപ്പാറ കോളനി ചെറുപറമ്പിൽ ചാത്തുവിന്റെ ഭാര്യ കൊച്ചുകുട്ടി (79) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: ശാന്തി, മോഹൻദാസ്, മുരളീധരൻ, ശ്യാമള (അധ്യാപിക, ഗവ ഹയർ സെക്കന്ററി സ്കൂർ ചെറുതുരുത്തി), സദാനന്ദൻ, ശശി.

ജോയി

വടക്കാഞ്ചേരി: എങ്കക്കാട് തട്ടാൻ തറയിൽ മേരി വില്ലയിൽ ജോയി (86) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് കരുമത്ര ആരോഗ്യ മാതാ പള്ളി സെമിത്തേരിയിൽ. ഭാര്യ: ചിന്നമ്മ ജോയി. മക്കൾ: ആന്റണി , ബിനോയി, ബോബൻ, ജേക്കബ്, സുജ. മരുമക്കൾ: ജാൻസി, മിനി, റീന, സുജ, തോമസ്.

രാഘവൻ പിള്ള

ചെങ്ങന്നൂർ: കാരയ്ക്കാട് കുറ മക്കാട് പടിഞ്ഞാറ്റേതിൽ രാഘവൻ പിള്ള (95) അന്തരിച്ചു. സംസ്കാരം വീട്ടുവളപ്പിൽ നടത്തി. ഭാര്യ: പൊന്നമ്മ. മക്കൾ: ഗോപലകൃഷ്ണപിള്ള, പരേതനായ ചന്ദ്രശേഖരൻ പിള്ള, വൽസല, ശാന്തകുമാരി. മരുമക്കൾ: ശ്യാമള, ലതിക, അച്യുതൻ, ശശി.

ബെന്നാൻസ്

മയ്യനാട്: മുക്കം കൊച്ചുകുന്നത്ത് വീട്ടിൽ ബെന്നാൻസ് (78) അന്തരിച്ചു.

പത്മിനിഅമ്മ

ചേർത്തല: ചെറുവാരണം അജിതവിലാസത്തിൽ പരേതനായ അറുമുഖൻ നായരുടെ ഭാര്യ പത്മിനിഅമ്മ (84) അന്തരിച്ചു. മക്കൾ: രമണി, അജിതകുമാർ, അജയകുമാർ, ശ്രീകുമാർ, പരേതയായ ചന്ദ്രിക. മരുമക്കൾ: രാധാകൃഷ്ണൻനായർ, ദേവകിയമ്മ, സവിത, സരിത.

തുളസീധരൻ

പരവൂർ: ചിറക്കര ഇടവട്ടം ചരുവിള വീട്ടിൽ തുളസീധരൻ (86) അന്തരിച്ചു. ഭാര്യ: ജെ.സാവിത്രി.

ദേവകി

തൃക്കൂർ: നെല്ലിശ്ശേരി ഉണ്ണിച്ചെക്കൻ ഭാര്യ ദേവകി (76) അന്തരിച്ചു. സംസ്ക്കാരം കഴിഞ്ഞു. മക്കൾ: രാധാകൃഷ്ണൻ, അശോകൻ, ഉഷ, സുരേഷ്, ബൈജു. മരുമക്കൾ: ഷീബ, ബിന്ദു, ഷാ, മെർലി, മിനി.

അംബിക

തഴവ: വടക്കും മുറി കിഴക്ക് എസ്.കെ വില്ലയിൽ (കുറ്റിക്കാട്ട് വീട്ടിൽ) ശശികുമാറിന്റെ ഭാര്യ കരുനാഗപ്പള്ളി പുതിയക്കാവ് ആലുംമൂട്ടിൽ കുടുബാംഗം അംബിക(52)അന്തരിച്ചു.

ജി.സാമുവേൽ

മാവേലിക്കര: മറ്റം തെക്ക് തെക്കടത്ത് പുത്തൻ വീട്ടിൽ ജി.സാമുവേൽ (79)അന്തരിച്ചു. സംസ്കാരം ഇന്ന് മൂന്നിന് പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളിയിൽ. ഭാര്യ: പരേതയായ ലില്ലിക്കുട്ടി. മക്കൾ: ബിജു (മാനെജർ, എൽഐസി സെയിൽസ് വിഭാഗം, കോട്ടയം), ബിനു (ദുബായ്), സാമുവേൽ വർഗീസ്. മരുമക്കൾ: ആലീസ് (അധ്യാപിക, എംഎസ് സെമിനാരി ഹൈസ്കൂൾ, തഴക്കര), ടിനി (ദുബായ്), ഷേർളി (ജോസ്കോ ആശുപത്രി, ഇടപ്പോൺ).

വിജയൻ

നടത്തറ: മൈനർ റോഡിൽ പരേതനായ കോട്ടശേരി കൃഷ്ണൻ മകൻ വിജയൻ (75) അന്തരിച്ചു. പിഡബ്ല്യുഡി റിട്ടയേഡ് ചീഫ് എൻജിനിയറാണ്. സംസ്ക്കാരം കഴിഞ്ഞു. ഭാര്യ: പ്രസന്ന. മക്കൾ: സരിത, ഡോ. കവിത, പ്രവീൺ. മരുമക്കൾ: രാജീവ് (പബ്ലീക്ക് പ്രേസിക്യൂട്ടർ), ഡോ. ഗോപിനാഥ്.

ചക്കി

ചാലക്കുടി: കൂടപ്പുഴപരേതനായ തേലപ്പിള്ളി നീലൻ ഭാര്യ ചക്കി (97) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: എം.എൻ. വേലായുധൻ, കാളിക്കുട്ടി. മരുമകൾ: അമ്മിണി.

വിഷ്ണുസാഗർ

അന്തിക്കാട്: മുറ്റിച്ചൂർ നായരങ്ങാടിക്ക് സമീപം പള്ളിപ്പറമ്പിൽ രാധാകൃഷ്ണൻ മകൻ വിഷ്ണുസാഗർ (26) അന്തരിച്ചു. സംസ്കാരം നടത്തി. അമ്മ: പ്രസന്ന സഹോദരൻ: കൃഷ്ണപ്രസാദ്.

ഗോമതി അമ്മ

പനയം: ചോനംചിറ മെഴുവേലിൽ വീട്ടിൽ പരേതനായ ഗോപിനാഥപിള്ളയുടെ ഭാര്യ ഗോമ്മതിഅമ്മ(84)അന്തരിച്ചു സംസ്കാരം നടത്തി. മക്കൾ: സുശീല, ബാബുക്കുട്ടൻ, സന്തോഷ് (വിമുക്ത ഭടൻ), സുരേഷ്, അനിൽകുമാർ,ഉമാദേവി.മരുമക്കൾ:രഘുനാഥപിള്ള, സിന്ധു, ഗോപിക, രാജി, ബാബുക്കുട്ടൻ.

പുരുഷോത്തമൻപിള്ള

ചേർത്തല: നഗരസഭ 17ാം വാർഡിൽ കൈതക്കാട്ട് പുരുഷോത്തമൻ പിള്ള (75) അന്തരിച്ചു. ഭാര്യ: കമലമ്മ. മക്കൾ: ബീന, ബിജു, ബിന്ദു. മരുമക്കൾ: ജാൻസി, രാജേഷ്, പരേതനായ രാജൻ.

ചിന്നപ്പൻ

കുന്നംകുളം: ആദ്യകാല സിപിഎം പ്രവർത്തകനും കൂനംമൂച്ചി പീപ്പിൾസ് സർവീസ് സഹകരണ ബാങ്ക് മുൻ ഡയറക്റ്ററുമായിരുന്ന പാറന്നൂർ ചെറുവത്തൂർ ചിന്നപ്പൻ (80) അന്തരിച്ചു. സംസ്ക്കാരം നടന്നു. ഭാര്യ: ലീല. മക്കൾ: ലിനി, ലിജു. മരുമക്കൾ: ജിജു, റിനു.

രഘുനാഥൻ പിള്ള

ഓച്ചിറ: കൊറ്റമ്പള്ളി മാധവത്തിൽ രഘുനാഥൻ പിള്ള (68) അന്തരിച്ചു. സംസ്കാരം മേയ് 6നു 11ന്. തഴവ കുതിരപ്പന്തി കല്ലേലിൽ തറയിൽ കുടുംബാംഗമാണ്. ഭാര്യ: ഭാർഗവി (റിട്ട.ലേ സെക്രട്ടറി താലൂക്ക് ആശുപത്രി, ഹരിപ്പാട്). മക്കൾ: രമ്യ, രഞ്ജിത്ത് (ദുബായ്). മരുമകൻ: മഹേഷ് (ചെന്നൈ).

റോസാ

കൂത്താട്ടുകുളം: കാക്കൂർ അണ്ടിച്ചിറ കോലത്തെൽ പരേതനായ വർക്കിയുടെ ഭാര്യ റോസാ (89) അന്തരിച്ചു. മക്കൾ: മേരി, ലില്ലി, എൽസി, സെലിൻ, ബാബു, തങ്കച്ചൻ, പരേതനായ ജെയിംസ്, സന്തോഷ്. മരുമക്കൾ: ബേബി, പരേതനായ ആന്റണി, ആന്റണി ചിറമേൽ, ജോസ്, ലില്ലി, ജാൻസി, റാണി

പി.എ. പോൾ

വെസ്റ്റ് വെങ്ങോല : ശ്രാമ്പിക്കൽ പുത്തൻപുരയിൽ പി.എ. പോൾ (സണ്ണി - 78) അന്തരിച്ചു. സംസ്കാരം ഇന്ന് പത്തിന് വെങ്ങോല മാർ ബഹനാം സഹദാ പള്ളിയിൽ. തേവയ്ക്കൽ ഗവ. ഹൈസ്ക്കൂൾ റിട്ട. അധ്യാപകനാണ്. ഭാര്യ: ആയത്തുകുടി കുടുംബാംഗം ആനി. മക്കൾ: ഡോ. സാലു പോൾ (കോട്ടയ്ക്കൽ), മീനു. മരുമക്കൾ : ഡോ. പ്രീത ഐക്കരക്കുടിയിൽ, ബിജു നെല്ലിക്കൽ, മൂവാറ്റുപുഴ.

ജോർജ് മാത്യു

ചെങ്ങമനാട്: കെഎസ്ആർടിസി റിട്ട.ചെക്കിങ് ഇൻസ്പെക്റ്റർ കാഞ്ഞിരംവിള വീട്ടിൽ ജോർജ് മാത്യു (68) അന്തരിച്ചു.

സരോജിനിയമ്മ

കൊടുങ്ങല്ലൂർ: പുല്ലൂറ്റ് കോഴിക്കട മേച്ചേരി പറമ്പിൽ പരേതനായ ചന്ദ്രശേഖരൻ നായരുടെ ഭാര്യ സരോജിനിയമ്മ (87) അന്തരിച്ചു. സംസ്ക്കാരം ഇന്ന് രാവിലെ 9.30ന് വീട്ടുവളപ്പിൽ നടക്കും. മക്കൾ: രാജേശ്വരൻ (റിട്ട. കെഎസ്എഫ്ഇ), ഡോ. എം.വിജയലക്ഷ്മി (റിട്ട. പ്രൊഫ. എൻഎസ്എസ് കോളെജ് മഞ്ചേരി), സരളാദേവി എം (റിട്ട. ജനറൽ മാനെജർ ക്യാനറാ ബാങ്ക്), പീതാംബരൻ, മനോഹരൻ എം , ശ്രീദേവി എം. മരുമക്കൾ: മാലതി, രാജൻ (റിട്ട. പ്രൊഫ. എൻഎസ്എസ് കോളെജ്, മഞ്ചേരി), ജയകുമാർ (റിട്ട. മാനെജർ സൗത്ത് ഇന്ത്യൻ ബാങ്ക്), ശ്യാമള (എൽഐസി ഓഫീസ് ഇരിങ്ങാലക്കുട), ഇന്ദു, പരമേശ്വരൻ (ശിവൻ).

എം.എസ്.ജോൺ

കുളത്തൂപ്പുഴ: സ്റ്റാർ ട്യൂട്ടോറിയൽ സ്ഥാപകൻ നെയ്യാറ്റിൻകര കമുകിൻകോട് സ്റ്റാർ വില്ലയിൽ എം.എസ്.ജോൺ (80) അന്തരിച്ചു. സംസ്ക്കാരം നടത്തി. കുളത്തൂപ്പുഴ വൈഎംസിഎ പ്രസിഡന്റ്, സെക്രട്ടറി, സിഎസ്ഐ ദക്ഷിണ കേരള മഹായിടവക എക്സിക്യുട്ടീവ് കമ്മിറ്റിയംഗം, പാസ്റ്ററൽ ബോർഡ് അംഗം, പുനലൂർ ഡിസ്ട്രിക്റ്റ് സെക്രട്ടറി, ഇടവക സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: പുഷ്പം.

ശാന്തമ്മ

മാവേലിക്കര: ഉമ്പർനാട് കുറ്റിതോപ്പിൽ ശ്രീഭവനിൽ പരേതനായ സദാശിവൻ പിള്ള യുടെ ഭാര്യ ശാന്തമ്മ (70) അന്തരിച്ചു. വീട്ടുവളപ്പിൽ സംസ്കാരം നടത്തി. മക്കൾ: ശിവദാസൻ പിള്ള, എസ്. വിജയൻ (ഡെപ്യൂട്ടി കലക്റ്റർ ആലപ്പുഴ), ശ്രീലത, ജയശ്രീ, മനോജ്, ശ്രീജ (യുഡിസി , കുടുംബക്കോടതി, മാവേലിക്കര). മരുമക്കൾ: ശാന്തമ്മ, സിന്ധു, മധുസൂദനൻ പിള്ള. സി.പി, ജയകുമാർ എം.കെ (പോസ്റ്റൽ ഡിപ്പാർട്മെന്റ്, മാരാമൺ), രമ്യ (ഗവൺമെന്റ് യുപിഎസ് ആഞ്ഞിലിപ്രാ), ജയകുമാർ. കെ.എസ്. (പ്രിൻസിപ്പൽ, എംകെഎൽഎം പബ്ലിക് സ്കൂൾ കോന്നി).

സുകുമാരൻ

വടക്കാഞ്ചേരി: പരുത്തിപ്ര ഉത്രാളിക്കാവിനു സമീപം പറമ്പിൽ സുകുമാരൻ (സുകു- 68) അന്തരിച്ചു സംസ്ക്കാരം നടത്തി. .സംസ്ക്കാരം നടത്തി.ഭാര്യ: ചന്ദ്രിക.മക്കൾ: സുനേഷ്, സുജേഷ്, സുകന്യ.

വേണുഗോപാലൻ

പറവൂർ: കൊറ്റിച്ചിറപ്പാടം കെ കെ റോഡിൽ ചിറക്കുളം വീട്ടിൽ സി.ആർ. വേണുഗോപാലൻ (66- രാമചന്ദ്ര റെസ്റ്റോറന്റ് ടിബി റോഡ്) അന്തരിച്ചു. സംസ്ക്കാരം ഇന്ന് 10 ന് തോന്ന്യകാവ് ശ്മമശാനത്തിൽ. ഭാര്യ: ശോഭ. മക്കൾ: സൂര്യ, സനിൽ, സരുൺ. മരുമകൻ: രമേശ്.

ആയിഷക്കുട്ടി

തിരൂരങ്ങാടി: മൂന്നിയൂർ ചുഴലി പരേതനായ മണാല മുഹമ്മദിന്റെ ഭാര്യ ചുഴിയിൽ മണാല ആയിഷക്കുട്ടി (87) അന്തരിച്ചു. മക്കൾ: സൈതു, ബീഫാത്തു, കദീജ, ഫാത്തിമ. മരുമക്കൾ : അബ്ദുൽ നാസർ, എം.പി. അബ്ദുറഹ്മാൻ, സി.ടി. അബ്ദുറഹ്മാൻ, സുബൈദ.

ചവറ സ്വദേശി ഹൈദ്രാബാദിൽ അപകടത്തിൽ മരിച്ചു

സുരേഷ് കുമാർ

കരുനാഗപ്പള്ളി: ചവറ സ്വദേശി ഹൈദ്രാബാദിൽ ഉണ്ടായ അപകടത്തിൽ ചവറ സ്വദേശി മരിച്ചു. ചെറുശേരിഭാഗം സൂര്യ സാഗരത്തിൽ (രവീന്ദ്രവിലാസം) സുരേഷ് കുമാർ (52) ആണ് അപകടത്തിൽ മരിച്ചതായി ബന്ധുക്കൾക്ക് വിവരം ലഭിച്ചത്. ഹൈദ്രാബാദിൽ കരാർ കമ്പനിക്കൊപ്പം ജോലി ചെയ്ത് വരുകയായിരുന്നു സുരേഷ് കുമാർ. പതിവ് പോലെ ഇന്നലെ ജോലി ചെയ്യുന്നതിനിടയിൽ വലിയ ബീം യന്ത്രം ഉപയോഗിച്ച് മുകളിലേക്കുയർത്തുന്നതിടയിൽ യന്ത്രത്തിൽ ബീമുമായി ബന്ധിപ്പിച്ചിരുന്ന കമ്പി പൊട്ടി ബീം ദേഹത്ത് വീണാണ് അപകടം ഉണ്ടായതെന്നാണ് ബന്ധുക്കൾക്ക് കിട്ടിയ വിവരം. ഭാര്യ: പ്രസന്ന (ഉഷ). മക്കൾ: സാഗർ, സൂര്യൻ.

മകന് മരുന്ന് വാങ്ങാൻ പോയ പിതാവ് അപകടത്തിൽ മരിച്ചു

എബ്രഹാം

തൊടുപുഴ: മകന് മരുന്ന് വാങ്ങാൻ കോട്ടയത്തിനു പോയ പോയ പിതാവ് അപകടത്തിൽ മരണമടഞ്ഞു. വ്യാഴാഴ്ച ഉച്ചയ്ക്ക് പാലായിൽ ഉണ്ടായ അപകടത്തിൽ അഞ്ചിരി അള്ളുങ്കൽ വക്കൻ എന്ന് വിളിക്കുന്ന എബ്രഹാമാണ് (54) മരണമടഞ്ഞത്. വർഷങ്ങളായി അബ്രാഹത്തിന്റെ മകൻ ജോജി വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. നാട്ടുകാരുടെ സഹായത്തോടെ ചികിത്സ നടന്നു വരുന്നതിനിടയിലാണ് ദുരന്തം. വയറ്റിൽ രോഗബാധയുള്ള കുട്ടിയുടെ മെഡിക്കൽ ബാഗ് മാറേണ്ട സമയമായിരുന്നു. അത് വാങ്ങുന്നതിനു ഇരുചക്ര വാഹനത്തിൽ കോട്ടയത്തിനു പോയി വരുമ്പോൾ പാലാ ടൗണിൽ വച്ച് ലോറി ബൈക്കിലിടിക്കുകയായിരുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ പ്രേവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംസ്ക്കാരം കല്ലാനിക്കൽ സെന്റ് ജോർജ് പള്ളിയിൽ നടത്തി. ഭാര്യ: റോസിലി. മക്കൾ: ജോയ്സി, ജോജി .

ഇതിനിടെ വിവരം അറിഞ്ഞു ഇന്നലെ ഉച്ചയായപ്പോഴേക്കും ആരോഗ്യവകുപ്പ് അധികൃതർ മെഡിക്കൽ ബാഗ് എത്തിച്ചു മാറിവച്ചു. അൽപ്പ സമയം കഴിഞ്ഞപ്പോൾ പിതാവിന്റെ ചേതനയറ്റ ശരീരം വീട്ടിലെത്തിക്കുകയും ചെയ്തു.

ജനറൽ വാർത്തകൾ

ബ്രിട്ടനിൽ നിന്നെത്തിയ യുവാവിന് കോഴിക്കോട് ആസ്റ്റർ മിംസിൽ വിദഗ്ധ ചികിത്സ

കോഴിക്കോട് : കൊവിഡ് കടമ്പകൾ കടന്ന് വിദഗ്ധ ചികിത്സയ്ക്കായ് മലയാളി യുവാവ് കോഴിക്കോട് ആസ്റ്റർ മിംസിലെത്തി. സംസ്ഥാന ആരോഗ്യ വകുപ്പിന്നേയും ജില്ലാ ഭരണകൂടത്തിന്റേയും പ്രത്യേക അനുമതിയോടെ തലശേരി സ്വദേശിയായ പ്രസാദ് ദാസാണ് ഇന്നലെ രാവിലെ കോഴിക്കോട്ടെത്തിയത്. ബ്രിട്ടനിലെ നോട്ടിങ്ങ്ഹാമിൽ നിന്നും പ്രത്യേകം ചാർട്ട് ചെയ്ത വിമാനത്തിൽ രാവിലെ ഒമ്പതോടെയാണ് പ്രസാദും കുടുംബവും എത്തിയത്. വിമാനത്താവളത്തിൽ നിന്നു തന്നെ പ്രാഥമിക കൊവിഡ് ടെസ്റ്റുകൾ നടത്തിയ ശേഷം പ്രത്യേകം സജ്ജീകരിച്ച ആംബുലൻസിലാണ് മിംസിലെത്തിച്ചത്. നോട്ടിങ്ങ്ഹാമിൽ ഐടി മേഖലയിൽ ജോലി ചെയ്യുന്ന ഇദ്ദേഹം കുറച്ച് നാളുകളായി ഉദരസംബന്ധമായ അസുഖത്തെ തുടർന്ന് അവിടെ ചികിത്സയിലായിരുന്നു. ഒരു വർഷം മുൻപ് കോഴിക്കോട് ആസ്റ്റർ മിംസിലെ ഗ്യാസ്ട്രോ സർജറി വിഭാഗത്തിൽ നിന്ന് ചികിത്സ പൂർത്തീകരിച്ച് യുകെ യിലേക്ക് മടങ്ങിയ ഇദ്ദേഹം കുടുംബസമേതം അവിടെ താമസമാണ്.

കൊറോണ വ്യാപനത്തിന്റെ വ്യാപ്തി അനുദിനം വർധിച്ച് വരുന്നതും ആശുപത്രിയിലുൾപ്പെടെ കൊറോണ പ്രതിരോധത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതുമാണ് കേരളത്തിലേക്കെത്തി ചികിത്സ നൽകുവാൻ കുടുംബത്തെ പ്രേരിപ്പിച്ചത്. തുടർന്ന് കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റൽ സീനിയർ ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ സർജൻ ഡോ. അഭിഷേക് രാജനെ ബന്ധപ്പെട്ടു. നിലവിൽ കൊവിഡ് 19 മായി ബന്ധപ്പെട്ടുള്ള നിയന്ത്രണങ്ങൾ ഉള്ളതിനാൽ വിദേശങ്ങളിൽ നിന്ന് രോഗിയെ കേരളത്തിലെത്തിക്കുക എളുപ്പമായിരുന്നില്ല. ഇതിനായി കലക്റ്ററേറ്റുമായും, ഹെൽത്ത് ഡിപ്പാർട്ട്മെന്റുമായും ബന്ധപ്പെടുകയും ആവശ്യമായ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കുകയും ചെയ്തു. ഇതിന് ശേഷമാണ് നോട്ടിങ്ങ്ഹാമിൽ നിന്നും ഫ്ലൈറ്റ് ചാർട്ട് ചെയ്ത് രോഗിയെ കോഴിക്കോട് ആസ്റ്റർ മിംസിൽ എത്തിച്ചത് . ബ്രിട്ടൻ പോലുള്ളൊരു വിദേശ രാജ്യത്തു നിന്നും ഈ കൊവിഡ് കാലത്ത് മെച്ചപ്പെട്ട ചികിത്സ തേടി എത്തിയത് കേരളത്തിന്റെ ആരോഗ്യ മേഖലക്ക് അഭിമാനിക്കാവുന്ന മുഹൂർത്തമാണെന്ന് ആസ്റ്റർ മിംസ് അധികൃതർ. കൊവിഡ് ടെസ്റ്റ് ലാബിന് കേന്ദ്ര അംഗീകാരം ലഭിച്ച സ്വകാര്യ മേഖലയിലെ കേരളത്തിലെ ഏക ആശുപത്രി കോഴിക്കോട് ആസ്റ്റർ മിംസ് ആണ് എന്നത് രോഗികൾക് വലിയ പ്രതീക്ഷയാണ് നൽകുന്നത് എന്നും ഡോക്റ്റർമാർ.

ഡോ. അഭിഷേക് രാജന് പുറമെ ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ സയൻസസ് വിഭാഗം മേധാവി ഡോ. അനീഷ് കുമാർ ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ സർജറി വിഭാഗം മേധാവി ഡോ. സജീഷ് സഹദേവൻ, ഡോ. സീതാലക്ഷ്മി, ഡോ. നൗഷിഫ് മുതലായവരും ചികിത്സയ്ക്ക് മേൽനോട്ടം വഹിക്കുന്നു.

നിലമേൽ സ്വദേശി ആശുപത്രി വിട്ടു; കാട്ടുപാതകളിൽ കനത്ത കാവൽ

കുളത്തൂപ്പുഴ കോവിഡ് ഹോട്ട്സ്പോട്ട് ആയതോടെ എല്ലാവരെയും ഫ്ളാഷ് തെർമോമീറ്റർ ഉപയോഗിച്ച് സ്ക്രീൻ ചെയ്യുന്നുണ്ട്.

കൊല്ലം: പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളെജ് ആശുപത്രിയിൽ കൊവിഡ് 19 ചികിത്സയിലായിരുന്ന നിലമേൽ സ്വദേശി 21 വയസുള്ള യുവാവ് ഇന്നലെ രോഗമുക്തി നേടി. ഇതോടെ കൊല്ലം ജില്ലയിൽ പോസിറ്റീവ് കേസുകൾ ആറെണ്ണം മാത്രം. ജാഗ്രതയും മികച്ച പരിചരണവും നൽകിയതോടെ പൂർണ സൗഖ്യം. സാമ്പിൾ റിസൽട്ട് രണ്ടു തവണ നെഗറ്റീവ് ആയതോടെ ആശുപത്രി വിടുകയായിരുന്നു. ഒരു മാസത്തെ ചികിത്സ കഴിഞ്ഞാണ് ഇദ്ദേഹം പുറത്തിറങ്ങുന്നത്. മാർച്ച് 24ന് നാണ് ആശുപത്രിയിലെത്തിയത്.

ചികിത്സാ കാലയളവിൽ ആരോഗ്യ പ്രവർത്തകർ തങ്ങൾക്കു വേണ്ടി കഷ്ടപ്പെട്ടത് സ്മരിക്കുന്നു. മെഡിക്കൽ കോളെജ് ആശുപത്രി സൂപ്രണ്ട് ഡോ. ഹബീബിനോടും സഹപ്രവർത്തകരോടുമുള്ള നന്ദിയും ഇദ്ദേഹം പങ്കുവച്ചു. 14 ദിവസം കർശനമായ ഗൃഹ നിരീക്ഷണത്തിൽ തുടരണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ആർ ശ്രീലത നിർദേശം നൽകി. അതേസമയം ജില്ലയിൽ കുളത്തൂപ്പുഴ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങൾ കൊവിഡ് 19 ഹോട്ട്സ്പോട്ട് മേഖലയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ദൈനംദിന ഫീൽഡ് സർവൈലൻസ് ശക്തമാക്കുന്നതിന് തീരുമാനിച്ചു. ജില്ലാതല മേൽനോട്ടത്തിനായി സർവൈലൻസ് ഓഫീസർ ഡോ ശശി, ടെക്നിക്കൽ അസിസ്റ്റന്റ് രാജു തോമസ് എന്നിവരെ നിയോഗിച്ചു.

അതേസമയം തമിഴ്നാട്ടിൽ നിന്നും ആരുടേയും ശ്രദ്ധയിൽപ്പെടാതെ കാട്ടുവഴികളിലൂടെ നാട്ടിലെത്താമെന്ന് കരുതിയാൽ തെറ്റി. കാട്ടുപാതയിലും കർശനമായ കാവലൊരുക്കിയിരിക്കുകയാണ് ജില്ലാ ഭരണകൂടം. പൊലീസ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, ആരോഗ്യപ്രവർത്തകർ, വനപാലകർ, വനം സംരക്ഷണസമിതി പ്രവർത്തകർ തുടങ്ങിയവരാണ് കാനനപാതയിൽ കാവൽ.

മൂന്ന് ഷിഫ്റ്റുകളിലായി 24 മണിക്കൂറും ഇടവഴികളിലും നിരീക്ഷണം ശക്തമാക്കി. കുളത്തുപ്പുഴ കോവിഡ് ഹോട്ട്സ്പോട്ട് ആയതോടെ എല്ലാവരെയും ഫ്ളാഷ് തെർമോമീറ്റർ ഉപയോഗിച്ച് സ്ക്രീൻ ചെയ്യുന്നുണ്ട്. അതിർത്തി കടന്ന് എത്തുന്നവരെ തത്സമയം തന്നെ കൊറോണ കെയർ സെന്ററുകളിലേക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. ജില്ലയുമായി അതിർത്തി പങ്കിടുന്ന പ്രധാന പാതകൾക്കു പുറമേയാണ് വനപാതകളിലും ജാഗ്രത പുലർത്തുന്നത്.

തമിഴ്നാട്ടിൽ നിന്നും കോട്ടവാസൽ ടണൽ വഴി ആര്യാങ്കാവ് ഫോറസ്റ്റ് ചെക്ക് പോസ്റ്റ് കടന്ന് ആളുകൾ നടന്നുവരുന്നത് തടയാൻ ഫോറസ്റ്റ്, പൊലീസ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, വനം സംരക്ഷണസമിതി പ്രവർത്തകർ, എന്നിവരുടെ സംയുക്ത സ്ക്വാഡ് ഉണ്ട്. തമിഴ്നാട് കണ്ണമ്പള്ളി മേട്, രാജാതോട്ടം വഴി റോസ്മല ആര്യങ്കാവിലേക്ക് വരുന്ന വനപ്രദേശങ്ങളിൽ ശക്തമായ കാവൽ ഏർപ്പെടുത്തി.

തമിഴ്നാട്ടിലെ പുളിയറ, ഭഗവതിപുരം എന്നിവിടങ്ങളിൽ നിന്നും ആനച്ചാടി, പ്രിയ എസ്റ്റേറ്റ് വഴി കഴുതുരുട്ടിയിൽ എത്തുന്നവഴിയും ആരോഗ്യപ്രവർത്തകർ, പോലീസ് എന്നിവരുടെ നേതൃത്വത്തിൽ നിരീക്ഷണം ശക്തമാക്കി. തമിഴ്നാട്ടിലെ കളക്കാട്, മുണ്ടൻതുറൈ, ടൈഗർ റിസർവ് വനത്തിലൂടെ കുളത്തുപ്പുഴയ്ക്കും തെന്മലയ്ക്കും ഇടയ്ക്കുള്ള എത്തുന്നവരേയും പിടികൂടാൻ ക്രമീകരണങ്ങളായി. ചെങ്കോട്ട മേക്കര വഴി കോട്ടവാസൽ ചെക്ക്പോസ്റ്റിൽ എത്താതെ ഉൾക്കാട്ടിലൂടെ അച്ചൻകോവിൽ എത്തുന്നവരേയും പിടികൂടും. കാട്ടുവഴിയിലൂടെ എത്തുന്നവരെ കർശനമായ നിരീക്ഷണത്തിൽ വയ്ക്കാനും ജില്ലാ കലക്ടർ ബി അബ്ദുൾ നാസർ നിർദേശിച്ചു.

കേരള സർവകലാശാല പരീക്ഷകൾ മെയ് രണ്ടാം വാരം മുതൽ

തിരുവനന്തപുരം: കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായിനിർത്തിവെച്ച സർവകലാശാല പരീക്ഷകൾ മെയ് രണ്ടാം വാരം മുതൽ പുനരാരംഭിക്കാൻസാധിക്കുമെന്ന് വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേർന്ന പരീക്ഷമോണിറ്ററിംഗ് സമിതി തീരുമാനിച്ചു. പരീക്ഷകൾ പുനരാരംഭിക്കാൻ പരീക്ഷാ കലണ്ടറിന് സമിതി രൂപം നൽകിയിട്ടുണ്ട്. നിലവിലെ ലോക് ഡൗൺ പിൻവലിച്ചതിനു ശേഷം പൊതു ഗതാഗത സംവിധാനങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്ന മുറയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകൾക്ക് അനുസൃതമായി മാത്രമേ പരീക്ഷാത്തീയതികൾ പ്രഖ്യാപിക്കുകയുള്ളു. മുഴുവൻ പരീക്ഷകളും കഴിഞ്ഞയുടൻ സമയബന്ധിതമായി മൂല്യനിർണയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾക്കും കമ്മിറ്റി രൂപരേഖ തയാറാക്കിയിട്ടുണ്ട്. ലോക് ഡൗൺ പിൻവലിച്ചതിനുശേഷം ആരോഗ്യവകുപ്പ് നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുമാത്രമായിരിക്കും പരീക്ഷകൾനടത്തുകയെന്നും സർവകലാശാല അറിയിച്ചു.

പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

2019 ജൂലൈ മാസം നടന്ന രണ്ടാം സെമസ്റ്റർ എം. എ. മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എസ്.സി. സുവോളജി (റെഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രപ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി മെയ്18.

കോട്ടയം മാർക്കറ്റ് പൂർണമായി അടച്ചിട്ട് ഫയർസ്റ്റേഷൻ യൂണിറ്റിന്റെയും പൊലീസിന്റെയും നേതൃത്വത്തിൽ അണുനശീകരണം നടത്തുന്നു.

കോവിഡ് ജാഗ്രത ; 25 ചുമട്ടു തൊഴിലാളികളെ കെയർ സെന്ററുകളിലേക്ക് മാറ്റും

സ്വന്തം ലേഖകൻ

കോട്ടയം: ഗ്രീൻ സോണിൽ നിന്നും ഓറഞ്ച് സോണിലേക്ക് മാറിയ കോട്ടയത്ത് പൊലീസ് പരിശോധനയും അണു വിമുക്തപ്രവർത്തനങ്ങളും ഊർജ്ജിതമായി. മാർക്കറ്റിലെ ചുമട്ട് തൊഴിലാളിക്ക് കോവിഡ് സ്ഥിരീകരിച്ചതിനെത്തുടർന്ന് ഇദ്ദേഹവുമായി സമ്പർക്കം പുലർത്തിയവർക്ക് ആരോഗ്യ വകുപ്പ് ഹോം ക്വാറന്റയിൻ നിർദേശിച്ചു. ഇതിൽ പൊതുസമ്പർക്കമില്ലാതെ കഴിയുന്നതിന് വീടുകളിൽ സൗകര്യമില്ലാത്ത 25 തൊഴിലാളികളെ ശനിയാഴ്ച കോവിഡ് കെയർ സെന്ററിലേക്ക് മാറ്റും. രോഗബാധിതൻ ലോഡിറക്കിയ എം.എൽ റോഡിൽ ചന്തക്കടവില്ലുള്ള പഴക്കട ഉൾപ്പെടെ കോട്ടയം മാർക്കറ്റിലെ ചന്തക്കവല മുതൽ കോടിമത വരെയുള്ള ഭാഗത്തെ എല്ലാ വഴികളും പൊലീസ് ബാരിക്കേഡ് ഉപയോഗിച്ച് അടച്ച ശേഷം മാർക്കറ്റിൽ അണുനശീകരണം നടത്തി. കൂടാതെ കോവിഡ് സ്ഥിരീകരിച്ച പനച്ചിക്കാട് സ്വദേശിയുമായി നേരിട്ട് സമ്പർക്കം പുലർത്തിയ ഏഴു പേരുടെ സാമ്പിളുകളും അധികൃതർ ശേഖരിച്ചിട്ടുണ്ട്.

വെള്ളിയാഴ്ച 19 പേരുടെ സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. പൊതുസമ്പർക്കമില്ലാതെ കഴിയുന്നതിന് സ്വന്തം വീടുകളിൽ സൗകര്യമില്ലാത്ത 25 തൊഴിലാളികളെയാണ് കോവിഡ് കെയർ സെന്ററിലേക്ക് മാറ്റുന്നത്.

ജില്ലയിൽ കോവിഡ് ഹോട്ട്സ്പോട്ടുകളായി പ്രഖ്യാപിച്ച രണ്ടു മേഖലകളിൽ അഗ്നിരക്ഷാ സേനയുടെ നേതൃത്വത്തിലാണ് അണുനശീകരണം നടത്തിയത്. കോട്ടയം ചന്തക്കവല മുതൽ കോടിമത ലോറിത്താവളം വരെയുള്ള പ്രദേശങ്ങളിലെ വ്യാപാര സ്ഥാപനങ്ങളും പരിസരങ്ങളും ഇവർ അണുവിമുക്തമാക്കി. രോഗം സ്ഥിരീകരിച്ച പനച്ചിക്കാട് സ്വദേശിയുടെയും ഇയാളെ തിരുവനന്തപുരത്തുനിന്നും എത്തിച്ച ഡ്രൈവറുടെയും വീടുകളിലും സമീപ മേഖലകളിലും പ്രധാന ജംഗ്ഷനുകളിലും റോഡുകളിലും അണുനാശിനി സ്പ്രേ ചെയ്തു.

ജില്ലാ ഫയർ സ്റ്റേഷൻ ഓഫീസർ കെ.വി ശിവദാസന്റെ നേതൃത്വത്തിൽ സീനിയർ ഫയർ ഓഫീസർ എച്ച്.ഹരീഷ്, ഫയർ ഓഫീസർമാരായ സി.സിജിമോൻ, പി. രതീഷ്, ആർ.ആർ ഡിനൂബ്, എസ്.എൽ. ഷെറിൻ, ശ്രീജിൻ, എം.മിഥുൻ, പ്രിയദർശൻ എന്നിവർക്കൊപ്പം ഫയർ സിവിൽ ഡിഫൻസ് വളണ്ടിയർമാരും ഈ പ്രവർത്തനത്തിൽ പങ്കാളികളായി. കോവിഡ് ബാധിച്ച വിജയപുരം സ്വദേശിയായ ചുമട്ടു തൊഴിലാളിയുടെ അയൽവാസികളുടെ വീടുകളിലും പരിസര പ്രദേശങ്ങളിലും ശനിയാഴ്ച അണുനശീകരണം നടത്തും

ആടുജീവിതത്തിന്റെ ചിത്രീകരണം വീണ്ടും ആരംഭിച്ചു

ലോകത്ത് കൊറോണ പടർന്നു പിടിച്ചതോടെ ആടു ജീവിതത്തിന്റെ ജോർദാനിലുള്ള സിനിമയുടെ ചിത്രീകരണം നർത്തിവയ്ക്കേണ്ടി വന്നു. എന്നാൽ ആശങ്കകൾ പതിയെ ഒഴിയുകയാണ്. ചിത്രത്തിന്റെ ചിത്രീകരണം പുനരാരംഭിച്ചിരിക്കുകയാണ്.

ലോക്ക്ഡൗൺ മൂലം രണ്ടാഴ്ചയോളമായി ചിത്രീകരണം മുടങ്ങിയിരിക്കുകയായിരുന്നു. പൃഥിരാജും സംവിധായകൻ ബ്ലസിയുമടക്കം 58 പേരടങ്ങുന്ന സംഘമാണ് ജോർദാനിൽ കുടുങ്ങിപ്പോയത്. പിന്നാലെ തങ്ങളെ തിരിച്ചെത്തിക്കാനായി ഇടപെടണമെന്ന് സംഘം അഭ്യർഥിച്ചിരുന്നു. എന്നാൽ ലോക്ക്ഡൗൺ ആയതിനാൽ ഒന്നും ചെയ്യാൻ സാധിച്ചില്ലായിരുന്നു

പ്രേക്ഷകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രമാണ് ആടുജീവിതം. ചിത്രത്തിനായി മാസങ്ങളോളം കഷ്ടപ്പെട്ടായിരുന്നു പൃഥിരാജ് ശരീരഭാരം കുറച്ചത്. താരത്തിന്റെ അമ്പരപ്പിക്കുന്ന മേക്കോവർ ചിത്രത്തെ കുറിച്ചുള്ള ആരാധകരുടെ പ്രതീക്ഷ വാനോളം ഉയർത്തിയിരിക്കുന്നത്.



വിത്യസ്ത ചിത്രങ്ങളുമായ് ബിഗ് ബി

പ്രണയതരളിതമായും ചിരിപ്പിക്കുന്ന കഥാപാത്രങ്ങളും അമിതാഭ് ബച്ചൻ ചെയ്തിട്ടുണ്ട്. ഇന്നും അമിതാഭ് ബച്ചന്റെ സിനിമകൾക്ക് പ്രേക്ഷകരുണ്ട്. അമിതാഭ് ബച്ചൻ ഷെയർ ചെയ്ത ഒരു ഫോട്ടോയാണ് ആരാധകർ ഇപ്പോൾ ചർച്ചയാക്കുന്നത്. രണ്ട് ഭാവങ്ങളിലുള്ള രണ്ട് ഫോട്ടോകളാണ് അമിതാഭ് ബച്ചൻ ഫേസ്ബുക്കിൽ ഷെയർ ചെയ്തിരിക്കുന്നത്.

നിഷ്കളങ്കത തോന്നിപ്പിക്കുന്നതാണ് ഒരു ഫോട്ടോ. മറ്റൊന്ന് ക്ഷുഭിതമായ യൗവനത്തെ കാട്ടുന്നതും. എന്തായാലും നിരവധി ആരാധകരാണ് കമന്റുകൾ രേഖപ്പെടുത്തി രംഗത്ത് എത്തുന്നത്. നിഷ്കളങ്കതയുടെ പ്രായം കഴിഞ്ഞുവെന്നാണ് അമിതാഭ് ബച്ചൻ ഫോട്ടോയ്ക്ക് അടിക്കുറിപ്പ് എഴുതിയിരിക്കുന്നത്. എന്നാൽ ഇപ്പോൾ 29കാരനായ അനുഭവപരിചയത്തിന്റെ അമ്പത് വർഷങ്ങളുള്ള ആൾ എന്നാണ് ഒരു ആരാധകൻ എഴുതിയിരിക്കുന്നത്. മിക്ക ആരാധകർക്കും അമിതാഭ് ബച്ചൻ മറുപടി നൽകിയിട്ടുമുണ്ട്.

ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്ത് രജനികാന്ത്

ലോക്ഡൗണിൽ കഷ്ടപ്പെടുന്ന നടികർസംഘത്തിലെ അംഗങ്ങളായ ആയിരം കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്ത് രജനികാന്ത്. അരി, പച്ചക്കറികൾ, പാലും മറ്റു സാധനങ്ങളും അടങ്ങുന്ന കിറ്റാണ് രജനികാന്ത് ഫാൻ ക്ലബ് വഴി വിതരണം ചെയ്തിരിക്കുന്നത്.

നേരത്തെ തെന്നിന്ത്യൻ താര സംഘടനയായ ഫെഫ്സിക്കായി 50 ലക്ഷം രൂപയും രജനികാന്ത് സഹായധനം നൽകിയിരുന്നു. രാഘവ ലോറൻസ്, ശിവകാർത്തികേയൻ, വിശാൽ തുടങ്ങിയ സിനിമാതാരങ്ങളും സഹായധനം നൽകി രംഗത്തെത്തിയിരുന്നു.

ലൂസിഫർ തെലുങ്ക് റീമേക്കിന് കാരണമായി പ്രഭാസ്

ലൂസിഫർ തെലുങ്കിലേക്ക് റീമേക്ക് ചെയ്യുന്നതായി അടുത്തിടെ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. തെലുങ്കിലെ സൂപ്പർഹിറ്റ് താരമായ ചിരഞ്ജീവിയായിരിക്കും മോഹൻലാൽ അവതരിപ്പിച്ച സ്റ്റീഫൻ നെടുമ്പള്ളിയുടെ വേഷം ചെയ്യുന്നതെന്നും വാർത്തകൾ വന്നിരുന്നു. ഇപ്പോഴിതാ ലൂസഫറിന്റെ തെലുങ്ക് റീമേക്കിന് പ്രഭാസും ഒരു വഴികാട്ടിയാകുകയാണ്.

ലൂസിഫറിന്റെ തെലുങ്ക് റീമേക്കിനായുള്ള ചർച്ചകൾ തുടങ്ങിയിട്ട് കുറിച്ചായി. ചർച്ചകൾ തുടങ്ങിയപ്പോൾ മുതൽ തെലുങ്കിലെ ഹിറ്റ് സംവിധായകൻ സുകുമാർ ചിത്രമൊരുക്കും എന്നായിരുന്നു പറഞ്ഞിരുന്നത്. പക്ഷേ അല്ലു അർജുൻ ചിത്രം പുഷ്പയുടെ തിരക്കിലായിരുന്നു സുകുമാർ. ഇതോടെ സംവിധായകനായി വേറെയാളെ നിശ്ചയിക്കണമെന്ന രീതിയിലായി ചർച്ചകൾ.

ചിരഞ്ജീവി ചിത്രം സെയ്റാ നരസിംഹ റെഡ്ഢിയുടെ പ്രചരണാർഥം കൊച്ചിയിൽ താരം എത്തിയപ്പോഴായിരുന്നു ലൂസിഫറിന്റെ തെലുങ്ക് റീമേക്ക് അവകാശം നേടിയതായി പ്രഖ്യാപിക്കുകയുണ്ടായത്. സുകുമാർ പിന്മാറിയതോടെ പുതിയ സംവിധായകനെ തേടിക്കൊണ്ടിരിക്കുകയായിരുന്നു ചിരഞ്ജീവിയും മകൻ രാം ചരണും. ഈ സമയം നാഗ് അശ്വിൻ സംവിധാനം ചെയ്യുന്ന സയൻസ് ഫിക്ഷൻ ത്രില്ലർ ചിത്രത്തിൽ നായകനായി ചിരഞ്ജീവിയെ തീരുമാനിച്ചിരുന്നു. എന്നാൽ ചിരഞ്ജീവി ആ

വേഷത്തിലേക്ക് ബാഹുബലി താരം പ്രഭാസിനെ നിർദേശിക്കുകയുണ്ടായി.

ഈ സമയം പ്രഭാസിന്റെ മുൻ ചിത്രമായ സാഹോ ഒരുക്കിയ സുജീത്ത് പുതിയ സിനിമയൊരുക്കാനുള്ള ശ്രമത്തിലായിരുന്നു. പുതിയ സിനിമയ്ക്ക് സുജീത് പ്രഭാസിനെ സമീപിച്ചപ്പോൾ സുഹൃത്തായ രാം ചരണിനെ കാണാൻ സുജീത്തിനോട് പ്രഭാസ് പറയുകയുണ്ടായി. പുതിയൊരു കഥ രാം ചരണിനോട് പറയാനുള്ള അവസരമാണ് പ്രഭാസ് സുജീതിനായി ഒരുക്കിയത്. എന്നാൽ ചിരഞ്ജീവിയുടെ നിർമാണ കമ്പനിയായ കോണിഡെല പ്രൊഡക്ഷൻസ് ഈ സമയം ലൂസിഫറിന്റെ റീമേക്ക് ഒരുക്കുന്നതിനായുള്ള സംവിധായകനെ തേടിക്കൊണ്ടിരിക്കുകയായിരുന്നു. ലൂസിഫർ തെലുങ്കിൽ സംവിധാനം ചെയ്യാൻ കഴിവുള്ള സംവിധായകനെ രാം ചരൺ സുജീതിൽ കണ്ടെത്തുകയായിരുന്നു.

സുജീത്തിനോട് ലൂസിഫർ സംവിധാനം ചെയ്യാനാകുമോ എന്ന് രാംചരൺ ചോദിക്കുന്നത് അങ്ങനെയാണ്. സുജീത് ഇത് സമ്മതിച്ചതോടെയാണ് തെലുങ്ക് ലൂസിഫർ പ്രഖ്യാപിച്ചത്. ചിരഞ്ജീവിയുടേതായി ഇപ്പോൾ ചിത്രീകരണം നടന്നുകൊണ്ടിരിക്കുന്ന ആചാര്യ പൂർത്തിയാക്കിയതിന് ശേഷം മാത്രമായിരിക്കും ലൂസിഫർ തെലുങ്ക് റീമേക്കിന്റെചിത്രീകരണം ചിരഞ്ജീവി ആരംഭിക്കുന്നത്.

2014-ൽ തന്റെ 23ാം വയസിൽ 'റൺ രാജ റൺ' എന്ന ചിത്രമൊരുക്കിയ ആളാണ് സുജീത് സൈൻ റെഡ്ഡി. പിന്നീട് സുജീത്ത് സിനിമകളൊന്നും ചെയ്തിരുന്നില്ല. അഞ്ച് വർഷങ്ങൾക്ക് ശേഷം 2019-ൽ സുജീത്ത് തിരിച്ചുവന്നത് 350 ബിഗ്ബഡ്ജറ്റിൽ ഒരിക്കയ സാഹോ എന്ന ചിത്രവുമായിട്ടായിരുന്നു.

25000 ആളുകൾക്ക് കൂടി ഭക്ഷണം നൽകാൻ സോനു സൂദ്

രാജ്യത്ത് ലോക്ക് ഡൗൺ പ്രാഖ്യാപിച്ചിരിക്കെ ഈ റംസാൻ മാസത്തിൽ അതിഥി തൊഴിലാളികൾക്കും സഹായം നൽകാനൊരുങ്ങി നടൻ സോനു സൂദ്. 25,000 അതിഥി തൊഴിലാളികൾക്കും കൂടി താൻ ഭക്ഷണം നൽകുമെന്ന് വ്യക്തമാക്കിയിരിക്കുകയാണ് താരം. നിലവിൽ 45,000 ആളുകൾക്ക് താരം ഭക്ഷണം നൽകുന്നുണ്ട്.

കൂടാതെ ആരോഗ്യപ്രവർത്തകർക്ക് താമസിക്കാനായി തന്റെ ആറ് നിലയുള്ള ഹോട്ടലും താരം വിട്ടു നൽകിയിട്ടുണ്ട്. കർണാടക, ഉത്തർപ്രദേശ്, ബിഹാർ, പശ്ചിമ ബംഗാൾ എന്നിവടങ്ങളിൽ നിന്നും എത്തിയ തൊഴിലാളികളാണ് രാജസ്ഥാനിലെ ബിവാഡിയിൽ കുടുങ്ങിയത്. അവിടെ തന്നെ അടുക്കള ഒരുക്കി ഭക്ഷണം നൽകാനാണ് സോനു ആലോചിക്കുന്നത്.

'വിശുദ്ധ മാസത്തിനായുള്ള അവരുടെ ആവശ്യകതകൾ പരിഗണിക്കുമെന്ന് ഞാൻ അവർക്ക് ഉറപ്പ് നൽകി. ഈ പ്രയാസകരമായ സമയത്ത് നമ്മൾ ഓരോരുത്തരും മറ്റൊരാൾക്ക് വേണ്ടി നിലകൊള്ളണം. ഈ സംരംഭത്തിലൂടെ ഞങ്ങൾ പ്രത്യേക ഭക്ഷണ കിറ്റുകൾ നൽകും, അതിനാൽ ദിവസം മുഴുവൻ ഉപവസിച്ചതിന് അവർക്ക് ഭക്ഷണം കഴിക്കാം'-എന്ന് സോനു പറയുന്നു.

ഐശ്വര്യയ്ക്ക് ഒപ്പമുള്ള സിനിമയെ കുറിച്ച് ഷാരൂഖ്

ഏറെ ആരാധകരുള്ള താരങ്ങളാണ് ഷാരൂഖ് ഖാനും ഐശ്വര്യറായും. ബോളിവുഡിൽ ഏറെ ഹിറ്റ് ചിത്രങ്ങളാണ് ഇരുവരും സമ്മാനിച്ചിരിക്കുന്നത്. ഇവർക്കൊപ്പം അഭിനയിക്കാനുള്ള ആഗ്രഹവും കൊണ്ട് നടക്കുന്ന ഒരുപാട് താരങ്ങളുണ്. ഐശ്വര്യയ്ക്കൊപ്പം അഭിനയിച്ചപ്പോഴുണ്ടായ ഒരു നിർഭാഗ്യകരമായ സംഭവം വെളിപ്പെടുത്തുകയാണ് ഷാരൂഖ്.

2018-ലെ ഒരു പുരസ്കാര വേദിയിൽ വെളിപ്പെടുത്തിയ സംഭവമാണ് സോഷ്യൽ മീഡിയയിൽ വീണ്ടും ചർച്ചയാകുന്നത്. ഒരു ചിത്രത്തിൽ ഐശ്വര്യയുടെ സഹോദരനായി അഭിനയിക്കേണ്ടി വന്നു. അത് കരിയറിലെ ഏറ്റവും നാണക്കേട് ഉണ്ടായക്കിയ സംഭവമാണെന്നാണ് എസ്ആർ കെ പറയുന്നത്. 2000-ത്തിൽ പുറത്തിറങ്ങിയ ജോഷ് എന്ന ചിത്രത്തിലാണ് ഐശ്വര്യറായിയുടെ ഇരട്ട സഹോദരനായി ഷാരൂഖ് വേഷമിട്ടത്.

ഷാരൂഖ് ഖാന്റെ വാക്കുകൾ ഇങ്ങനെ...'ഐശ്വര്യക്കൊപ്പം ഞാൻ വളരെ നിർഭാഗ്യവാനാണ്. ഞങ്ങളുടെ ആദ്യത്തെ സിനിമയിൽ, ലോകത്തിലെ ഏറ്റവും സുന്ദരിയായ ഐശ്വര്യ, പ്രപഞ്ചത്തിലും എല്ലാ ഗ്രഹങ്ങളിലേയും സുന്ദരിയായ ഐശ്വര്യ എന്റെ സഹോദരിയായിരുന്നു എന്നത് ലജ്ജാകരമാണ്. അവർ എന്റെ ഇരട്ട സഹോദരിയായിട്ടാണ് അഭിനയിച്ചത്, ഞങ്ങളെ കാണുമ്പോൾ ഒരു പോലുണ്ട് എന്ന് ആളുകൾ എന്നോട് പറഞ്ഞു. എന്നാണ് പുരസ്കാര വേദിയിൽ ഷാരൂഖ് പറഞ്ഞത്. ഷാരൂഖിന്റെ വെളിപ്പെടുത്തൽ കയ്യടികളോടെയാണ് സദസ് ഏറ്റെടുത്തത്.

ബോളിവുഡിലെ അടുത്ത സുഹൃത്തുക്കളാണ് ഐശ്വര്യയും ഷാരൂഖും. വിരലിൽ എണ്ണാവുന്ന ചിത്രങ്ങൾ മാത്രമാണ് ഇരവരും ഒന്നിച്ച് അഭിനയിച്ചത്. ഐശ്വര്യ- ഷാരൂഖ് ജോഡികൾ ഒന്നിച്ചഭിനയിച്ച ചിത്രമായ ദേവദാസ് ഏറെ ജന ശ്രദ്ധനേടിയ ചിത്രമാണ്.

ഷാക്കിബിന്റെ ബാറ്റിന് 18 ലക്ഷം രൂപ

ധാക്ക · കൊവിഡ് പ്രതിരോധത്തിനു പണം കണ്ടെത്താൻ ബംഗ്ലദേശ് ഓൾറൗണ്ടർ ഷാക്കിബ് അൽ ഹസൻ ലേലത്തിനു വച്ച ക്രിക്കറ്റ് ബാറ്റിനു കിട്ടിയത് 24,000 ഡോളർ (18.24 ലക്ഷം രൂപ). കഴിഞ്ഞ ലോകകപ്പ് ക്രിക്കറ്റിൽ ഷാക്കിബ് ഉപയോഗിച്ച ബാറ്റാണു ലേലത്തിനു വച്ചത്.യുഎസിൽ താമസമാക്കിയ ബംഗ്ലദേശുകാരനാണു ബാറ്റ് ലേലത്തിൽ പിടിച്ചത്. കഴിഞ്ഞ ലോകകപ്പിൽ 606 റൺസും 11 വിക്കറ്റുകളും നേടി തകർപ്പൻ പ്രകടനമാണു ഷാക്കിബ് നടത്തിയത്. കൊവിഡ് പ്രതിരോധത്തിനു തുക കണ്ടെത്തുന്നതിനായിരുന്നു ഷാക്കിബ് ബാറ്റ് ലേലത്തിൽവച്ചത്.

തുക മുഴുവനും സർക്കാരിന്റെ ദുരിതാശ്വാസ ഫണ്ടിലേക്കു നൽകി.

കൊറോണ: പന്തിൽ ഇനി തുപ്പൽ വേണ്ട, ചുരണ്ടാം

ദുബായ്· ക്രിക്കറ്റിൽ ഇനി പന്തു ചുരണ്ടൽ വിവാദമുണ്ടാകില്ലെന്നു പ്രതീക്ഷിക്കാം. പന്തു ചുരണ്ടുന്നവരെന്ന ചീത്തപ്പേര് ഇനിയങ്ങോട്ട് ‘നല്ല പേരാകുന്ന കാലം വരുന്നു. കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പന്തു ചുരണ്ടുന്നതിന് നിയമസാധുത നൽകുന്ന കാര്യം രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിന്റെ (ഐസിസി) സജീവ പരിഗണനയിലാണ്! എന്നാൽ, പന്തിൽ തുപ്പലോ വിയർപ്പോ പുരട്ടാൻ പാടില്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ പന്തിന്റെ തിളക്കം കുറയ്ക്കാനും കൂടുതൽ സ്വിങ് കിട്ടാൻ സഹായിക്കുന്നതിനും ക്രിക്കറ്റ് താരങ്ങൾ പന്തിൽ തുപ്പലും വിയർപ്പും പുരട്ടുന്നത് പതിവാണ്. പേസ് ബോളർമാരാണ് ഈ പരിപാടിയുടെ സ്ഥിരം ചെയ്യുന്നത്. പക്ഷേ, സ്വിങ് ബോളർമാരുടെ സ്ഥിരം പരിപാടിയായിരുന്ന ഈ ‘തുപ്പൽ പുരട്ടൽ’ ഉൾപ്പെടെയുള്ള പല കാര്യങ്ങളും കൊറോണക്കാലം കഴിയുന്നതോടു കൂടി അപ്രത്യക്ഷമായേക്കാം! രോഗാണുക്കൾ പരസ്പരം പടരാൻ ഒന്നാന്തരം വഴിയാണെന്നതു തന്നെ കാരണം. വൈറസ് വ്യാപനത്തിന്റെ പ്രധാനപാതയെന്ന നിലയിൽ തുപ്പൽ വച്ചുള്ള ‘കളി’ ക്രിക്കറ്റിൽ ഇനിയും അനുവദിക്കാൻ സാധ്യതയില്ല.

ക്രിക്കറ്റിലെ ‘തുപ്പൽ-വിയർപ്പ്’ പ്രയോഗങ്ങൾ നിയന്ത്രിക്കണമെന്നത് ആരോഗ്യ വിദഗ്ധരെല്ലാം പണ്ടേ ആവശ്യപ്പെടുന്ന കാര്യമാണ്. സ്വിങ് ബോളിങ്ങിന്റെ ആശാൻമാരാണ് ഇക്കാര്യത്തിൽ വമ്പൻമാർ. തുപ്പലോ വിയർപ്പോ പുരട്ടി പന്തിന്റെ ഒരു ഭാഗം മിനുക്കിയാൽ റിവേഴ്സ് സ്വിങ് ലഭിക്കും എന്നതാണ് കാര്യം. കളികൾ വീണ്ടുമാരംഭിക്കുമ്പോൾ പേസ് ബോളർമാരെ ഏറ്റവും അലട്ടുന്നത് ഇക്കാര്യമാകും. ഇന്ത്യൻ ബോളർ ഭുവനേശ്വർ കുമാറും ഓസീസ് പേസർ പാറ്റ് കമ്മിൻസും ഇക്കാര്യത്തിൽ ആശങ്ക പ്രകടിപ്പിച്ചു കഴിഞ്ഞു. ‘പന്ത് തുപ്പലു പുരട്ടി മിനുക്കുന്നത് ടെസ്റ്റ് മത്സരങ്ങളിൽ അനിവാര്യമാണെന്നാണ് ഇരുവരും പറയുന്നത്. ഓസ്ട്രേലിയൻ ക്രിക്കറ്റ് ടീമിനുമേലും സൂപ്പർതാരങ്ങളായ സ്റ്റീവ് സ്മിത്ത്, ഡേവിഡ് വാർണർ എന്നിവരുടെ മേലും തീരാകളങ്കമേൽപ്പിച്ച സംഭവമാണ് കുപ്രസിദ്ധമായ പന്തുചുരണ്ടൽ വിവാദം. ഇതോടെ ഇരുവരും കൂടുതൽ കളങ്കരഹിതരാകുമെന്നു കരുതാം.

ഷൂവിലൊളിപ്പിച്ച സന്തോഷവും ദുഃഖവും

stomy days 4

ടോം ജോസഫ്

വലിയ സ്വപ്നങ്ങൾ സ്വരുക്കൂട്ടി സ്പോർട്സ് അഥോറിറ്റി ഓഫ് ഇന്ത്യയിലേക്ക്. കൂടെ എന്നും തണലായിരുന്നു പ്രിയപ്പെട്ട ചാച്ചൻ.ഞാൻ ചാച്ചനൊപ്പം കോഴിക്കോട് സ്റ്റാൻഡിൽ ബസ് ഇറങ്ങി. നല്ല മഴ. ചാച്ചന്റെ കയ്യിലുണ്ടായിരുന്ന കുടക്കീഴിൽ ഞങ്ങൾ രണ്ടു പേരും സായി ലക്ഷ്യമാക്കി നടന്നു. സായിയിലേക്കുള്ള ചെറിയ പോക്കറ്റ് റോഡിലൂടെ ദുർഘടമായൊരു യാത്ര. മഴയത്തെ ഓവുചാൽ നിറഞ്ഞൊഴുകുകയായിരുന്നു. അഴുക്കുവെള്ളവും മഴവെള്ളവും ചേർന്നു വഴിയാകെ മലിനം. പതിയെ ഞങ്ങളിരുവരും നടന്നു. ചാച്ചൻ എന്തൊക്കെയോ സംസാരിക്കുന്നുണ്ടായിരുന്നു. എന്റെ മനസിൽ മുഴുവൻ സായി സെന്ററിൽ എങ്ങനെയായിരിക്കും കാര്യങ്ങൾ എന്ന അങ്കലാപ്പായതിനാൽ കാര്യമായ മറുപടിയൊന്നും പറഞ്ഞില്ല.

വരുന്നിടത്തുവച്ചു കാണാമെന്ന ആത്മവിശ്വാസ വചനമായിരുന്നു പിതാവ് പകർന്നത്. എന്നാൽ, പെട്ടെന്നായിരുന്നു അത് സംഭവിച്ചത്. കാൽ അൽപ്പം ആഴത്തിലേക്ക് പോവുന്ന പോലെ തോന്നിയതും ദേ കിടക്കുന്നു ഞാൻ ആ ഓവു ചാലിൽ. ഉടുത്ത മുണ്ടും ഷർട്ടും എല്ലാം നനഞ്ഞു. ഡ്രസിനു കറുത്ത കളറും ദുർഗന്ധവും. ആരെങ്കിലും കണ്ടു കാണുമോ എന്നായി ചിന്ത. കനത്ത മഴ പെയ്യുന്ന സമയമായതുകൊണ്ട് അവിടെങ്ങും ആരുമില്ലായിരുന്നു. ചാച്ചൻ എന്നെ ആ ഓവുചാലിൽ നിന്നും പിടിച്ചു കയറ്റി.

അങ്ങനെ ആ നനഞ്ഞ ഷർട്ടുമായി സായിയിലേക്ക്. ഇൻഡോർ സ്റ്റേഡിയത്തോട് ചേർന്നു തന്നെയാണ് സായി സെന്റർ. ഓഫീസിനു പുറത്ത് ഞാൻ നിന്നു. ചാച്ചൻ കാര്യങ്ങൾ അന്വേഷിക്കാൻ അകത്തേക്കു പോയി. പിന്നാലെ ഒരു സ്റ്റാഫ് വന്ന് എന്നെ വിളിച്ചുകൊണ്ടുപോയി. കുളിച്ചു മിടുക്കനായി വരാനായിരുന്നു സ്റ്റാഫിന്റെ ഉപദേശം. അങ്ങനെ കുളിച്ചു ഫ്രഷായി ഓഫീസിലേക്കു ഞാനുമെത്തി. അവിടെ ജോസഫ് സാറും ഏതാനും സ്റ്റാഫും ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ ചാച്ചന്റെ എടുത്തു പോയി നിന്ന് ആ ഓഫീസിൽ ഉള്ള ട്രോഫികളും മറ്റുമൊക്കെ നോക്കികൊണ്ട് നിന്നു. അപ്പോഴേക്കും അവിടുത്തെ രജിസ്റ്ററിൽ എന്റെ പേരും വിവരങ്ങളും മറ്റും ചേർത്തിരുന്നു. അങ്ങനെ ചാച്ചനോട് ഇനി നിങ്ങൾക്ക് പോവാം എന്നു കോച്ച് പറഞ്ഞതനുസരിച്ചു ഞങ്ങൾ ഓഫീസിൽ നിന്നും ഇറങ്ങി. അവശ്യസാധനങ്ങളെല്ലാം ചാച്ചൻ കരുതിയിരുന്നു. അതെല്ലാം തന്ന് കൂടെയൊരു ഒരു 500 രൂപയും കയ്യിൽ തന്നു.

ചാച്ചൻ വീട്ടിലേക്കു തിരിച്ചുപോയി.അപ്പോൾ തന്നെ ഓഫീസിൽ ഉണ്ടായിരുന്ന ഒരു സ്റ്റാഫ് വന്നു എന്നെയും കൂട്ടി ഇൻഡോർ സ്റ്റേഡിയത്തിനനുത്തുള്ള ഒരു ഹാളിലേക്കു കൊണ്ട് പോയി. ആ ഹാളിൽ കുറെ മെത്തകളും ചില ബെഡിൽ കൊതുകുവലകളും കെട്ടിയിരിക്കുന്നു. എന്നോട് കൊതുകുവല ഇല്ലാത്ത ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു ബെഡ് എടുത്തുകൊള്ളൂ എന്നു പറഞ്ഞു. അങ്ങനെ ഞാൻ ഹാളിൽ കയറി ഒരു മൂലയിൽ ആയി കൊതുകുവല കെട്ടാത്ത ഒരു ബെഡിന്റെ അടുത്ത് പോയി കയ്യിൽ ഉള്ള സാധനങ്ങളെല്ലാം ബെഡിനു താഴെവച്ചു പതുക്കെ പുറത്തേക്കിറങ്ങി. ഞാൻ ആദ്യമായി വീട്ടിൽ നിന്നും മാറിനിൽക്കുന്നതിന്റെ വിഷമത്തിൽ ഓരോന്നു ചിന്തിച്ചുനിൽക്കുമ്പോഴാണ് അവിടെയുണ്ടായിരുന്ന സീനിയർ കളിക്കാരായ മുജീർ,ഷിജോ,യാസിർ, മുഹമ്മദ് എന്നിവർ എന്റെ അടുത്ത് വന്നു പേരും സ്ഥലവും ഒക്കെ ചോദിച്ചറിഞ്ഞു. റോയ് ജോസഫിന്റെ അനിയനായതിൽത്തന്നെ അവർക്കും എന്നോടു ബഹുമാനമായിരുന്നു.

ടോം പിതാവായ ജോസഫിനും മകനായ സ്റ്റുവർട്ടിനുമൊപ്പം.

ഇത്രയും നാൾ വീട്ടിൽ എല്ലാവർക്കുമൊപ്പമായിരുന്ന ഞാൻ ഇന്നാദ്യമായി മാറിക്കിടക്കുയാണ്. കിടന്നിട്ട് ഉറക്കംവരുന്നില്ല. വീട്ടിലെ ഓർമകൾ. കൂട്ടുകാർക്കൊപ്പമുള്ള ദിവസങ്ങൾ ഒക്കെ മനസിലേക്ക്. കണ്ണുനിറഞ്ഞു വന്നു. കുറച്ചു കഴിഞ്ഞ് എഴുന്നേറ്റു നോക്കുമ്പോൾ അടുത്ത ബെഡിൽ ഒരു കൊതുകുവലയ്ക്കുള്ളിൽ ഒരാൾ കിടക്കുന്നത് കണ്ടു. അത് പ്രവീൺസിംഗ് എന്നൊരു ഹിന്ദിക്കാരൻ ആയിരുന്നു കിടന്നിരുന്നത്. എന്നെ പോലെ അവനും ആദ്യമായി വീടുവിട്ട് മാറി താമസിക്കുന്നതിന്റെ വിഷമത്തിലായിരുന്നു. ഹിന്ദിക്കാരൻ ആണെന്ന് മനസ്സിലായപ്പോൾ മലയാളമല്ലാതെ മറ്റൊരു ഭാഷയുമറിയില്ലാത്ത ഞാൻ അവനെ നോക്കി പുഞ്ചിരിച്ചു. അവൻ തിരിച്ചും.

അവനും മറ്റു ഭാഷ അറിയാത്തതുകൊണ്ടു പരസ്പരം ഞങ്ങൾ അപ്പോൾ സംസാരിച്ചില്ല. ഇതിനിടയിൽ ആണ് ഒരാൾ കൂടി ഞങ്ങളുടെ ഇടയിലേക്ക് കയറിവരുന്നത്, അത് കണ്ണൂരിൽ നിന്നുള്ള ജിജോ ആയിരുന്നു. ഞങ്ങൾ പരസ്പരം സംസാരിച്ചു നല്ല കമ്പനി ആയി. അങ്ങനെ ആശ്വാസത്തിനു വകനൽകി ഒരു സുഹൃത്തിനെ എനിക്ക് അവിടെ ലഭിച്ചു. ഞങ്ങളെ പോലെ പുതുതായി സെലക്ഷൻ ലഭിച്ച സുനിൽ, കിഷോർകുമാർ, ജിജോ, പ്രജീബ് തുടങ്ങിയ എല്ലാവരും അവിടേക്ക് എത്തി. എല്ലാവരെയും പരിചയപ്പെട്ടു. അപ്പോഴേക്കും ഞങ്ങളുടെ ഹാളിലേക്ക് അവിടെ ഉള്ള സീനിയർ കളിക്കാരായ പോൾ, ഷിജോ,അനിൽ,യാസിർ, മുജീർ,മുഹമ്മദ്,വിൽസൺ, മനോജ് തുടങ്ങിയ എല്ലാവരും കടന്നുവന്നു. പരിശീലനം നാം ഉദ്ദേശിക്കുന്നപോലെ അത്രയെളുപ്പമല്ലെന്നും പരിശീലകൻ ഭയങ്കര സ്ട്രിക്റ്റ് ആണെന്നുമൊക്കെ പറഞ്ഞു. ഇതു ഞങ്ങളുടെ പേടി വർധിപ്പിച്ചു. ഓരോന്നു ആലോചിച്ചുകൊണ്ട് ബെഡിൽ കിടന്നു. സീനിയേഴ്സ് പേടിപ്പിക്കാൻ പറഞ്ഞതാണെന്ന് പിന്നീടാണ് ഞങ്ങൾക്ക് മനസ്സിലായത്.

പരിശീലനം തുടങ്ങുന്നു

സായിയിലെത്തിയ പിറ്റേന്നു തന്നെ പരിശീലനം തുടങ്ങുകയാണ്. വൈകിട്ടാണ് പരിശീലനമെന്ന് ഒരാൾ വന്നു പറഞ്ഞു. എന്നാൽ, ഷൂ വാങ്ങാൻ മറന്നുപോയ ഞാൻ പകൽ കോഴിക്കോട്ടെത്തി ചാച്ചൻ തന്ന പൈസയെടുത്ത് അതു വാങ്ങി തിരിച്ച് സായിയിലേക്കെത്തി. അങ്ങനെ വൈകുന്നേരം ആയി. ഞങ്ങളെല്ലാവരും ഷൂവൊക്കെ ധരിച്ച് പരിശീലനത്തിനായി കോർട്ടിലേക്ക്. പുതുതായി വന്ന കളിക്കാരെല്ലാം കോർട്ടിൽ നിരന്നുനിന്നു. പരിശീലകനെത്തി. ജോസഫ് സാർ തന്നെ. ഞങ്ങളെ ഓരോരുത്തരെയായി അദ്ദേഹം പരിചയപ്പെട്ടു. കോച്ച് ഓരോ കളിക്കാരെയും സൂക്ഷ്മതയോടെ നിരീക്ഷിച്ചു. സീനിയർ കളിക്കാർ ചെറു പുഞ്ചിരിയോടെ ഞങ്ങൾക്കു പിന്നിലും. ഞാൻ ജേഴ്സി ഇൻസൈഡ് ആക്കാതെയായിരുന്നു എത്തിയത്. അതുകണ്ടാണ് ചേട്ടന്മാർ ചിരിച്ചത്. പിന്നെ പരിശീലകൻ നിർദേശം നൽകി. ജേഴ്സി എല്ലാവരും ഇൻസൈഡാക്കണം എന്ന്. അങ്ങനെ ഇൻസൈഡ് ചെയ്യാത്തവരൊക്കെ റെഡി ആക്കി. പിന്നെ സാർ ഓരോരുത്തരുടെയും അടുത്തേക്ക്. എന്റെ അടുത്തും എത്തി.

മോൻ ഇങ്ങോട്ടു മാറി നിൽക്കൂ, കോച്ച് പറഞ്ഞു. അതുകണ്ട് കൂടെയുള്ളവർ ചിരിക്കുന്നു. കാര്യമെന്തെന്ന് മനസ്സിലായില്ല. എല്ലാവരെയും നോക്കിയതിനു ശേഷം കോച്ച് എനിക്ക് ഒരു ബോൾ തന്നു.നീ ഇതൊന്ന് അടിക്കൂ- സാർ പറഞ്ഞു. ഞാൻ സാറിനോട് ബോൾ വാങ്ങി. എനിക്ക് ഒരാൾ സെറ്റും ചെയ്തുതരാനെത്തി. സകല ആവേശവും ആവാഹിച്ച് സെറ്റർ ഉയർത്തിത്തന്ന പന്തിൽ ആഞ്ഞടിച്ചു.ദാ കിടക്കുന്നു പുതുതായി വാങ്ങി ഷൂ, അടുത്ത കോർട്ടിൽ. അപ്പോൾ തന്നെ സാർ പറഞ്ഞു മോനെ നിനക്ക് ഈ ഷൂവും ധരിച്ചു പ്രാക്ടീസ് ചെയ്യാൻ കഴിയില്ല, കൂടെ ഉണ്ടായിരുന്നവരുടെ ഷൂ ചൂണ്ടി കാണിച്ചു ഇതുപോലെ ഉള്ള ഷൂ ആണ് വേണ്ടതെന്നും നീ ഇന്ന് തൽക്കാലം പ്രാക്ടീസ് ചെയ്യേണ്ടെന്നും കണ്ടിരുന്നാൽ മതിയെന്നും പറഞ്ഞു. ഞാൻ അന്ന് വിഷമത്തോടെ മറ്റുള്ളവരുടെ പ്രാക്ടീസും കണ്ടിരുന്നു, ഞാൻ വാങ്ങിയ ഷൂ വിദ്യാർഥികൾ യൂണിഫോമിന്റെ ധരിക്കുന്ന ടൈപ്പായിരുന്നു. അന്നത്തെ പരിശീലനം കഴിഞ്ഞതും സാർ എന്നെ വിളിച്ചു പുതിയ ഒരു ഷൂ വാങ്ങാൻ ആവശ്യപ്പെട്ടു, അപ്പോൾ എന്റെ കയ്യിൽ ഉണ്ടായിരുന്നത് ചാച്ചൻ തന്ന ഷൂ വാങ്ങിയതിന്റെ ബാക്കി 300 രൂപ മാത്രമായിരുന്നു. ഇത് ഞാൻ സാറിനോട് പറഞ്ഞപ്പോൾ പുതിയ ഷൂ വാങ്ങാൻ ആയി ജോസഫ് സാറിന്റെ കയ്യിൽ നിന്നും എനിക്ക് 500 രൂപ തന്നു. അപ്പോൾ തന്നെ ജിജോയെയും കൂട്ടി സ്പോർട്സ് ഷൂ വാങ്ങി വന്നു. 700 രൂപ വിലയുള്ള ഷൂവാണ് വാങ്ങിയത്.

പിറ്റേ ദിവസം രാവിലെ പ്രാക്ടീസിനായി ഞാൻ പുതിയ ഷൂവുമായി കോർട്ടിലേക്ക് പോയി, അപ്പോഴാണ് കോച്ച് പറയുന്നത് ഇന്ന് സ്റ്റെപ്പ് ട്രെയിനിങ് ആണ് നിങ്ങൾക്ക് വൈകിട്ടു ബോൾ പ്രാക്ടീസ് ചെയ്യാം എന്ന്. അങ്ങനെ ഞാൻ വളരെ ഉഷാറോടെ എല്ലാവർക്കും ഒപ്പം സ്റ്റെപ്പ് ട്രെയിനിങ് ചെയ്തു.

അതിനുശേഷം ഞങ്ങൾ ബ്രേക്ക്ഫാസ്റ്റും കഴിച്ചു റൂമിലേക്ക് പോയി. റൂമിൽ ചെന്നു കാലിലേക്ക് നോക്കുമ്പോൾ കാൽമുട്ടിൽ ഒര നീർക്കെട്ട്. മുൻപ് സ്റ്റെപ് ട്രെയിനിങ് ഒന്നും ചെയ്യാത്തതുകൊണ്ടാവാം ഇങ്ങനെ സംഭവിച്ചത് എന്ന് വിചാരിച്ചു. എന്റെ കാലിൽ ഉണ്ടായ നീർക്കെട്ട് കണ്ടതോടെ ജോസഫ് സാർ എന്നെ അരികിലേക്കു വിളിപ്പിച്ചു. ജോസഫ് സാർ എന്റെ കാൽ നോക്കി പറഞ്ഞു. നിന്റെ വീട്ടിലേക്ക് ഞാൻ വിളിച്ചുകൊള്ളാം ഇനി നിനക്ക് ഇവിടെ തുടരാൻ കഴിയും എന്നു തോന്നുന്നില്ല എന്ന്. വിഷമമൊന്നുമായിരുന്നില്ല അപ്പോൾ തോന്നിയത്. വീട്ടിലേക്കു പോകാമല്ലോ എന്ന സന്തോഷമായിരുന്നു അപ്പോൾ. വീട്ടിൽ ഫോൺ ഇല്ലാത്തതുകൊണ്ട് അടുത്തുള്ള പള്ളിയിലെ നമ്പർ ആയിരുന്നു കൊടുത്തിരുന്നത്. പള്ളിയിൽ വിളിച്ചറിയിച്ചതുമൂലം പള്ളിയിലെ അച്ചൻ ചാച്ചനെ വിവരം അറിയിച്ചു. ഇത് കേട്ട് പേടിയോടെ അടുത്ത ബസിൽ ചാച്ചൻ സായിയിലെത്തി ജോസഫ് സാറിനെ കണ്ടു. ടോമിന് ഈ കാല് വച്ചു തുടരാൻ കഴിയില്ല എന്നും ഇവന് ഇങ്ങനെ ഓരോ പ്രശ്നങ്ങൾ ഉണ്ടെന്നൊക്കെ പറഞ്ഞു. കാലിലെ നീർക്കെട്ട് ഇത് ഭേദമായാൽ വീണ്ടും വരാൻ സാധിക്കുമോ എന്ന് എന്ന് നമുക്ക് ആലോചിക്കാം എന്നും പറഞ്ഞു എന്നെ ചാച്ചനൊപ്പം വീട്ടിലേക്കു പറഞ്ഞയച്ചു.എനിക്ക് സന്തോഷമായിരുന്നെങ്കിലും ചാച്ചന് അതു വലിയ സന്തോഷം നൽകിയിരുന്നില്ല.

തയാറാക്കിയത്: സി.കെ രാജേഷ്കുമാർ

നെയ്മറുടെ മാതാവ് കാമുകനൊപ്പം.

വഴിവിട്ട ബന്ധം

നെയ്മറുടെ മാതാവ് കാമുകനെ ഒഴിവാക്കി

റിയോ ഡി ജനയ്റോ: വഴിവിട്ട ബന്ധം തിരിച്ചറിഞ്ഞതിനെത്തുടർന്ന് കാമുകനെ ഒഴിവാക്കി ബ്രസീലിയൻ സൂപ്പർ താരം നെയ്മറുടെ അമ്മ. നെയ്മറേക്കാൾ പ്രായം കുറഞ്ഞ യുവാവുമായി നെയ്മറുടെ മാതാവ് പ്രണയത്തിലാണെന്ന വാർത്തകൾ വലിയ കോളിളക്കമുണ്ടായിരുന്നു. 23കാരനായ യുവാവുമായി താൻ പ്രണയത്തിലാണെന്നു നെയ്മറുടെ 52കാരിയായ അമ്മ നദീൻ ഗോൺകാൽവസ് തന്നെയാണ് സമൂഹ മാധ്യമത്തിലൂടെ സ്ഥിരീകരിച്ചത്. എന്നാൽ ഇപ്പോൾ ഇരുവരും വഴിതെറ്റി പിരിഞ്ഞുവെന്ന റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്.അദ്ദേഹത്തേക്കാൾ പ്രായം കുറഞ്ഞ യുവാവുമായി പ്രണയത്തിലാണെന്ന വാർത്തകൾ വലിയ കോളിളക്കമുണ്ടായിരുന്നു. 23കാരനായ യുവാവുമായി താൻ പ്രണയത്തിലാണെന്നു നെയ്മറുടെ 52കാരിയായ അമ്മ നദീൻ ഗോൺകാൽവസ് തന്നെയാണ് സമൂഹ മാധ്യമത്തിലൂടെ സ്ഥിരീകരിച്ചത്.

എന്നാൽ ഇപ്പോൾ ഇരുവരും വഴിതെറ്റി പിരിഞ്ഞുവെന്ന റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്.ബ്രസീൽ വംശജനും ഗെയിമറുമായ ടിയാഗോ റാമോസുമായി താൻ പ്രണയത്തിലാണെന്നു ഇൻസ്റ്റഗ്രാമിൽ ഒരുമിച്ച് നിൽക്കുന്ന ഫോട്ടോയ്ക്കൊപ്പമായിരുന്നു നദീൻ സ്ഥിരീകരിച്ചത്. എന്നാൽ താനുമായി അടുപ്പത്തിലാവും മുമ്പ് നിരവധി പുരുഷൻമാരുമായി ഇയാൾക്കു വഴിവിട്ട ബന്ധമുണ്ടായിരുന്നതായി നദീൻ കണ്ടെത്തുകയായിരുന്നു. ബ്രസീലിലെ പ്രശസ്ത നടനായ കാർലിഞ്ഞോസ് മെയയും ഇക്കൂട്ടത്തിലുണ്ട്. ഇക്കാര്യങ്ങളെല്ലാം അറിഞ്ഞതോടെയാണ് ടിയാഗോയുമായുള്ള ബന്ധം നദീൻ അവസാനിപ്പിക്കാൻ തീരുമാനിച്ചതെന്നാണ് റിപ്പോർട്ടുകൾ.നേരത്തേ ടിയാഗോയ്ക്കൊപ്പം സ്വന്തം വീട്ടിൽ ഒരുമിച്ച് നിൽക്കുന്ന ഫോട്ടോ നദീൻ ഇൻസ്റ്റഗ്രാമിലൂടെ പുറത്തുവിട്ടപ്പോൾ ആശംസകളുമായി നെയ്മറും രംഗത്തു വന്നിരുന്നു. സന്തോഷവതിയായിരിക്കും അമ്മേ, ഒരു പാട് ഇഷ്ടം എന്നായിരുന്നു ഫോട്ടോയ്ക്കു താഴെ നെയ്മറുടെ കമന്റ്. നെയ്മറുടെ കടുത്ത ആരാധകൻ കൂടിയായിരുന്നു ടിയാഗോ എന്നതാണ് മറ്റൊരു കൗതുകകരമായ കാര്യം. നാലു വർഷങ്ങൾക്കു മുമ്പാണ് നെയ്മറുടെ പിതാവും നദീനും തമ്മിൽ വിവാഹമോചിതരായത്. 25 വർഷം നീണ്ട ബന്ധത്തിനു ശേഷമായിരുന്നു ഇരുവരും വേർപിരിഞ്ഞത്.

കോരിത്തരിച്ച് മാറക്കാന

സി.കെ. രാജേഷ്കുമാർ

2014 ലോകകപ്പ് ഫൈനൽ. അർജന്റീന, ജർമനിയെ നേരിടുന്നു. മത്സരം ചരിത്രപ്രസിദ്ധമായ മാറക്കാനയിൽ. മത്സരത്തിൽ ജർമനി വിജയിച്ച് ലോകകിരീടത്തിൽ മുത്തമിട്ടു. ഫൈനലിനു മുമ്പുള്ള ആവേശങ്ങൾ ഇതാ..

ചരിത്രമുറങ്ങുന്ന മാറക്കാന സ്റ്റേഡിയം കുളിച്ചു കുറിതൊട്ടു മനോഹരമായി അണിഞ്ഞൊരുങ്ങി, ലോകപോരാട്ടത്തിന്റെ അവസാന അങ്കത്തിനു വേദിയാകാൻ. നെറ്റിയിൽ തിലകക്കുറിയെന്നോണം ലോകകപ്പിന്റെ വലിയ റിപ്ലിക്ക. കാലവും ചരിത്രവും കാത്തിരുന്ന മാറക്കാനയിലെ ലോകകപ്പ് ഫൈനൽ വീക്ഷിക്കാൻ ലോകത്തിന്റെ നാനാദിക്കിൽനിന്നുള്ള ആരാധകർ പുലർച്ചെതന്നെ ഒഴുകി. മെട്രോ സ്റ്റേഷനുകൾ ജനസമുദ്രം. ബസ് സ്റ്റേഷനുകളിൽ ആരാധകർ തിങ്ങിനിറഞ്ഞു. വളരെ നേരത്തെ ഇരിപ്പിടം ഉറപ്പിക്കാൻ വെമ്പൽകൊള്ളുകയായിരുന്നു ആരാധകർ. ഫുട്ബോളിന്റെ ഹൃദയഭൂമിയിൽ ജർമനിയും അർജന്റീനയും കൊമ്പുകോർക്കാൻ തുടങ്ങുമ്പോൾ എങ്ങും ആർപ്പുവിളിയും കരഘോഷവും മാത്രം.

ബ്രസീൽലോകകപ്പിനോട് മാറക്കാനയുടെ തിരുമുമ്പിൽ ഏവരും ഉപചാരം ചൊല്ലിപ്പിരിയാൻ എത്തിയിരിക്കുകയാണ്. ഫുട്ബോളിനെ അതിന്റെ ഏറ്റവും വലിയ സമൃദ്ധിയിലേക്ക് പിടിച്ചുയർത്തുന്നതിൽ ഈ സ്റ്റേഡിയത്തിനുള്ള സ്ഥാനത്തെ അവർ പാടിപ്പുകഴ്ത്തുന്നു. 1950ന്റെ കരഘോഷങ്ങൾക്ക് സാങ്കേതികതയുടെ പുതിയ മാനങ്ങൾ വന്നിട്ടുണ്ടെങ്കിലും ആരവങ്ങളും ആവേശവും അതുപോലെതന്നെയായിരിക്കും. കാരണം ഫുട്ബോളിന്റെ കമ്പം അന്നും ഇന്നും ഒരുപോലെയല്ലേ..? ഇവിടെത്തിയ ഓരോ ആരാധകനും അല്ലെങ്കിൽ ആരാധികയും മാറാക്കാനയുടെ നെടുവീർപ്പുകൾ അന്നത്തേതുപോലെ തന്നെ ആസ്വദിക്കുന്നു. അർജന്റൈൻ ആരാധകർ നീലയും വെള്ളയും കലർന്ന നിറങ്ങളിൽ കുളിച്ച് എത്തിയപ്പോൾ ജർമനി ആരാധകരാകട്ടെ വെള്ളയിലും കറുപ്പിലും ചുവപ്പിലും ലയിച്ചു. അവർ ആടിപ്പാടി. നിരവധി വിദേശികൾക്കൊപ്പം ഫോട്ടോയെടുത്തു. അവർക്കറിയാം മാറക്കാനയിൽ തങ്ങളുടെ അഴസാന വരവാണിതെന്ന്.

കാരണം മാറക്കാന ഏതു ഫുട്ബോൾ പ്രേമിയുടെയും സ്വപ്നമല്ലേ. ഒരേ സ്വപ്നം വീണ്ടും വീണ്ടും കാണണമെങ്കിൽ അത്രയ്ക്കു ഭാഗ്യം വേണ്ടേ? ലോകം മാറക്കാനയിലേക്കു ചുരുങ്ങിയെന്നു തോന്നി. സംസ്കാരവും ജീവിതരീതിയും ഭാഷയും ഒക്കെ ഒന്നിലേക്കൊതുങ്ങി. ഫുട്ബോളിനല്ലാതെ വേറെ ഏതു കായിക ഇനത്തിനാണ് ഇതു സാധിക്കുക? ഫുട്ബോൾ ചിലപ്പോൾ നമ്മെ വല്ലാതെ സന്തോഷിപ്പിക്കും ചിലപ്പോൾ ചിരിപ്പിക്കും. ഫുട്ബോളിൽനിന്നു വളരെയധികം സന്തോഷങ്ങൾ അനുഭവിച്ച ബ്രസീലുകാർ ഇന്നു ദുഃഖിക്കുകയാണ്. കാരണം മാറക്കാനയിൽ ഒരു ഫൈനൽ, അതവർ അത്രയധികം ആഗ്രഹിച്ചിരുന്നു. എങ്കിലും മാറക്കാനയിൽ അവരുമെത്തിയിട്ടുണ്ട്, ജർമനിയെയും അർജന്റീനയെയും പിന്തുണയ്ക്കാൻ. പരമ്പരാഗത വൈരികളായ അർജന്റീന തോൽക്കണമെന്ന് ഭൂരിഭാഗം ബ്രസീലുകാരും ആഗ്രഹിക്കുന്നു എന്ന് അവരുടെ സംഭാഷണത്തിലൂടെ മനസിലാകും.

അർജന്റീന-ജർമനി മത്സരം കാണാനെത്തിയ ആരാധകർ.-രാജേഷ്

ജർമനിക്കുവേണ്ടി ജയ് വിളിക്കുന്ന ബ്രസീലുകാരുടെ ഇടയിൽ അർജന്റീനയ്ക്കും ആരാധകരുണ്ട്. എല്ലാവരും സ്റ്റേഡിയത്തിനുള്ളിൽ പ്രവേശിച്ചു. അവിടെയും ആരാധകരുടെ കുഴൽവിളിയും കരഘോഷവും. ഡയബോളിക്കകളുടെ നാദം സ്റ്റേഡിയത്തെ പ്രകമ്പനം കൊള്ളിച്ചു. വളരെ നേരത്തെ സ്റ്റേഡിയത്തിൽ പ്രവേശിച്ചവർ ആരും അവസരം പാഴാക്കിയില്ല. ഏവരും ആഘോഷത്തിൽ മുഴുകി. കാത്തിരിപ്പിനൊടുവിൽ ഉദ്ഘാടന മാമാങ്കത്തിന്റെ വിസിൽ മുഴങ്ങി.

ഷക്കീറയെത്തി ആരാധകർ ഇളകി

പിന്നീടായിരുന്നു ആരാധകർ കാത്തിരുന്ന സമാപനമാമാങ്കം. ആയിരം പേർ ചേർന്ന് അവതരിപ്പിച്ച കലാപരിപാടികളിൽ ബ്രസീലിന്റെ കലാ സാംസ്കാരിക, ഫുട്ബോൾ പാരമ്പര്യം നിറഞ്ഞൊഴുകുന്നതായിരുന്നു. 18 മിനിറ്റു നീണ്ട കലാപരിപാടികളുടെ തുടക്കം ഫുട്ബോൾ എന്ന മനോഹരമായ കളിയോടുള്ള ആദരം അർപ്പിച്ചുകൊണ്ടായിരുന്നു. തുടർന്ന് 32 ടീമുകളുടെയും പ്രതിനിധികൾ മൈതാനത്തേക്കുവന്നു. ജർമനിയുടെയും അർജന്റീനയുടെയും മുഴുവൻ താരങ്ങളും ഒഫീഷ്യൽസും ചടങ്ങിൽ പങ്കെടുത്തു. ആരാധകർ ഏറെ കാത്തിരുന്ന സാംബ സംഗീതമായിരുന്നു പിന്നീട്.

400 കലാകാരന്മാർ അവതരിപ്പിച്ച നൃത്തം സാംബ സംഗീതത്തിന് ഉണർവു നൽകി. ആരാധകരുടെ സിരകളിൽ അഗ്നിപടർത്തി ഷക്കീറയും സംഘവും വേദിയിലേക്കു പ്രവേശിച്ചപ്പോൾ സ്റ്റേഡിയം ഇളകിമറിഞ്ഞു.

2010ൽ വക്കാ വക്കാ ആലപിച്ച ഷക്കീര ഇത്തവണ ഒലേ ഒലേയുമായാണ് എത്തിയത്. ഒപ്പം കാർലിനോസ് ബ്രൗണും. അലക്സാൻഡ്രെ പിറേസ്, കാർലോസ് സന്താന, വിക്ലെഫ് ജീൻ തുടങ്ങിയവരുടെ സംഗീത പരിപാടിയും ചടങ്ങിനു ചാരുത നൽകി. പിന്നീടായിരുന്നു ഫുട്ബോൾ ലോകം ആകാംക്ഷയോടെ കാത്തിരുന്ന ഫൈനൽ പോരാട്ടം. ജർമനി-അർജന്റീന.

ഏഷ്യാ കപ്പ് മാറ്റിവച്ചാൽ ഐപിഎൽ നടത്താൻ അനുവദിക്കില്ലെന്ന് പിസിബി

കറാച്ചി: ഏഷ്യ കപ്പ് മാറ്റിവെച്ച് ഒരു കാരണവശാലും ഇന്ത്യൻ പ്രീമിയർ ലീഗ് നടത്താൻ അനുവദിക്കില്ലെന്ന് പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ്. ഇത്തരത്തിലുള്ള ഏതൊരു ശ്രമത്തെയും പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് എതിർക്കുമെന്ന് പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് സി.ഇ.ഓ വാസിം ഖാൻ പറഞ്ഞു. നേരത്തെ പാകിസ്ഥാനിൽ നടക്കേണ്ട ഏഷ്യ കപ്പ് ഇന്ത്യ പാകിസ്ഥാനിൽ കളിക്കില്ലെന്ന് അറിയിച്ചതോടെ യു.എ.ഇയിലേക്ക് മാറ്റിയിരുന്നു.നിലവിൽ കൊറോണ വൈറസ് ബാധ മൂലം അനിശ്ചിതമായി നീട്ടിവെച്ച ഇന്ത്യൻ പ്രീമിയർ ലീഗ് സെപ്റ്റംബറിൽ നടത്താനുള്ള ശ്രമങ്ങളും ബി.സി.സി.ഐ ആലോചിച്ചിരുന്നു.

എന്നാൽ സെപ്റ്റംബറിൽ നടക്കേണ്ട ഏഷ്യ കപ്പ് കൊറോണ വൈറസ് ബാധ പടരുന്നത് വരുതിയിലായാൽ ആ സമയത്ത് നടത്താൻ തന്നെയാണ് പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡിന്റെ ശ്രമം.ഏഷ്യ കപ്പ് നവംബർ, ഡിസംബർ മാസത്തേക്ക് മാറ്റിവെക്കാനുള്ള ശ്രമവും നടക്കില്ലെന്ന് പാകിസ്ഥാൻ വ്യക്തമാക്കി. ഈ സമയത്ത് പാകിസ്ഥാന് സിംബാബ്‌വെയുമായും ന്യൂസിലാൻഡുമായും പാരമ്പരയുണ്ടെന്നും അതുകൊണ്ട് ഈ സമയത്ത് ഏഷ്യ കപ്പ് നടത്താൻ കഴിയില്ലെന്നും പാക്കിസ്ഥാൻ വ്യക്തമാക്കി.

ധോണിക്ക് ഇനി ടീമിൽ വരാനാകില്ലെന്ന് ഹർഭജൻ

മുംബൈ: മുൻ ഇന്ത്യൻ ക്യാപ്റ്റൻ മഹേന്ദ്ര സിംഗ് ധോണി ഇനി ഇന്ത്യക്ക് വേണ്ടി കളിക്കില്ലെന്നാണ് തന്റെ വിശ്വാസമെന്ന് മുൻ ഇന്ത്യൻ സ്പിന്നർ ഹർഭജൻ സിംഗ്. ഇന്ത്യൻ ഓപ്പണർ രോഹിത് ശർമ്മയുമായുള്ള ഇൻസ്റ്റഗ്രാം ലൈവിനിടെയുള്ള ചോദ്യത്തിന് മറുപടിയായാണ് ഹർഭജൻ സിംഗ് ധോണി ഇന്ത്യക്ക് വേണ്ടി ഇനി കളിക്കില്ലെന്ന് പറഞ്ഞത്. തനിക്കറിയാവുന്നിടത്തോളം ധോണി വീണ്ടും ഇന്ത്യൻ ജേഴ്സിയിൽ കളിക്കില്ലെന്നും പക്ഷെ ചെന്നൈ സൂപ്പർ കിങ്സിന് വേണ്ടി ധോണി ഐ.പി.എൽ. തീർച്ചയായും കളിക്കുമെന്നും ഹർഭജൻ സിംഗ് പറഞ്ഞു.കഴിഞ്ഞ വർഷം ജൂലൈ മാസത്തിൽ ലോകകപ്പ് സെമിയിൽ ന്യൂസിലാൻഡിനെതിരെ കളിച്ചതിന് ശേഷം ധോണി ഇന്ത്യക്ക് വേണ്ടി കളിച്ചിട്ടില്ല.

SENSEX: 31,327.22 (-535.86)

NIFTY: 9,154.40 (-159.50)

വിനിമയ നിരക്ക്

ഡോളർ	76.39
യൂറോ	82.48
പൗണ്ട്	94.44
സ്വിസ്ഫ്രാങ്ക്	78.27
സിംഗപ്പൂർ ഡോളർ	53.62
ഓസ്ട്രേലിയൻ	48.73
കനേഡിയൻ	53.40
ബഹറിൻ ദിനാർ	200.53
കുവൈറ്റ് ദിനാർ	244.36
ഒമാനി റിയാൽ	197.55
സൗദി റിയാൽ	20.29
യു എ ഇ ദിർഹം	20.77
ഖത്തർ	20.77

വരുന്നു 300 കമ്പനികൾ

കൊച്ചി: ഇന്ത്യയിലേക്ക് വരുന്നതിന് കൂടുതൽ സാധ്യകൾ തേടി കമ്പനികൾ എത്തുന്നു. ഇതിൽ മുന്നിലുള്ള അമെരിക്കൻ കമ്പനികൾ തന്നെയാണ്. അടുത്ത ഉത്പാദന ലക്ഷ്യസ്ഥാനമായി ഇന്ത്യ ഇതിൽ നിന്ന് നേട്ടമുണ്ടാക്കിയേക്കാം എന്നാണ് ഈ കമ്പനികളുടെ നിരീക്ഷണം.

യുഎസ് ആസ്ഥാനമായുള്ള 300ഓളം കമ്പനികൾ തങ്ങളുടെ ഉത്പാദന കേന്ദ്രം ചൈനയിൽ നിന്ന് ഇന്ത്യയിലേക്ക് മാറ്റാൻ ശ്രമിച്ചിരുന്നു. ഇന്ത്യയിലെ പൊതുതെരഞ്ഞെടുപ്പിന് ശേഷമുള്ള അതേ ശ്രമങ്ങൾ തുടരുമെന്ന് പ്രതീക്ഷിച്ച് യുഎസ് ആസ്ഥാനമായുള്ള ഒരു അഭിഭാഷക സംഘമാണ് താത്പര്യം എടുത്തുകാട്ടിയത്. അവർ തന്നെയാണ് വീണ്ടും ചർച്ചകൾ തുടങ്ങിയിരിക്കുന്നത്.

നിക്ഷേപ പ്രമോഷൻ സെൽ, കേന്ദ്ര സർക്കാർ വകുപ്പുകൾ, സംസ്ഥാന സർക്കാരുകൾ തുടങ്ങിയവരോട് വിവിധ തലങ്ങളിലുള്ള ആയിരത്തോളം കമ്പനികൾ നിലവിൽ ചർച്ചയിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ കമ്പനികളിൽ നിന്ന് 300ഓളം കമ്പനികളെയാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് സർക്കാർ വക്താവ് പറഞ്ഞു. കഴിഞ്ഞ രണ്ടു വർഷത്തിനിടെ എടുത്ത പല തീരുമാനങ്ങളും പ്രാദേശിക താത്പര്യങ്ങൾക്ക് ഊന്നൽ നൽകുന്നവയാണ്. അതിലൊരുമാറ്റം ഈ കമ്പനികൾ പ്രതീക്ഷിക്കുന്നുണ്ട്. ചൈനയിൽ നിന്ന് വില കുറഞ്ഞ വസ്തുക്കൾ വരുന്നുവെന്ന പരാതി ഇന്ത്യയ്ക്കുണ്ടെങ്കിൽ എഫ്ടിഎ ഒപ്പു വയ്ക്കുകയാണ് വേണ്ടതെന്നും നേരത്തെ തന്നെ അദ്ദേഹം പറഞ്ഞിരുന്നു. ചൈനീസ് ഉത്പന്നങ്ങളുടെ വരവു നിയന്ത്രിക്കുകയും അമെരിക്കയ്ക്ക് ഇന്ത്യയിൽ സ്വാഗതം നൽകുകയും ചെയ്യാം. പകരം ഇന്ത്യൻ കമ്പനികൾക്ക് അമെരിക്കൻ വിപണി തുറന്നു കിട്ടുകയും ചെയ്യും. ജിഎസ്ടി പോലെയുള്ള പ്രശ്നങ്ങൾ ഒഴിവാക്കുകയും ചെയ്യാം.

രാജ്യത്ത് മൊബൈൽ ഫോൺ നിർമാണം വർധിപ്പിക്കുന്നതിനായി മൊത്തം 48,000 കോടി രൂപയുടെ ആനുകൂല്യങ്ങൾക്കായി മൂന്ന് പദ്ധതികളാണ് കേന്ദ്ര സർക്കാർ മാർച്ചിൽ കൊണ്ടുവന്നത്. ആപ്പിൾ, സാംസങ്, ഓപ്പോ, വിവോ എന്നിവയുൾപ്പെടെയുള്ള മികച്ച സ്മാർട്ട് ഫോൺ കമ്പനികളെ അവരുടെ മുഴുവൻ ശൃംഖലയും ഇന്ത്യയിൽ സ്ഥാപിക്കുന്നതിനാണ് ഈ ആനുകൂല്യങ്ങൾ നൽകിയത്. ഇന്ത്യയെ അവരുടെ കയറ്റുമതി കേന്ദ്രമാക്കി മാറ്റുക എന്നതായിരുന്നു ആശയം.

ഫാർമസ്യൂട്ടിക്കൽസ്, ഓട്ടൊമൊബൈൽസ് എന്നിവയുൾപ്പെടെയുള്ള മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നുണ്ട്. ഈ മേഖലകളിൽ പ്രാദേശിക, ആഗോള വിപണികളിൽ ഉത്പാദിപ്പിക്കുന്നതിന് ചൈനയ്ക്ക് പകരമായി ഇന്ത്യയെ സ്ഥാപിക്കാൻ ശ്രമിക്കുകയാണ് സർക്കാർ. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ കോർപ്പറേറ്റ് നികുതി 25.17 ശതമാനമായി കുറച്ചിരുന്നു. പുതിയ നിർമാതാക്കൾക്ക് ബാധകമായ നികുതി സൗത്ത് ഈസ്റ്റ് ഏഷ്യയിലെ ഏറ്റവും താഴ്ന്ന നിരക്കായ 17 ശതമാനമായി കുറച്ചു.

വിവിധ മേഖലകളിലെ ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിലാണ് കേന്ദ്രം ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇന്ത്യ അവസരത്തിനൊരുങ്ങുമ്പോൾ തന്നെ കമ്പനികളും പരിവർത്തനത്തിനായി ശ്രമിക്കുന്നുണ്ട്. രാജ്യത്ത് ഉത്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി ആയിരത്തോളം കമ്പനികൾ കേന്ദ്ര സർക്കാരുമായി നിർദേശങ്ങൾ പങ്കുവെച്ചതായാണ് അറിയുന്നത്.

കൊട്ടക് മഹീന്ദ്ര ബാങ്ക് ഓഹരി വിൽക്കുന്നു

മുംബൈ: കൊട്ടക് മഹീന്ദ്ര ബാങ്കിന്റെ ഓഹരികൾ വിൽക്കാൻ നീക്കം. അഞ്ച് രൂപയുടെ 65 ദശലക്ഷം ഇക്വിറ്റി ഷെയറുകളാണ് വിൽക്കുന്നത്. ഇതിലൂടെ 7500 കോടി സമാഹരിക്കാമെന്നാണ് ബാങ്കിന്റെ പ്രതീക്ഷ. ബാങ്കിന്റെ 65 ദശലക്ഷം ഓഹരികൾ എന്നത് ആകെ ഓഹരിയുടെ 3.4 ശതമാനം വരും. പ്രൊമോട്ടർ ഷെയർഹോൾഡിങ് 26 ശതമാനമായി കുറയ്ക്കാൻ ആർബിഐ ജനുവരി മാസത്തിൽ ബാങ്കിന് നിർദേശം നൽകിയിരുന്നു. കേന്ദ്ര ബാങ്കിൽ നിന്ന് അന്തിമ അനുമതി കൂടി വാങ്ങിയ ശേഷമാണ് കൊട്ടക് മഹീന്ദ്ര ഇപ്പോൾ ഇക്കാര്യത്തിൽ തീരുമാനം എടുത്തിരിക്കുന്നത്. മാനെജിങ് ഡയറക്റ്ററും സിഇഒയുമായ ഉദയ് കൊട്ടക്കിന് മാത്രം 29.96 ശതമാനം ഷെയറാണ് ബാങ്കിലുള്ളത്. 2019 ഡിസംബർ മാസത്തിലെ കണക്കാണിത്.

വാട്സ്ആപ്പ് പേ മെയ് മാസത്തിൽ

ന്യൂഡൽഹി: പേയ്മെന്റ് കമ്പനികൾക്കായി ബാങ്കിങ് റഗുലേറ്റർ നിർബന്ധമാക്കിയ എല്ലാ പ്രാദേശിക നിയമങ്ങളും അനുസരിച്ച് വാട്സ്ആപ്പിന്റെ പേയ്മെന്റ് ബിസിനസ് ഇന്ത്യയിൽ മെയ് മാസത്തോടെ തുടക്കമിട്ടേക്കും.

നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഒഫ് ഇന്ത്യയെ (എൻപിസിഐ) കമ്പനിയാണ് ഇക്കാര്യം അറിയിച്ചത്. ഭാഗിക പ്രവർത്തനത്തിനായി വാട്ട്സ്ആപ്പിനെ അനുവദിക്കാൻ തീരുമാനിച്ചെങ്കിലും അനുമതി ലഭിച്ചില്ല.

സ്റ്റീലിൽ ഒന്നാമനായി സെയ്ൽ

കൊൽക്കത്ത: 2019-20ൽ രാജ്യത്ത് ഏറ്റവും കൂടുതൽ ക്രൂഡ് സ്റ്റീൽ നിർമിച്ച് സ്റ്റീൽ അതോറിറ്റി ഒഫ് ഇന്ത്യ (സെയ്ൽ). 16.15 ദശലക്ഷം ടൺ സ്റ്റീലാണ് സെയ്ല് ഉത്പാദിപ്പിച്ചത്.

രാജ്യത്തെ മറ്റു സ്റ്റീൽ നിർമാണ കമ്പനികളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഉത്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ സെയ്ലാണ് രാജ്യത്ത് ഏറ്റവും കൂടുതൽ ക്രൂഡ് സ്റ്റീൽ നിർമിച്ചിരിക്കുന്നത്. എല്ലാ യൂണിറ്റുകളുടേയും ശേഷിയിൽ മികവ് പുലർത്താനായതാണ് സെയ്ല് ചെയർമാൻ അനിൽ കുമാർ പറഞ്ഞു.

2019-20 സാമ്പത്തിക വർഷത്തിൽ 2.8 ശതമാനം വർധനവോടെ ഏറ്റവും മികച്ച വാർഷിക വിൽപ്പനയും സെയ്ല് സ്വന്തമാക്കി. 14.5 ദശലക്ഷം ടൺ ക്രൂഡ് സ്റ്റീലാണ് കമ്പനി വിറ്റഴിച്ചത്. കൂടുതൽ വിപണികളിൽ സാന്നിധ്യം വികസിപ്പിച്ച് കയറ്റുമതി 1.18 ദശലക്ഷം ടൺ ആയി ഉയർത്താനും കഴിഞ്ഞു. കമ്പനിയുടെ ഏറ്റവും മികച്ച കയറ്റുമതിയാണിത്.

ലോക്ഡൗൺ; നിങ്ങളുടെ ട്രഷറി എങ്ങനെ?



കൊച്ചി: കേരളം വീടിനുള്ളിൽ കുടുങ്ങിയിട്ട് ഒരുമാസം പിന്നിടുന്നു. സാമൂഹ്യ നിയന്ത്രണങ്ങളിലേക്ക് വന്നിട്ട് ഒന്നര മാസവും. പക്ഷെ ഇതോടെ നിയന്ത്രണം ഇല്ലാതായത് ഇടത്തരക്കാരന്റെ സാമ്പത്തിക ഇടപാടുകൾക്കാണ്.

ഏപ്രിൽ പകുതി പിന്നിട്ടതോടെ പലരും ക്രെഡിറ്റ് കാർഡിലേക്ക് കാര്യങ്ങൾ മാറ്റിയിട്ടുണ്ട്. നിലവിലുള്ള ലോൺ തിരിച്ചടവുകൾക്ക് പുറമെയാണ് ഇതിന്റെ ബാധ്യത. വായ്പകൾക്ക് ആർബിഐ മാർച്ച് മുതൽ മേയ് വരെ മൊറട്ടോറിയം ആനുകൂല്യം പ്രഖ്യാപിച്ചെങ്കിലും ഇക്കാലയളവിൽ പലിശയിൽ ഒരു കുറവുമുണ്ടാവില്ല. ഈ സാഹചര്യത്തിൽ കുറഞ്ഞ പലിശ നിരക്കിൽ കിട്ടാവുന്ന വായ്പകളുണ്ടെന്ന അന്വേഷണം സജീവമാണ്. അതിനൊപ്പം എങ്ങനെ ക്രെഡിറ്റ് കാർഡ് ലോക്ഡൗണിൽ ഉപയോഗിക്കുക എന്ന സംശയവുമുണ്ട്. അക്കാര്യം നമ്മൾക്ക് പരിശോധിക്കാം.

ജോലിക്കാരനാണെങ്കിൽ പിപിഎഫ് വായ്പയാണ് ഏറ്റവും ഉചിതം. ദീർഘകാല നിക്ഷേപ പദ്ധതിയായ പബ്ലിക് പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലെ നിങ്ങളുടെ നിക്ഷേപം രണ്ട് വർഷത്തിനും ആറു വർഷത്തിനും ഇടയിലായെങ്കിൽ നീക്കിയിരിപ്പിന്റെ 25 ശതമാനം വരെ വായ്പയ്ക്ക് നിങ്ങൾ അർഹനാണ്. ഈ തുകയ്ക്ക് പലിശയാകട്ടെ വെറും ഒരു ശതമാനം മാത്രം. മൂന്ന് വർഷത്തിനകം പലിശ സഹിതം ഈ തുക തിരിച്ചടച്ചാൽ മതി. ഉദാഹരണത്തിന് ഭവന വായ്പ പലിശ 8 ശതമാനമാണെങ്കിൽ മൊറട്ടോറിയം ആനുകൂല്യം സ്വീകരിക്കുന്നതിന് പകരം പിപിഎഫ് വായ്പ എടുത്ത് വായ്പ അടച്ചാൽ വലിയ സംഖ്യ ലാഭിക്കാം. പിന്നീട് വരുമാനം സ്ഥിരത കൈവരിക്കുമ്പോൾ പണമടച്ച് പിപിഎഫ് അക്കൗണ്ട് പുനസ്ഥാപിക്കുകയുമാകാം.

അതുപോലെ ഒരു ശതമാനം പലിശയ്ക്കും കേരളത്തിൽ വായ്പ ലഭിക്കും. എഫ്ഡി വായ്പ സ്ഥിര നിക്ഷേപത്തെ അടിസ്ഥാനമാക്കിയിട്ടുള്ളത്. വർഷങ്ങൾക്ക് മുമ്പുള്ള പലിശ നിരക്കല്ല ഇപ്പോൾ ബാങ്കുകളിൽ സ്ഥിര നിക്ഷേപത്തിനുള്ളത്. അൽപ്പം മിച്ചമുണ്ടെങ്കിൽ അത് പിൻവലിക്കണം, അതുമല്ല വീട്ടിലെ സീനിയർ സിറ്റിസണ്ണിനോട് കൈവായ്പ വാങ്ങണ്ട പകരം അദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് വായ്പ ചോദിക്കാം.

പല പ്രമുഖ ബാങ്കുകളിലും സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഇപ്പോൾ ശരാശരി ആറ് ശതമാനമാണ്. പഴയ തോതിലുള്ള മുന്തിയ പലിശ നിരക്കുള്ള എഫ് ഡിയുണ്ടെങ്കിൽ അത് കാലവധി എത്തുന്നതിന് മുമ്പ് പിൻവലിച്ച് ആനുകൂല്യം നഷ്ടപ്പെടുത്തേണ്ടതില്ല. പകരം ഇതിന്റെ ഈടിൽ വായ്പ എടുക്കാം. ഒരു ശതമാനത്തിനും രണ്ട് ശതമാനത്തിനും ഇടയിലാണ് എഫ്ഡി അധിഷ്ഠിത വായ്പയുടെ പലിശ നിരക്ക്. അതുകൊണ്ട് പ്രതിസന്ധി തീരുന്നതുവരെ ഇങ്ങനെ വായ്പ തരപ്പെടുത്തിയാൽ ബാങ്കുകളിലെ വലിയ വായ്പ പലിശയിൽ നിന്ന് താത്കാലികമായി രക്ഷപ്പെടാം.

ജോലിക്കാർക്ക് മൂന്ന് മാസത്തെ ശമ്പളത്തിന് തുല്യമായ ഇപിഎഫ് വായ്പയും ലഭ്യമാണ്. ഇതും താത്കാലിക പരിഹാരത്തിനുതകും, പിന്നെ പതിവ് സ്വർണപണയവുമുണ്ട്. പക്ഷെ പലിശ നോക്കി കളിക്കണം. അല്ലെങ്കിൽ കുടുങ്ങും. ലോക്ഡൗണിൽ ക്രെഡിറ്റ് കാർഡുകൾ വിവിധ ആനുകൂല്യങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ഇതിൽ ക്യാഷ് ബാക്കും ക്രെഡിറ്റ് പോയിന്റുകളും അടക്കം പലതുമുണ്ടാകും. അതിൽവീഴരുത്. കാരണം ഇതൊരു ബിസിനസാണ്.

അതിലെ വായ്പ വേണ്ട അവസ്ഥയിലാണെങ്കിൽ കൺസ്യൂമർ ഡ്യൂറബിൾ വായ്പകളുമായി തുടക്കം കുറിക്കാം. അതായത് ഇപ്പോൾ ഇഎംഐ അടിസ്ഥാനത്തിൽ ഒരു സ്മാർട്ട് ഫോണോ വാഷിങ് മെഷീനോ വാങ്ങുകയെന്നത് തികച്ചും ലളിതമാണ്. ഇതിന്റെ പ്രതിമാസ തിരിച്ചടവ് ചെറിയ തുകയായതിനാൽ എളുപ്പത്തിൽ അടക്കാനുമാവും. ഇങ്ങനെ പ്രതിമാസ ഗഡുക്കൾ കൃത്യമായി അടക്കുന്നത് മികച്ചൊരു പ്രൊഫൈൽ വളർത്തിയെടുക്കുന്നതിനു സഹായിക്കും. വായ്പാ മേഖലയിൽ ഇങ്ങനെയൊരു ചുവടു വെയ്പു നടത്തിക്കഴിഞ്ഞാൽ അതു മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടു പോകുന്നതിനു ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

ഓരോ ക്രെഡിറ്റ് കാർഡിന്റെയും ബില്ലുകൾ കൃത്യമായി അടക്കുന്നത് ഉത്തരവാദിത്തത്തോടു കൂടിയ വായ്പാ സ്വഭാവമായാണ് വിലയിരുത്തപ്പെടുക. മികച്ചൊരു ക്രെഡിറ്റ് പ്രൊഫൈലുമായി മുന്നോട്ടു പോകാൻ ഇതേറെ സഹായകമാകും. നിങ്ങളുടെ ക്രെഡിറ്റ് കാർഡിന് ബാങ്ക് ഒരു പരിധി നിശ്ചയിച്ചിട്ടുണ്ടാകും. അതിന്റെ 30 ശതമാനത്തിൽ താഴെ ഉപയോഗിക്കുന്നതായിരിക്കും നല്ലത്. വായ്പാ ഉപയോഗ അനുപാതം സ്ഥിരമായി നിരീക്ഷിക്കുകയും വേണം. സംയുക്തമായി എടുത്ത വായ്പയിലോ നിങ്ങൾ ജാമ്യം നിന്ന വായ്പയിലോ തിരിച്ചടവ് മുടങ്ങുന്നതും നിങ്ങളുടെ ക്രെഡിറ്റ് സ്കോറിനെ ബാധിക്കും എന്ന് ഓർമിക്കണം. ഇത്തരം കാര്യങ്ങളിൽ തുടർച്ചയായ ശ്രദ്ധ ചെലുത്തുന്നത് മറ്റുള്ളവരുടെ വീഴ്ച മൂലം നിങ്ങളുടെ ക്രെഡിറ്റ് സ്കോർ ഇടിയുന്നത് ഒഴിവാക്കാൻ സഹായിക്കും.

റെക്കോഡ് ഭേദിച്ച് സ്വർണം

കൊച്ചി: അക്ഷയതൃതീയയ്ക്ക് മുന്നോടിയായി സ്വർണവില എക്കാലത്തെയും ഉയർന്ന നിലവാരമായ 34,000 രൂപയിലെത്തി. 4,250 രൂപയാണ് ഗ്രാമിന്റെ വില.

ഏപ്രിൽ ഒന്നിന് 31,600 രൂപയായിരുന്നു പവന്റെ വില. 23 ദിവസം കൊണ്ട് 2400 രൂപയുടെ വർധനവാണ് പവന്റെ വിലയിലുണ്ടായത്. ആഗോള വിപണിയിൽ സ്പോട്ട് ഗോൾഡ് വില ഔൺസിന് 1,724.04 ഡോളർ നിലവാരത്തിലെത്തി. കഴിഞ്ഞ ദിവസത്തെ വിലയേക്കാൾ 0.4 ശതമാനം കുറയുകയാണുണ്ടായത്.

ലോക്ഡൗണിനെത്തുടർന്ന് ജ്വല്ലറികൾ അടഞ്ഞുകിടക്കുകയാണ്. അതുകൊണ്ടുതന്നെ ജനങ്ങൾക്ക് വാങ്ങുന്നതിനോ വിൽക്കുന്നതിനോ മാറ്റിവാങ്ങുന്നതിനോ അവസരമില്ല. അക്ഷയതൃതീയ പ്രമാണിച്ച് ഓൺലൈനിൽ സ്വർണം വാങ്ങാൻ പല ജ്വല്ലറികളും സൗകര്യമൊരുക്കിയിട്ടുണ്ട്.

ഐഒബിയിൽ പുതിയ കാർഷിക വായ്പ

കൊച്ചി: ഇന്ത്യൻ ഓവർസീസ് ബാങ്ക് കൊവിഡ് 19 ദുരിതാശ്വാസ നടപടിയായി കാർഷിക മേഖലയ്ക്ക് പ്രത്യേക വായ്പാ പാക്കെജ് പ്രഖ്യാപിച്ചു. പൗൾട്രി, ക്ഷീര, മത്സ്യബന്ധനം, മറ്റു അനുബന്ധ പ്രവർത്തനങ്ങൾ, കോൾഡ് സ്റ്റോറേജ്, റൂറൽ ഗോഡൗൺ തുടങ്ങിയ മേഖലകളിലെ നിലവിലുള്ള എല്ലാ വായ്പക്കാർക്കും വർക്കിങ് ക്യാപിറ്റൽ ഡിമാൻഡ് ലോൺ അഗ്രി (ഡബ്ല്യുസിഡിഎൽ അഗ്രി) ലഭിക്കും.

2020 ജൂൺ 30 വരെ കാലാവധിയുള്ള പദ്ധതിയിൽ ക്യാഷായോ ഓവർ ഡ്രാഫ്റ്റായോ വായ്പ അനുവദിക്കും. ബാങ്കിന്റെ ചട്ടമനുസരിച്ച് 2020 മാർച്ച് വരെ നിലവിലുള്ളതും സജീവവുമായ അക്കൗണ്ടുകൾക്ക് മാത്രമേ വായ്പാ സൗകര്യം ലഭിക്കാൻ അർഹതയുള്ളൂ. വായ്പ സൗകര്യത്തിനായി ബ്രാഞ്ചിൽ നേരിട്ടോ ഇ-മെയിൽ വഴിയോ അപേക്ഷ സമർപ്പിക്കാം. ആവശ്യമായ രേഖകൾ സ്വീകരിച്ച് ആറു പ്രവൃത്തി ദിവസത്തിനുള്ളിൽ ബാങ്ക് വായ്പ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യും.

ആറു മാസത്തെ പ്രാരംഭ മൊറട്ടോറിയത്തിന് ശേഷം ആറു പ്രതിമാസ തവണകളായി ക്യാപിറ്റൽ ഡിമാൻഡ് ലോൺ തിരിച്ചടയ്ക്കാനാകും. സ്കീമിന് കീഴിലുള്ള വായ്പക്കാരിൽ നിന്ന് പ്രോസസിങ് ഫീസോ പ്രീപെയ്മെന്റ് പിഴയോ ഈടാക്കില്ല.

2020ൽ കമ്മോഡിറ്റി വിലകൾ ഇടിയുമെന്ന് ലോക ബാങ്ക് റിപ്പോർട്ട്

മുംബൈ: റബർ, കുരുമുളക്, ഏലം എന്നിവയടങ്ങുന്ന കാർഷിക കമ്മോഡിറ്റികളുടെ അടക്കം വില വരും മാസങ്ങളിൽ ഇടിയാൻ സാധ്യതയുണ്ടെന്ന് ലോക ബാങ്ക് റിപ്പോർട്ട്. ആഗോളതലത്തിൽ കയറ്റുമതി ഡിമാൻഡ് കുറഞ്ഞതിനാൽ ഇപ്പോൾ തന്നെ ഇവയുടെ വിലകൾ താഴ്ന്നിരിക്കുകയാണ്. ലോക്ഡൗൺ കാരണം ഒരു മാസമായി മലഞ്ചരക്കുകൾ വിൽക്കാൻ കർഷകർക്ക് കഴിഞ്ഞിരുന്നില്ല. ഇത് കർഷകരുടെയും വ്യാപാരികളുടെയും ജീവിതം ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. ഇത് കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കും. ഏപ്രിൽ കമ്മോഡിറ്റി മാർക്കറ്റ്സ് ഔട്ട്ലുക്ക് എന്ന റിപ്പോർട്ടിലാണ് കമ്മോഡിറ്റി വിലകൾ ഈ വർഷം ഇനിയും ഇടിയുമെന്ന റിപ്പോർട്ട് ലോകബാങ്ക് പുറത്തുവിട്ടിരിക്കുന്നത്.

സ്വർണം ഒഴികെയുള്ള ലോഹങ്ങൾ, ക്രൂഡ് ഓയിൽ എന്നിവയുടെ വിലയിലാണ് ഏറ്റവും ഇടിവുണ്ടായിരിക്കുന്നത്. വിലയിൽ അത്രത്തോളം കുറവുണ്ടായിട്ടില്ലെങ്കിലും കയറ്റുമതി നിയന്ത്രണങ്ങളും സപ്ലൈ ചെയിൻ തടസങ്ങളുമാണ് അഗ്രി കമ്മോഡിറ്റികളെ ബാധിച്ചിരിക്കുന്നത്. 2020ൽ ക്രൂഡ് ഓയിലിന്റെ ശരാശരി വില ബാരലിന് 35 ഡോളർ ആകുമെന്നാണ് ലോകബാങ്കിന്റെ കണക്കുകൂട്ടൽ. എന്നാൽ കാർഷികോത്പന്ന വിലകളെ ഇത്രത്തോളം ബാധിക്കില്ലെങ്കിലും വ്യാപാര നയങ്ങളും സപ്ലൈ ചെയിൻ തടസങ്ങളും സ്റ്റോക്ക് കുന്നുകൂടാനുള്ള സാഹചര്യവുമെല്ലാം ഭക്ഷ്യക്ഷാമത്തിനുള്ള സാധ്യത സൃഷ്ടിച്ചേക്കാം.

പകർച്ചവ്യാധി സൃഷ്ടിക്കുന്ന സാമ്പത്തിക ആഘാതം കമ്മോഡിറ്റികളുടെ ഡിമാൻഡിനെ ബാധിക്കുന്നതുകൊണ്ടും വിതരണത്തിലുണ്ടാകുന്ന തടസങ്ങളും ഇവയെ ആശ്രയിച്ച് മുന്നോട്ടുപോകുന്ന വികസ്വര രാജ്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് ലോകബാങ്ക് സാമ്പത്തിക ശാസ്ത്രജ്ഞ സെയ്ല പസാർബസിയോഗ്ലു പറഞ്ഞു.

കർഷകർക്ക് തിരിച്ചടി

സാധാരണഗതിയിൽ റംസാൻ മാസത്തിൽ സുഗന്ധവ്യഞ്ജനങ്ങൾക്ക് ഡിമാൻഡ് കൂടുന്നതാണെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ അതിനുള്ള വഴിയും അടഞ്ഞിരിക്കുകയാണ്. ആഗോള സാമ്പത്തികവ്യവസ്ഥ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കയറ്റുമതിയിൽ ഡിമാൻഡ് കുറയുമെന്നാണ് സാമ്പത്തികവിദഗ്ധരുടെ വിലയിരുത്തൽ.

ലോക്ഡൗണിൽ ഇളവ് അനുവദിച്ചപ്പോൾ ചില മലഞ്ചരക്ക് കടകൾ തുറന്നെങ്കിലും കുരുമുളക്, ഏലം, ജാതിക്ക, മഞ്ഞൾ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ കടകളിൽ കെട്ടിക്കിടന്ന് പൂപ്പൽ പിടിച്ച് നശിക്കുന്ന അവസ്ഥയുണ്ടായി. വരുമാനമൊന്നും ഇല്ലാത്ത ഈ അവസ്ഥയിൽ ഈ കനത്ത നഷ്ടം താങ്ങാനാകുന്ന അവസ്ഥയിലല്ല തങ്ങളെന്ന് വ്യാപാരികൾ പറയുന്നു.

കാർഷികോത്പന്നങ്ങൾക്ക് ഇപ്പോൾ ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും ടയർ കമ്പനികൾ പ്രവർത്തിക്കാത്തതിനാൽ റബറിന് ഡിമാൻഡില്ലാത്ത അവസ്ഥയാണ്. ഡീലർമാർ വ്യാപാരികളിൽ നിന്ന് റബർ എടുക്കുന്നില്ല. അതുകൊണ്ടുതന്നെ കർഷകർക്ക് റബർ ഷീറ്റ് വിൽക്കാനും സാധിക്കുന്നില്ല. ലോക്ഡൗണിന് മുമ്പ് കർഷകരിൽ നിന്ന് വാങ്ങിയ റബർ ഷീറ്റ് തന്നെ കടകളിൽ കെട്ടിക്കിടക്കുന്ന അവസ്ഥയുമാണ്. ഓട്ടൊമൊബൈൽ വ്യവസായം കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യം റബറിന് വരും നാളുകളിലും തിരിച്ചടിയാകും.

സ്വർണം 34,000

വെളിച്ചെണ്ണ : മില്ലിങ്	17,100	മുതിര	4000
വെളിച്ചെണ്ണ	15,700	എള്ള്	14,000- 15,000
കൊപ്ര	10,520-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	31,400		
പുതിയ കുരുമുളക്	30,400	ജാതിക്ക തൊണ്ടൻ (കിലോ)	150-175
കുരുമുളക് ഗാർബിൾഡ്	33,400	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	350-380
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	800- 850
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7700	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	ഇല്ല
അടയ്ക്ക ഓൾഡ്	25,000- 26,000	റബർആർ എസ് എസ് 4 ഗ്രേഡ്	ഇല്ല
പഞ്ചസാര	3720	ഒട്ടുപാൽ	ഇല്ല
മുളക്	15,000-27,000	ലാറ്റക്സ്	ഇല്ല
ഉഴുന്ന്	11,500-12,000		
ചെറുപയർ	11,500-13,000	സ്വർണം	34,000
കടല	5500-6500	പാം ഓയിൽ	8300

മാന്ദ്യം

വളർച്ചാ നിരക്ക് കുറയുന്നു

ന്യൂഡൽഹി: 2020-21 സാമ്പത്തിക വർഷത്തിലെ ഇന്ത്യയുടെ സാമ്പത്തിക വളർച്ച ഫിച്ച് റേറ്റിങ്സ് 0.8 ശതമാനമാക്കി കുറച്ചു. കൊറോണയും ലോക്ഡൗണുകളും മൂലമുണ്ടായ സമാനതകളില്ലാത്ത ആഗോള മാന്ദ്യം മുൻനിർത്തിയാണ് ജിഡിപി വളർച്ചാ അനുമാനം ഒന്നിനു താഴേക്ക് കൊണ്ടുവന്നത്.

മുൻ സാമ്പത്തിക വർഷത്തിൽ രേഖപ്പെടുത്തിയത് 4.9 ശതമാനം വളർച്ചയായിരുന്നു. അതേസമയം, രാജ്യത്തിന്റെ സാമ്പത്തിക വളർച്ച 2021-22 ൽ 6.7 ശതമാനമായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ തുടർച്ചയായ രണ്ട് ത്രൈമാസ കുറവ് അഥവാ നെഗറ്റീവ് വളർച്ച റേറ്റിങ് ഏജൻസി പ്രവചിക്കുന്നു, ഏപ്രിൽ-ജൂൺ പാദത്തിൽ- 0.2 ശതമാനവും ജൂലൈ-സെപ്റ്റംബറിൽ- 0.1 ശതമാനവുമായിരിക്കും ഇത്.

ജനുവരി-മാർച്ച് മാസങ്ങളിൽ കണക്കാക്കുന്നത് 4.4 ശതമാനം വളർച്ചയാണ്. നിലവിലെ സാഹചര്യത്തിലും 2020 കലണ്ടർ വർഷത്തിന്റെ അവസാന പാദത്തിൽ വളർച്ച 1.4 ശതമാനമായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ആഗോള ജിഡിപി പ്രവചനങ്ങളിലും വലിയ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. 'ലോക ജിഡിപി 2020ൽ 3.9 ശതമാനം കുറയുമെന്ന് പ്രതീക്ഷിക്കുന്നു, ഇത് യുദ്ധാനന്തര കാലഘട്ടത്തിലെ അഭൂതപൂർവമായ മാന്ദ്യത്തിന്റെ പ്രതിഫലനമാണ്' ഫിച്ച് റേറ്റിങ്സിലെ ചീഫ് ഇക്കണോമിസ്റ്റ് ബ്രയാൻ കോൾട്ടൺ പറഞ്ഞു.

ഇന്ത്യൻ സ്റ്റോറുകൾക്ക് ശമ്പളവും വാടകയും എത്തിച്ച് ആപ്പിൾ

ന്യൂഡൽഹി: ലോക്ഡൗൺ മൂലം ഗതികേടിലായ ഇന്ത്യയിലെ 500ഓളം ആപ്പിൾ എക്സ്ക്ലൂസീവ് സ്റ്റോറുകൾക്ക് രണ്ട് മാസത്തെ വാടകയും സ്റ്റോർ ജീവനക്കാരുടെ ശമ്പളവും അമെരിക്കയിലെ കമ്പനി ആസ്ഥാനത്തു നിന്ന്. ഓർഡറുകളുടെ പേയ്മെന്റ് കാലാവധി 30 ദിവസത്തിൽ നിന്ന് 60 ദിവസത്തേക്ക് നീട്ടുന്നതിനു പുറമെയാണ് ഈ സഹായ നടപടികൾ.

വലിയ ഫോർമാറ്റ് സ്റ്റോറുകൾ നടത്തുന്ന ആപ്പിൾ പ്രീമിയം റീസെല്ലർ പങ്കാളികൾക്കും ചെറിയ ഫോർമാറ്റ് എക്സ്ക്ലൂസീവ് സ്റ്റോറുകളായ ആപ്പിൾ റീട്ടെയ്ൽ ഔട്ട്ലെറ്റുകൾക്കും കുപെർട്ടിനോ ആസ്ഥാനമായ കമ്പനി പണം നൽകി. ഓൺലൈനിൽ ഉൾപ്പെടെ ആപ്പിൾ ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സാധ്യത കണ്ടെത്താൻ കമ്പനി ഒരു ഇമെയിലിൽ ആവശ്യപ്പെട്ടു.

യുഎസിലുടനീളം ആപ്പിൾ റീട്ടെയ്ൽ സ്റ്റോറുകൾ അടച്ചുപൂട്ടിയ നിലയിലാണ്. അവിടെ തൊഴിലാളികൾക്കും റീട്ടെയ്ൽ ജീവനക്കാർക്കും പരിധിയില്ലാത്ത അസുഖ അവധിയാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്.

ലോക് ഡൗൺ ഇളവുകൾ: സർക്കാർ ഓഫിസുകൾ പ്രവർത്തനം തുടങ്ങി

കലൂരിൽ നിന്ന് ഹോട്ട് സ്പോർട്ടിലേക്ക് വാഹനങ്ങൾ പോകാതെ തടഞ്ഞ് തിരിച്ചയക്കുന്ന പൊലീസ്.

സ്വന്തം ലേഖകൻ

കൊച്ചി: ജില്ലയിൽ ലോക് ഡൗണിൽ ഇന്നലെ മുതൽ ഇളവുകൾ നിലവിൽ വന്നതോടെ സർക്കാർ ഓഫിസുകൾ കുറഞ്ഞ ഹാജർ നിലയോടെ പ്രവർത്തനം തുടങ്ങി. ജില്ലാ കലക്റ്ററേറ്റ്, താലൂക്ക് ഓഫിസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വില്ലെജ് ഓഫിസുകൾ എന്നിവയെല്ലാം തുറന്നു പ്രവർത്തിച്ചു. 33 ശതമാനം ജീവനക്കാർക്ക് ഹാജരാകാൻ അനുമതിയുണ്ടെങ്കിലും പൊതുഗതാഗത സംവിധാനങ്ങൾ നിലവിലില്ലാത്തതിനാൽ അതിലും കുറഞ്ഞ ഹാജർനിലയാണ് രേഖപ്പെടുത്തിയത്. മുഖാവരണം ധരിച്ചാണു ജീവനക്കാർ ജോലി ചെയ്തത്. കൂടുതൽ ബേക്കറികളും ഹോട്ടലുകളും പ്രവർത്തനം തുടങ്ങി. അക്ഷയകേന്ദ്രങ്ങളും തുറന്നിരുന്നു. ജില്ലയിൽ നിരത്തിലിറങ്ങിയ വാഹനങ്ങളുടെ എണ്ണവും വർധിച്ചു.

ഹോട്ട് സ്പോട്ടുകളായ കത്യക്കടവിലും ചുള്ളിക്കലും കർശന നിയന്ത്രണങ്ങൾ

ഹോട്ട് സ്പോട്ടുകളായി ജില്ലാ ഭരണകൂടം പ്രഖ്യാപിച്ചിട്ടുള്ള കൊച്ചി കോർപ്പറേഷനിലെ കത്യക്കടവിലും മട്ടാഞ്ചേരി ചുള്ളിക്കലിലും കർശന നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ ഭാഗത്തേക്ക് വാഹനങ്ങൾ കടത്തിവിടുന്നില്ല. ബാങ്കുകൾക്ക് പ്രവർത്തനാനുമതിയില്ല. പലചരക്ക് കടകൾക്ക് ഉച്ചവരെ മാത്രമാണു തുറക്കാൻ അനുമതി. കത്യക്കടവ് പാലം വഴി വാഹനഗതാഗതം നിരോധിച്ചു. ഡെപ്യൂട്ടി പൊലീസ് കമ്മിഷണർ ജി.പൂങ്കുഴലിയുടെ നേതൃത്വത്തിൽ നഗരത്തിൽ വാഹനപരിശോധന നടത്തി.

ഇന്നലെ വീടുകളിൽ നിരീക്ഷണത്തിനായി 146 പേരെ പുതിയതായി ഉൾപ്പെടുത്തി. ഇതിൽ 23 പേർ ഏപ്രിൽ 21 നു പാലക്കാട് ജില്ലയിൽ രോഗം സ്ഥിരീകരിച്ച വ്യക്തിയുമായി സമ്പർക്കം വന്നവരാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും ജില്ലയിൽ എത്തിയ 48 പേരും നിരീക്ഷണത്തിലായവരിൽ ഉൾപ്പെടും. നിരീക്ഷണ കാലയളവ് അവസാനിച്ചതിനെ തുടർന്നു 13 പേരെ നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി. ഇതോടെ ജില്ലയിൽ വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 272 ആയി. ഇതിൽ 76 പേർ ഹൈ റിസ്ക്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 28 ദിവസത്തെ നിരീക്ഷണത്തിലും 196 പേർ ലോ റിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 14 ദിവസത്തെ നിരീക്ഷണത്തിലുമാണ്.

പുതുതായി 9 പേരെയാണ് ആശുപത്രിയിൽ നിരീക്ഷണത്തിൽ പ്രവേശിപ്പിച്ചത്. ഇതിൽ 3 പേരെ കളമശേരി മെഡിക്കൽ കോളെജിലും ഒരാളെ ആലുവ ജില്ലാ ആശുപത്രിയിലും 5 പേരെ സ്വകാര്യ ആശുപത്രികളിലും പ്രവേശിപ്പിച്ചു. നിലവിൽ 22 പേരാണ് ജില്ലയിലെ വിവിധ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ കഴിയുന്നത്. കളമശേരി മെഡിക്കൽ കോളെജിൽ 5 പേരും ആലുവ ജില്ലാ ആശുപത്രിയിൽ 3 പേരും കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ 2 പേരും, സ്വകാര്യ ആശുപത്രികളിൽ 12 പേരും നിരീക്ഷണത്തിൽ ഉണ്ട്.

നെടുമ്പാശേരി വിമാനത്താവളം തുറക്കാൻ കർമപദ്ധതി തയാറാക്കും

സാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടി പ്രാഥമിക പരിശോധന നടത്തുന്നതുൾപ്പടെയുള്ള കാര്യങ്ങൾ പരിഗണനയിൽ

കൊച്ചി: കൊച്ചി വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിനു മുമ്പ് ജില്ലാ തലത്തിൽ പ്രത്യേക കർമപദ്ധതി രൂപീകരിക്കാൻ ജില്ല ഭരണകൂടം തീരുമാനിച്ചു. കലക്റ്റർ എസ്.സുഹാസിന്റെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിലാണ് ഈ തീരുമാനം. വിദേശത്തു നിന്നും നാട്ടിലേക്ക് മടങ്ങുന്നവരുടെ വിവരങ്ങൾ ശേഖരിക്കാനുള്ള നടപടി ആരംഭിച്ച സാഹചര്യത്തിൽ ഇവരെ നിരീക്ഷണത്തിലേക്കു മാറ്റുന്നതുൾപ്പടെയുള്ള കാര്യങ്ങൾ കർമപദ്ധതിയിൽ ഉൾപ്പെടുത്താനാണ് ആലോചിക്കുന്നത്.

സാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടി പ്രാഥമിക പരിശോധന നടത്തുന്നതുൾപ്പടെയുള്ള കാര്യങ്ങൾ ജില്ല ഭരണകൂടത്തിന്റെ പരിഗണനയിലുണ്ട്. സംസ്ഥാന സർക്കാർ നൽകിയിരിക്കുന്ന നിർദേശങ്ങൾക്കനുസരിച്ചായിരിക്കും മാർഗ നിർദേശങ്ങൾ തയാറാക്കുന്നത്. അടുത്ത ദിവസങ്ങളിൽ സർക്കാരിലേക്ക് കർമ പദ്ധതി സമർപ്പിക്കാനാണ് തീരുമാനം. വിമാനത്താവളത്തിൽ ജോലി ചെയ്ത ആരോഗ്യ പ്രവർത്തകർക്ക് രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളും കർമപദ്ധതിയിൽ ഉൾപ്പെടുത്തും.

തുറമുഖത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് പ്രതിനിധികളും അവലോകന യോഗത്തിൽ പങ്കെടുത്തിരുന്നു.

സബ് കലക്റ്റർ സ്നേഹിൽ കുമാർ സിങ്, എസ്പി കെ.കാർത്തിക്ക് ഡിസിപി ജി.പൂങ്കുഴലി, അസി.കലക്റ്റർ എം.എസ് മാധവിക്കുട്ടി, കേരള ആംഡ് ബറ്റാലിയൻ 1 കമാൻഡന്റ് വൈഭവ് സക്സേന, ജില്ല മെഡിക്കൽ ഓഫീസർ ഡോ.എൻ.കെ കുട്ടപ്പൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

വൈദ്യുതി മുടങ്ങും

വൈപ്പിൻ: അറ്റകുറ്റപണി നടത്തുന്നതിനാൽ ചെറായി രാമവർമ പാലം മുതൽ ബേക്കറി വളവ് വരെ പ്രദേശത്ത് ശനിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് ആറു വരെ വൈദ്യുതി വിതരണം തടസപ്പെടും.

വൈപ്പിൻ ബ്ലോക് രണ്ടു ലക്ഷം നൽകും

വൈപ്പിൻ: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് രണ്ട് ലക്ഷം രൂപ സംഭാവന നൽകുമെന്ന് പ്രസിഡന്റ് ഡോ.കെ.കെ.ജോഷി അറിയിച്ചു. എൽഡിഎഫ് അംഗങ്ങൾ തങ്ങളുടെ ഒരുമാസ ഓണറേറിയം ദുരിതാശ്വാസ നിധിയിലേക്ക് നൽകാൻ തീരുമാനിച്ചതായും അദ്ദേഹം പറഞ്ഞു.

നുവാൽസിൽ അധ്യാപക ഒഴിവ്

കളമശേരി: നിയമ സർവകലാശാലയായ കളമശേരി നുവാൽസിൽ നിയമ വിഷയത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ രണ്ടു ഒഴിവുണ്ട്. ടെനുവർ ട്രാക്ക് സമ്പ്രദായത്തിൽ ആയിരിക്കും നിയമനം. പൊതുവിഭാഗത്തിലും സംവരണ വിഭാഗത്തിലും ഓരോ ഒഴിവുകളാണുള്ളത്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മേയ് 20. വിശദ വിവരവും അപേക്ഷയുടെ മാതൃകയും മറ്റും നുവാൽസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.nuals.ac.in) ലഭ്യമാണ്.

തരിശുഭൂമിയിൽ പച്ചക്കറി കൃഷി

മുളന്തുരുത്തി: ഗ്രാമപഞ്ചായത്ത് വാർഡ് 2 ലെ കുടുംബശ്രീ യൂണിറ്റ് ഗ്രാമശ്രീ ജെഎൽജി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്തു. ഇഞ്ചിമലയിലെ ഒന്നരയേക്കർ തരിശായി കിടന്ന സ്ഥലത്ത് ചേന, മരച്ചീനി, വെണ്ട, ചീര, പച്ചമുളക്, വെള്ളരി, വഴുതന എന്നിവയാണു കൃഷിയിറക്കിയത്. വിജെ.പൗലോസ്, പഞ്ചായത്ത് പ്രസിഡന്റ് റെഞ്ചി കുര്യൻ കൊള്ളിനാൽ, വാർഡ് മെംബർ ബിനോയ് ഹരിദാസ്, വ്യാപാരി വ്യവസായി പ്രസിഡന്റ് ബാബു കാലാപ്പിള്ളിൽ, സിഡിഎസ് ചെയർപേഴ്സൺ മേരി മത്തായി, എഡിഎസ് പ്രസിഡന്റ് ആനി ശീമോൻ, കൃഷി അസി സുനിൽകുമാർ എന്നിവർ പങ്കെടുത്തു. വ്യാപാരി വ്യവസായി ടൗൺ യൂണിറ്റ് ജെഎൽജി ഗ്രൂപ്പുകൾക്ക് കൃഷി നനക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ നൽകി.

മെഡിക്കൽ ഷോപ്പിൽ കവർച്ച

വൈപ്പിൻ: ലോക് ഡൗണിനിടെ ഞാറക്കൽ ആശുപത്രിക്ക് സമീപത്തെ മെഡിക്കൽ ഷോപ്പിൽ കവർച്ച. ഷട്ടർ താഴ് തകർത്താണ് മോഷണം നടത്തിയിട്ടുള്ളത്. ആയിരത്തോളം രൂപ, പ്രമേഹം, രക്തസമ്മർദ്ദം എന്നിവയുടെ ഗുളികകളും ബാൻഡ് എയ്ഡ്, ഇയർ ബഡ് തുടങ്ങിയ കവർന്നതായി ഉടമ ഷോപ്പ് പറഞ്ഞു. രാവിലെ കട തുറക്കാനെത്തിയപ്പോഴാണ് മോഷണം അറിഞ്ഞത്. ഞാറക്കൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

കുടിവെള്ളക്ഷാമം, ബൂസ്റ്റിങ് സിസ്റ്റം സ്ഥാപിക്കണം

വൈപ്പിൻ: പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ വടക്കൻ മേഖലയിൽ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി നായരമ്പലത്ത് സ്ഥാപിച്ചിട്ടുള്ളതിനു സമാനമായ ബൂസ്റ്റിംഗ് പമ്പ് സിസ്റ്റം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് മുൻ പഞ്ചായത്തംഗവും മുൻ അംഗവും കോൺഗ്രസ് നേതാവുമായ കെ.എഫ്.വിത്സൻ പറവൂർ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിവേദനം നൽകി.

കെഎസ്ഇബി ജീവനക്കാരന് സസ്പെൻഷൻ

വൈപ്പിൻ: അക്ബാരി കേസിൽ വരാപ്പുഴ എക്സൈസ് അധികൃതർ അറസ്റ്റ് ചെയ്ത കെഎസ്ഇബി ചെറായി സെക്ഷനിലെ ജീവനക്കാരൻ ജിയോ എം. ജോസഫിനെ ചീഫ് എൻജിനീയർ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു.

ഡിവൈഎഫ്ഐ നേതാക്കൾ രാജപ്പന് ഗ്യാസ് സിലിണ്ടർകൈമാറുന്നു.

രാജപ്പന് ഡിവൈഎഫ്ഐ ഓക്സിജൻ നൽകും

ഏലൂർ: ശ്വാസകോശ രോഗത്തെ തുടർന്ന് ഓക്സിജൻ ട്യൂബ് നീക്കം ചെയ്യാനാകാത്ത രാജപ്പന് ഇനി മുടങ്ങാതെ ഡിവൈഎഫ്ഐ ഏലൂർ ഈസ്റ്റ് മേഖല കമ്മിറ്റി ഓക്സിജൻ സിലിണ്ടറെത്തിക്കും. ലോക്ഡൗൺ ആയതോടെ സിലിണ്ടർ എങ്ങനെ ലഭിക്കുമെന്നോർത്ത് നിർധന കുടുംബം അങ്കലാപ്പിലായിരുന്നു. സിലിണ്ടർ എത്തിച്ചു നൽകാമെന്ന് ഡിവൈഎഫ്ഐ ഏറ്റതോടെ ആശങ്ക നീങ്ങുകയായിരുന്നു.

ഏലൂർ പാതാളത്ത് വാടക വീട്ടിൽ താമസിക്കുന്ന രാജപ്പൻ (59) അഞ്ച് വർഷമായി ഓക്സിജൻ സിലിണ്ടറിന്റെ സഹായത്തോടെയാണ് കഴിയുന്നത്. മാസം 10 ഓളം സിലിണ്ടറുകൾ വേണം. ഒരു സിലിണ്ടറിന് 450 രൂപ വിലയുണ്ട്. വീട്ടിലെത്തിക്കുന്നതിന് ഓട്ടോറിക്ഷാക്കൂലി വേറെയുമാകും. രോഗത്തെ തുടർന്നു രാജപ്പന് ജോലിക്ക് പോകാൻ കഴിയില്ല. ലോക്ഡൗണിനെ തുടർന്ന് ഭാര്യ ഓമനക്കുണ്ടായിരുന്ന നാമമാത്ര വരുമാനവും ഇല്ലാതായി. ഈ സാഹചര്യത്തിൽ ഏലൂർ നഗരസഭ അഞ്ച് സിലിണ്ടറുകൾ നൽകുന്നുണ്ട്. എന്നാൽ പിഎച്ച്സിയിൽ നിന്ന് കത്തു വാങ്ങി ഏലൂർ സതേൺ ഗ്യാസിൽ നിന്ന് സിലിണ്ടർ നിറച്ചെത്തിക്കണം. ഈ ഉത്തരവാദിത്തവും തുടർന്ന് ആവശ്യമാകുന്ന സിലിണ്ടറുകളെത്തിക്കുന്നതുമാണ് ഡിവൈഎഫ്ഐ ഏറ്റെടുക്കുന്നത്. വ്യാഴാഴ്ച കളമശേരി ബ്ലോക് സെക്രട്ടറി എ.ആർ.രഞ്ജിത്, മേഖല സെക്രട്ടറി അമൽദേവ്, യൂണിറ്റ് സെക്രട്ടറി മിറാജ് തോമസ് തുടങ്ങിയവർ ആദ്യത്തെ സിലിണ്ടർ വീട്ടിലെത്തിച്ച് നൽകി.

നിർദ്ധനർക്കും അഗതികൾക്കും ആശ്വാസമായി പറവൂർ കമ്യൂണിറ്റി കിച്ചൻ

പറവൂർ: പറവൂരിലെ അഗതികൾക്കും നിർദ്ധനർക്കും ഇതര സംസ്ഥാന തൊഴിലാളികൾക്കും വിശപ്പു മാറ്റാനുള്ള ആശ്രയ കേന്ദ്രമായി പറവൂർ നഗരസഭയുടെ കമ്യൂണിറ്റി കിച്ചൻ. കൊവിഡ് 19 രോഗബാധയെ തുടർന്നുള്ള ലോക് ഡൗൺ പ്രഖ്യാപനത്തിനു ശേഷം മാർച്ച് 27 ന് ആരംഭിച്ച കമ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനം ഒരു മാസത്തോട് അടുക്കുന്നു. 21ദിവസത്തെ പ്രവർത്തനത്തിൽ വിതരണം നടത്തിയത് പതിനായിരത്തി നാനൂറോളം പൊതിച്ചോറുകൾ. നഗരത്തിലെ അഗതികൾ, തെരുവിൽ താമസിക്കുന്നവർ, നഗരസഭയിലെ വിവിധ വാർഡുകളിലെ ഒറ്റക്ക് താമസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വയോജനങ്ങൾ, അന്യസംസ്ഥാനക്കാരായ തൊഴിലാളികൾ, നിർദ്ധനർ, എന്നിവർക്കാണ് ഭക്ഷണം നൽകി വരുന്നത്.

ഇന്നലെ മാത്രം 405 പൊതിച്ചോർ വിതരണം നടത്തി. കൂടാതെ എല്ലാ ദിവസവും വൈകിട്ട് തെരുവ് നായകൾക്കും ഭക്ഷണം നൽകുന്നു. ചെയർമാന്റെ ദുരിതാശ്വാസ നിധിയിലൂടെ സംഭാവനയായി ലഭിച്ച തുകയും നിരവധി സംഘടനകളും സുമ്മനസുകളും നൽകിയ പച്ചക്കറിയും പലവ്യഞ്ജനങ്ങളും ഉൾപ്പെടെയുള്ള സാധനങ്ങൾ ഉപയോഗിച്ചാണു പ്രവർത്തനം സുഗമായി മുന്നോട്ട് കൊണ്ടു പോകുന്നത്. കുംടുംബശ്രീ യൂണിറ്റായ വിനായക കഫേ യൂണിറ്റിലെ അംഗങ്ങൾ പാചകം ചെയ്യുന്ന ഭക്ഷണം പാക്ക് ചെയ്യുന്നതും തെരുവോരങ്ങളിൽ ഭക്ഷണം നൽകുന്നതും നഗരസഭാ കൗൺസിലർമാരുടെ നേതൃത്വത്തിലാണ്. കൂടെ വാർഡുകളിലെ വിവിധയിടങ്ങളിൽ വളന്റിയർമാരുടെ സഹായത്തോടെയാണ് ഭക്ഷണം വിതരണം ചെയ്യുന്നത്. ലോക്ഡൗൺ വേളയിൽ നഗരത്തിലെ നിരാലംബർക്ക് ഭക്ഷണം ഉറപ്പ് വരുത്താൻ കമ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനത്തിലൂടെ നഗരസഭാ നേതൃത്വത്തിന് കഴിഞ്ഞിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് ദുരിതമായി ഇൻഷുറൻസ് പ്രിമീയം

മരട്: ലോക് ഡൗൺ കാരണം മത്സ്യവിപണി സജീവമല്ലാതായതോടെ മത്സ്യതൊഴിലാളികൾ വറുതിയിലായി. മൽസ്യം കിട്ടിയാലും വിപണന സാധ്യത കുറവായ ഇവിടെ മറ്റ് വിദൂരസ്ഥലങ്ങളിൽ നിന്നു കൊണ്ട് വരുന്ന അഴുകിയ മത്സ്യങ്ങൾ പൊലീസ് പലയിടത്തും പിടികൂടിയതോടെ കായൽ മത്സ്യങ്ങൾക്ക് പ്രിയമേറി എന്നതാണ് ആകെയുണ്ടായ ഗുണം. വിമാനസർവീസടക്കം മുടങ്ങിയതോടെ കയറ്റുമതിയും നിലച്ചു. ഇപ്പോൾ പീലിങ് ഷെഡ് നടത്തിപ്പുകാരും മത്സ്യവും ഞണ്ടും സംഭരിച്ചു കയറ്റിയയക്കുന്നവരും രംഗം വിട്ടു നിൽക്കുകയാണ്. കായലിൽ 'ജെല്ലി ഫിഷ്' എന്നറിയപ്പെടുന്ന ചൊറിയുടെ ശല്യം രൂക്ഷമായതായി മത്സ്യതൊഴിലാളിയായ കുമ്പളം സ്വദേശി ഉദയൻ ചൂണ്ടിക്കാട്ടി.

വറുതിയുടെ സമയത്ത് മത്സ്യഫെഡ് മുഖേന സാമ്പത്തിക സഹായം ലഭിക്കുമെന്ന് കേട്ടിരുന്നെങ്കിലും അതും ഇതുവരെ ലഭിച്ചിട്ടില്ലെന്ന് മത്സ്യതൊഴിലാളികൾ ചൂണ്ടിക്കാട്ടുന്നു. ഇതിനിടയിൽ മത്സ്യതൊഴിലാളികൾക്കായുള്ള അപകട ഇൻഷുറൻസ് പ്രീമിയം തുക പിരിച്ചെടുക്കാനുള്ള അധികൃതരുടെ നടപടികൾ മത്സ്യത്തൊഴിലാളികൾക്ക് ദുരിതമായി.

മത്സ്യതൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സാമ്പത്തിക സഹായങ്ങൾ എത്രയും വേഗം നടപ്പാക്കണമെന്നും, ഇൻഷുറൻസ് ഉൾപ്പെടെയുള്ള തുക പിരിക്കുന്ന നടപടികൾ അടിയന്തിരമായി നിർത്തിവെപ്പിക്കണമെന്നും ബിജെപി കുമ്പളം പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടു.

വീണ്ടും കിറ്റ് വിതരണം

നെട്ടൂർ: സുഹൃത്ത് സംഘം കൂട്ടായ്മയുടെ നേതൃത്വത്തിൽ 32ാം ഡിവിഷനിൽപ്പെട്ട തട്ടേക്കാട്ട് റോഡ്, കോയിത്തറ കുണ്ടുവേലി റോഡ്, കുന്നാഴത്ത് റോഡ്, നെട്ടൂർ ഓൾഡ് തീയറ്റർ റോഡ് പരിസരത്തുള്ള പ്രദേശവാസികൾക്ക് പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു. കഴിഞ്ഞ 17നും സംഘം ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തിരുന്നു. തുടർച്ചയായി രണ്ടു തവണ കിറ്റുകൾ വിതരണം ചെയ്ത സുഹൃത്ത് സംഘം കൂട്ടായ്മ നാടിനു മാതൃകയാവുകയാണ്.

ഒപി സമയം നീട്ടി

വൈപ്പിൻ: കൊവിഡ് 19 പ്രത്യേക സാഹചര്യം പരിഗണിച്ച് മുനമ്പം, അയ്യമ്പിള്ളി ഹെൽത്ത് സെന്ററുകളുടെ ഒപി പ്രവർത്തന സമയം വൈകിട്ട് ആറു വരെ, രണ്ട് മണിക്കൂർ ദീർഘിപ്പിച്ചതായി വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ.കെ.കെ.ഷി അറിയിച്ചു. കഴിഞ്ഞ ദിവസം വരെ വൈകിട്ടു നാലു വരെ ആയിരുന്നു. ഇതിന്റെ ഭാഗമായി രണ്ട് താൽക്കാലിക ഫാർമസിസ്റ്റുകളുടെ സേവനം കൂടി സജ്ജമാക്കിയിട്ടുണ്ടെന്നു പ്രസിഡന്റ് കൂട്ടിച്ചേർത്തു.

മാസ്ക് വിതരണം

ചോറ്റാനിക്കര: ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡ് കുടുംബശ്രീ എഡിഎസിന്റെ നേതൃത്വത്തിൽ കഴുകി ഉണക്കി ഉപയോഗിക്കാവുന്ന തുണികൊണ്ടുള്ള മാസ്ക്കുകൾ സൗജ്യമായി ഓരോ കുടുംബത്തിലെ എല്ലാ അംഗക്കൾക്കും നൽകി. തുണി വാങ്ങി അംഗങ്ങൾ തൈയ്ച്ച് 2500 എണ്ണം മാറ്റകുളാണ് വീടുകളിൽ എത്തി വിതരണം നടത്തിയത്. ഡോക്റ്റർ അനുസി, കൊച്ച് കുഞ്ഞ്, എഡിഎസ് പ്രസിഡന്റ് ഷിൽജി ചന്ദ്രൻ, പഞ്ചായത്തംഗം ജോൺസൺ തോമസ്,ജിൻഷ ബിജു, പ്രമിത മണി എന്നിവർ പങ്കെടുത്തു.

കെഎസ്ഇബിയ്ക്ക് മാസ്കുകൾ നൽകി

പറവൂർ: കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പറവൂർ വടക്കേക്കര 3131 സഹകരണ ബാങ്ക് കെഎസ് ഇബി സെക്ഷൻ ഓഫീസുകളിലേക്ക് മാസ്കുകൾ നൽകി.

പറവൂർ ഡിവിഷനു കീഴിലുള്ള വിവിധ സെക്ഷൻ ഓഫിസുകളിലായി അയ്യായിരം മാസ്ക്കുകളാണ് ബാങ്ക് നൽകിയത്. കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ ഭാരവാഹികൾക്ക് ബാങ്ക് പ്രസിഡന്റ് എ.ബി. മനോജ് മാസ്കുകൾ കൈമാറി.

വൃദ്ധദമ്പതികളുടെ ഭവനത്തിന് തറക്കല്ലിട്ടു

വൈപ്പിൻ: എളങ്കുന്നപ്പുഴ പഞ്ചായത്തിലെ വട്ടതറ ജോസഫ് ത്രേസ്യാമ്മ വൃദ്ധദമ്പതികൾക്ക് സന്നദ്ധ സംഘടന കൂട്ടായ്മ ഒരുക്കുന്ന ഭവനത്തിന്റെ തറക്കല്ലിടൽ ഞാറക്കൽ സിഐ എം.കെ.മുരളി നിർവഹിച്ചു. ഫേസ് പ്രസിഡന്റ് ടി.ആർ.ദേവൻ, ഡോ.മേരി അനിത, സൂര്യഎൻ.കെ.സച്ചു. രത്നമ്മ ഗുരുദേവഭവൻ, ആന്റണി ഡാമി, അൻവർ എന്നിവർ സംബന്ധിച്ചു.

ശമ്പളം പിടിച്ചുപറിക്കാനുള്ള നീക്കത്തിൽ നിന്ന് സർക്കാർ പിന്മാറുക: ഫെഡറേഷൻ

കളമശേരി: സർക്കാർ ചെലവിൽ കോടികളുടെ ധൂർത്ത് ഒരുവശത്തു നടക്കുമ്പോൾ പാവപ്പെട്ട സർക്കാർ ജീവനക്കാരെ കടക്കെണിയിലാക്കുന്ന രീതിയിൽ അവരുടെ ശമ്പളത്തിൽ കൈയിട്ടു വാരുന്ന സർക്കാർ നടപടി അടിയന്തിരമായി പിൻവലിക്കണമെന്ന് ഫെഡറേഷൻ ഓഫ് ഓൾ കേരള യൂണിവേഴ്സിറ്റി എംപ്ളോയീസ് ഓർഗനൈസേഷൻസ് ആവശ്യപ്പെട്ടു. സർക്കാരിന്റെ വിവിധ വകുപ്പുകളിലായി ജീവൻ പണയം വെച്ച് അഹോരാത്രം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ മനോവീര്യമാണ് സർക്കാർ തകർക്കുന്നത്. ഒരു വർഷത്തിലേറെയായി മൊത്തം 12 ശതമാനം ക്ഷാമ ബത്ത കുടിശികയാണ്. കൂടാതെ മൂന്നു മാസത്തേക്ക് എന്നു പറഞ്ഞ് മരവിപ്പിച്ചിരിക്കുന്ന ലീവ് സറണ്ടർ എന്ന് പുനരാരംഭിക്കുമെന്ന് ഒരു വ്യക്തതയുമില്ല. 2019 ജൂലൈ മുതൽ ലഭിക്കേണ്ട ഇടക്കാലാശ്വാസം ഇതുവരെ അനുവദിച്ചിട്ടില്ല.

കൊവിഡ് പ്രതിരോധത്തിലേർപ്പെട്ടിരിക്കുന്ന ഭൂരിപക്ഷം വരുന്ന ജീവനക്കാരാണു സർക്കാരിന്റെ പീഡനത്തിനിരയാകുന്നത്. സർക്കാരിന്റെ പിടിപ്പുകേടിനും സാമ്പത്തിക ധൂർത്തിനും കേരളത്തിലെ പാവപ്പെട്ട സർക്കാർ ജീവനക്കാരെ ബലിയാടുകളാക്കുന്ന സർക്കാർ നടപടി അടിയന്തിരമായി പിൻവലിക്കണമെന്ന് ഫെഡറേഷൻ പ്രസിഡന്റ് എൻ.എൽ. ശിവകുമാർ, ജനറൽ സെക്രട്ടറി എം.ജി.സെബാസ്റ്റ്യൻ എന്നിവർ സർക്കാരിനോട് ആവശ്യപ്പെട്ടു. പ്രക്ഷോഭ പരിപാടികളിലേക്കും നിയമ നടപടികളിലേക്കും ജീവനക്കാരെ തള്ളിവിടരുതെന്നും ആവശ്യമുയർന്നു.

ഫോർട്ട്കൊച്ചിയിൽ വിദേശികൾക്ക് വേണ്ടിയുള്ള സമൂഹ അടുക്കള.

ഫോർട്ടുകൊച്ചിയിൽ വിദേശികൾക്കായി സമൂഹഅടുക്കള

മട്ടാഞ്ചേരി: പൈതൃകനഗരിയിൽ വേറിട്ട അതിഥി വിരുന്നൊരുക്കി വിദേശികൾക്കായുള്ള സമൂഹ അടുക്കള ശ്രദ്ധേയമാകുന്നു. കോറോണ ലോക് ഡൗണിൽ കുടുങ്ങി പ്രയാസപ്പെടുന്ന വിദേശികൾക്കായുള്ളതാണ് അടുക്കള. കൊച്ചിയിൽ 49 ഓളം വിദേശികൾ തങ്ങുന്നതായാണു റിപ്പോർട്ട്. ഫോർട്ടുകൊച്ചിൻ ടൂറിസം ഹെറിറ്റേജ് പ്രിസർവേഷൻ കൗൺസിലാണ് അടുക്കളയൊരുക്കിയത്.

ദ്രോണാചാര്യ റോഡിൽ ഉച്ചക്ക് ഒന്നു മുതൽ രണ്ടു വരെയുള്ള അടുക്കളയിൽ 15ൽ ഏറെ വിദേശികളാണ് ഭക്ഷണത്തിനായി എത്തുന്നതെന്ന് അടുക്കളയൊരുക്കിയ കൗൺസിൽ പ്രസിഡന്റ് സിംസൺ പറഞ്ഞു. വടക്കേയിന്ത്യൻ വിഭവമായ 'താലി' ഊണാണ് നൽകുന്നത്. മാർച്ചിൽ തുടങ്ങിയ വിദേശി സമൂഹ അടുക്കള ലോക് ഡൗൺ കാലഘട്ടം വരെ തുടരാനാണ് ഉദ്ദേശം. ഫോർട്ടുകൊച്ചി സബ് കലക്റ്റർ സ്നേഹിൽ കുമാറിന്റെ നിർദേശത്തിൽ തുടങ്ങിയ അടുക്കള കെ.ജെ.മാക്സി എംഎൽഎ,കൊച്ചി തഹസിൽദാർ എ.ജെ.തോമസ് തുടങ്ങിയവർ സന്ദർശിച്ചു.

കൊച്ചിക്കാർക്ക് ദുരിതകാല സഹായഹസ്തവുമായി ഭക്ഷ്യ കിറ്റ് വിതരണം നടത്തുന്ന ഫ്രഞ്ചുകാരി സ്റ്റെഫനി ഹെർവ്

ഭക്ഷ്യകിറ്റ് സഹായഹസ്തവുമായി ഫ്രഞ്ച് സാമൂഹ്യ പ്രവർത്തക

മട്ടാഞ്ചേരി: കൊറോണ ലോക് ഡൗൺ ദുരിതകാലത്തു കൊച്ചിക്കാർക്ക് ഭക്ഷ്യ കിറ്റു സഹായവുമായി ഫ്രഞ്ച് സാമൂഹ്യ പ്രവർത്തക സ്റ്റെഫനി ഹെർവ് രംഗത്ത്. ഫോർട്ടുകൊച്ചിയുടെ വിവിധ മേഖലകളിലുള്ള 120 ഓളം നിർധനർക്കാണ് സ്റ്റെഫനിയുടെ സഹായഹസ്തമെത്തിയത്. അരിയും 20 ഓളം പലവ്യഞ്ജന പച്ചക്കറി ഇനങ്ങളുമായി 1500 രൂപ വില വരുന്ന ഭക്ഷ്യക്കിറ്റാണ് സ്റ്റെഫനി ഹെർവ് വിതരണം ചെയ്തത്. കൂടാതെ ഫോർട്ടുകൊച്ചി വെളി സ്കൂളിൽ നടക്കുന്ന കമ്യൂണിറ്റി കിച്ചണിൽ അമ്പതിനായിരം രൂപയുടെ പലവ്യഞ്ജന പച്ചക്കറിയിനങ്ങളും സ്റ്റെഫനി നൽകി കഴിഞ്ഞു. ഫ്രാൻസിലെ എൻജിഒ ആയ അസോസിയേഷൻ ഗബ്രിയേൽ സംഘടനയുടെ സജീവ പ്രവർത്തകയാണ് തെറാപ്പിസ്റ്റായ സ്റ്റെഫനി. ഫോർട്ടുകൊച്ചിയിലെ കസാമിയ ഹോം സ്റ്റേയിൽ താമസിച്ചു നാടൻപാട്ടും കലാവിരുന്നും യോഗയും ഫ്രഞ്ച് കാർക്ക് വീഡിയോ ചാറ്റ് വഴി വിനോദമാക്കി അവരിൽ നിന്ന് സഹായമഭ്യർഥിച്ചാണ് ധനശേഖരണം നടത്തുന്നതെന്ന് സ്റ്റേഫനി ഹെർവ് പറഞ്ഞു.മാർച്ച് ആദ്യ വാരം കൊച്ചിയിലെത്തിയ സ്റ്റെഫനി ആത്മീയപഠനമാണ് ലക്ഷ്യമിടുന്നത്. ഒപ്പം നാടിനു സന്നദ്ധ സഹായമൊരുക്കുവാനും തയ്യാറെടുക്കുന്നു. സ്റ്റെഫനിയുടെ ഭക്ഷ്യ കിറ്റ് വിതരണം ഫോർട്ടുകൊച്ചി സിഐ മനുരാജ് ഉദ്ഘാടനം ചെയ്തു.കാസാമിയ ഉടമ ഉഷ ആന്റണി, ആന്റണി സാമുവൽ, പാട്രിക്ക്, ലെസ്ലി എന്നിവർ നേതൃത്വം നൽകി.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.112 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from **Vaartha News Network Pvt. Ltd,** Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

ഭക്ഷ്യധാന്യ കിറ്റുകൾ നൽകി

കരുനാഗപ്പള്ളി : നിയോജക മണ്ഡലത്തിലെ പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് കനിവ് ചാരിറ്റബിൾ ട്രസ്റ്റ് ആർ.രാമചന്ദ്രൻ എ എൽ.എയുടെ ഇടപെടലിനെ തുടർന്ന് ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു. കോവിഡ് ആശ്വാസ ഭക്ഷ്യധാന്യ കിറ്റിന്റെ വിതരണോത്ഘാടനം ആർ.രാമചന്ദ്രൻ എം.എൽ.എ നിർവഹിച്ചു. കനിവ് ചാരിറ്റബിൾ ട്രസ്റ്റ് ഡയറക്ടർ ജിജേഷ്‌വി.പിള്ള, കനിവ് കോഓഡിനേറ്റർ മുനമ്പത്ത് ഷിഹാബ്, കേരള ജേർണലിസ്റ്റ് യൂണിയൻ ജില്ലാ പ്രസിഡന്റ് വർഗീസ് എം.കൊച്ചുപറമ്പിൽ ,മേഖലാ പ്രസിഡന്റ് ചുള്ളൂർ ഷാനി എന്നിവർ പങ്കെടുത്തു.

ചാരായവും കോടയും എക്സൈസ് പിടികൂടി

കരുനാഗപ്പള്ളി: ചാരായവും കോടയും ഉപകരണങ്ങളും എക്സൈസ് പിടികൂടി . എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ പി. അനിൽകുമാറിന് ലഭിച്ച രഹസ്യവിവരത്തിന്റെ

അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ഇവ കണ്ടെടുത്തത് . പാവുമ്പ വടക്ക് ഷാപ്പ് മുക്ക് ചിറയ്ക്കൽ ക്ഷേത്രം റോഡിൽ ഗുരുമന്ദിരം ജംഗ്ഷൻ സമീപം വിടിനോട് ചേർന്നുള്ള ചായ്പ്പിൽ ചാരായം വാറ്റിക്കൊണ്ടിരുന്ന ആകാശ് ഭവനത്തിൽ സതൃൻ എന്നയാളിനെതിരെ കേസെടുത്തു. സംഭവസ്ഥലത്തു നിന്നും 4 ലിറ്റർ ചാരായം,50 ലിറ്റർ കോട,40 ലിറ്റർ സ്പൈറ്റ് വാഷ്, വാറ്റ് ഉപകരണങ്ങൾ എന്നിവയാണ് കണ്ടെടുത്തത്. റെയ്ഡിൽ പ്രിവന്റീവ് ഓഫീസർ ഉണ്ണികൃഷ്ണപിള്ള, സീനിയർ എക്സൈസ് ഓഫീസർമാരായ അഭിലാഷ്, ദിലീപ് കുമാർ, പ്രസാദ് വനിത എക്സൈസ് ഓഫീസർ മോളി , ഡ്രൈവർ ശിവൻകുട്ടി എന്നിവർ പങ്കെടുത്തു.

കമ്മ്യൂണിറ്റി കിച്ചണിന് സംഭാവന നൽകി

കഴക്കൂട്ടം: മംഗലപുരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചന് കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ സംഭാവന നൽകി. പ്രസിഡന്റ് വേങ്ങോട് മധു സംഭാവന ഏറ്റു വാങ്ങി. വൈസ് പ്രസിഡന്റ് സുമ ഇടവിളാകം, വികസന ചെയർമാൻ മംഗലപുരം ഷാഫി, ആരോഗ്യ ചെയർമാൻ വേണു ഗോപാലൻ നായർ, ക്ഷേമകാര്യ ചെയർപേഴ്സൺ എസ്.ജയ, അംഗങ്ങളായ ലളിതാംബിക, തങ്കച്ചി, സെക്രട്ടറി ജി.എൻ.ഹരികുമാർ, അസിസ്റ്റന്റ് സെക്രട്ടറി സുഹാസ് ലാൽ, മംഗലപുരം യൂണിറ്റ് സെക്രട്ടറി രവീന്ദ്രൻ നായർ, കെ.കരുണാകരൻ, അശോക കുമാർ എന്നിവർ പങ്കെടുത്തു.

പൊലീസ് സ്റ്റേഷൻ ഉപരോധിച്ചു

വെള്ളറട: യൂത്ത്കോൺഗ്രസ് നേതാവ് ശുഹൈലിനെ വധിക്കാൻ ശ്രമിച്ച സിപിഎം-ഡിവൈ എഫ് ഐക്കാരെ അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ്സ് പാറശ്ശാല നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വെള്ളറട പൊലീസ് സ്റ്റേഷൻ മുന്നിൽ പ്രതിഷേധിച്ചു. ഇവരെ സിപിഎം ശ്രീകുമാറിന്റെയും എസ് ഐ സതീഷ്ശേഖറിന്റെയും നേതൃത്വത്തിലുള്ള പൊലീസ് സംഘം അറസ്റ്റ് ചെയ്തു. യൂത്ത് കോൺഗ്രസ്സ് പാറശ്ശാല നിയോജക മണ്ഡലം പ്രസിഡന്റ് ജെ എസ് ബ്രബിൻചന്ദ്രന്റെ നേതൃത്വത്തിൽ നടന്ന പ്രതിഷേധത്തിൽ അരുൺ സിപി , ശ്യാം , എസ്.ആർ അശോക്, എം രാജ്മോഹൻ, കെ. ജി മംഗൾദാസ്, പ്രകാശ് തുടങ്ങിയവർ പങ്കെടുത്തു.

മരിച്ച പ്രവാസിയുടെ വീട് സന്ദർശിച്ചു

അമ്പൂരി: കുവൈറ്റിൽ കൊവിഡ് 19 ബാധിച്ചു മരിച്ച അമ്പൂരി സ്വദേശി ജിജോയുടെ വീട് ബി.ജെ.പി സംസ്ഥാന സെക്രട്ടറി കരമന ജയൻ സന്ദർശിച്ചു. കഴിഞ്ഞയാഴ്ചയാണ് ജിജോ മരണമടഞ്ഞത്. വീട്ടിലെത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ച അദ്ദേഹം മൃതദേഹം നാട്ടിലെത്തിക്കാനുള്ള ശ്രമങ്ങൾ ഊർജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന ഉറപ്പും നൽകി.

ബി.ജെ.പി ജില്ലാ വൈസ് പ്രസിഡന്റ് ബിജു ബി. നായർ, മണ്ഡലം ജനറൽ സെക്രട്ടറി ആലത്തൂർ പ്രസന്നൻ, അമ്പൂരി പഞ്ചായത്ത് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

ഒരിറ്റു വെള്ളത്തിനായി കാത്ത് ആഴ്ചകളോളം...

കഴക്കൂട്ടം: ലോക് ഡൗൺ കാലത്ത് ഒരിറ്റു വെള്ളത്തിനായി ആഴ്ചകളായി കാത്തിരിക്കേണ്ട ഗതികേടിലാണ് പാച്ചിറ പാണ്ടിയിലെ ജനങ്ങളുടെ ജീവിതം. ലോക് ഡൗൺ തുടങ്ങിയതു മുതൽ പ്രദേശത്തെ പൈപ്പുകളിൽ വായുവാണ്.

രാവിലെ മുതൽ പാത്രങ്ങളുമായി പൈപ്പിനു മുന്നിൽ പ്രതീക്ഷയോടെ വെള്ളത്തിനായി കാത്തു നിൽക്കുന്നവർക്ക് നിരാശയാണ് ഫലം. വല്ലപ്പോഴും കിട്ടിയിരുന്ന കുടിവെള്ളം ഇപ്പോ കിട്ടാറേയില്ലെന്നാണ് നാട്ടുകാർ പറയുന്നത്.

അതും ജോലിയും കൂലിയുമില്ലാത്ത ഈ സമയത്ത്. പൊറുതി മുട്ടിയ ജനം നാവ് നനയ്ക്കാൻ നെട്ടോട്ടമോടുന്ന അവസ്ഥയാണ്. ഇവിടേക്ക് ജലം എത്തിക്കുന്നത് അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ ആനതാഴ്ചിറ, അയിലം കടവ് പദ്ധതികളിൽ നിന്നാണ്. സമീപത്തെ പൊതു കിണറിൽ നിന്നായിരുന്നു നാട്ടുകാർ വെള്ളമെടുത്തിരുന്നത്. വേനലിൽ ആ കിണറും വറ്റി വരണ്ടതോടെ ജനം കുടുതൽ ദുരിതത്തിലായി മാറിയിരിക്കുകയാണ്. കുടി വെള്ളത്തിനായി വാർഡംഗമായ രമേശൻ വാട്ടർ അതോറിറ്റിയിൽ ബന്ധപ്പെട്ടപ്പോഴൊക്കെ ഇപ്പോ ശരിയാക്കി തരാം എന്ന പതിവു പല്ലവി മാത്രമാണ് ലഭിക്കുന്നത്. അടിയന്തരമായി കുടിവെള്ളമെത്തിക്കാത്ത പക്ഷം കൊറോണക്കാലത്ത് പഞ്ചായത്ത് പടിക്കൽ സത്യാഗ്രഹം ഇരിക്കുമെന്ന് പ്രദേശവാസികൾ പറഞ്ഞു.

പ്രതിഷേധം നടത്തി

വെള്ളറട: സ്പ്രിംക്ലർ കരാർ റദ്ദാക്കണമെന്നും കമ്പനിയിലെ അഴിമതി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് ബിജെപി ഒറ്റശേഖരമംഗലത്തു പ്രതിഷേധം നടത്തി. പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് ജയചന്ദ്രൻ, ജനറൽ സെക്രട്ടറി അനീഷ് പത്താടി, യുവമോർച്ച മണ്ഡലം സെക്രട്ടറി ശ്രീകാന്ത്, പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് കമൽ അലച്ചൽക്കോണം, ജനറൽ സെക്രട്ടറി മുകേഷ്‌രാജൻ എന്നിവർ പങ്കെടുത്തു.

റബർ കർഷകർ വലയുന്നു

വെഞ്ഞാറമൂട്: റബ്ബർ ഷീറ്റുകൾ വിൽക്കാൻ കഴിയാതെ കർഷകരും കുടുംബങ്ങളും വലയുന്നു. ടാപ്പിംഗ് നടക്കുന്നു വെങ്കിലും ലോക് ഡൗൺ കാരണം റബ്ബർ ഷീറ്റെടുക്കുന്ന കടകൾ പോലും ഇതുവരെ തുറന്നിട്ടില്ല. നേരത്തെ റബ്ബർ ഷീറ്റുകൾ വാങ്ങിയ വ്യാപാരികൾ കയറ്റി അയച്ച ലോഡുകൾക്കിന് ഷീറ്റിന്റെ പണവും വ്യാപാരികൾക്ക് ലഭിച്ചിട്ടില്ല . നാട്ടിൻ പുറങ്ങളിലും അല്ലാതെയുമുള്ള ജനങ്ങളുടെ മുഖ്യ വരുമാനം റബ്ബർഷീറ്റാണ്. റബ്ബർ ഷീറ്റെടുക്കുന്ന കടകൾ അടിയന്തിരമായി തുറന്നു പ്രവർത്തിക്കുവാൻ അധികൃതർ അനുമതി നൽകണമെന്ന് ആവശ്യം ശക്തമായി.

സ്പ്രിംക്ലർ; യൂത്ത്കോൺഗ്രസ് പ്രതിഷേധം നടത്തി

യൂത്ത് കോൺഗ്രസ് നിയോജമണ്ഡലം പ്രസിഡന്റ് ജെ.എസ് ബ്രബിൻ ചന്ദ്രന്റെ നേതൃത്വത്തിൽ പാറശ്ശാല പോസ്റ്റ് ഓഫിസ് ജംഗ്ഷനിൽ നടത്തിയ പ്രതിഷേധം.

പാറശാല: സ്പ്രിംക്ലർ അഴിമതിയിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് പാറശ്ശാല നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മണ്ഡലത്തിലെ നൂറ് കേന്ദ്രങ്ങളിൽ പ്രതിഷേധം നടത്തി. കോറോണ പ്രതിരോധത്തിന്റെ ഭാഗമായി സാമൂഹിക അകലം പാലിച്ചായിരുന്നു പ്രതിഷേധം സംഘടിപ്പിച്ചത്. നിയോജമണ്ഡലം പ്രസിഡന്റ് ജെ.എസ്. ബ്രബിൻചന്ദ്രന്റെ നേതൃത്വത്തിൽ പാറശാല പോസ്റ്റാഫീസ് ജംഗ്ഷനിൽ നടന്ന പ്രതിഷേധത്തിൽ ആർ. വത്സലൻ, ബാബുക്കുട്ടൻനായർ, കൊറ്റാമം വിനോദ് , ലിജിത്,സുരേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു. വെള്ളറട ജംഗ്ഷനിൽ കെ.ജി. മംഗൾ ദാസിന്റെ നേതൃത്വത്തിൽ പ്രതിഷേധം സംഘടിപ്പിച്ചു. കത്തിപ്പാറ ജംഗ്ഷനിൽ റീനയുടെ നേതൃത്വത്തിൽ പ്രകടനം നടന്നു.

15 പൊതികഞ്ചാവുമായി രണ്ട് യുവാക്കൾ അറസ്റ്റിൽ

കരുനാഗപ്പള്ളി: 15 പൊതിക ഞ്ചാവുമായി രണ്ട് യുവാക്കൾ അറസ്റ്റിലായി. കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ കെ.പി.മോഹനന്റെനേതൃത്വത്തിൽ ചവറ ടൈറ്റാനിയം തേവലക്കര റോഡിൽ നടത്തിയ വാഹന പരിശോധനയിലാണ് ഇവർ പിടിയിലായത്. ബൈക്കിൽ കടത്തുക ആയിരുന്ന 15 പൊതി കഞ്ചാവുമായി ചവറ മടപ്പള്ളി സ്വദേശി അൻവറിനെയും കോവിൽതോട്ടം സ്വദേശി അനൂപിനെയും അറസ്റ്റ് ചെയ്തു. പരിശോധനയിൽ പ്രിവന്റീവ് ഓഫീസർമാരായ പി.എൽ.വിജിലാൽ എ.അജിത്കുമാർ സിവിൽ എക്സൈസ് ഓഫീസർമാരായ കെ.സുധീർബാബു, എസ്.അനിൽകുമാർ, ബി.ശ്രീകുമാർ, എച്ച്.ഷിഹാസ് എന്നിവരും പങ്കെടുത്തു. മദ്യം മയക്കു

മരുന്ന് എന്നിവയെ കുറിച്ചുള്ള പരാതികൾ എക്സൈസിന്റെ താലൂക്ക് തലത്തിലുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമിൽ പൊതു ജനങ്ങൾക്ക് അറിയിക്കാം. 0476-2631771,0476 2630831 എന്നീ ഓഫീസ് നമ്പറുകളിലും 9400069443, 9400069445, 9400069456 എന്നീ മൊബൈൽ നമ്പറുകളിലും വിവരങ്ങൾ അറിയിക്കാവുന്നതാണ്. പരാതികൾ അറിയിക്കുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

ലോക് ഡൗണിലെ റമദാൻ: വിജ്ഞാന ക്ലാസുമായി വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ

കഴക്കൂട്ടം: ലോക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ പള്ളികൾ അടഞ്ഞ് കിടക്കുന്നതിനാൽ വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ വിശ്വാസികൾക്കായി ഓൺലൈൻ വിജ്ഞാന സംരംഭങ്ങളൊരുക്കിയിരിക്കുകയാണ്.

സാമൂഹിക കൂടി ചേരലുകൾക്ക് വിലക്കുള്ളതിനാൽ വീടിനുള്ളിൽ തന്നെ കഴിഞ്ഞു കൂടാനുള്ള സർക്കാർ നിർദ്ദേശങ്ങൾ മാനിച്ചാണ് ഇങ്ങനെയൊരു സംവിധാനമൊരുക്കിയത്. നഴ്സറി പ്രായമുള്ള കുട്ടികൾ മുതൽ പ്രായമായവർക്ക് വരെ ഉപകാര പ്രദമായാണ് ഇവ സംവിധാനം ചെയ്തിരിക്കുന്നത്.

ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുൽ ലത്തീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അഷ്‌റഫ്, സി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഹുസൈൻ സലഫി, ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് ഷമീൽ അരിക്കോട് എന്നിവർ നേതൃത്വം നൽകും.

'സ്നേഹക്കൂട്' പദ്ധതിക്ക് തുടക്കം

തിരുവനന്തപുരം: വ്യാപാരി വ്യവസായി സമിതി പാളയം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ലോക് ഡൗൺ കാലത്തെ പൊലീസിന്റെ പ്രവർത്തനത്തിന് ആദരം നൽകി കൊണ്ട് 'സ്നേഹക്കൂട്' പദ്ധതിക്ക് തുടക്കമായി.

പദ്ധതിയുടെ ഏരിയ തല ഉദ്ഘാടനം സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് വി.പാപ്പച്ചൻ സെക്രട്ടേറിയറ്റിന് മുന്നിൽ ഡ്യൂട്ടിയിൽ നിൽക്കുന്ന പൊലീസ് ഉദ്യോഗസ്ഥർക്ക് ഓറഞ്ചും , മുന്തിരിയും , പഴവർഗങ്ങളും അടങ്ങിയ കിറ്റും, പലക്കറി വിത്തുകളുടെ കിറ്റും നൽകി ഉദ്ഘാടനം ചെയ്തു. സമിതി ജില്ലാ സെക്രട്ടറി എം.ബാബുജാൻ, പാളയം ഏരിയ സെക്രട്ടറി സി.എസ്.രതീഷ്, പ്രസിഡന്റ് എ.ബാബു എന്നിവരും പൊലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

ദുബായിൽ ദുരിതത്തിലായ മലയാളികൾക്ക് കേന്ദ്ര മന്ത്രി വി. മുരളിധരന്റെ സഹായം

നെയ്യാറ്റിൻകര: ദുബായിൽ ദുരിതത്തിലായ മലയാളികൾക്ക് കേന്ദ്ര മന്ത്രി വി. മുരളിധരന്റെ സഹായ ഹസ്തം തുണയായി. ദുബായിലെ അൽബറായിൽ കഴിയുന്ന കള്ളിക്കാട് പഞ്ചായത്തിലെ അജിത്കുമാറും ഒപ്പമുള്ള ആറ് തൊഴിലാളികൾക്കും ഭക്ഷണവും താമസസ്ഥലവും കിട്ടാതെ വളരെ ബുദ്ധിമുട്ടിലായിരുന്നു.

ഒറ്റമുറിയിൽ കഴിയുകയായിരുന്ന ഏഴു തൊഴിലാളികളിൽ ഒരാൾക്ക് കൊവിഡ് 19 സ്ഥിരീകരിച്ചതോടെ ആ മുറിക്കുള്ളിൽ അയാളെ നിരീക്ഷണത്തിലാക്കിയതിനെ തുടർന്ന് ആറുപേരും പുറത്തായി.

താമസ സൗകര്യമോ ഭക്ഷണമോ കൊറൊന്റെൻ സൗകര്യമോ ഇല്ലാതെ രണ്ടു ദിവസമായി പുറത്ത് കഴിയുകയായിരുന്ന മലയാളികൾക്കാണ് കേന്ദ്രമന്ത്രിയുടെ ഇടപെടൽ ആശ്വാസമായത്. അജിത് കുമാറും കൂട്ടരും ദുബായിൽ ദുരിത മനുഭവിക്കുന്ന വിവരം അജിത്കുമാറിന്റെ ഭാര്യ കഴിഞ്ഞ ദിവസം ബിജെപി പാറശ്ശാല മണ്ഡലം വൈസ് പ്രസിഡന്റ് മൈലക്കര വിജയൻ, ഹിന്ദു ഐക്യവേദി താലൂക്ക് സെക്രട്ടറി വിജുകുമാർ എന്നിവരെ അറിയിക്കുകയായിരുന്നു. ഇവരുടെ ഇടപെടലിലൂടെ കേന്ദ്ര മന്ത്രി വി. മുരളിധരന്റെ മുന്നിൽ വിഷയം എത്തിക്കുകയും അദ്ദേഹം ദുബായിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയുമായിരുന്നു. എംബസി ഉദ്യോഗസ്ഥർ തൊഴിലാളികളുടെ താമസസ്ഥലത്ത് നേരിട്ടെത്തി അവർക്ക് താമസ സൗകര്യവും ഭക്ഷണ സൗകര്യവും ഏർപ്പെടുത്തുകയും ഇവരെ കൊറന്റെൻ ചെയ്യാനുള്ള സംവിധാനവുമൊരുക്കുകയും ചെയ്തു. ഇന്നലെവൈകുന്നേരത്തോടെ അജിത്കുമാറും സംഘവും വീടുകളിൽ വിളിച്ച് തങ്ങൾ സുരക്ഷിതരാണെന്ന് അറിയിച്ചതായി അജിത് കുമാറിന്റെ ഭാര്യ അറിയിച്ചു.

നിയന്ത്രണം ലംഘിച്ച് തമിഴ്നാട്ടിലേക്ക് കടക്കാൻ ശ്രമിച്ചവർ അറസ്റ്റിൽ

ആര്യങ്കാവ്: കോവിഡ്19 ന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിക്കപ്പെട്ട ലോക്ക് ഡൗണിന്റെ ഭാഗമായി ആര്യങ്കാവിലെ വാഹന പരിശോധനയ്ക്കിടെ പൊലീസിന്റെ കണ്ണ് വെട്ടിച്ച് കേരളത്തിൽ നിന്നും തമിഴ്നാട്ടിലേക്ക് കടക്കാൻ ശ്രമിച്ച ആളും ഇതിനു സഹായിച്ച വാഹനത്തിന്റെ ഡ്രൈവറും സഹായിയും ഉൾപ്പെടെ മൂന്ന് പേരെ തെന്മല പൊലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട് തൂത്തുക്കുടി സ്വദേശികളായ ഇസക്ക് രാജ (22), ശെന്തൂർ പാണ്ടി, ബാലമുരുകൻ (31) എന്നിവരാണ് പിടിയിലായത്. തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് വാഴക്കുലകളുമായി വന്ന ഇവരുടെ വാഹനത്തിൽ പൊലീസ് അനുവദിച്ച പാസിലെ എണ്ണത്തിൽ കൂടുതൽ ആൾക്കാർ തിരികെയുള്ള യാത്രയിൽ ഉണ്ടായിരുന്നത് ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ വച്ച് കണ്ടെത്തുകയും തുടർന്ന് ഇവർക്കെതിരെ തെന്മല പൊലീസ് കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു.

തിരുവനന്തപുരം ജില്ലാ ആയുർവേദ കൊവിഡ് റെസ്പോൺസ് സെൽ രൂപീകരിച്ചു

തിരുവനന്തപുരം: കൊവിഡ് 19 നെതിരെയുള്ള രക്ഷാപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെയും ഏകീകൃത രൂപത്തിലാക്കുന്നതിന്റെയും ഭാഗമായി ആയുർവേദ റെസ്പോൺസ് സെൽ തിരുവനന്തപുരം ജില്ലയിൽ നിലവിൽ വന്നു.

ജില്ലയിൽ കൊവിഡ് 19 സംബന്ധിച്ച ആയുർവേദ പ്രതിരോധപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ഈ സമിതിയുടെ നിർദ്ദേശപ്രകാരം ആയിരിക്കും. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. റോബർട്ട് രാജ് ചെയർമാനായ സമിതിയിൽ ജില്ലാ പഞ്ചായത്തു ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ രഞ്ജിത്, നാഷണൽ ആയുഷ് മിഷൻ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ ഡോ. ഷൈജു, സെക്രട്ടറിയേറ്റിലെ സീനിയർ മെഡിക്കൽ ഓഫീസർ ഡോ. ശിവകുമാർ, ആയുർവേദ കോളേജിലെ റിട്ടയേർഡ് പ്രൊഫ.ഡോ. വിദ്യാധരൻ, റിട്ടയേഡ് പ്രൊഫ. ഡോ.മ്ലേച്ചേതിലാൽ, എഎംഎഐ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ലീന.സി.ഡി, പങ്കജകസ്തൂരി ആയുർവേദ കോളേജിലെ അസി. പ്രൊഫ. ഡോ.മനീഷ് എന്നിവർ അംഗങ്ങളായും ഡോ.ഷിജി വത്സൻ കോർഡിനേറ്ററുമായാണ് സമിതിയുടെ പ്രവർത്തനം.

ജില്ലയിലെ 117 ആയുർവേദ സ്ഥാപനങ്ങളിലും ആയുർരക്ഷാ ക്ലിനിക്കുകൾ പൂർത്തി കരിച്ചു വരുന്നു. ആയുർരക്ഷാ ക്ലിനിക്കുകൾ വഴി ജനങ്ങൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ, പ്രതിരോധ ഔഷധങ്ങൾ എന്നിവ ലഭിക്കുന്നതാണ്.

പാലത്തിന് താഴെ കുറുകെ ബോട്ട് കെട്ടിയിട്ട് പ്രതിഷേധിച്ചു

നീണ്ടകര പാലത്തിന് താഴെ ബോട്ടുകൾ കെട്ടിയിട്ട് മത്സ്യത്തൊഴിലാളികൾ പ്രതിഷേധിച്ചപ്പോൾ.

കരുനാഗപ്പള്ളി : നീണ്ടകര പാലത്തിന് താഴെ ബോട്ടുകൾ കുറുകെ കെട്ടിയിട്ട് മത്സ്യത്തൊഴിലാളികൾ പ്രതിഷേധിച്ചു. പതിനൊന്ന് മീറ്ററിന് മുകളിലുള്ള മത്സ്യ ബന്ധന യാനങ്ങൾക്ക് മത്സ്യ ബന്ധന അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചായിരുന്നു ഇന്നലെ ഉച്ചയോടെ ബോട്ടുകൾ കെട്ടിയിട്ടത്.

നേരത്തെ ഫിഷറീസ് വകുപ്പ് മന്ത്രി മേഴ്സിക്കുട്ടിയമ്മയും ജില്ല കളക്ടർ അബ്ദുൾ നാസറും തൊഴിലാളി നേതാക്കളും തമ്മിൽ നടന്ന ചർച്ചയെ തുടർന്ന് 25 എച്ച്.പിയിൽ താഴെയുള്ള യാനങ്ങൾക്ക് മത്സ്യ ബന്ധനത്തിന് അനുമതി നൽകിയിരുന്നു. എന്നാൽ ഇപ്പോൾ പതിനൊന്ന് മീറ്റർ കൂടുതൽ നീളമുള്ള ബോട്ടുകൾക്ക് അനുമതി നിഷേധിച്ചത് അംഗീകരിക്കാനാകില്ല എന്നാവശ്യപ്പെട്ടായിരുന്നു ബോട്ടുകൾ കെട്ടിയിട്ടത്. നീണ്ടകര പാലത്തിന് താഴെ ആയിരുന്നു പ്രതിഷേധം.

എല്ലാ ചെറിയ യാനങ്ങളെയും പോകാൻ അനുവദിക്കുകയോ അല്ലെങ്കിൽ ലോക് ഡൗൺ തീരുന്നത് വരെ ഹാർബർ അടിച്ചിടുകയോ ചെയ്യണമെന്നാണ് മത്സ്യത്തൊഴിലാളികളുടെ ആവശ്യം. ലോക് ഡൗൺ നിയന്ത്രണം കാരണം ഹാർബറിലെത്തിക്കുന്ന യാനങ്ങളിലെ മത്സ്യത്തിന് വിലയില്ലാത്തതും മത്സ്യത്തൊഴിലാളികളെ വലച്ചിരിക്കുകയാണ്. ഹാർബറുകളിലെത്തുന്ന മത്സ്യത്തിന് വേണ്ടത്ര വില കിട്ടുന്നില്ലെന്ന് പരാതി ഉയരുന്നു. അധികൃതരുടെ കെടുകാര്യസ്ഥതയാണ് ഇതിന് കാരണമെന്നാണ് മത്സ്യത്തൊഴിലാളികൾ പറയുന്നത്.

തിരുവനന്തപുരത്ത് പുതുതായി 178 പേർ രോഗനിരീക്ഷണത്തിൽ



തിരുവനന്തപുരം: ഇന്നലെ തിരുവനന്തപുരം ജില്ലയിൽ പുതുതായി 178 പേർ രോഗനിരീക്ഷണത്തിലായി. 86 പേർ നിരീക്ഷണ കാലയളവ് രോഗ ലക്ഷണങ്ങളൊന്നുമില്ലാതെ പൂർത്തിയാക്കി. ജില്ലയിൽ 1466 പേർ വീടുകളിൽ കരുതൽ നിരീക്ഷണത്തിലുണ്ട്. ജില്ലയിലെ ആശുപത്രികളിൽ ഇന്നലെ രോഗലക്ഷണങ്ങളുമായി 10 പേരെ പ്രവേശിപ്പിച്ചു. 11 പേരെ ഡിസ്ചാർജ് ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 17 പേരും ജനറൽ ആശുപത്രിയിൽ 7 പേരും എസ്.എറ്റി ആശുപത്രിയിൽ 2 പേരും പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ഒരാളും വിവിധ സ്വകാര്യ ആശുപത്രികളിൽ 16 പേരും ഉൾപ്പെടെ 43 പേർ ജില്ലയിൽ ആശുപത്രികളിൽ ചികിത്സയിലുണ്ട്. ജില്ലയിൽ കഴിഞ്ഞ ദിവസം രോഗം സ്ഥിരീകരിച്ച വർക്കല പുത്തൻചന്ത സ്വദേശി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. അദ്ദേഹത്തിന്റെ റൂട്ട് മാപ്പ് തയാറാകുന്നു. അദ്ദേഹവുമായി അടുത്ത് ഇടപഴകിയിട്ടുള്ള കുടുംബാംഗങ്ങളുടെ സ്രവ പരിശോധനയ്ക്കായി എടുത്തു. കോട്ടയത്ത് പോസിറ്റീവായ ആൾ ജോലി ചെയ്തിരുന്ന ജില്ലയിലെ സ്വകാര്യ ആശുപത്രിയിൽ സമ്പർക്കം ഉണ്ടായിട്ടുള്ള ഡോക്ടർമാർ, മറ്റ് സ്റ്റാഫുകൾ, രോഗികൾ എന്നിവരെ കണ്ടെത്തി രോഗനിരീക്ഷണത്തിലാക്കിയിട്ടുണ്ട്. ജില്ലയിൽ ഇപ്പോൾ രണ്ട് പേരാണ് രോഗബാധിതർ. കരുതൽ നിരീക്ഷണത്തിനായി മാർ ഇവാനിയോസ് ഹോസ്റ്റലിൽ 72 പേരെ താമസിപ്പിച്ചിട്ടുണ്ട്. ഇന്നലെ 36 സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചു. ഇന്നലെ ലഭിച്ച 34 പരിശോധനാഫലം നെഗറ്റീവാണ്. അമരവിള, കോഴിവിള,ഇഞ്ചിവിള,ആറുകാണി,വെള്ളറട,നെട്ട,കാരക്കോണംകന്നുമാമൂട്, ആര്യംപുറം, തട്ടത്തുമല, കാപ്പിൽ, മടത്തറ എന്നിവിടങ്ങളിലായി 5918 വാഹനങ്ങളിലെ 10187 യാത്രക്കാരെ സ്ക്രീനിംഗ് നടത്തി.കോവിഡ് 19 മായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിൽ മാനസിക പ്രയാസങ്ങൾ നേരിട്ടാൽ 9846854844 എന്ന നമ്പരിലേക്ക് വിളിക്കാവുന്നതാണ്. കൗൺസിലിംഗ് സേവനത്തിനായി രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിക്കാവുന്നതാണ്.

മാതൃകയായി വെഞ്ഞാറമൂട് അഗ്നി രക്ഷാസേനയുടെ പ്രവർത്തനം

വെഞ്ഞാറമൂട്: ലോക് ഡൗണിലും മാതൃകയായി വെഞ്ഞാറമൂട് അഗ്നി രക്ഷാസേനയുടെ പ്രവർത്തനം. അഗ്നി രക്ഷാനിലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സിവിൽ ഡിഫൻസ് വോളന്റിയേഴ്സിന്റെ വിവിധ പ്രവർത്തനങ്ങളാണു നാട്ടുകാർക്ക് കൈത്താങ്ങാകുന്നത്. പ്ലംബിംഗ്,ഇലക്ട്രിക്കൽ, കാർപ്പെന്റർ തുടങ്ങി നിരവധി മേഖലകളിലെ വോളണ്ടിയർമാർ കൂട്ടരും, ഒറ്റക്കുതാമസിക്കുന്നവർക്കുള്ള ഭക്ഷണം സാധന വിതരണം, മരുന്നു വിതരണം, ആംബുലൻസ് സർവീസ് തുടങ്ങിയ സേവനങ്ങളുമായി സിവിൽ ഡിഫൻസ് വോളന്റിയേഴ്സ് മുന്നോട്ട് കുതിക്കുകയാണ്. സംഘടനയുടെ സേവനങ്ങൾ ലഭിക്കാൻ +914722871101,+9147228751 01 എന്നീ നമ്പരുകളിൽ ബന്ധപ്പെടാം. അത്യാശ്യമായ സന്ദർഭങ്ങളിൽ മാത്രം സ്വാപനം പ്രയോജനപ്പെടുത്തണമെന്നും, ഡിഫൻസ് അംഗങ്ങൾക്ക് പ്രത്യേക പാസ് അനുവദിച്ചിട്ടുണ്ടെന്നും സിവിൽ ഡിഫൻസ് വോളന്റിയേസിനു വേണ്ടി ശ്രീജു അറിയിച്ചു.

അതിർത്തി പ്രദേശങ്ങളിൽ സുരക്ഷ ശക്തമാക്കി കൊല്ലം റൂറൽ പൊലീസ്

കൊട്ടാരക്കര: കൊവിഡ്19 വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ ഓറഞ്ച് സോണിലുള്ള കൊല്ലം റൂറൽ ജില്ലയിൽ അതിർത്തി പ്രദേശങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങൾ തെക്കൻ മേഖലാ ഐ.ജി ഹർഷിത അട്ടല്ലൂരിയുടെ നേതൃത്വത്തിൽ വിലയിരുത്തി. ഇന്നലെ രാവിലെ കുളത്തൂപ്പുഴയിലും ആര്യങ്കാവിലും സന്ദർശനം നടത്തിയ ഐ.ജി ഹർഷിത അട്ടല്ലൂരി ഹോട്ട്സ്പോട്ടുകളിൽ ആളുകൾ തമ്മിലുള്ള സമ്പർക്കം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. അന്തർസംസ്ഥാന വാഹന പരിശോധന കർശനമാക്കാനും ബോർഡർ ചെക്കിംഗ് പാസ് ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം സ്വീകരിച്ചു. വാഹന പരിശോധനകൾ കർശനമാക്കി . അനാവശ്യയാത്രികരെ നിയന്ത്രിച്ച് ഹോട്ട്സ്പോട്ടുകളിൽ കർശന യന്ത്രണങ്ങൾ ഏർപ്പെടുത്തി. കൊല്ലം റൂറൽ ജില്ലയിൽ വെള്ളിയാഴ്ച ലോക്ക് ഡൗൺ നിയമലംഘനവുമായി ബന്ധപ്പെട്ട് 229 കേസുകൾ രജിസ്റ്റർ ചെയ്തു. 240 പേരെ അറസ്റ്റ് ചെയ്തു. 207 വാഹനങ്ങൾ പിടിച്ചെടുത്തു. ജില്ലയിലെ ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ യാതൊരുവിധ ഇളവുകളും നൽകാതെ ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി ജില്ലാ പൊലീസ് മേധാവി ഹരിശങ്കർ അറിയിച്ചു.

കമ്യൂണിറ്റി കിച്ചൻ അടച്ചു പൂട്ടി; പ്രതിഷേധവുമായി യൂത്ത് കോൺഗ്രസ്

പാറശാല: പാറശ്ശാല പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കമ്യൂണിറ്റി അടുക്കള സാമ്പത്തിക പ്രതിസന്ധി കാരണം അടച്ചു പൂട്ടി. സംഭവത്തിൽ യൂത്ത് കോൺഗ്രസ് പാറശാല മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്ത് ഓഫീസ് മുന്നിൽപ്രതിഷേധ സമരം നടത്തി.

പഞ്ചായത്തിലെ 23 വാർഡുകളിലേക്കായി ഇവിടത്തെ സമൂഹ അടുക്കളയിൽ നിന്നും ദിനംപ്രതി 600 ഓളം പേർക്കാണ് രണ്ട് നേരം ഭക്ഷണം പാകം ചെയ്തു വിതരണം ചെയ്തുവന്നത്. ഇതിനായി പഞ്ചായത്ത് ഫണ്ട് തന്നെ വിനി യോഗിക്കാനാണ് നിർദ്ദേശമെങ്കിലും പാറശ്ശാലയിലെ വിവിധ സന്നദ്ധ സംഘടനകളും, വിവിധ രാഷ്ട്രീയ നേതൃത്വവും വൻതോതിൽ സഹായങ്ങൾ നൽകിയിരുന്നു. എന്നാൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനെ തുടർന്നാണ് കിച്ചൺ അടച്ചു പൂട്ടിയതെന്നാണ് പഞ്ചായത്ത് അധികൃതർ പറയുന്നത്.

ലോക്ഡൗണിൽ കഴിയുന്ന നിർധനർക്ക് അടിയന്തരമായി ഭക്ഷണം വിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് യൂത്ത് കോൺഗ്രസ്, പാറശ്ശാല മണ്ഡലം കമ്മറ്റി ആവശ്യപ്പെട്ടു.

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്‌ളോവാക് സൊല്യൂഷൻ എംഡി കുളക്കട രാജേന്ദ്രൻ നെടുവത്തൂർ ഗ്രാമപഞ്ചായത്തിലേക്ക് വാങ്ങിയ ഹാന്റ് വാഷും അണുബാധ സംവിധാനങ്ങളും പഞ്ചായത്ത് പ്രസിഡന്റ് കെ. പി. ശ്രീകലയ്ക്ക് കൈമാറുന്നു. വൈസ് പ്രസിഡന്റ് ഡി. അനിൽകുമാർ, സെക്രട്ടറി ജയകുമാർ, പൊതുപ്രവർത്തകൻ സുധാകരൻ പള്ളത്ത് എന്നിവർ സമീപം.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor),Vol 13, Issue No. 111 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from Vaartha News Network Pvt.Ltd, TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

സ്പെഷൽ പാക്കേജ്

കൊടുങ്ങല്ലൂർ: കൊടുങ്ങല്ലൂർ ടൗൺ സഹകരണ ബാങ്കിൽ കൊവിഡ് സ്പെഷൽ പാക്കേജ്. പ്രവാസികളായ സഹകാരികൾക്ക് 49000 രൂപ വരെ നാലു ശതമാനം പലിശനിരക്കിൽ സ്വർണപണയ വായ്പ നൽകുമെന്ന് ബാങ്ക് ചെയർമാൻ കെ ജി ശിവാനന്ദൻ അറിയിച്ചു. മറ്റുള്ളവരുടെ സ്വർണ വായ്പ 6 ശതമാനം ആക്കി കുറച്ചു കൊണ്ട് 50000 രൂപ വരെ നൽകുന്നതാണ്.

ബാങ്ക് അംഗങ്ങൾക്ക് പരസ്പര ജാമ്യത്തിൽ 6ശതമാനം പലിശ നിരക്കിൽ 5000 രൂപയുടെ വായ്പക്ക് അപേക്ഷിക്കാവുന്നതാണ്. ജൂൺ 30 വരെ ഈ ആനുകൂല്യ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ് ജൂൺ 30 വരെ ബാങ്കിലെ വായ്പകളിൽ പിഴ പലിശ ഈടാക്കുന്നതല്ല. കൃത്യമായി വായ്പ തിരിച്ച് അടയ്ക്കുന്നവർക്ക് നിലവിലുള്ള റിബേറ്റ് തുടരുന്നതാണ്.

പച്ചക്കറി കിറ്റ് വിതരണം

കൊടുങ്ങല്ലൂർ. നഗരസഭ കൗൺസിലർ സ്വന്തം ചെലവിൽ വാർഡിലെ മുഴുവൻ ജനങ്ങൾക്കും പച്ചക്കറി കിറ്റ് വിതരണം നടത്തി. കൗൺസിലർ എം. എസ്.വിനയകുമാറാണ് വാർഡിലെ മുഴുവൻ വീടുകളിലേക്കും പച്ചക്കറി കിറ്റുകൾ നൽകിയത്. 16 ഇനം പച്ചക്കറികൾ അടങ്ങിയതായിരുന്നു കിറ്റ്.

ഇത് രണ്ടര ടണ്ണിലേറെ തൂക്കം വരുന്ന പച്ചക്കറികളാണ് 510 വീടുകളിലേക്ക് നൽകിയത്.നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ വിതരണോദ്ഘാടനം നിർവ്വഹിച്ചു. സിപിഎം ലോക്കൽ സെക്രട്ടറി സി. വി.ഉണ്ണിക്കൃഷ്ണൻ അധ്യക്ഷത വഹിച്ചു. എം. എസ്.വിനയകുമാർ, വി.എസ്.രാജേഷ്, കെ എസ് സിജിത്ത് എന്നിവർ പ്രസംഗിച്ചു.

വിതരണം ചെയ്തു

വടക്കാഞ്ചേരി: നായർ സർവീസ്സൊസൈറ്റിക്കു കീഴിലുള്ള അധ്യാപക സംഘടനയായ ഡമോക്രാറ്റിക് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്ന ജില്ലാ ആശുപത്രിയിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർക്ക് മാസ്കുകളും ഹാൻഡ് സാനിറ്റൈസറുകളും സൗജന്യമായി വിതരണം ചെയ്തു. ഡി. എസ്. ടി.എ ഉത്തരമേഖലാ സെക്രട്ടറി ടി. മനോരമയിൽ നിന്ന് ആശുപത്രി സൂപ്രണ്ട് ഡോ.ബിന്ദു തോമസ് മെഡിക്കൽ കിറ്റ് ഏറ്റുവാങ്ങി.

പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു

ഇരിങ്ങാലക്കുട: മഹാമാരിയുടെ സമയത്തും സ്വന്തം പ്രവർത്തന മേഖലയിൽ സജീവമായി നിലകൊള്ളുന്ന മാധ്യമ പ്രവർത്തകർക്ക് പ്രതിരോധ മരുന്നുകളുമായി ആയുർരക്ഷാക്ലിനിക്ക്. സർക്കാർ ആയുഷ് വകുപ്പിൻ്റെ കീഴിൽ രൂപീകരിച്ച സ്റ്റേറ്റ് ആയുർവേദ കൊവിഡ് 19 റെസ്പോൺസ് സെല്ലിൻ്റെ ആഭിമുഖ്യത്തിൽ നഗരസഭയുടെ സഹായത്തോടെ ഗവ. ആയുർവേദ ആശുപത്രി നടത്തി വരുന്ന ആയുർരക്ഷാക്ലീനിക്കിൽ നിന്നുമാണ് മരുന്നുകൾ വിതരണം ചെയ്തത്.

നഗരസഭ ചെയർപേഴ്സൺ നിമ്യ ഷിജു ഉദ്ഘാടനം ചെയ്തു. പ്രസ്സ് ക്ലബ് പ്രസിഡൻ്റ് കെ.കെ.ചന്ദ്രൻ പ്രതിരോധ കിറ്റ് ഏറ്റുവാങ്ങി. മുനിസിപ്പൽ ആരോഗ്യ സ്റ്റാൻഡിങ്കമ്മിറ്റി ചെയർപേഴ്സൺ പി.എ. അബ്ദുൾ ബഷീർ , വികസന സ്റ്റാൻഡിങ്കമ്മിറ്റി ചെയർപേഴ്സൺ കുര്യൻ ജോസഫ് എന്നിവർ പ്രസംഗിച്ചു.

മാസ്ക് വിതരണം

വടക്കഞ്ചേരി: വണ്ടാഴി മണ്ഡലം കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിൽ 'മുടപ്പല്ലൂർ ഗവ: ഹോമിയോ ഡിസ്പൻസറിയിൽ മാസ്ക് വിതരണം ചെയ്തു - സി.അരവിന്ദാക്ഷൻ, ഗഫൂർ മുടപ്പല്ലൂർ, എം.പി. അരുൺ ,ആദിത് കിരൺ എന്നിവർ നേതൃത്വം നൽകി

കുന്നംകുളം: അഖിലേന്ത്യ ജനാധ്യപത്യ മഹിള അസോസിയേഷൻ മറ്റം, കണ്ടാണശ്ശേരി കമ്മിറ്റികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ മാസ്കുകൾ പൊലീസിന് കൈമാറി. രണ്ട് മേഖല കമ്മിറ്റികളിൽ നിന്നുള്ള പ്രവർത്തകർ തയ്യാറാക്കി പതിനായിരത്തിലേറെ മാസ്കുകളാണ് പൊലീസിന് കൈമാറിയത്. കൂനംമൂച്ചി പീപ്പിൾസ് സർവ്വീസ് സഹകരണ ബാങ്ക് അങ്കണത്തിൽ നടന്ന ചടങ്ങിൽ, മേഖല ഭാരവാഹികളിൽ നിന്നും ഏറ്റുവാങ്ങിയ മാസ്കുകൾ മഹിള അസോസിയേഷൻ ജില്ലാ സെക്രട്ടറി ഉഷ പ്രഭുകുമാർ, കേരള പൊലീസ് റിസർവ്വ് ബറ്റാലിയൻ കമാൻ്റൻ്റ് സി.വി. പാപച്ചന് കൈമാറി. കണ്ടാണശ്ശേരി പഞ്ചായത്ത് പ്രസിഡൻ്റ് കെ.ജി. പ്രമോദ്, എം.പി. സജീപ്, ബിജു കാട്ടുക്കാരൻ, ഗീത മോഹനൻ, സ്മിത സതീശൻ, ശാലിനി ഷാജു, പുഷ്പലത സുധാകരൻ, കെ.ബി. ശാന്തിനി, സംബന്ധിച്ചു.

കലയിൽ കൗതുകമായി കായികാധ്യാപിക

സി.പി.ഷനോജ്

പഴയന്നൂർ: ലോക് ഡൗൺ കാലത്ത് വീട്ടിലുള്ള പാഴ് വസ്തുക്കളിൽ തൻ്റെ കരകൗശലവിദ്യകൾ മിനുക്കിയെടുത്ത് കൗതുകമാവുകയാണ് ഈ കായിക അധ്യാപിക.വടക്കേത്തറ പന്നിക്കുഴി വീട്ടിൽ കൃഷ്ണദാസിൻ്റെ ഭാര്യ അജിതയാണ് ലോക് ഡൗണിൻ്റെ വിരസതകൾ ഒഴിവാക്കാൻ വീട്ടിലെ പണികൾ കഴിഞ്ഞുള്ള വിശ്രമ വേളകളിൽ ഉപയോഗശൂന്യമായ തീപ്പട്ടി കമ്പ്, സ്പോഞ്ച്, ചാക്ക് നൂല്, പഴയന്യൂസ് പേപ്പർ, പഴയ മാസിക, പഴയ കുപ്പികൾ തുടങ്ങിയവ കൊണ്ട് വർണ്ണ വൈവിദ്യമായ കരകൗശല വിസ്മയങ്ങൾ തീർക്കുന്നത്.

ജി യു പി എസ് മായന്നൂർ, ജി യു പി എസ് കുത്താമ്പുള്ളി എന്നി സ്ക്കുളുകളിൽ കായികാധ്യാപികയായി ജോലി ചെയ്തു കൊണ്ടിരിക്കുന്ന അജിത ടീച്ചർ വീട്ടിലുണ്ടായിരുന്ന പാഴ് വസ്തുക്കളായ സ്പോഞ്ച് കൊണ്ട് ഉണ്ടാക്കിയെടുത്ത വാഴപഴകുല, തീപ്പട്ടി കമ്പു കൊണ്ടുണ്ടാക്കിയ ഫ്ലവർ വേയ്സ്, ചാക്ക് നൂല് കൊണ്ട് പൂക്കൂട, പഴയ കൂപ്പി കളിൽ വർണ്ണം വിതറി ഫ്ലവർ വേയ്സ്, പേപ്പർ കൊണ്ടുണ്ടാക്കിയ ഹാൻ്റ് ബാഗ്, പേഴ്സ്, സൈക്കിൾ തുടങ്ങി ഇരുപതോളം തരം വസ്തുക്കളാണ് ടീച്ചർ നിർമിച്ചിരിക്കുന്നത്.

ഈ കരകൗശല നിർമിതികൾ കണ്ട് ബന്ധുക്കളും സുഹൃത്തുകളും ഇതുപോലെ കരകൗശലവിദ്യകൾ ഉണ്ടാക്കി തുടങ്ങി. പിഡബ്ല്യു കോൺട്രാക്റ്ററായ ഭർത്താവ് പി.കെ.കൃഷ്ണദാസും, വിദ്യാർഥികളായ മക്കൾ ജിഷ്ണുവും വർഷയും പ്രോത്സാഹനവുമായി കൂടെയുണ്ട്.

അജിത ടീച്ചർ പാഴ് വസ്തുക്കളിൽ നിർമിച്ച കരകൗശലങ്ങളുമായി

പാലം നിർമാണങ്ങളുടെ പുരോഗതി വിലയിരുത്തി

കുന്നംകുളം: ചൂണ്ടൽ - മഴുവഞ്ചേരി റോഡ് വികസനത്തിൻ്റെ ഭാഗമായുള്ള പാലം നിർമാണങ്ങളുടെ പുരോഗതിയെ കുറിച്ച് അവലോകനയോഗം ചേർന്നു. ചൂണ്ടൽ പഞ്ചായത്ത് ഓഫീസി ചേർന്ന മുരളി പെരുനെല്ലി എംഎൽഎ. അധ്യക്ഷനായി. മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള അഞ്ച് കിലോമീറ്റർ റോഡിൻ്റെ വികസനത്തിനത്തിൻ്റെ ഭാഗമായി കേച്ചേരിയിലും, ചൂണ്ടലും നിർമിക്കുന്ന പാലങ്ങളുടെ നിർമാണ പുരോഗതി വിലയിരുത്തുന്നതിനായാണ് യോഗം ചേർന്നത്. 80 ശതമാനം നിർമാണം പൂർത്തിയാക്കിയ ചൂണ്ടൽ പാലത്തിൻ്റെയും നിർമാണം പ്രരംഭ ഘട്ടത്തിലുള്ള കേച്ചേരി പാലത്തിൻ്റെയും നിർമാണം ത്വരിതപ്പെടുത്തുന്നതിൻ്റെ ഭാഗമായാണ് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും കാരാറുകാരും പങ്കെടുക്കുന്ന യോഗം വിളിച്ച് ചേർത്തത്. മൂന്ന് വർഷം മുൻപ് ആരംഭിച്ച ചൂണ്ടൽപാലം നിർമാണത്തിൻ്റെ ഏറിയപങ്കും പൂർത്തിയായനിലയിലാണ്.പാലത്തിൻ്റെ കൈവരി നിർമാണമാണ് ഇനി പൂർത്തിയാക്കാനുള്ളത്. കേച്ചേരി പാലം നിർമാണം ആരംഭിച്ച് രണ്ട് വർഷമാകുന്ന ഘട്ടത്തിൽ ഒരു തൂണിൻ്റെ നിർമാണം ആരംഭിക്കാൻ മാത്രമാണ് കഴിഞ്ഞത്. കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തെ തുടർന്ന് നിലച്ച നിർമാണം ആരംഭിച്ച ഘട്ടത്തിലാണ് കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതും നിർമാണം നിലച്ചതും. മൺസൂൺ ആരംഭിക്കുന്നതിന് മുൻപായി ചൂണ്ടൽ, കേച്ചേരി എന്നിവടങ്ങളിലെ പാലത്തിൻ്റെ നിർമാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ,എംഎൽഎ. ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ചൂണ്ടൽ പഞ്ചായത്ത് പ്രസിഡൻ്റ് കെ.എസ്. കരീം, സ്ഥിരം സമിതി അധ്യക്ഷരായ ഷാജികുയിലത്ത്, വി.സി.സിനി, ടി.എ.മുഹമ്മദ് ഷാഫി, പഞ്ചായത്ത് അംഗം എം.കെ.ആൻ്റണി, പഞ്ചായത്ത് സെക്രട്ടറി പി.എ. ഷൈല, പൊതുമരാമത്ത് ബ്രിഡ്ജ്സ് വിഭാഗം അസിസ്റ്റൻ്റ് എഞ്ചിനീയർ കെ.പി. ബിന്ദു, റോഡ്സ് വിഭാഗം അസിസ്റ്റൻ്റ് എഞ്ചിനീയർ ഷീന ജോസഫ്, ആസൂത്രണ സമിതി ഉപാധ്യക്ഷൻ സി.എഫ്. ജെയിംസ്, കാരറുക്കാരൻ്റെ പ്രതിനിധി മെജോ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

വാർഡ് തല വിവരശേഖരണം തുടങ്ങി

പ്രവാസികളുടെ തിരിച്ചുവരവ്: തയ്യാറെടുത്ത് തൃശൂർ

തൃശൂർ: ലോക് ഡൗൺ കഴിഞ്ഞാൽ തിരിച്ചെത്തുന്ന പ്രവാസികളെ നിരീക്ഷണത്തിലാക്കുന്നതിനും വേണ്ട സൗകര്യങ്ങളൊരുക്കുന്നതിനുമുള്ള ജില്ലാ ഭരണകൂടത്തിൻ്റെ തയ്യാറെടുപ്പ് അവസാന ഘട്ടത്തിലേക്ക്. ജില്ലയിൽ തിരിച്ചെത്താൻ സാധ്യതയുള്ള പ്രവാസികളുടെ എണ്ണം കണക്കാക്കുന്നതിനുള്ള വിവരശേഖരണം ഇന്നലെ തുടങ്ങി. ഇവരെ താമസിപ്പിക്കുന്നതിനുള്ള കൊവിഡ് കെയർ സെൻ്ററുകൾ ഒരുക്കുന്നതിനുള്ള പ്രവർത്തനവും അവസാനഘട്ടത്തിലാണ്.ജില്ലയിലെ പ്രവാസികളുടെ സമഗ്രമായ വിവരശേഖരണം വാർഡുതലത്തിൽ രൂപീകരിച്ചിട്ടുള്ള റാപിഡ് റെസ്പോൺസ് ടീമുകളുടെ നേതൃത്വത്തിലാണ് നടക്കുന്നത്. ലോകത്തിൻ്റെ വിവിധ ഭാഗങ്ങളിലേക്ക് പോയിട്ടുള്ളവരുടെ കൃത്യമായ കണക്ക് ശേഖരിക്കും. ഇതിൽ ലോക് ഡൗണിന് ശേഷം തിരിച്ചെത്തുന്നവരുടെ കണക്കെടുപ്പ് പ്രത്യേകം നടത്തും. തിരിച്ചെത്തുന്ന പ്രവാസികൾക്ക് സ്വന്തം വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്നതിന് സൗകര്യമുണ്ടോ എന്നും പരിശോധിക്കും. കണക്കെടുപ്പുകൾ 26 ന് പൂർത്തിയാക്കി ജില്ലാതലത്തിൽ ക്രോഡീകരിക്കും. ഓരോ തദ്ദേശ സ്ഥാപനങ്ങളുടെയും അതിർത്തിക്കുള്ളിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ എണ്ണം ഇ പ്രകാരം തിട്ടപ്പെടുത്തും.മടങ്ങിയെത്തുന്നവർക്ക് വിമാനത്താവളങ്ങളിൽ ആരോഗ്യപരിശോധന നടത്തും. രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ അവരവരുടെ വീടുകളിൽ താമസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ശുചിമുറി സൗകര്യത്തോട് കൂടിയ കിടപ്പ്മുറി വീട്ടിലുള്ളവരെ അവരവരുടെ വീടുകളിൽ തന്നെ നിരീക്ഷണത്തിലാക്കും.സ്വന്തം വീടുകളിൽ ക്വാറൻ്റൈൻ സൗകര്യം ഇല്ലാത്തവരെ ജില്ലാ ഭരണകൂടം ഒരുക്കിയിട്ടുള്ള കൊവിഡ് കെയർ സെൻ്ററുകളിൽ പാർപ്പിക്കും. അസുഖ ബാധിതർ, ഗർഭിണികൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവരുള്ള വീടുകളിലും നാട്ടിലെത്തുന്ന പ്രവാസികളെ താമസിപ്പിക്കില്ല. ഇവരെയും കെയർ സെൻ്റർ റൂമുകളിലേക്ക് മാറ്റും. പനി, ചുമ, ശ്വാസതടസം തുടങ്ങിയ രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ കെയർ സെൻ്ററുകളിൽ പ്രത്യേകം നിരീക്ഷിക്കും. വിമാനത്താവളത്തിലെ ആരോഗ്യപരിശോധനയിൽ കൊവിഡ് സംശയം തോന്നുവരെ നേരിട്ട് ആശുപത്രിയിലേക്ക് മാറ്റും.വിദേശങ്ങളിൽ ആയമാർ, വീട്ടുജോലിക്കാർ എന്നിങ്ങനെ തുച്ഛവരുമാനത്തിന് ജോലിചെയ്തവരും സ്വന്തം വീടുകളിൽ സൗകര്യമില്ലാത്തവരുമായ വനിതകൾക്ക് പ്രത്യേക സൗകര്യം ഒരുക്കും. വീടുകളിലേക്ക് പോകാതെ സ്വന്തം ചെലവിൽ പുറത്ത് താമസിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുന്നവർക്ക് പണം നൽകി താമസിക്കുന്നതിനുള സൗകര്യവും ഉറപ്പു വരുത്തും. 35 ഓളം റിസോർട്ടുകൾ ഇതിനായി ഒരുക്കും.കൊവിഡ് കെയർ സെൻ്ററുകൾ ഒരുക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഗുരുവായൂർ, തൃശൂർ, മുരിങ്ങൂർ തുടങ്ങിയ വിവിധ പ്രദേശങ്ങളിലായി 4000 ഓളം നിരീക്ഷണ മുറികൾ ഒരുക്കുന്നതിനുള്ള തയ്യാറെടുപ്പ് അതിവേഗം പുരോഗമിക്കുകയാണ്.വാർഡുതലത്തിൽ ശേഖരിക്കുന്ന വിവരങ്ങൾ മേഖലാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും ക്രോഡീകരിക്കും. നഗരസഭകളിലേയും കോർപ്പറേഷനിലേയും വിവരശേഖരണത്തിന് ജില്ലാ വകുപ്പദ്ധ്യക്ഷർക്ക് നോഡൽ ഓഫീസർമാരായി ചുമതല നൽകിയിട്ടുണ്ട്. അപ്പലേറ്റ് അതോറിറ്റി ഡെപ്യൂട്ടി കലക്റ്റർ കെ മധുവിനാണ് പ്രവാസി നിരീക്ഷണ സംവിധാനത്തിൻ്റെ പൊതുചുമതല. അടുത്ത ആഴ്ചയോടെ പ്രവാസികളുടെ മടങ്ങിവരവുമായി ബന്ധപ്പെട്ട എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കുമെന്ന് ജില്ലാ കലക്റ്റർ എസ് ഷാനവാസ് അറിയിച്ചു.

പാലക്കാട് രജിസ്റ്റർ ചെയ്തത് 4340 കേസുകൾ

പാലക്കാട്: കൊവിഡ് 19 രോഗപ്രതിരോധത്തിൻ്റെ ഭാഗമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ലോക്ക് ഡൗൺ നിർദ്ദേശങ്ങൾ ലംഘിച്ചതിനെ തുടർന്ന് ഒരു മാസത്തിനിടെ ജില്ലയിൽ പൊലീസ് 4340 കേസുകൾ രജിസ്റ്റർ ചെയ്തു. ലോക്ക് ഡൗൺ ആരംഭിച്ച മാർച്ച് 24 മുതൽ ഏപ്രിൽ 23 വരെയുള്ള കണക്കാണിത്. ഇത്രയും കേസുകളിലായി 5752 പ്രതികളാണുള്ളത്. ഇതിൽ 5443 പ്രതികളെ പൊലീസ് അറസ്റ്റ് ചെയ്തു. ഇതിൽ 3537 കേസുകൾ കേരള എപ്പിഡമിക് ഡിസീസ് ഓർഡിനൻസ് ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.3299 വാഹനങ്ങളാണ് പരിശോധനയ്ക്കിടെ പൊലീസ് പിടിച്ചെടുത്തത്. ആശുപത്രിയിലോ വീടുകളിലോ ആരോഗ്യ വകുപ്പിൻ്റെ നിർദ്ദേശപ്രകാരം ക്വാറൻ്റൈൻ കാലയളവ് പൂർത്തിയാകും മുമ്പേ പുറത്തിറങ്ങി ആളുകളുമായി സമ്പർക്കം പുലർത്തിയതിന് 53 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. അനധികൃതമായി വാഹനങ്ങളുമായി നിരത്തിലിറങ്ങിയതിന് 3249 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. നിർദ്ദേശങ്ങൾ ലംഘിച്ച് കടകൾ തുറന്ന് പ്രവർത്തിച്ചതിന് 221 കേസുകളും രജിസ്റ്റർ ചെയ്തു. ആരാധനാലയങ്ങളിലും മറ്റും കൂട്ടംചേർന്നതിന് 16 കേസുകളാണ് രജിസ്റ്റർ ചെയ്തത്. കാൽനടയായി ചുറ്റിത്തിരിഞ്ഞതിന് 586 കേസുകളും എടുത്തിട്ടുണ്ട്. ഡ്രോൺ നിരീക്ഷണത്തിലൂടെ 14 കേസുകളാണ് പൊലീസ് കണ്ടെത്തിയത്. ജില്ലയിൽ ശരാശരി 1200 പൊലീസുകാരെയാണ് ദിവസവും ഡ്യൂട്ടിക്കായി നിയോഗിക്കുന്നത്.

വടക്കാഞ്ചേരി നഗരസഭയിൽ പ്രതിപക്ഷത്തിൻ്റെ കുത്തിയിരുപ്പ് സമരം

വടക്കാഞ്ചേരി: നഗരസഭയിൽ കുടിവെള്ളം വിതരണം ചെയ്തത് മാരകമായ കോളിഫോം ബാക്റ്റീരിയ അടങ്ങിയവയും മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്ത വെള്ളം നൽകിയതിന് നടപടി ആവശ്യപ്പെട്ട് പ്രതിപക്ഷ കൗൺസിലർമാർ നഗരസഭക്ക് മുന്നിൽ കുത്തിയിരിപ്പ് സമരം നടത്തി. പൊതു ജനങ്ങൾക്ക് വിതരണം ചെയ്യേണ്ട കുടിവെള്ളം ഉപയോഗ്യമാണോയെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമെ വിതരണം ചെയ്യാവു എന്നിരിക്കെ മാർച്ച് 3 മുതൽ കാഞ്ഞിരക്കോട് സ്വകാര്യ വ്യക്തിയുടെ കിണറിൽ നിന്നും കുടിവെള്ള വിതരണം ആരംഭിച്ചു വിതരണം തുടങ്ങിയ ശേഷം വെള്ളം വാട്ടർ അതോറിറ്റിയുടെ ടെസ്റ്റിങ്ങ് കേന്ദ്രത്തിൽ ടെസ്റ്റിങ്ങിനയച്ചു വെള്ളം ഉപയോഗ്യമല്ല എന്ന റിപ്പോർട്ട് ലഭിച്ചിട്ടും അത് പൂഴ്ത്തിവെച്ച് വീണ്ടും 14 ദിവസം 20- വരെ ആ കിണറ്റിൽ നിന്നും വെള്ളം വിതരണം ചെയ്തു റിപ്പോർട്ട് പുറത്ത് വന്നപ്പോൾ നിവൃത്തി ഇല്ലാതെ വിതരണം നിർത്തിവെച്ചു.ഒരു സിപിഎം കൗൺസിലറുടെ ബിനാമിയായിട്ടാണ് എടുക്കുന്ന കിണറിൻ്റെ ഉടമ പ്രവർത്തിക്കുന്നത്. കഴിഞ്ഞ വർഷം 32 ലക്ഷം രൂപക്കാണ് വെള്ളം വിതരണം ചെയ്തത്, അതും ഇതേ കിണറിൽ നിന്നുമാണ്. 75% വെള്ളം വിതരണം ചെയ്തത്പകർച്ച വ്യാധിയെ നേരിടാൻ രാജ്യം ഒറ്റക്കെട്ടായി പോരാടുമ്പോൾ വടക്കാഞ്ചേരി നഗരസഭ ആരെയും അറിയിക്കാതെ കഴിഞ്ഞ വർഷത്തെക്കാൾ ഉയർന്ന നിരക്കിൽ മാരകമായ അസുഖം വരാൻ സാധ്യതയുള്ള ബാക്റ്റീരിയ കലർന്ന വെള്ളം വിതരണം ചെയ്തത് കുറ്റകരമാണ് നഗരസഭക്കെതിരേ പൊതുജനാരോഗ്യ നിയമ പ്രകാരവും ക്രിമിനൽ നടപടി പ്രകാരവും കേസെടുക്കണമെന്ന് ആരോപിച്ച് പ്രതിപക്ഷ കൗൺസിലർമാർ പരാതി ആവശ്യപ്പെട്ട് നഗരസഭക്ക് മുന്നിൽ കുത്തിയിരിപ്പ് സമരം നടത്തി. നഗരസഭ കൗൺസിലർമാരായ കെ അജിത് കുമാർ, സിന്ധു സുബ്രമണ്യൻ, ടി വി സണ്ണി, സൈറാബാനു , നിഷ സുനിൽ, പ്രിൻസ് ചിറയത്ത്, ഷാനവാസ് നേതൃത്വം നൽകി.

വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങാനായി തൃശൂർ കൂർക്കഞ്ചേരി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖയിലെത്തിയവരുടെ തിരക്ക്

ഗുണനിലവാരം കുറഞ്ഞ അരി വിതരണത്തിനെതിരേ പ്രതിഷേധം

ചാലക്കുടി: പ്രധാനമന്ത്രിയുടെ നിർദേശ പ്രകാരം കേന്ദ്ര സർക്കാർ കുടുംബത്തിലെ ഓരോ അംഗങ്ങൾക്കും നൽകുന്നത് വിലകുറഞ്ഞ റേഷനരി. ചാലക്കുടി സപ്ലൈ ഓഫീസിനു കീഴിലെ റേഷൻ കടകളിൽ ഗുണനിലവാരം കുറഞ്ഞ അരി വിതരണം ചെയ്യുന്നതിനെതിരേ പ്രതിഷേധവുമായി ബിജെപി. കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന ഗുണനിലവാരം ഉള്ള അരിക്ക് പകരം കേരളത്തിലെ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന പഴകിയ അരിയാണ് വിതരണം ചെയ്യുന്നത്. ഇതു കേന്ദ്ര സർക്കാരിനെ പൊതു സമൂഹത്തിൽ കരിവാരി തേക്കാനുള്ള ചില ഉദ്യോഗസ്ഥരുടെ ഗൂഡാലോചനയാണ്. ഗുണ നിലവാരം കുറഞ്ഞ അരി റേഷൻ കടകളിൽ നിന്ന് പിൻവലിക്കണം എന്നാവശ്യപ്പെട്ട് ബിജെപി നേതാവ് ഷാജുമോൻ വട്ടേക്കാട്, നിയോജകമണ്ഡലം പ്രസിഡൻ്റ് സജീവ് പള്ളത്തു. ജനറൽ സെക്രട്ടറി അഡ്വ സജിക്കുറുപ്പ് എന്നിവർ ചാലക്കുടി സപ്ലൈ ഓഫീസിൽ എത്തി സപ്ലൈ ഓഫീസർക്ക് പരാതി നൽകി ഇതു സംബന്ധിച്ച് കേന്ദ്ര ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രിക്ക് ബിജെപി ചാലക്കുടി നിയോജകമണ്ഡലം കമ്മിറ്റി ഇമെയിലിൽ പരാതി നൽകി.

കൊവിഡിൻ്റെ മറവിൽ കൃഷിഭൂമി നികത്തി കെട്ടിടം നിർമിക്കുന്നു

കൃഷി ഭുമി നികത്തി കെട്ടിട നിർമാണം

വടക്കാഞ്ചേരി. കൃഷി ഭുമി മണ്ണിട്ട് നികത്തി കെട്ടിട നിർമാണം നടത്തുന്നതിൽ കർഷക സംഘം വടക്കാഞ്ചേരി ഏരിയ കമ്മറ്റി പ്രതിഷേധിച്ചു. തെക്കുംകര പഞ്ചായത്തിലെ കരുമത്ര വില്ലേജ് പ്രദേശത്ത് ചെമ്പറ ചിറ പാലത്തിന് ഓരം ചേർന്നുള്ള കൃഷിഭൂമിയിലാണ് നിർമാണം നടക്കുന്നത്. പഞ്ചായത്തിൻ്റെ സ്റ്റോപ്പ് മെമ്മോ ലംഘിച്ചാണ് ലോക് ഡൗണിൻ്റെ മറവിൽ നിർമാണം തുടരാനുള്ള ശ്രമം. മണ്ണുത്തി മേനാച്ചേരി ജോസാണ് ഈ അനധികൃത നിർമാണം നടത്തുന്നത്. ഇദ്ദേഹത്തിനെതിരേ കർശന നടപടി സ്വീകരിക്കണമെന്നും കൃഷിഭൂമി തിരിച്ചു പിടിക്കണമെന്നും കർഷക സംഘം വടക്കാഞ്ചേരി ഏരിയ സെക്രട്ടറി ടി.വി. സുനിൽകുമാർ ആവശ്യപ്പെട്ടു. അല്ലാത്തപക്ഷം ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. സുനിൽകുമാറിനൊപ്പം കർഷക സംഘം മണലിത്തറ വില്ലേജ് സെക്രട്ടറി ബി.ഷിറാസ്, ജോയിൻ്റ് സെക്രട്ടറി എ.എഫ്. റിൻ്റോ എന്നിവരും സ്ഥലം സന്ദർശിച്ചു.

സ്പ്രിംക്ലർ: പ്രതിഷേധവുമായി യൂത്ത്കോൺഗ്രസ്

കൊടുങ്ങല്ലൂർ: സ്പ്രിംക്ലർ അഴിമതിക്കെതിരേ യൂത്ത് കോൺഗ്രസിൻ്റെ നേതൃത്വത്തിൽ പ്രതിഷേധ സമരം നടത്തി. സ്പ്രിംക്ലർ കേസിൽ മുഖ്യമന്ത്രി അന്വേഷണം പ്രഖ്യാപിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് യൂത്ത് കോൺഗ്രസ് സംസ്ഥാന വ്യാപകമായി നടത്തുന്ന സമര പരിപാടിയുടെ ഭാഗമായാണ് പ്രതിഷേധം നടന്നത്. കൊടുങ്ങല്ലൂർ മണ്ഡലത്തിലെ 5 കേന്ദ്രങ്ങളിൽ പ്രതിഷേധങ്ങൾ സംഘടിപ്പിച്ചു. കൊടുങ്ങല്ലൂർ മണ്ഡലം പ്രസിഡൻ്റ് നിഷാഫ് കുര്യാപ്പിള്ളിയുടെ അധ്യക്ഷതയിൽ ലോക്സഭാ മണ്ഡലം പ്രസിഡൻ്റ് ഡിൽഷൻ കൊട്ടേക്കാട് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് വൈസ് പ്രസിഡൻ്റ് കെ പി സുനിൽ കുമാർ മുഖ്യ പ്രഭാഷണവു നടത്തി. കയ്പമംഗലം നിയോജക മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ എടവിലങ്ങിൽ നടന്ന സമരം ഡി.സി.സി.ജനറൽ സെക്രട്ടറി പി.എച്ച്.മഹേഷ് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡൻ്റ് പി.എ.മനാഫ് അധ്യക്ഷത വഹിച്ചു.

ഇരിങ്ങാലക്കുട: യൂത്ത് കോൺഗ്രസ് ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ സമരം നടത്തി. മണ്ഡലത്തിലെ 16 കേന്ദ്രങ്ങളിൽ മൂന്ന് പ്രവർത്തകരെ വീതം അണിനിരത്തി ലോക്ക് ഡൗൺ നിർദേശങ്ങൾ പാലിച്ചായിരുന്നു സമരം. 'സമരത്തോടൊപ്പം കരുതലും' എന്ന യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ടിൻ്റെ ആഹ്വാനപ്രകാരം 25 പച്ചക്കറികിറ്റുകൾ വീതം നഗരത്തിലെ 4 അനാഥാലയങ്ങൾക്ക് യൂത്ത് കോൺഗ്രസ് നൽകി.

യൂത്ത് കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി അസറുദ്ദീൻ കളക്കാട്ട്, നിയോ.മണ്ഡലം പ്രസിഡൻ്റ് വിബിൻ വെള്ളയത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

മാള: മാളയിൽ യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡൻ്റ് അഡ്വ.വി.എസ് അരുൺ രാജ് സമരം ഉദ്ഘാടനം ചെയ്തു. ഷിൻ്റോ എടാട്ടുക്കാരൻ, ഷിബിൽ ചാക്കോ, വിനയൻ കാവനാട് എന്നിവർ പങ്കെടുത്തു. യൂത്ത് കോൺഗ്രസ് ജില്ലാ സെക്രട്ടറി പ്രതീഷ് കുമാർ അന്നമനടയിൽ ഉദ്ഘാടനം ചെയ്തു. കെ.എസ് യു ജില്ലാ സെക്രട്ടറി ഹക്കീം ഇക്ബാൽ, മണ്ഡലം യൂത്ത് കോൺഗ്രസ് പ്രസിഡൻറുമായ നിഷാഫ് കുര്യാപ്പിള്ളി, എ.എ മുസമില്ലു, കെ.പി പ്രജീഷ്, ഷനൽ, ഹഫീസ്, ജോബി എന്നിവർ നേതൃത്വം നൽകി.

കിഴക്കഞ്ചേരി: കിഴക്കഞ്ചേരി പഞ്ചായത്തിന് മുൻപിൽ നടന്ന നിൽപ്പ് സമരം യൂത്ത് കോൺഗ്രസ് നേതാവ് റോബിൻ പൊന്മല നിൽപ്പ് സമരം ഉദ്ഘാടനം നിർവഹിച്ചു.അഷറഫ്. ഐ എം അധ്യക്ഷത വഹിച്ചു. താഹ. എ, അബുതാഹിർ. എ, തൻസീർ. ടി എ, ഫായിസ്. പി എം, നൗഫൽ. എൻ, നിതിൻ എന്നിവർ സമരത്തിൽ പങ്കെടുത്തു.

ഇരിങ്ങാലക്കുടയിൽ യൂത്ത് കോൺഗ്രസ് നടത്തിയ പ്രതിഷേധ സമരം

കൊടകര: യൂത്ത് കോൺഗ്രസിൻ്റെ ആഭിമുഖ്യത്തിൽ കൊടകര പഞ്ചായത്തിലെ 5 ഇടങ്ങളിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചു. കൊടകര മണ്ഡലം പ്രസിഡൻ്റ് എം.കെ. ഷൈൻ ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡൻറ് സദാശിവൻ കുറുവത്ത്, ഡെൽജിത്ത് ഞെർളേലി എന്നിവർ നേതൃത്വം നൽകി.

വിവിധ കേന്ദ്രങ്ങളിൽ കോൺഗ്രസ്, യൂത്ത് കോൺഗ്രസ് നേതാക്കളായ ഇ.ഗിരീശൻ, വർഗീസ് മാസ്റ്റർ, വിനയൻ തോട്ടാപ്പിള്ളി, വി.എം. ആൻ്റണി, ആൻസി ജിൻ്റോ, പി.കെ. അരുൺകുമാർ, വി.ആർ. രഞ്ജിത്ത്, ജസ്റ്റിൻ പൊന്മിനിശ്ശേരി, എൻ.ഡി. രാജീവ്, കെ.ജെ. ജോമോൻ, സിജോ മാത്തള എന്നിവർ നേതൃത്വം നൽകി.

പാത്രക്കണ്ടം കൈതക്കൽ ഉറവിൽ കാട്ടാന കാർഷിക വിളകൾ നശിപ്പിച്ചപ്പോൾ

മലയോര മേഖലയിൽ കാട്ടാനയിറങ്ങി

വടക്കഞ്ചേരി: കിഴക്കഞ്ചേരി മലയോര മേഖലയിൽ വീണ്ടും കാട്ടാനയിറങ്ങി. ചൊവ്വാഴ്ച പാത്രക്കണ്ടം കൈതക്കൽ ഉറവ് ഭാഗങ്ങളിൽ കാട്ടാനയിറങ്ങിയത്. കണച്ചിപരുത പാത്രക്കണ്ടം കൈതക്കൽ ഉറവിലെ ഊന്നുപാലത്തിങ്കൽ ബെന്നിയുടെ പറമ്പിലും സമീപത്തെ പറമ്പുകളിലും ഇറങ്ങിയ കാട്ടാനകൾ പറമ്പിലുള്ള തെങ്ങുകളും വാഴ മറ്റു കൃഷികൾ എല്ലാം പൂർണമായി നശിപ്പിച്ചു. ആനശല്യം രൂക്ഷമായതിനെ തുടർന്ന് അധികാരികൾക്ക് നിരവധിതവണ പരാതി നൽകിയിട്ടും പരിഹാരമായില്ല. കിഴക്കഞ്ചേരി മലയോര മേഖലയിൽ കണച്ചിപരുതയിലും, പാലക്കുഴിയിലും കാട്ടാന ശല്യം വ്യാപകമായിട്ടുണ്ട്.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.112 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from **Vaartha News Network Pvt.Ltd,** Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

മാധവൻ സ്മാരക എസ്എൻഡിപി യൂണിയന്റെ പ്രവർത്തനം ആരംഭിച്ചു

മാവേലിക്കര:റ്റി.കെ.മാധവൻ സ്മാരക എസ്എൻഡിപി യൂണിയൻ മാവേലിക്കരയുടെ പ്രവർത്തന ഉദ്ഘാടനം യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി കൺവീനർ അഡ്വ.സിനിൽ മുണ്ടപ്പള്ളി യൂണിയൻ ആസ്ഥാനത്തെ ഗുരുക്ഷേത്രത്തിൽ ഭദ്രദീപം തെളിയിച്ച നിർവ്വഹിച്ചു്. യൂണിയന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി ജോയിന്റ് കൺവീനർമാരായ എം.എൻ.ഹരിദാസ്, ഗോപൻ ആഞ്ഞലിപ്ര, കമ്മറ്റി അംഗങ്ങളായ വിനു ധർമ്മരാജ്, സുരേഷ് പള്ളിക്കൽ എന്നിവർ വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ചാരുമ്മൂട് യൂണിയൻ ചെയർമാൻ ജയകുമാർ പാറപ്പുറത്ത്, കൺവീനർ ബി.സത്യപാൽ, വൈസ് ചെയർമാൻ ആർ.രഞ്ജിത്ത്, മാന്നാർ യൂണിയൻ ചെയർമാൻ ഡോ.വിജയകുമാർ, കൺവീനർ ജയലാൽ.എസ്. പടിത്തറ, കമ്മറ്റി അംഗം ദയകുമാർ ചെന്നിത്തല, ശ്രീജിത്ത്, അജി പേരാത്തേരിൽ, ഡി.അഭിലാഷ് എന്നിവർ പങ്കെടുത്തു.

മാവേലിക്കര എസ്എൻഡിപി യൂണിയനിൽ നിന്നും കായംകുളം എസ്എൻഡിപി യൂണിയനിലേക്ക് നൽകുന്ന നാല് ശാഖ യോഗങ്ങളുടെ യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ ഉത്തരവ് അഡ്വ.സിനിൽ മുണ്ടപ്പള്ളിയിൽ നിന്നും കായംകുളം എസ്.എൻ.ഡി.പി യൂണിയൻ സെക്രട്ടറി വി.പ്രദീപ് ലാൽ ഏറ്റുവാങ്ങി. പനക്കൽ ദേവരാജൻ, വിഷ്ണു, സതീഷ് കായംകുളം എന്നിവർ പങ്കെടുത്തു.

പ്രവർത്തന ഉദ്ഘാടനത്തിന് മുന്നോടിയായി യൂണിയൻ ആസ്ഥാനത്തെ ഗുരുക്ഷേത്രത്തിൽ ഗണപതി ഹോമം, ഗുരുപൂജ, ഗുരു പുഷ്പാഞ്ജലി, സമൂഹ പ്രാർത്ഥന, ദീപ പ്രോജ്വലനം, പ്രസാദ വിതരണം എന്നീ ചടങ്ങുകളും നടന്നു. ചടങ്ങുകൾക്ക് ക്ഷേത്ര ശാന്തി സച്ചിൻ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് മാവേലിക്കര, ചാരുമ്മൂട്, മാന്നാർ, കായംകുളം എന്നീ എസ്എൻഡിപി യൂണിയനുകളിലെ ഭാരവാഹികൾ ടി.കെ.മാധവന്റെ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും സമൂഹ പ്രാർത്ഥനയും നടത്തി.

ഇന്ന് കെ.ജി.മാരാർ അനുസ്മരണം

ആലപ്പുഴ:ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷനായിരുന്ന സ്വർഗ്ഗീയ കെ.ജി.മാരാർജിയുടെ 25-ാമത് ചരമവാർഷിക ദിനമായ ഇന്ന് ജില്ലയിലെ മണ്ഡലം,പഞ്ചായത്ത് ബൂത്ത് കേന്ദ്രങ്ങളിൽ അനുസ്മരണ ചടങ്ങുകളും, പുഷ്പാർച്ചനയും സംഘടിപ്പിക്കും.

ജില്ലാ പ്രസിഡന്റ് എം.വി.ഗോപകുമാർ ആലപ്പുഴയിലും, ദക്ഷിണമേഖലാ അദ്ധ്യക്ഷൻ കെ.സോമൻ മാവേലിക്കരയിലും, ജില്ലാ ജനറൽ സെക്രട്ടറിമാരായ പി.കെ.വാസുദേവൻ ചെങ്ങന്നൂരിലും, ഡി.അശ്വനീ ദേവ് ഹരിപ്പാട്ടും, ദേശീയ സമിതി അംഗങ്ങളായ വെള്ളിയാകുളം പരമേശ്വരൻ ചേർത്തലയിലും, കെ.എസ് രാജൻ കുട്ടനാട്ടിലും, മേഖലാ ഉപാദ്ധ്യക്ഷൻ കൊട്ടാരം ഉണ്ണികൃഷ്ണൻ അമ്പലപ്പുഴയിലും, മുൻ ജില്ലാ അദ്ധ്യക്ഷൻ നെടുന്തറ ഉണ്ണികൃഷ്ണൻ കായംകുളത്തും, സംസ്ഥാന സമിതി അംഗം പി.കെ. ഇന്ദുചൂഢൻ അരൂരിലും അനുസ്മരണ പ്രഭാഷണം നടത്തും

വൈദ്യുതി മുടങ്ങും

മുഹമ്മ: കെ.എസ് ഇ.ബി പാതിരപ്പള്ളി സെക്ഷൻ പരിധിയിൽ കളത്തിൽ ട്രാൻസ്ഫോർമറിൽ രാവിലെ 9 മുതൽ ഒന്ന് വരെയും അപ്സര ട്രാൻസ്ഫോർമറിൽ ഒന്നര മുതൽ 5 വരെയും വൈദ്യുതി മുടങ്ങും .

പാഥേയം സാമൂഹ്യ ഭക്ഷണ ശാലയിൽ മന്ത്രി തിലോത്തമൻ

ചേർത്തല: തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞമാസം 24 ന് ആരംഭിച്ച പാഥേയം സാമൂഹ്യ ഭക്ഷണ ശാല ഇതിനകം ഇരുപത്തിരായിരം പേരുടെ വിശപ്പടക്കുവാൻ കഴിഞ്ഞു. ഇരുപത് രൂപയ്ക്ക് ഭക്ഷണം ലഭ്യമാകുന്ന ഭക്ഷശാല സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചപ്പോൾ സംസ്ഥാനത്ത് ആദ്യം ആരംഭിച്ച ഭക്ഷണശാലയാണ് തണ്ണീർമുക്കത്തേത്. അപ്രതീക്ഷിതമായി എത്തിയ മന്ത്രി തോമസ് ഐസക്ക് ആണ് ഭക്ഷണം കഴിച്ച് ഉദ്ഘാടനം നിർവ്വഹിച്ചത്.

തുടർന്ന് പ്രഖ്യാപിച്ച ലോക്ക് ഡൗണിൽ ഈ ഭക്ഷണ ശാല ഏറെ ജനപ്രീയമായി മാറിയിരുന്നു. മീൻകറി, കക്കായിറച്ചി കപ്പയും ഇഷ്ട വിഭവങ്ങളായി മാറി. ഈ സാമൂഹ്യ ഭക്ഷണ ശാലയോടൊപ്പം തന്നെ മൂന്ന് സാമൂഹ്യ അടുക്കളയും പഞ്ചായത്തിന് ഉണ്ട് ഒരുമാസം പൂർത്തിയായ ദിവസം ഭക്ഷ്യവകുപ്പ് മന്ത്രി പി തിലോത്തമൻ ഭക്ഷണ ശാല സന്ദർശിക്കുകയും പ്രവർത്തകരെയും പഞ്ചായത്ത് ഭരണ സമിതിയെയും അഭിനന്ദിച്ച് അവരോടൊപ്പം ഭണം കഴിച്ചു. ഭക്ഷണശാലയ്ക്കായി കെട്ടിടത്തിനും അനുബന്ധ ഉപകരണങ്ങൾക്കും ഫണ്ട് അനുവദിച്ചിട്ടുള്ളതുമാണ്.

കോവിഡ് രോഗികളെ പരിചരിച്ച ശേഷം നിരീക്ഷണകാലയളവും കഴിഞ്ഞ് ഇന്നലെ വീട്ടിലേക്ക് മടങ്ങിയ മെഡിക്കൽ കോളജ് ജീവനക്കാർ

കോവിഡ് രോഗികളെ പരിചരിച്ച് നിറ മനസ്സോടെ അവർ മടങ്ങി

അമ്പലപ്പുഴ .കോറോണ പിടിപ്പെട്ട രോഗികളെ പരിചരിക്കാൻ കിട്ടിയ അവസരം വളരെ വിജയകരമായിപൂർത്തികരിച്ച് എട്ട് ദിവസത്തെ കോറോണ ഡ്യൂട്ടിയും 14 ദിവസത്തെ കോറൻഡേയിലും കഴിഞ്ഞ് മടങ്ങുകയാണ് രണ്ടാമത്തെ ബാച്ച്. വിഷു ,ഇസ്റ്റർ തുടങ്ങിയവ കോറൻഡേയിൽ ആയിരുന്നു. സിസ്റ്റൻമരായ മേരി ഇമ്മാഗുലേറ്റ് .സേതു എന്നിവരുടെ മക്കളുടെ പിറന്നാൾ ആയിരുന്നു കോറൻഡേ സമയത്ത്. രണ്ട് ഹെഡ് സിസ്റ്റർ മാർ ,ഒൻപത് സ്റ്റാഫ് നേഴ്സ് ,എട്ട് അറ്റൻഡർമാർ, അടങ്ങിയ മെഡിക്കൽ സംഘമാണ് നിറ മനസ്സോടെ മടങ്ങുന്നത്.

ജാതിവിവേചനത്തിനെതിരേ എസ്എൻഡിപി രംഗത്ത്

മൃതദേഹം സംസ്കരിക്കുന്നത് തടഞ്ഞു; ആർഡിഒ ഇടപെട്ട് കോട്ടയത്ത് സംസ്കരിച്ചു

ചെങ്ങന്നൂർ: കോവിഡ് കാലത്തും മൃതദേഹത്തോട് അനാദരവ് കാട്ടി. കഴിഞ്ഞ ദിവസം മരണമടഞ്ഞ കോട്ടയംമാന്നാനം കണ്ണാലപറമ്പിൽ സന്തോഷിന്റെ മകൻ അഖിലിൻ്റെ മൃതദേഹത്തോടാണ് അനാദരവ് കാട്ടിയത്.

വിവാഹിതനും ഒരു കുട്ടിയുടെ അച്ഛനുമായ അഖിൽ മറ്റൊരു യുവതിയുമായുള്ള പ്രണയത്തിലായിരുന്നു.കഴിഞ്ഞ ദിവസം പ്രണയനൈരാശ്യത്താൽ തൂങ്ങിമരിക്കുകയായിരുന്നു.ദീർഘനാളായി ചെങ്ങന്നൂർ ആൽത്തറ ജംഗ്ഷനു സമീപം വാടകയ്ക്കു താമസിച്ചു വരികയായിരുന്നു ഇയാളുടെ കുടുംബം.

ഒരു തുണ്ട് ഭൂമി സ്വന്തമായി ഈ കുടുംബത്തിന് ഇല്ല. ഈ വിവരം കുടുംബാംഗങ്ങൾ ചെങ്ങന്നൂർ ടൗൺ എസ് എൻ ഡി പി ശാഖാ ഭാരവാഹികളെ അറിയിക്കുകയും ലോക്ക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ മറ്റു മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ ശാഖയുടെ തീരുമാനപ്രകാരം ചെങ്ങന്നൂർ അങ്ങാടിക്കലിൽ ശ്മാശാനത്തിന് വേണ്ടി 18 വർഷം മുൻപ് മറ്റു സമുദായങ്ങളുടെ 5 ശ്മശാനങ്ങളോടു ചേർന്നു വാങ്ങിയിട്ടിരിക്കുന്ന വസ്തുവിൽ സംസ്കാരം നടത്താൻ എത്തിയപ്പോഴാണ് ഒരു കൂട്ടം ആളുകൾ തടഞ്ഞത്. ആദ്യം പോലീസ് സ്ഥലത്തെത്തി ഇവരുമായി സംസാരിച്ചെങ്കിലും തീരുമാനമാകാത്തതിനാൽ പിന്നീട് ആർ ഡി ഒ ജി.ഉഷാകുമാരി സ്ഥലത്തെത്തി സംസ്കാരചടങ്ങുകൾ നിർത്തിവെക്കാൻ ആവശ്യപ്പെടുകയും മൃതദേഹം മോർച്ചറിയിലേക്ക് മാറ്റാൻ നിരദ്ദേശിക്കകുയുമായിരുന്നു.

ഇന്നലെ വീണ്ടുംആർ ഡി ഒ യുടെ നിർദ്ദേശപ്രകാരം കോട്ടയത്തുള്ള പൊതുശ്മശാനത്തിന്റെ അനുമതി വാങ്ങി മൃതദേഹം അവിടെസംസ്കരിച്ചു.ഈ ജാതീയമായ വിവേചനത്തിനെതിരെ എസ് എൻ ഡി പി യൂണിയൻ സെക്രട്ടറി ബൈജു അറുകുഴിയിൽ ശക്തമായി പ്രതിഷേധിച്ചു. വിവിധ മതസ്ഥരുടെ നിരവധി ശ്മശാനങ്ങളിൽ സംസ്കാരങ്ങൾ സുഖമായി നടക്കുമ്പോൾ ഈഴവ സമുദായ അംഗത്തിൻ്റെ ശവസംസ്കാരം തടഞ്ഞതിൽ ശക്തമായി പ്രതിഷേധിക്കുന്നതായും ഇതിനെതിരായി ശാഖായോഗവുമായി സഹകരിച്ച് ശക്തമായ നടപടികളിലേക്ക് നീങ്ങുമെന്നും യൂണിയൻ പ്രസിഡന്റ് ഡോക്ടർ ആനന്ദരാജ് പറഞ്ഞു.

യൂത്ത് കോൺഗ്രസ് നേതാവിനെ വെട്ടിയ കേസിൽ ഒരാൾ കൂടി പിടിയിൽ

ആലപ്പുഴ: കറ്റാനം ഇലിപ്പക്കുളത്ത് യൂത്ത് കോൺഗ്രസ് നേതാവിനെ വെട്ടിപ്പരിക്കേൽപ്പിച്ച സംഭവത്തിൽ ഒരാൾകൂടി പോലിസ് പിടിയിലായി. ഡിവൈഎഫ് എ പ്രവർത്തകനായ കറ്റാനം സത്യാലയത്തിൽ കണ്ണൻ (22) ആണ് പിടിയിലായത്. പരിക്കേറ്റ സുഹൈലിനെ പിന്തുടർന്നെത്തിയ ബൈക്ക് ഓടിച്ചിരുന്നയാളാണ് കണ്ണൻ. ബൈക്കിന് പിന്നിലിരുന്ന വെട്ടിപ്പരിക്കേൽപ്പിച്ച സിപിഎം പ്രവർത്തകനായ സതീശനും ഗൂഢാലോചനയിൽ പങ്കാളിയായ എ എം ഹാഷിം എന്നിവർ കഴിഞ്ഞ ദിവസം അറസ്റ്റിലായിരുന്നു.

യൂത്ത്കോൺഗ്രസ് മണ്ഡലം സെക്രട്ടറിയായ കറ്റാനം ഇലിപ്പക്കുളം കോട്ടക്കകത്ത് സുഹൈൽ ഹസനെ (24) ബൈക്കിലെത്തി വടിവാൾ കൊണ്ട് വെട്ടിപ്പരിക്കേൽപ്പിച്ച സംഭവത്തിലാണ് മൂന്നുപേരേയും പിടികൂടിയിരിക്കുന്നത്. ചൊവ്വാഴ്ച രാത്രി പത്ത് മണിയോടെ മങ്ങാരം ജംഗ്ഷന് സമീപം വച്ച് കഴുത്തിന് സാരമായി വെട്ടേറ്റ സുഹൈൽ കൊച്ചിയിലെ സ്വകാര്യാശുപത്രിയിൽ ചികിൽത്സയിലാണ്. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ഇഖ്ബാലുമൊത്ത് നാമ്പുകുളങ്ങരയിൽ നിന്നും വീട്ടിലേക്ക് മടങ്ങവെ തടഞ്ഞ് നിർത്തിയായിരുന്നു അക്രമം. പരിക്കേറ്റ സുഹൈലിന്റെ നിലയിൽ പുരോഗതിയുള്ളതായി ബന്ധുക്കൾ അറിയിച്ചു

ഗൂഢാലോചന നടത്തിയവരെയും അറസ്റ്റ് ചെയ്യണം: എം ലിജു

ആലപ്പുഴ: യൂത്ത് കോൺഗ്രസ് പ്രവർത്തകൻ സുഹൈൽ ഹസ്സനെ വെട്ടികൊലപ്പെടുത്താൻ ശ്രമിച്ച സംഭവത്തിൽ ഗൂഢാലോചന നടത്തിയവരെയും അറസ്റ്റ് ചെയ്യാൻ പോലീസ് തയ്യാറാകണമെന്ന് ഡിസിസി പ്രസിഡന്റ് എം ലിജു ആവശ്യപ്പെട്ടു.

സിപിഎം പ്രാദേശിക നേതൃത്വത്തിന്റെ അറിവോടെ പഞ്ചായത്ത് അംഗത്വത്തിന്റെ നേതൃത്വത്തിൽ പാവപെട്ട കർഷക തൊഴിലാളികൾ ക്ഷേമനിധിയിൽ അടക്കാൻ നൽകിയ പണം അപഹരിച്ചത് നവമാധ്യമങ്ങളിൽ കൂടി പുറത്ത് കൊണ്ടുവന്നത് സുഹൈൽ ഹസ്സൻ ഉൾപ്പടെയുള്ള യൂത്ത് കോൺഗ്രസ് പ്രവർത്തകരായിരുന്നു. ഇതിനെ തുടർന്നുള്ള പകയാണ് സിപിഎം പ്രാദേശീക നേതൃത്വത്തിനുള്ളത്. കേസിൽ കൂടുതൽ ആളുകൾ ഗൂഢാലോചനയിൽ പങ്കാളികളാണ്. ഗുഡാലോചന നടത്തിയവരെ ഉൾപ്പടെ മുഴുവൻ പ്രതികളെയും പോലീസ് അന്വേഷണം നടത്തി അറസ്റ്റ് ചെയ്യാൻ തയ്യാറാകണമെന്നും ലിജു ആവശ്യപ്പെട്ടു.

സ്പ്രിങ്ക്ളർ കരാറിനെതിരേ കോൺഗ്രസ്-ബിജെപി പ്രതിഷേധം

യൂത്ത് കോൺഗ്രസ് ചേർത്തല നിയോജക മണ്ഡലം കമ്മിറ്റി താലൂക്ക് ഓഫീസിന് മുൻപിൽ നടത്തിയ ഉപരോധസമരം

സ്പ്രിംഗ്ലറുമായുള്ള കരാറിൽ ഉന്നതതല അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ബി.ജെ.പി സ്പ്രിങ്കളർ സിഇഒ രാജി തോമസിന്റെ ചങ്ങനാശേരിയിലെ വസതി ഉപരോധിക്കുന്നു

ആലപ്പുഴ:സ്പ്രിംഗ്ളർ കരാർ റദ്ദ് ചെയ്യുക, കുറ്റക്കാരെ തുറുങ്കിലടക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് യൂത്ത് കോൺഗ്രസിന്റേയും ബിജെപിയുടേയും ആഭിമുഖ്യത്തിൽ ജില്ലയിൽ വ്യാപക പ്രതിഷേധം. വിവിധ കേന്ദ്രങ്ങളിൽ ലോക്ഡൗൺ നിയമങ്ങൾ പാലിച്ചായിരുന്നു ഇരു പാർട്ടികളും വ്യത്യസ്ഥങ്ങളായ സമരപരിപാടികൾ സംഘടിപ്പിച്ചത്.

ഹരിപ്പാട് യൂത്ത് കോൺഗ്രസ് പ്രവർത്തകരെ അറസ്റ്റ് ചെയ്ത് നീക്കുന്നു

യൂത്ത് കോൺഗ്രസ് ധർണ്ണയ്ക്കിടയിൽ സംഘർഷം

ഹരിപ്പാട്: യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കാർത്തികപ്പള്ളി താലൂക്ക് ഓഫീസിനു മുന്നിൽ ധർണ്ണ നടത്തി.പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കിയത് നേരിയ സംഘർഷത്തിനു കാരണമായി.'ആരോഗ്യ വിവരം എൻ്റെ സ്വകാര്യത അത് തൂക്കി വിറ്റു' എന്ന ആരോപണം ഉന്നയിച്ചായിരുന്നു ധർണ്ണ.എം.പി പ്രവീൺ,കെ.എസ്. ഹരികൃഷ്ണൻ,വിഷ്ണു ആർ ഹരിപ്പാട്,വിഷ്ണു പ്രസാദ് എന്നിവരെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്.ലോക് ഡൗൺ മാനദണ്ഡങ്ങൾ പാലിച്ചാണ് ധർണ്ണ നടത്തിയതെന്ന് പ്രവർത്തകർ പറഞ്ഞു.ധർണ്ണ നടക്കുമ്പോൾ സ്ഥലത്തെത്തിയ പൊലീസ് പ്രവർത്തരോട് പിരിഞ്ഞു പോകണമെന്നു ആവശ്യപ്പെട്ടു.എന്നാൽ അതിനു മുൻപ് ധർണ്ണ നടത്തിയ ബി ജെ പി പ്രവർത്തകരെ അറസ്റ്റ് ചെയ്യാത്തത് ചോദ്യം ചെയ്തതാണ് നേരിയ വാക്കുതർക്കത്തിൽ കലാശിച്ചത്.തുടർന്ന് പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്തു നീക്കി.ബി.ജെ പി പ്രവർത്തകർ പൊലീസ് എത്തുന്നതിനു മുൻപ് ധർണ്ണ അവസാനിപ്പിച്ചെന്നും അതിനാൽ അറസ്റ്റ് ചെയ്തില്ലെന്നും ഇവർക്കെതിരെ കേസെടുത്തെന്നും പൊലീസ് പറഞ്ഞു.സാമൂഹിക അകലം പാലിച്ചുകൊണ്ട് സമാധനപരമായി പ്രതിഷേധിച്ച പ്രവർത്തകർക്കെതിരെ ബോധപൂർവമായ ആക്രമണമാണ് പൊലീസ് നടത്തിയതെന്നു ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റുമാരായ എം.ആർ ഹരികുമാർ,എസ്.വിനോദ് കുമാർ എന്നിവർ ആരോപിച്ചു.കൊവിഡ് മഹാമാരിയ്ക്കെതിരെ സേവനപ്രവർത്തനങ്ങളിൽ കർമ്മനിരതരായി നിൽക്കുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പ്രവർത്തനമേഖലകളിൽ നിന്ന് അകറ്റി ഭരണപക്ഷ സംഘടനകൾക്ക് അവസരമൊരുക്കാനാണ് പൊലീസിൻ്റെ ശ്രമമെന്നു സംശയിക്കേണ്ടിരിക്കുന്നു.ഇത്തരം ഹീന ശ്രമങ്ങൾക്കെതിരെ ശക്തമായ സമരവുമായി കോൺഗ്രസ് മുന്നോട്ട് പോകുമെന്നും അവർ അറിയിച്ചു.പരമാവധി സംയമനം പാലിച്ചിട്ടും ബോധപൂർവ്വം പ്രശ്നം സൃഷ്ടിക്കാനാണ് സമരക്കാർ ശ്രമിച്ചതെന്നും ഇത് ദൃശ്യങ്ങളിൽ നിന്നു തന്നെ വ്യക്തമാണെന്നും പൊലീസ് കേന്ദ്രങ്ങൾ പറഞ്ഞു.

യൂത്ത് കോൺഗ്രസ് ഉപരോധ സമരം നടത്തി

ചേർത്തല: സംസ്ഥാന സർക്കാരിന്റെ സ്പ്രിംഗ്ളർ ഇടപാടിൽ അഴിമതി ആരോപിച്ച് യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം കമ്മിറ്റി താലൂക്ക് ഓഫീസിന് മുൻപിൽ ഉപരോധസമരം നടത്തി.ഇതിനൊപ്പം നിയോജക മണ്ഡലത്തിലെ വിവിധ മണ്ഡലം കമ്മറ്റികളുടെ നേതൃത്വത്തിൽ 62 കേന്ദ്രങ്ങളിൽ നിൽപുസമരവും നടത്തി.അഞ്ചിൽ താഴെ പ്രവർത്തകരെ മാത്രം പങ്കെടുപ്പിച്ചായിരുന്നു സമരം. ഹോട്ട് സ്പോട്ട് ആയതിനാൽ തണ്ണീർമുക്കം പഞ്ചായത്ത് പ്രദേശത്ത് സമരം ഒഴിവാക്കി.

താലൂക്ക് ഓഫീസിനുമുന്നിൽ നടത്തിയ സമരം നടത്തിയ കെ.പി.സി.സി നിർവ്വാഹക സമിതിയംഗം എസ്.ശരത് ഉദ്ഘാടനം ചെയ്തു.നിയോജകമണ്ഡലം പ്രസിഡന്റ് എൻ.പി.വിമൽ,ജില്ലാ ജനറൽസെക്രട്ടറിമാരായ അരുൺ.എസ്. കുറ്റിക്കാട്,കെ.ആർ.രൂപേഷ് തുടങ്ങിയവർ പങ്കെടുത്തു എല്ലാവരെയും പൊലീസ് അറസ്റ്റു ചെയ്തു നീക്കി.

സ്പ്രിങ്കളർ സിഇഒ രാജി തോമസിൻ്റെ വസതി ഉപരോധിച്ചു.

സ്പ്രിങ്കളർ സിഇഒ രാജി തോമസിന്റെ വസതി ഉപരോധിച്ചു.

മാവേലിക്കര: സ്പ്രിംഗ്ലറുമായുള്ള കരാറിൽ ഉന്നതതല അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ബി.ജെ.പി സ്പ്രിങ്കളർ സിഇഒ രാജി തോമസിൻ്റെ വസതി ഉപരോധിച്ചു.

സ്പ്രിങ്കളർ കരാർ റദ്ദാക്കണമെന്നും ഉന്നതതല അന്വേഷണം ആവശ്യപെട്ടു കൊണ്ടും ബിജെപി സംസ്ഥാന വ്യാപകമായി ലോക്ഡൗൺ മാനദണ്ഡങ്ങൾ പാലിച്ച് സംഘടിപ്പിച്ച പ്രത്യക്ഷസമരത്തിൻ്റെ ഭാഗമായി പ്രതീകാത്മകമായി സ്പ്രിങ്കളർ സി ഇ ഒ രാജി തോമസിൻ്റെ വസതിക്ക് മുൻപിൽ ബി.ജെ.പി മാവേലിക്കര നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉപരോധിച്ചു.ഉപരോധസമരം ബി.ജെ.പി ദക്ഷിണ മേഘല പ്രസിഡൻ്റ് കെ. സോമൻ ഉദ്ഘാടനം ചെയ്തു.കരാർ റദ്ദ് ചെയ്ത് കുറ്റക്കാർക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ ശക്തമായ സമരവുമായി ബി.ജെ.പി മുന്നോട്ട് പോകുമെന്ന് അദ്ധേഹം പറഞ്ഞു.ബി.ജെ.പി നിയോജക മണ്ഡലം പ്രസിഡൻ്റ് അഡ്വ. കെ.കെ.അനൂപിൻ്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ല പ്രസിഡൻ്റ് എം.വി ഗോപകുമാർ മുഖ്യ പ്രഭാഷണം നടത്തി. നിയോജക മണ്ഡലം ജനറൽ സെക്രട്ടറിമാരായ അഡ്വ.കെ.വി.അരുൺ, ഹരീഷ് കാട്ടൂർ, മണ്ഡലം ട്രഷറർ കെ.എം.ഹരികുമാർ, സന്തോഷ് കുമാർ മറ്റം, ജീവൻ ആർ ചാലിശേരിൽ എസ്.ആർ അശോക് കുമാർ, എസ്.രാജേഷ്, സുജിത്ത് ആർ പിള്ള, ദേവരാജൻ പ്രസംഗിച്ചു.

കാൽനടയായി തിരുനെൽവേലിക്ക് തിരിച്ച തമിഴ്നാട് സ്വദേശികൾക്ക് അധികൃതർ നിർദേശങ്ങൾ നൽകുന്നു

കാൽനടയായി തിരുനെൽവേലിക്ക് തിരിച്ച തമിഴ്നാട് സ്വദേശികളെ നിരീക്ഷണത്തിലാക്കി

ചേർത്തല: ലോക്ഡൗണിൽ കുരുങ്ങിയ ശേഷം എങ്ങിനെയെങ്കിലും നാട്ടിലെത്തുന്നതിനായി എറണാകുളത്തുനിന്നും കാൽനടയായി തിരുനെൽവേലിയിലേക്കു തിരിച്ച നാല് തൊഴിലാളികളെ നിരീക്ഷണത്തിലാക്കി.വെള്ളിയാഴ്ച ഉച്ചക്ക് തഹസിൽദാർ ആർ. ഉഷയുടെ നേതൃത്വത്തിലുള്ള റവന്യൂസംഘമാണ് കണിച്ചുകുളങ്ങര കവലക്കു സമീപം സംഘത്തെ കണ്ടത്.

ഇവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചപ്പോഴാണ് തിരുനെൽവേലിയിലേക്കു നടക്കുകയാണെന്നറിഞ്ഞത്.ഉടൻ മാരാരിക്കുളം പോലീസിനെയും ആരോഗ്യവകുപ്പിനെയും അറിയിച്ചു.ഇവർക്കു ഭക്ഷണം നൽകി വിവരങ്ങൾ ശേഖരിച്ച്. ആംബുലൻസിൽ ചേർത്തല താലൂക്ക് ആശുപത്രിയിലേക്കു കൊണ്ടുപോയി.
ഇവരുടെ ശ്രവം പരിശോധനക്കെടുത്തശേഷം സർവ്വോദയപുരത്തെ കേന്ദ്രത്തിലേക്ക് നിരീക്ഷണത്തിനായി മാറ്റി.നാലുപേരും എറണാകുളത്ത് കൂലിതൊഴിലുകൾ ചെയ്തു കഴിയുന്നവരാണ്. ഇവർ വെണ്ണലയിലായിരുന്നു വാടകക്കു താമസിച്ചിരുന്നത്.

ഡിസാസ്റ്റർ സേനാംഗങ്ങൾ പട്ടണക്കാട് പഞ്ചായത്തിലെ വിവിധ ഭാഗങ്ങൾ അണുവിമുക്തമാക്കുന്നു

പട്ടണക്കാട് പഞ്ചായത്തിനെ അണുവിമുക്തമാക്കുവാൻ ഡിസാസ്റ്റർ സേനാംഗങ്ങൾ

തുറവൂർ:കോവിഡ് പ്രതിരോധ കിറ്റുകൾ നൽകി കേരളത്തിന് മാതൃകയായ പട്ടണക്കാട് പഞ്ചായത്തിനെ അണുവിമുക്തമാക്കുവാൻ ഡിസാസ്റ്റർ സേനാംഗങ്ങൾ ഇറങ്ങി. ആലപ്പി ഡവലപ്പ്മെൻ്റ് റെസ്പോൺസ് ഫോറം (ADRF)കിഴിലുള്ള ഡിസാസ്റ്റർ സേനാംഗങ്ങൾ ആണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടണക്കാട് പഞ്ചായത്തിൻ്റെ വിവിധ കേന്ദ്രങ്ങളിൽ അണു നശീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പി.തിലോത്തമൻ്റെ നിർദ്ദേശാനുസരണമാണ് ഇവർ പട്ടണക്കാട് എത്തിയത്. പ്രളയ സമയത്തെ ഇവരുടെ സേവനം മാതൃകാപരമായിരുന്നു. ആലപ്പുഴ ജില്ലാ കളക്ടർ രക്ഷാധികാരിയായിട്ടുള്ള എ ഡി ആർ എഫ്സേവന മേഖലക്ക് ഒരു അടയാളമാണ്. പട്ടണക്കാട് പഞ്ചായത്തിലെ പൊന്നാം വെളി മാർക്കറ്റിലാണ് തുടക്കംകുറിച്ചത്.ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റ് കെ.ആർ.പ്രമോദ് അണു നശീകരണ പ്രവർത്തനം ഉദ്ഘാടനം ചെയ്തു.ADRF ചീഫ് കോർഡിനേറ്റർ പ്രേംസായി ഹരിദാസ്, ഹെൽത്ത് കോർഡിനേറ്റർ ലേഖാ നായർ, ഡിസാസ്റ്റർ കോർഡിനേറ്റർ കൊച്ചുമോൻ എന്നിവർ നേതൃത്വം നൽകി.
പൊന്നാംവെളി മാർക്കറ്റ്, വെട്ടയ്ക്കൽ പ്രാഥമിക കേന്ദ്രം, സഹകരണ ബാങ്കുകൾ, ലാഭം മാർക്കറ്റുകൾ ഉൾപ്പെടെ യുള്ള പ്രദേശങ്ങൾ അണുവിമുക്തമാക്കി. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലതാ.എ. മേനോൻ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.പി.മനോജ്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എസ്.പി.സുമേഷ്, പഞ്ചായത്ത് അംഗങ്ങളായ പത്മ സതീഷ്, എം.എസ്.സുമേഷ്, രാഷ്ട്രിയകക്ഷി പ്രതിനിധികളായ കെ.ജി. പ്രിയദർശനൻ, പി.ഡി.ബിജു, വി.വി.മുരളിധരൻ, വ്യാപാരി വ്യവസായി ഏകോപന സമിതി പട്ടണക്കാട് യൂണിറ്റ് പ്രസിഡൻ്റ് കെ.എം കെ.എം.പ്രഭാകരൻ, ഹെൽത്ത് ഇൻസ്പെക്ടർ പി.കെ. രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

കർഷകകൂട്ടായ്മയുടെ നേതൃത്വത്തിൽ തരിശായ പ്രദേശങ്ങളിൽ വിത്ത് വിതക്കുന്നു

തരിശായ പ്രദേശങ്ങളിൽ വിത്ത് വിതച്ചു

ചേർത്തല: നഗരത്തിന്റെ കിഴക്കൻ പ്രദേശം കേന്ദ്രീകരിച്ചുള്ള കർഷക കൂട്ടായ്മ തരിശായ പ്രദേശങ്ങളിലും വീടുകളിലും കൃഷി ചെയ്യുന്നതിന്റെ ഭാഗമായി വിത്ത് വിതച്ചു.നഗരസഭ വൈസ് ചെയർപേഴസൺ ശ്രീലേഖാ നായർ ഉദ്ഘാടനം ചെയ്തു. പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റും ,ജൈവകർഷകനുമായ ടി. അനിയപ്പൻ വിത്ത് വിതയ്ക്കലിന് നേതൃത്വം നൽകി.

നഗരസഭ 12-ാം വാർഡിലെ പ്രായിൽ പുരയിടത്തിൽ നടന്ന ചടങ്ങിൽ നഗരസഭ കൗൺസിലർ എൻ.ആർ.ബാബുരാജ് എസ്.എൻ.ഡി.പി ചേർത്തല യൂണിയൻ സെക്രട്ടറി വി.എൻ.ബാബു , എൻ എസ് എസ് കരയോഗം പ്രസിഡന്റ് ജി.എസ് നായർ ,ചക്കരക്കുളം റസിഡന്റ് അസോസിയേഷൻ പ്രസിഡന്റ് മുത്തുസ്വാമി ,പ്രായിൽ സിദ്ധാർത്ഥൻ ,എൻ രാജഗോപാൽ, ,ജയകുമാർ പ്രായിൽ, തുളസിദാസ് വിശ്വനാഥൻ ,എന്നിവർ സംസാരിച്ചു.. സ്വാമിദാസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ടി.എസ്.അജയകുമാർ സ്വാഗതവും ,സിനിൽ നന്ദിയും പറഞ്ഞു.

ഹൈക്കോടതി ഉത്തരവുണ്ടായിട്ടും നടപടിയെടുക്കാത്ത പോലീസിനെതിരെ നടപടി വേണമെന്ന് മനുഷ്യാവകാശ കമ്മിഷൻ

ആലപ്പുഴ: വീടിന് നേരേ ആക്രമണം നടത്തിയ സംഭവത്തിൽ ഹെക്കോടതി ഉത്തരവുണ്ടായിട്ടും നടപടിയെടുക്കാത്ത ആലപ്പുഴ നോർത്ത് സി ഐക്കും എസ് ഐ ക്കുമെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി ആവശ്യമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. നടപടി സ്വീകരിച്ച ശേഷം മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് ആവശ്യപ്പെട്ടു. പാതിരപള്ളി സ്വദേശിയുടെ വീടിന് നേരേ ആക്രമണം ഉണ്ടായെന്ന പരാതിയിൽ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

പാതിരപ്പള്ളി പൂങ്കാവ് സ്വദേശി ഫെലിക്സ് നൽകിയ പരാതിയിലാണ് നടപടി. 2019 ഏപ്രിൽ 28 ന് പരതിക്കാരന്റെ വീടിന് നേരെയുണ്ടായ ആക്രമണത്തിലാണ് നടപടി സ്വീകരിക്കാത്തത്. സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണ വിഭാഗം അന്വേഷണം നടത്തിയിരുന്നു. പരതിക്കാരന്റെ മകനും മറ്റ് ചിലരും തമ്മിലുള്ള സാമ്പത്തിക ഇടപാടുകളെ തുടർന്നാണ് ആക്രമണം ഉണ്ടായതെന്ന് കമ്മീഷൻ കണ്ടെത്തി. പരതിക്കാരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന് ഹൈക്കോടതി പോലീസിന് ഉത്തരവ് നൽകിയിരുന്നു. ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടും ഉദ്യോഗസ്ഥർ നടപടി എടുക്കാത്തത് നിയമവിരുദ്ധമാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

Edited, Printed and Published by K.S.Sasikumar , Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R.Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor,* responsible for selection of news under PRB Act), E.Rudran Warrier (Executive Editor), Vol. 3, Issue No. 121.RNI No.KERMAL/2018/76414 Printed at M/s S.T. Reddiar & Sons, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt.Ltd No. 33 / 758, Vijis Complex, Kallupalam, Iron Bridge P.O., Alappuzha - 688011. Phone - 0477 2252534, E-mail: info@metrovaartha.com

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

ടോമയ്യയ്ക്ക് അമ്പലം സുരക്ഷിതമോ?

ശ്രീകോവിലിനു പുറത്തിറങ്ങിയ ടോമയ്യ കുഞ്ഞാപ്പുവിന് അടുത്തേക്കു വന്നു.

'എന്തായാലും ഇതാണ് പറ്റിയ സ്ഥലം. ഇനി അടുത്ത സമയത്തൊന്നും ആരും ഇവിടെ വരാനിടയില്ല.'' -കുഞ്ഞാപ്പു ടോമയ്യയെ ആശ്വസിപ്പിച്ചു.

ടോമയ്യയ്ക്ക് ഭയമൊന്നുമില്ല എന്ന് കാണുമ്പോഴേ മനസിലാകും.

പുറത്തുള്ള പ്രശ്നങ്ങൾ കെട്ടടങ്ങുന്നതുവരെ വളരെ സൂക്ഷിക്കണം.

പൊലീസ് ഇടയ്ക്ക് അന്വേഷിച്ചുവരും. അമ്പലത്തിനുള്ളിൽ ഒരിക്കലും കയറില്ല. പൊലീസ് നയയേയും പേടിക്കണ്ട. അമ്പലത്തിനുള്ളിൽ നായയെ പൊലീസ് കൊണ്ടു വരില്ല. ആകെ നോക്കിയാൽ ഏറ്റവും സുരക്ഷിതം.

ഒരു സാധു ജീവിക്ക് ആശ്രയമാവുന്നത് ഈശ്വരന്റെ സന്നിധിയാണ്. നാടു മുഴുവൻ കൊറോണയെ പേടിച്ചു നടക്കുമ്പോൾ ടോമയ്യയ്ക്ക് പറ്റിയ ഒളിത്താവളം കിട്ടി.

''ഒരു കാരണവശാലും പുറത്തിറങ്ങരുത്. അഥവാ എന്തെങ്കിലും തിന്നാൻ വേണമെങ്കിൽ രാത്രിയിലെങ്ങാനും പുറത്തിറങ്ങിയാൽ മതി'.

കുഞ്ഞാപ്പു ടോമയ്യയ്ക്ക് മുന്നറിയിപ്പു നൽകി.

അഥവാ ശാന്തിക്കാർ ആരെങ്കിലും വന്നാലും ശ്രീകോവിലിന് അകത്തു തന്നെ ഇരിക്കുന്നതാണ് ഭേദമെന്ന് കുഞ്ഞാപ്പുവിനു തോന്നി. പൂജയില്ലാത്തതു കൊണ്ട് ശാന്തിക്കാരൻ അതിനകത്ത് കയറാൻ സാധ്യതയില്ല.

കാര്യങ്ങൾ സംരക്ഷിതമെന്ന സമാധാനത്തോടെ കുഞ്ഞാപ്പു പുറത്തിറങ്ങാൻ ഭാവിക്കുമ്പോഴാണ് ഒരു ഓട്ടോറിക്ഷ അമ്പലത്തിന്റെ പറമ്പിനു വെളിയിൽ കൊണ്ടു നിർത്തിയതു കണ്ടത്. കുഞ്ഞാപ്പു തൂണിനു പിന്നിൽ മറഞ്ഞു നിന്നു.അതിൽ ഡ്രൈവറെക്കൂടാതെ ഒരാൾ കൂടി ഇറങ്ങി. അതിനുള്ളിൽ നിന്ന് ഒരു വലിയ കലവും പിന്നെ കുറേ സാധനങ്ങളും വലിയ റബർ ട്യൂബും ഇറക്കി വയ്ക്കുന്നതു കണ്ടു. അമ്പലത്തിൽ ഈ സമയത്ത് എന്തിനാണ് ഇതൊക്കെയെന്ന് കുഞ്ഞാപ്പു ആലോചിച്ചു.

വഴിപാടുകൾ ഒന്നും നടക്കാനില്ല, പിന്നെ എന്തായിരിക്കും?

ഓട്ടോറിക്ഷയിൽ കൊണ്ടുവന്ന സാധനങ്ങൾ അവർ പറമ്പിന്റെ മൂലയിൽ കൊണ്ടു വച്ച ശേഷം തിരികെ ഓട്ടോയിൽ കയറി മടങ്ങിപ്പോയി.

ഒന്നും വ്യക്തമല്ലാത്തതിനാൽ കുഞ്ഞാപ്പു വീട്ടിലേക്കോടിപ്പോയി.

(നാളെ: ഓർക്കാപ്പുറത്ത് പുതിയ വഴിത്തിരിവ്)

കുട്ടി ദിനോസർ കാർട്ടൂണിസ്റ്റുകളുടെ ദൃഷ്ടിയിൽ

കാർട്ടൂണിസ്റ്റ് ഹ കു (ഹരികുമാർ) My family പേജിനുവേണ്ടി കാർട്ടൂൺ വരയ്ക്കുന്നു.

ദിനോസർ കഥയിലെ ചോദ്യങ്ങൾക്ക് കഴിഞ്ഞ ദിവസങ്ങളിൽ ഉത്തരം അയച്ചവരിൽ നിന്ന് തെരെഞ്ഞെടുത്ത ഫോട്ടോ -

Gouri Menon
D/O. Rajendran V
Vellayath house
Panambilly nagar
ANANDAPURAM- Po.
Nellayi, Thrissur
680305

ഇന്നലെത്തെ ചോദ്യത്തിന് ശരി ഉത്തരം അയച്ചവർ ആരും ഉണ്ടായിരുന്നില്ല. ഇന്നലെത്തെചോദ്യം ഇതായിരുന്നു: വളരെ പ്രശസ്തമായ ഒരു കോമിക്സ് സീരീസിലെ നായയുടെ ചിത്രം കണ്ടിട്ട് പേര് പറയാമോ?
ഉത്തരം: Hachiko

ഇന്നത്തെ ചോദ്യം:
മലയാളിയുടെ രണ്ടു തലമുറയെ രസിപ്പിച്ച ഒരു കാർട്ടൂൺ പരമ്പരയിലെ പേരില്ലാത്ത നായ ഏതായിരുന്നു? ആ പരമ്പര, കാർട്ടൂണിസ്റ്റിന്റെ പേര് എന്ത്?

ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ:
7304041234

ഏത്തപ്പഴം കൊണ്ടൊരു കറി

ഹോം കുക്കിങ്

ബിനിത ദേവസി

വേണ്ടത്
ഏത്തപ്പഴം - നന്നായി പഴുത്ത 4 എണ്ണം (ചെറിയ കഷണങ്ങളാക്കിയത്)
വെളിച്ചെണ്ണ - 1 1/2 ടേബിൾസപൂൺ
ഉലുവ - 1/4 ടീസ്പൂൺ
കടുക് - 1/2ടീസ്പൂൺ
വറ്റൽമുളക് - 3 എണ്ണം
കറിവേപ്പില - 2 തണ്ട്
തേങ്ങ ചിരകിയത് - 1 കപ്പ്
പച്ചമുളക് - 2 എണ്ണം
മഞ്ഞപ്പൊടി - 1/4 ടീസ്പൂൺ
മോര് - 1 കപ്പ്
ഉപ്പ് - ആവശ്യത്തിന്

തയാറാക്കേണ്ടത്

തേങ്ങ ചിരകിയതും, 2 പച്ചമുളകും കാൽ ടീസ്പൂൺ മഞ്ഞപ്പൊടിയും അൽപ്പം വെള്ളവും ചേർത്ത് മിക്സിയിൽ അടിച്ച് മാറ്റിവയ്ക്കുക, ശേഷം ചീനച്ചട്ടിയിൽ ഒന്നര ടേബിൾസ്പൂൺ വെളിച്ചെണ്ണ ഒഴിച്ച് ചൂടാക്കുക, അതിലേക്ക് ഉലുവയും കടുകയും ഇട്ട് പൊട്ടിക്കുക, ശേഷം വറ്റൽമുളകും കറിവേപ്പിലയും ചേർത്ത് ഇളക്കുക. അതിലേക്ക് ഏത്തപ്പഴത്തിന്റെ കഷണങ്ങളിട്ട് നന്നായി വഴറ്റുക, അതിലേക്ക് അടിച്ചുവച്ചിരിക്കുന്ന തേങ്ങയുടെ പേസ്റ്റ് ചേർത്ത് ഇളക്കുക. ശേഷം 1 കപ്പ് മോര് ഒഴിച്ച് ആവശ്യത്തിന് ഉപ്പും ചേർത്ത് ഇളക്കുക, ചൂടായി വരുമ്പോൾ തന്നെ കറി ഇറയ്ക്കിവയ്ക്കണം, തിളയ്ക്കേണ്ട ആവശ്യമില്ല.

ശീമച്ചീര തോരൻ

നളപാചകം

ശീമച്ചീരയുടെ ഇളംതണ്ടും ഇലയും ചെറുതായി അരിഞ്ഞത് മൂന്നു കപ്പ്. മുരിങ്ങയില ഒരു കപ്പ്. ഇവ നന്നായി കഴുകി പിഴിഞ്ഞ് ഒരു പാനിൽ വെളിച്ചെണ്ണയൊഴിച്ച് മഞ്ഞളും ഉപ്പും മുളകും ചേർത്ത് വെള്ളം തളിച്ച് ചെറുചൂടിൽ അടച്ചു വേവിക്കുക.

ഒരു പാനിൽ വെളിച്ചെണ്ണ ഒഴിച്ച് കടുക്, ചുവന്ന മുളക്, ഉഴുന്നുപരിപ്പ്, കറിവേപ്പില എന്നിവ വറുത്തെടുക്കുക

അതിലേക്ക് ചുവന്നുള്ളി അരിഞ്ഞതും തേങ്ങാപ്പീരയും ഇട്ട് ഇളക്കുക. തേങ്ങാപ്പീര നല്ല സ്വർണ്ണ നിറമാകുമ്പോൾ വേവിച്ചു വച്ച ചീരയും മുരിങ്ങയിലയും ഇതിൽ ചേർത്ത് മൊരിയുന്നതുവരെ ഇളക്കുക. നല്ല സ്വാദിഷ്ടമായ തോരൻ തയാർ.

ഡോ. റിട്ട. കേണൽ വി.ഇ.വി.നമ്പൂതിരി
വാരാണസി,
ചന്ദ്രത്തിൽ റോഡ്,
ഇടപ്പള്ളി, കൊച്ചി

കടൽക്കരയിൽ യോഗ ചെയ്ത് അമല പോൾ

യോഗ ചെയ്യുന്ന താരങ്ങൾ ഒരുപാടാണ്. ശിൽപ്പാ ഷെട്ടി മുതൽ യോഗ നിത്യജീവിതത്തിന്റെ ഭാഗമാക്കിയ നിരവധി താരങ്ങളുണ്ട്. അങ്ങനെ തന്റെ യോഗാഭ്യാസത്തിന്റെ ചിത്രങ്ങൾ പങ്കുവച്ചിരിക്കുകയാണ് അമല പോൾ. താരം പങ്കുവച്ചിരിക്കുന്ന ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ വൈറലായി മാറിയിരിക്കുകയാണ്. ശീർസാനം ചെയ്യുന്ന വിവിധ ഘട്ടങ്ങളാണ് താരം പങ്കുവച്ചിരിക്കുന്നത്.

കടൽക്കരയിൽ വച്ചാണ് അമല ശീർഷാസനം ചെയ്യുന്നത്. വെറും മണലിലാണ് താരം തലയും കൈയും കുത്തി നിൽക്കുന്നത്. അമല തന്നെയാണ് തന്റെ ചിത്രങ്ങൾ പങ്കുവച്ചിരിക്കുന്നത്. ചിത്രത്തോടൊപ്പം മനോഹരമായ കുറിപ്പും അമല പങ്കുവച്ചിട്ടുണ്ട്. നേരത്തെ തന്നെ അമലയുടെ യോഗ ചെയ്യുന്ന ചിത്രങ്ങളും വീഡിയോകളുമെല്ലാം സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. കൂടാതെ കൊച്ചിയിൽ സ്വന്തമായി യോഗാ സ്റ്റുഡിയോയും നടത്തുന്നുണ്ട് അമല.

പട്ടം ഉണ്ടാക്കി സൗബിൻ

ലോക്ഡൗൺ കാലത്തെ വിരസത മാറ്റാൻ പട്ടം ഉണ്ടാക്കി പറപ്പിച്ച് നടൻ സൗബിൻ ഷാഹിർ. താരം തന്നെയാണ് പട്ടം നിർമിച്ച് പറത്തുന്ന വീഡിയോ ആരാധകരുമായി പങ്കുവച്ചത്.

ലോക്ഡൗൺ കാലത്ത് താരങ്ങൾ പലരും പല വിനോദങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്. ചിത്രരചനയും വീട്ടുപണികളുമൊക്കെയായി സമയം ചിലവളിക്കുന്ന താരങ്ങളിൽ നിന്ന് വ്യത്യസ്തമായിരിക്കുകയാണ് സൗബിന്റെ പട്ടം പറപ്പിക്കൽ. നിരവധി താരങ്ങളാണ് സൗബിന്റെ പോസ്റ്റിൽ കമന്റുമായി എത്തിയിരിക്കുന്നത്. സൗബിൻ ആദ്യമായി സംവിധാനം ചെയ്ത പറവയിൽ പട്ടം പറത്തലിനെക്കുറിച്ച് വിശദമായി പ്രേക്ഷകന് കാണിച്ചു കൊടുക്കുന്ന രംഗങ്ങൾ ഉണ്ടായിരുന്നു.

ലോക് ഡൗണില്ലാതെ ഓൺഎയറിൽ

എഫ് എം റേഡിയോയുടെ പ്രൊഫഷണലിസവും കമ്യൂണിറ്റി റേഡിയോയുടെ സാമൂഹിക പ്രതിബദ്ധതയും ഒരുമിക്കുന്ന റേഡിയോ മീഡിയാ വില്ലെജ് ലോക്ഡൗണിലും ഡൗണാകാതെ സജീവമാണ്. രാവിലെ 5 മുതൽ തുടങ്ങുന്ന പ്രക്ഷേപണത്തിൽ ജനങ്ങൾ പാലിക്കേണ്ട ആരോഗ്യ ശീലങ്ങളും മുൻകരുതലുകളും ഓർമ്മിപ്പിക്കുന്നതിനൊപ്പം അത്യാവശ്യക്കാർക്ക് സഹായകരമായ പരിപാടികളും റേഡിയോയിലൂടെ അവതരിപ്പിക്കുന്നു.

ഈ പോരാട്ടത്തിന് ഒറ്റയ്ക്ക് ചുക്കാൻ പിടിക്കുന്നത് സ്റ്റേഷന്റെ പ്രോഗ്രാം ഹെഡ് വിപിൻ രാജ്. കോവിഡ് 19 ന് ചെറുക്കുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളും ഒപ്പം സന്നദ്ധ സംഘടനകളും സൈന്യം യുദ്ധ സജ്ജമായി അണിനിരക്കുന്ന അതേ വികാരത്തോടും ആവേശത്തോടും കൂടി കർമ്മരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ഇദ്ദേഹം ഒരുദിവസം മുഴുവനും ലൈവാണ്. കോവിഡിന്റെ പിന്നിൽ തളർന്നുപോലെ ജീവിതങ്ങൾക്ക് പലപ്പോഴും തുണയായി മാറാറുണ്ട് ഈ സ്റ്റേഷനെന്നതും ശ്രദ്ധേയം. ഫോൺ ഇൻ പരിപാടിയിൽ മൊബൈൽ ചാർജ് തീർന്നതായി പറഞ്ഞ യുവാക്കൾക്ക് തന്റെ കൈയിൽ നിന്നും റീചാർജ് ചെയ്തു കൊടുക്കാൻ മുന്നോട്ടുവന്നത് റേഡിയോയുടെ ഡയറക്റ്റർ ഫാ. ആന്റണി ഏത്തക്കാട്ടാണ്.

അതേ പോലെ ഭക്ഷ്യ വസ്തുക്കൾ തീർന്നതായി പറഞ്ഞ ആളുടെ ഫോൺ നമ്പർ ശേഖരിച്ച് അതേ സ്ഥലത്തുള്ള മറ്റൊരാൾ സഹായവുമായി എത്തുന്നതിനും റേഡിയോയിലുടെയുള്ള പ്രക്ഷപണത്തിലൂടെ സാധിച്ചതായി വിപിൻ രാജ് പറഞ്ഞു. ശ്രവ്യ മാധ്യമ രംഗത്ത് രണ്ടു പതിറ്റാണ്ടത്തെ പരിചയസമ്പത്തുള്ള വിപിൻ രാജ് റേഡിയോയുടെ സാങ്കേതിക പ്രവർത്തനങ്ങൾ ഒറ്റയ്ക്കാണ് കൈകാര്യം ചെയ്തിരുന്നത്. മാർച്ച് 22 ലെ ജനതാ കർഫ്യൂ പ്രഖ്യാപിച്ചതിന് പിന്നാലെ രാജ്യത്തെ ജനങ്ങളെ കോവിഡ് ബാധയിൽ നിന്നും പൂർണ്ണമായും സംരക്ഷിക്കുന്നതിന് മാർച്ച് 25 മുതൽ ലോക് ഡൗൺ പ്രഖ്യാപിച്ചതോടെ ഒറ്റയാൾ പോരാട്ടത്തിലേക്ക് വിപിൻ രാജ് കടക്കുകയാണുണ്ടായത്. ഏപ്രിൽ 20 വരെ എന്നും പത്തു മണിക്കൂറിലധികം വിവിധ റേഡിയോ പ്രോഗ്രാമുകൾ തയാറാക്കി അവതരിപ്പിക്കുന്നതിന് സാധിച്ചതായും ജീവിതത്തിൽ ആദ്യമായാണ് ഇങ്ങനെയൊരും അനുഭവമെന്നും വിപിൻ രാജ്.

മരുന്ന്, ഭക്ഷണം, സാമ്പത്തിക പ്രതിസന്ധി എന്നീ കാര്യങ്ങൾ പറഞ്ഞു കൊണ്ട് നിരവധി പേർ ഫോണിൽ വിളിച്ച് സഹായം ആവശ്യപ്പെട്ടിരുന്നു. ഈ പരിപാടി റേഡിയോയിലൂടെ കേൾക്കുന്നവർ ഫോൺ നമ്പർ ശേഖരിച്ച് ഇവരെ സഹായിക്കാൻ മുന്നോട്ടുവന്നു. മൂന്നാർ, മുണ്ടക്കയം, കട്ടപ്പന, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ റേഡിയോയുടെ പ്രക്ഷേപണം ലഭിക്കുന്നുണ്ട്. എടുത്തു പറയേണ്ടത് അന്തരീക്ഷത്തിൽ മറ്റ് ശബ്ദ ശല്യം തീർത്തും കുറവായതിനാൽ കൂടുതൽ ദൂരമുള്ള സ്ഥലങ്ങളിൽ നേരിട്ട് റേഡിയോ പ്രക്ഷേപണം ലഭിച്ചു എന്നുള്ളതാണ്.

വിദേശങ്ങളിലുള്ള മലയാളി നേഴ്സുമാരും, മറ്റുള്ളവരും അവരുടെ അനുഭവങ്ങളും നേരിടുന്ന പ്രശ്നങ്ങളും ഫോണിൽ റേഡിയോയിലൂടെ തന്റെ നാട്ടിലെ മലയാളികളുമായി പങ്കുവച്ചു. വളരെ ലാഘവത്തോടെ കോവിഡ് 19 ന് കണ്ടതാണ് ഇത്ര വലിയ ദുരന്തം ഉണ്ടാകുന്നതിന് കാരണമായതെന്നും സർക്കാരും ആരോഗ്യ പ്രവർത്തകരും പറയുന്നത് കർശനമായി പാലിക്കണമെന്നും അവർ നാട്ടിലുള്ളവരോടെ അഭ്യർത്ഥിച്ചു. ന്യൂസിലാൻഡ്, ഇറ്റലി, റോം തുടങ്ങിയ പതിനെട്ടോളം രാജ്യങ്ങളിലുള്ള വിദേശ മലയാളികൾ തങ്ങളുടെ ദുരവസ്ഥ വിവരിച്ചെന്നും ലോക്ഡൗണിൽ ഇവിടെയും ജനങ്ങൾ വേണ്ട ജാഗ്രത പാലിക്കണമെന്നും വിപിൻ രാജ് പറയുന്നു.